ഗ്രാമപഞ്ചായത്ത് ലൈബ്രറി

വാല്യം 147

ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

# ആറളം ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ '96



# മുൻ പ്രസിഡന്റുമാർ

ശ്രീ. നടയത്ത് ജോസഫ്
1955 - 1963

ശ്രീ. ഒ. എം. തോമസ്
1963 - 1977



ശ്രീ. പൊയിലൻ മമ്മദ്ഹാജി
1977 - 1979



ശ്രീ. മാധവത്ത് വർക്കി
1979 - 1988



ശ്രീ. എ. കെ. ചാക്കോ
1988 - 1995



പ്രസിഡന്റ്



ശ്രീ. കെ. ടി. ജോസ്
വൈസ് പ്രസിഡന്റ്

ശ്രീമതി. അന്നമ്മ പൈനാപ്പള്ളി
സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ.

ശ്രീമതി. നരിക്കോടൻ ശാന്ത
മെമ്പർ, വാർഡ് II



ശ്രീ. എം. പ്രഭാകരൻ
മെമ്പർ, വാർഡ് III

ശ്രീ. കെ. വേലായുധൻ
മെമ്പർ, വാർഡ് IV



ശ്രീ. എ. കെ. ചാക്കോ
മെമ്പർ, വാർഡ് V



ശ്രീ. വി. ടി. തോമസ്
മെമ്പർ, വാർഡ് VI

ശ്രീമതി. റോസമ്മ മാത്യു
മെമ്പർ, വാർഡ് VIII

സിസിലി ജേക്കബ്
മെമ്പർ, വാർഡ് IX



ശ്രീ. കെ. ചാലി
മെമ്പർ, വാർഡ് XI

## സിക്രട്ടറിയും ജീവനക്കാരും

# വിഷയ വിവരം


1. ആമുഖം
2. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി
3. സംസ്കാരം
4. കൃഷി, ജലസേചനം
5. മൃഗസംരക്ഷണം, മത്സ്യബന്ധനം
6. ആരോഗ്യം
7. വ്യവസായം
8. വിദ്യാഭ്യാസം
9. കുടിവെള്ളം, പൊതുജനാരോഗ്യം
10. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
8. പാർപ്പിടം, സാമൂഹ്യക്ഷേമം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം

## റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

1. ബേബിജോൺ പൈനാപ്പള്ളിൽ
2. ലൂയിസ്, അഗ്രികൾച്ചർ ഓഫീസർ
3. ബെന്നി, മൈനർ ഇറിഗേഷൻ
4. സി. ജി. ജയിംസ്
5. എം. എം. വർക്കി
6. പി. യു. ചാക്കോച്ചൻ
7. സാലി പഴയമഠം
8. വൈ. വൈ. മത്തായി
9. സ്കറിയ കളപ്പുര
10. വി. യം. വർഗ്ഗീസ്
11. എം. ആർ. ഷാജി
12. ബേബി മാസ്റ്റർ
13. ജേക്കബ് മുഴയിൽ
14. എൻ. ടി. റോസമ്മ
15. മേരിജോസ്
16. റോസമ്മ മുരിയംകരി
17. രവി, PHC കീഴ്പ്പള്ളി
18. ശശി എം. കെ
19. എം. കെ. വനജ
20 വി. കെ. ജോസഫ്
21. സന്തോഷ്കുമാർ, വെറ്റിനറി സർജൻ
22. പി. യം. ദിവാകരൻ
23. സത്യശീലൻ, VEO
24. ടി. പി. വർഗ്ഗീസ്
25. എം. ഒ. പവിത്രൻ
26. പി. വി. ചന്ദ്രൻ

# പഞ്ചായത്ത് പൊതുവിവരം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | ആറളം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | - | ആറളം |
| ബ്ലോക്ക് പഞ്ചായത്ത് | - | ഇരിട്ടി |
| ജില്ലാപഞ്ചായത്ത് | - | കണ്ണൂർ |
| അസംബ്ലി മണ്ഡലം | - | പേരാവൂർ |
| വിസ്തീർണ്ണം | - | 12389. 9559 ഹെക്ടർ |
| അതിരുകൾ: | - | കിഴക്കു - കർണ്ണാടക റിസർവ്വ് ഫോറസ്റ്റ്<br>തെക്കു - ബാവലി - ആറളം പുഴ<br>പടിഞ്ഞാറു പായം ഗ്രാമപഞ്ചായത്ത്<br>വടക്കു - വെമ്പുഴ |
| ജനസംഖ്യ | - | 24195 |
| പുരുഷന്മാർ | - | 12250 |
| സ്ത്രീകൾ | - | 11945 |
| ജനസാന്ദ്രത | - | 310 |
| സാക്ഷരത | - | 89.57% |
| നിയോജകമണ്ഡലങ്ങൾ | - | 11 |
| പ്രസിഡണ്ടിന്റെ പേര് | - | കെ. കെ. ജനാർദ്ദനൻ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | - | കെ. ടി. ജോസ് |
| സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർപേഴ്സൺ | - | കെ. വി. അന്നമ്മ |

## 1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ റഫ: സി.സി. (1995 – '96).

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 3/2643 – 60 |
| പൊതുമരാമത്ത് | 821985 – 41 |
| വിദ്യാഭ്യാസം | 2893 .... |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 53639 – 00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 11796 – 00 |
| മറ്റുള്ളവ | 870804 – 60 |
| **ആകെ** | **2073758 – 61** |

# ആമുഖം

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതുയുഗം പിറക്കാൻ പോകുകയാണ്. താഴെ തട്ടിൽ നിന്നും ജനപങ്കാളിത്തത്തോടു കൂടിയുള്ള ജനകീയാസൂത്രണം. നമ്മുടെ പ്രദേശത്തിന്റെ ഭൂപകൃതി സ്ഥലജല വിഭവ സാധ്യതകൾ ജനകീയാവശ്യങ്ങൾ എന്നിവക്കനുസൃതമായി താഴെ തട്ടിൽ നിന്നു ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ തയ്യാറാക്കുക എന്ന സർവ്വസമ്മതമായ ദേശീയ ലക്ഷ്യമാണ് ഈ ജനകൂയാസൂത്രണ പ്രസ്ഥാനത്തിലൂടെ നമ്മുടെ പ്രദേശം കൈവരിക്കാൻ പോകുന്നത്.

സംസ്ഥാന ആസൂത്രണ ബോർഡും തദ്ദേശ സ്വയം ഭരണ വകുപ്പും സംയുക്തമായി നേതൃത്വം കൊടുക്കുന്ന ഈ മഹായജ്ഞത്തിൽ ആറളം ഗ്രാമ പഞ്ചായത്തും അഭിമാന പുരസ്സരം പങ്കാളിയാകുന്നതോടപ്പം നമ്മുടെ ഗ്രാമ പഞ്ചായത്തിനെ ത്വഗോജ്വലമായ പ്രവർത്തനത്തിലൂടെ പുരോഗതിയിലേക്കാനയിച്ച മൺമറഞ്ഞു പോയവരും ജീവിച്ചിരിക്കുന്നതുമായ മുഴുവൻ ആളുകളെയും കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും അഭിവാദ്യം ചെയ്യുകയും ചെയ്യുന്നു.

പഴയ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനു കീഴിലായിരുന്ന ആറളത്ത് ആദ്യത്തെ പഞ്ചായത്ത് ബോർഡുനിലവിൽ വന്നത് 1954,55ലാണ്. അക്ഷരാഭ്യാസമുള്ളവർ ഒത്തുകൂടി കൈപൊക്കി വോട്ട് ചെയ്താണ് അന്നു തെരഞ്ഞെടുപ്പു നടത്തിയിരുന്നത്.

20. 1. 55നു വ്യാഴാഴ്ച മുതുകുളം വർക്കിയുടെ ബംഗ്ലാവിൽ വച്ച് സമ്മേളിച്ച് ആറളം പഞ്ചായത്തിന്റെ പ്രഥമ ബോർഡു നിലവിൽ വന്നു. താഴെ പറയുന്നവരാണ് അന്നത്തെ ബോർഡു മെമ്പർമാർ.

1. ജോസഫ് നടയത്ത്
2. പൊയിലൻ മൂസ
3. വെണ്ണിയിൽ കുട്ടപ്പൻ ചെട്ടിയാർ
4. പടിഞ്ഞാറെകൂറ്റു ഔസോഫ് ഇസ്സഹാക്കു.
5. കണ്ണിറ്റുകണ്ടത്തിൽ ജോൺ
6. കാവുങ്കൽ ഔസോഫ്
7. പള്ളിപ്രവൻ നാരായണൻ നായർ
8. മുതുക്കുളം വർക്കി.
9. മഠപ്പുരക്കൽ കുഞ്ഞിരാമൻ
10. വില്ലൻ മൂപ്പൻ ഇതിൽ ജോസഫ് നടയത്ത് പ്രസിഡന്റായുംമ പൊയിലർ മൂസ്സ വൈ: പ്രസിഡന്റായും ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു.

തുടർന്ന് 1963 ൽ നടന്ന തെരഞ്ഞെടുപ്പിൽ അംഗങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാമത്തെ പഞ്ചായത്തുബോർഡും 21-12-63ന് നിലവിൽ വന്നു.

1. ഓലിക്കൽ പുത്തൻ പുരയിൽ തോമസ്സ്
2. പൊയിലൻ മമ്മദ് ഹാജി.
3. കാവുങ്കൽ മത്തായി
4. വാതല്ലൂർ ജോസഫ്.
5. ചാക്കോത്ത് അബ്ദുറഹിമാൻ
6. വള്ളിയാടൻ കുഞ്ഞാമൻ
7. പൂവത്തുങ്കൽ വർക്കി.
8 ചൊതീട്ടയിൽ തോമസ്.
9. വെണ്ണായിൽ കുട്ടപ്പൻ ചെട്ടിയാർ
10. റ്റീ. പീ. സരസ്വതിയമ്മ

ഇതിൽ ഓലിക്കൽ പുത്തൻ പുരയിൽ തോമസ് പ്രസഡന്റായും പോയിലൻ മുഹ മ്മദ്ഹാജി വൈ: പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു.

തുടർന്നു 14-2-77 ലെ G.O-.(MS) No. 51/77 LASW ഉത്തരവു പ്രകാരം ആറളം പഞ്ചായത്ത് ആറളം അയ്യങ്കുന്നു എന്നിങ്ങനെ രണ്ടായി വിഭജിച്ചു. ഇതിൽ തിരഞ്ഞെടുക്ക പ്പെട്ട പൊയിലൻ മമ്മദ് ഹാജി , ചാത്തോത്ത് അബ്ദു റഹിമാൻ, വള്ള്യാടൻ കുഞ്ഞാമൻ, റ്റി. പി. സരസ്വതിയമ്മ, റ്റി.കെ.വർക്കി, വാതല്ലൂർ ജോസഫ്, എന്നിവർക്കു പുറമെ കെ.വി. അബ്ദുൽ ഖാദർ മാസ്റ്റർ, വി. വി. ഇബ്രാഹിം, സി,.എച്ച് മുഹമ്മദ് ബഷീർ, ചാക്കോ പൂവ്വ ക്കുളത്ത് എന്നിവരെക്കൂടി കോ ഓപ്റ്റുചെയ്തു. 19-2 -77 നു ഭരണ സമിതി നിലവിൽ വരികയും പൊയിലൻ മമ്മദ് ഹാജി പ്രസിഡന്റായും കെ. വി. അബ്ദുൾഖാദർ മാസ്റ്റർ വൈ: പ്രസിഡന്റായും തെരഞ്ഞടുക്കപ്പെടുകയും ചെയ്തു.

തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ 29-9-79ന് താഴെ പറയുന്ന അംഗങ്ങളുള്ള പ ഞ്ചായത്ത് ബോർഡു നിലവിൽ വന്നു.

1. മാധവത്ത് വർക്കി.
2. പൊയിലൻ മമ്മദ് ഹാജി.
3. ബേബി ജോൺ പൈനാപ്പള്ളി
4. രാഘവൻ നരിക്കോടൻ
5. അന്നമ്മ ടീച്ചർ മാവേലിൻ
6. പനച്ചിക്കൽ നാരായണൻ
7. വലിയ വെള്ളൻ കോഴിയോട്ട് കുടുമ്പിൻ
8. സലാം പൊയിലൻ
9. വർക്കി പൂവത്തുങ്കൽ

ഇതിൽ മാധവത്ത് വർക്കി പ്രസിഡന്റായും പൊയിലൻ മമ്മദ് വൈ: പ്രസിഡന്റായും നാലാമത്തെ ഭരണ സമിതി നിലവിൽ വന്നു.

തുടർന്നു വന്ന തെരെഞ്ഞെടുപ്പിൽ 1988 ഫെബ്രുവരി 5ന് താഴെ പറയുന്ന അംഗ ങ്ങളുൾക്കൊള്ളുന്ന ഭരണ സമിതി നിലവിൽ വന്നു.

1. ഏ. കെ. ചാക്കോ
2. എൻ. ഐ. സുകുമാരൻ
3. കെ. ഏ. മേരി.
4. കുഞ്ഞന്നം ചെറിയാൻ
5. വീ.റ്റി. തോമസ്.
6. കെ. എം. മുഹമ്മദ്
7. എം. അനന്തൻ മാസ്റ്റർ
8. കെ. വേലായുധൻ
9. കെ. റ്റി. ജോസ്
10. റ്റീ. കെ. വർക്കി.

ഇതിൽ ഏ. കെ. ചാക്കോ പ്രസിഡന്റായും എൻ. ഐ. സുകുമാരൻ വൈ: പ്രസിഡന്റായും അഞ്ചാമത്തെ ഭരണ സമിതി നിലവിൽ വന്നു. എന്നാൽ വൈ: പ്രസിഡന്റ് എൻ. ഐ. സുകുമാരൻ രാജി വെച്ചത് കൊണ്ട് 30-5-89നു. ശ്രീമതി. കുഞ്ഞന്നം ചെറിയാൻ വൈ: പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

തുടർന്ന് 73ഉം 74ഉം ഭരണ ഘടനാ ഭേതഗതിയോടുകൂടി പഞ്ചായത്ത് രാജ് നഗര പാലികബില്ല് പാസ്സാവുകയും പുതിയ ഗ്രാമ പഞ്ചായത്ത് സംവിധാനം നിലവിൽ വരികയും ചെയതു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ 30-9- 95 ൽ പുതിയ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. 4-10-95നു നിലവിലുള്ള സമിതി നിലവിൽ വരികയും ചെയതു.

1. കെ. കെ. ജനാർദ്ദനൻ
2. കെ. റ്റി. ജോസ്.
3. കെ. വി. അന്നമ്മ.
4. എൻ. ശാന്ത.
5. കെ. പ്രഭാകരൻ
6. കെ. വേലായുധൻ
7. ഏ. കെ. ചാക്കോ.
8. റോസമ്മ മാത്യൂ.
9. സിസിലി ജേക്കബ്.
10. വീ. റ്റി. തോമസ്.
11. കെ. ചാലി.

ശ്രീ. കെ. കെ. ജനാർദ്ദനൻ പ്രസിഡന്റായും ശ്രീ. കെ. റ്റി. ജോസ് വൈ: പ്രസിഡന്റായും ശ്രീ. വീ. റ്റി. തോമസ് സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാനായും തെരെഞ്ഞെടുക്കപ്പെട്ടു. എന്നാൽ ശ്രീ. വി. റ്റി തോമസ് സ്റ്റാന്റിങ്ങ് കമ്മിറ്റി ചോയർമാൻ സ്ഥാനം രാജിവെക്കുകയും തുടർന്ന് ശ്രീമതി കേ . വി. അന്നമ്മ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർ പേഴ്സണായി തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തു.

# ഭൂപ്രകൃതി – ജലപ്രകൃതി ജനപ്രകൃതി

പശ്ചിമ ഘട്ടത്തിന്റെ താഴ്വരയിലായി പ്രകൃതി രമണീയമായ ആറളം വന്യ ജീവി സംരക്ഷണ കേന്ദ്രം മുതൽ പടിഞ്ഞാറ് കർഷക പ്രസ്ഥാനത്തിന്റെ ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളുടെ ചരിത്രമുറങ്ങുന്ന പായാം ഗ്രാമ പഞ്ചായത്തു വരെയും തെക്കു വശത്തായി ബാവലി ആറളം പുഴയും വടക്കു വെമ്പുഴയാലും ചുറ്റപ്പെട്ടു കിടക്കുന്ന ജൈവസമ്പന്നമായ പ്രദേശമാണ് ആറളം ഗ്രാമ പഞ്ചായത്ത്. പുഴകളുടെ നാട് എന്ന അർത്ഥത്തിലാണ് ഈ പഞ്ചായത്തിനു ആറളം എന്ന പേരുവന്നെതന്നു ( ആറിന്റെ അളം) പഴമക്കാർ പറയുന്നു.

ഗ്രാമ പഞ്ചായത്തിലെ എല്ലാ നിയോജക മണ്ഡലവും കുന്നുകളും താഴ്വരകളും കൊണ്ട് അനുഗ്രഹിത മാണ്. പശ്ചിമ ഘട്ടത്തിൽ കർണ്ണാടക റിസർവ്വ് വനത്തോട് ചേർന്ന് കിടക്കുന്ന ആറളം വന്യ ജീവി സംരക്ഷണ കേന്ദ്രവും തെക്കുഭാഗത്തായി ബാവലിപുഴയുടെയും ഉരുട്ടി പുഴയുടെയും മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഫാംസ് കോർപ്പറേഷന്റെ കീഴിലുള്ള ആറളം സെൻട്രൽ സ്റ്റേറ്റ് ഫാമും ഈ ഗ്രാമ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത് . ഈ രണ്ടു സ്ഥാപനങ്ങളും നമ്മുടെ ഗ്രാമ പഞ്ചായത്തിനെ രാജ്യത്തെ മൊത്തം ശ്രദ്ധാകേന്ദ്രമാക്കുന്ന ഘടകങ്ങളാണ്.

സമുദ്ര നിരപ്പിൽ നിന്നും 300 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന നമ്മുടെ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണം 12389.9559 ഹെക്ടറാണ്.ആറളം വന്യജീവികേന്ദ്രത്തിൽ ആറളം ഗ്രാമ പഞ്ചായത്തിലെ 4351 ഹെക്ടർ വനഭൂമി അടങ്ങിയിട്ടുണ്ട്. 3060ഹെക്ടർ വരുന്ന ആറളം ഫാമും ഒഴിവാക്കിയാൽ ഈ ഗ്രാമ പഞ്ചായത്തിനെ ഭൂമിശാസ്ത്രപരമായി ആറ് ഭാഗങ്ങളായി തിരിക്കാം.

1. ഉയർന്ന സമതലം.
2. ഇടത്തരം ചെരിവ്.
3. ചെറുചെരിവ്
4. താഴ്വര
5. നിരപ്പു പ്രദേശം.
6. വയൽ പ്രദേശം.

## കാലാവസ്ഥ:

ആറളം ഗ്രാമ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കുന്നുണ്ട്. ഓരൊ വർഷവും കിട്ടുന്ന ശരാശരി മഴ – 4418 മി.മി. ആണ്. കൂടിയ താപനില 40 സെൽഷ്യസ് കുറഞ്ഞ താപ നില 20 സെൽഷ്യസ് ഡിസംബർ മുതൽ മെയ് മാസം വരെയുള്ള വേനൽകാലത്തും പൊതുവേ മഴ ലഭിക്കുന്നുണ്ട്

ഈ പഞ്ചായത്തിന്റെ പ്രത്യേകത അനുസരിച്ച് മണ്ണിനെ 5 തരങ്ങളായി തിരിക്കാം.

1. ചരൾ മണ്ണ്.
2. മണൽ മണ്ണ്.
3. ചെങ്കൽ മണ്ണ്.
4. കറുത്ത മണ്ണ്.
5. നെൽപാടം

## ജലപ്രകൃതി:

സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ (4418 മി.മി) മഴ ല ിക്കുന്ന നമ്മുടെ പഞ്ചായത്ത് പൊതുവെ ജല സമൃദ്ധമാണ്. ബാവലി – ആറളം – വെമ്പുഴ എന്നീ 3 പുഴകൾ ആറളം ഗ്രാമ പഞ്ചായത്തിന്റെ തെക്കും വടക്കും അതിരുകളിൽ കൂടി ഒഴുകുന്നു ഇതിനു പുറമെ പഞ്ചായത്തിനകത്ത്കൂടി ഒഴുകുന്നഉരുട്ടിപുഴയുമുണ്ട്. വെള്ളം വറ്റാത്ത നിരവധി തോട്ടങ്ങളും കുളങ്ങളും പഞ്ചായത്തിലകത്തുണ്ട്.

## ജനപ്രകൃതി:

1991ലെ സൻസസ് കണക്കനുസരിച്ച് 12250 പുരുഷന്മാരും 11945 സ്ത്രീകളുമടക്കം 24195 ആളുകളാണ് പ ഞ്ചായത്തിൽ ആകെ ഉള്ളത്. ഇതിൽ പട്ടികജാതിയിൽപ്പെട്ട 182ഉം പട്ടികവർഗ്ഗത്തിൽപെട്ട 1849ഉം ആളുകളടങ്ങി യിരിക്കുന്നു. സംസ്ഥാനത്ത് പൊതുവെ പുരുഷന്മാരേക്കാൾ സ്ത്രീകളാണെങ്കിലും ഇവിടെ പുരുഷന്മാരാണധി കവുമുള്ളത്. ജനങ്ങൾ ശരാശരി 89.57 ശതമാനം സാക്ഷരരാണ്. പുരുഷന്മാർ 92.41 ശതമാനം സ്ത്രീകൾ 86.65 ശതമാനം.

പഞ്ചായത്തിലെ ശരാശരി ആയുർദൈർഘ്യം പുരുഷന്മാരുടേത് 62 ഉം സ്ത്രീകളുടേതു 70മാണ്.

| ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| പട്ടികവർഗ്ഗം | 948 | 901 | 1849 |
| പട്ടികജാതി | 89 | 93 | 182 |
| മററുള്ളവർ | 11213 | 10951 | 22164 |
| ആകെ | 12250 | 11945 | 24195 |

ആറളം ഗ്രാമ പഞ്ചായത്തിലെ അദ്ധ്വാന ശീലരായ മുഴുവനാളുകളുടെയും ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും സന്നദ്ധ സേവന തൃഷ്ണതയുടെയും അടിത്തറയിൽ മുൻകാല സേവകരുടെ ഉത്തമ പാര മ്പര്യ സംഭാവനകളിൽ നിന്നും ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ടു ജനകീയാസൂത്രണവും നിർവ്വഹ ണവും യാഥാർത്ഥ്യമാക്കാൻ ചരിത്രത്തിന്റെ ദശാസന്ധി നമ്മെ വെല്ലുവിളിക്കുന്നു. ഈ വെല്ലു വിളി ഏറ്റെടുക്കാ നുള്ള അവസരം കൈവന്നതിലുള്ള ആഹ്ളാദത്തോടെ ആറളം പഞ്ചായത്തിന്റെ സമഗ്ര വികസനരേഖ ഭാവി യുടെ ചരിത്ര യാഥാർത്ഥ്യമാക്കാനുള്ള ഈ മഹായജ്ഞത്തിൽ ഇന്നുതന്നെ നമ്മുക്ക് പങ്കാളികളാവാം.

# സംസ്കാരം.

വീര പഴശ്ശിയുടെ ഭരണത്തിൻ കീഴിൽ വടക്കു കിഴക്കായി പശ്ചിമഘട്ട മലമടക്കുകളാലും തെക്ക് പടിഞ്ഞാറ് ആറളം പുഴയാലും ചുറ്റപ്പെട്ട പ്രകൃതി രമണീയമായ സ്ഥലമാണ് ഇന്നത്തെ ആറളം, പായം, അയ്യങ്കുന്ന് വില്ലേജുകൾ ഉൾപ്പെട്ട പഴയ ഗണ്ഡഖം വിലേജ്. മഹത്തായ ഒരു പ്രാചീന നാഗരിതയുടെ പിൻതുടച്ചക്കറയിരുന്ന കുറിച്ച്യർ, പണിയർ, മലയാളർ, എന്നിവരെ പിൻ തള്ളി ഇവിടേക്ക് കുടിയേറ്റം നടക്കുന്നത് കഴിഞ്ഞ നൂറ്റാണ്ടിലാണ്.

തുടർന്ന് ഇക്കാലഘട്ടം ഇവിടത്തെ ആദ്യകുടിയേറ്റക്കാരായിരുന്ന കനകത്തടം കുടുമ്പത്തിന്റെയും മുസ്ലിം സമുദായത്തിൽ പെട്ട കുഞ്ഞിമായൽ ഹജിയുടെയും കുടുമ്പങ്ങൾ തമ്മിലുള്ള ശീത സമരത്തിന്റെ കാലമായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. പഴമക്കാരുടെ മൊഴിയിലെ അതിശയോക്തി ഒഴിവാക്കിയാൽ കോട്ടയം തമ്പുരാനും കനകത്തടം കുടുമ്പവും തമ്മിൽ ഒരു വിശുദ്ധമായ ബന്ധം നിലനിർത്തിയിരുന്നതായി കാണം.

സേലം രക്തസാക്ഷികളെ അനുസ്മരിക്കാതെ ആറളം വില്ലേജിനെ കുറിച്ച് അന്വേഷിക്കുന്ന വിജ്ഞാന കുതുകികൾക്ക് മുന്നോട്ട് പോവാനാവില്ല. സേലം രക്തസാക്ഷി ഞണ്ടാടി കുഞ്ഞമ്പു പുതുക്കുണ്ട് സ്വദേശിയാണ്. എന്നാൽ ഇൻഡ്യൻ ദേശീയ പ്രസ്ഥാനത്തിലേക്ക് കാര്യമായ സംഭാവനകൽ ഒന്നും തന്നെ ഉണ്ടായിട്ടില്ല. ഈ നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ നടന്ന തിരുവിതാം കൂറിൽ നിന്നുള്ള കുടിയേറ്റത്തിനു മുമ്പ് തന്നെ ഇവിടെ ആദിമ ജനവിഭാഗങ്ങളിൽ നിന്നും വിത്യസ്ഥരായ ജനത താമസിച്ചിരുന്നു എന്നതിന്റെ തെളിവാണ് അമ്പലക്കണ്ടി, അടിയേരി മഠം, പാലയാട് മുണ്ടയാം പറമ്പ് എന്നീ ക്ഷേത്രങ്ങളെ കണക്കാക്കാം. അന്നത്തെ ജനതയുടെ സാംസ്ക്കാരികവും ശിൽപപരവമായ കഴിവുകൾ മേൽ പറഞ്ഞ അമ്പലങ്ങളിൽ ചിലതിന്റെ അവശിഷ്ടങ്ങളിൽ നിന്നും നമുക്ക് കണ്ടെത്താവുന്നതാണ്. കൂടാതെ ആറളം, കുട്ടക്കലം, കാരാപറമ്പ്,എന്നിവിടങ്ങളിലെ ചെങ്കൽ മേഖലകളിൽ കണ്ടെത്തിയിട്ടുള്ള പല ഗുഹകളും ഇതിനു സ്ക്ഷ്യം വഹിക്കുന്നു. മൈസൂരിലെ ഭരണാധിയായിരുന്ന ടിപ്പു സുൽത്താൻ മലബാർ ആക്രമണ കാലത്ത് ഇവിടെയും എത്തിയതായി കരുതപെടുന്നു. പണിയർ കുറിച്യർ, മലയാളർ എന്നിങ്ങനെ മൂന്നു തരത്തിലുള്ള ആദിമ ജന വഭാഗങ്ങൾ ഇവിടെ നിലനിന്നിരുന്നു. കുടിയേറ്റത്തിന്റെ കുത്തൊഴുക്കിൽ തങ്ങളുടെ തനിമ നഷ്ടപ്പെട്ടവരായി പഞ്ചായത്തിന്റെ ഒഴിഞ്ഞ കോണുകളിൽ കഴിയുന്നു.

### കുറിച്ച്യർ

ഇവിടത്തെ ആദിമജനതയുമായി തട്ടിച്ചുനോക്കുമ്പോൾ സാമ്പത്തിക സ്ഥിതിയിൽ മെച്ചമാണ്. 'വിയറ്റ്നാം' കീഴ്പള്ളി എന്നിവിടങ്ങലിലായി പണ്ടേ താമസിച്ചുവരുന്ന ഇവരുടെ തനതു സംസ്ക്കാരം മറ്റു ജനവിഭാഗങ്ങളുടെ ആഗമനത്തോടെ കൈമോശം വന്നു പോയി.അമ്പും വില്ലും ആയിധങ്ങളായി ഉപയോഗിക്കുകയും മറ്റ് ജനങ്ങൽക്ക് അയിത്തം കല്പിക്കുകയും ചെയതിരുന്നു. ഇന്ന് അയിത്തം ഏറെ കുറെ ഇന്നില്ലാതായിരിക്കുന്നു. വാദ്യാഭ്യാസ രംഗങ്ങളിൽ പിന്നിലാണ്.

### പണിയർ

മറ്റ് പട്ടിക വർഗ്ഗ വിഭാഗക്കാരെ അപേക്ഷിച്ച് ജനസംഖ്യയിൽ കൂടുതൽ ഉള്ള ഇവർ 18 കോളനികളിലായി പഞ്ചായത്തിന്റെ (ഏതാണ്ടെല്ലാഭാഗത്തും) താമസിച്ചുവരുന്നു. ഒരു കാലത്ത് ഈ നാടിന്റെ മുഴുവൻ അധിപരും പിന്നീട് കനകത്തിടം ജന്മിമാരുടെ അടിമകളും ഇപ്പോൾ ആരും ആശ്രയമില്ലാത്തവരും ആയിരിക്കുന്നു ഇവർ. വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും ജീവിതം നയിച്ചിരുന്ന ഇവർക്ക് വനങ്ങൾ നഷ്ടപ്പെട്ടതോടെ ജീവിതം ദുരിതമായി തീർന്നിരിക്കയാണ്. കുടിയേറ്റ ജനത ഇവരുടെ കണ്ണിലെ നിരാശയും പകയും കണ്ടില്ലെന്ന് നടിക്കുകയാണ്. പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക നിയമങ്ങൾ നിലവിലുള്ളതുകൊണ്ട മാത്രമാണ് ഇവർ പിടിച്ചു നിൽക്കുന്നത് ഗവൺമെന്റ് നിശ്ചയിച്ച് നൽകി വരുന്ന കോടിക്കണക്കിനു രൂപയുടെ ക്ഷേമ പദ്ധതിയുടെ സിംഹഭഗം പോലും ഇവർക്ക് ലഭിക്കുന്നില്ല.ഇടനിലക്കാരുടെ ചൂഷണം വളരെയധികമാണ്. നിരാശയും ദുഖവും ഇവരെ അവിശ്യാസികളാക്കി മാറ്റിയിരിക്കുന്നു.

മറ്റു ജനവിഭാഗങ്ങൾ ഇവരോട് കാണിച്ച ക്രൂരതകൾ മൂലം സംശയ ദൃഷ്ടിയോടെ മാത്രമെ മറ്റുള്ളവരെ

നോക്കാൻ ഇവർക്കു കഴിയുന്നുള്ളു അലഞ്ഞു നടക്കാൻ ഇഷ്ടപ്പെടുന്ന ഇവർ വിദ്യാഭ്യാസ കാര്യങ്ങളിൽ തീരെ പിന്നിലാണ്.

**മലയാളർ**

വിശ്വവിജ്ഞാന കോശത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഇവർ ലോകത്തിൽ ആറളം ഗ്രാമ പഞ്ചായത്തിലെ വീർപ്പാട് എന്ന ദേശത്ത് മാത്രമാണ് താമസിക്കുന്നത്. 45 ഓളം വീടുകളിലായി താമസിക്കുന്നവരുടെ ഇവരുടെ ജനസംഖ്യ മുന്നൂറിൽ താഴെയാമ്. ഇവരുടെ പിതാമഹൻമാർ കോട്ടയം രാജ ഭരണത്തിലുണ്ടായിരുന്ന ഇപ്പോ ഴത്തെ തക്കിലങ്ങാടിക്കടുത്ത് പാലാഴി എന്ന സ്ഥലത്തു താമസിച്ചിരുന്നവരാണെന്നു പഴമക്കാർ പറയുന്നു. കോ ട്ടയം രാജാവു ഈ ജന വിഭാഗത്തെ അദ്ദേഹത്തിന്റെ രാജ്യാതിർത്തിയായ ഇവരെ ഇവിടെ കൊണ്ടുവന്നു താമസി പ്പിക്കുകയായിരുന്നു എന്നും പറയപ്പെടുന്നു. കന്നുകാലി വളർത്തലും നെൽകൃിയുമായിരുന്നു ഇവരുടെ പ്രധാന തൊഴിൽ അമ്പും, വില്ലും ഒരുകാലത്ത് ഇവരുടെ പ്രധാന ആയുദ്ധങ്ങളായിരുന്നു.തുടർന്ന് തോക്ക് തുടങ്ങിയ ആധുനിക ആയുദ്ധങ്ങളും ഉപയോഗിക്കാനും ഇവർ വുദഗ്ധരായി തീർന്നു. പാലയാടു ദേവസ്വം രൂപീകൃതമാവു കയും ഇവർതമ്മിൽ ഊരാളൻമാർ ആയി തീരുകയും ചെയതു.പാലയാട് ദേവസ്വത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും ഇവർക്കായിരുന്നു.പാലയാട്ടീശ്വരൻ (ശിവൻ), ആണ് ഇവരുടെ പ്രധാന ആരാധന മൂർത്തി. തെയ്യ ങ്ങളും തിറകളും നടത്തിയിരുന്ന ഇവർ കുരിച്യർ, പണിയർ തുടങ്ങിയ ആളുകൾക്ക് അയിത്തം കല്പിച്ചിരുന്നു. ഏകപത്നീവ്യതക്കാരായിരുന്നു. ഇവർ സ്ത്രീകൾ സ്വർണ്ണാങ്കരണങ്ങൾ ഉപയോഗിച്ചിരന്നു.ആധുനിക കുടിയേറ്റ ത്തോടെ ഇവർ നാമമാത്ര കൃഷിക്കാരും കർഷതൊഴിലാളികളുമായി മാറിക്കഴിഞ്ഞു.വിദ്യാഭ്യസപരമായി മു ന്നേറ്റം ഇല്ലെങ്കിലും ഇവർ ആധുനിക സാമൂഹ്യ ധാരായിൽ സന്നെയാണ്. ലോകത്തിൽ മറ്റെവെടെയും കാണാത്ത ഈ ജന വിഭാഗത്തെപട്ടിക വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവരുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരി ഹരിക്കേണ്ടതാണ്.

**പട്ടിക ജാതി വിഭാഗം.**

പഞ്ചായ്ത്തിൽ മിക്കവരും എല്ലാ പ്രദേശങ്ങളിലുമായി മറ്റു ജന വിഭാഗങ്ങളുമായി ഇടകലർന്ന് ജീവിക്കു ന്നു.വിദ്യാഭ്യാസ പരമായും സാസ്ക്കാരിക പരമായും മറ്റും എല്ലാവരോടുമൊപ്പം ആണ്.ഗവൺമെന്റ് നൽകിവ രുന്ന് വിവിധ ആനുകൂല്യങ്ങളെ കുറിച്ച് ഇവർക്ക് നന്നായി അറിയാം.

**മറ്റു വിഭാഗങ്ങൾ**

വിവിധ വിഭാഗങ്ങളിൽ പെട്ട കൃസ്ത്യാനികൾ ഹിന്ദുക്കൾ മിസ്ലീംങ്ങൽ എന്നിവർ തികഞ്ഞ മത സാഹി ഷ്ണതയോടു കൂടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.പൊതുവേ വിദ്യാസമ്പന്നരും വിവിദരാജ്യങ്ങ ളിൽ പോയി ഉന്നത വിദ്യാഭ്യാസം നടത്തുന്നവരും ഈ പഞ്ചായത്തിലധികമാണ്.85.57 % ജനങ്ങലും സ്ക്ഷര രാണ്. എന്നാൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സാസ്ക്കാരിക വേദികൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ എന്നിവ ഈ പ്രദേശത്ത് ഇല്ല എന്നത് ഒരു യാഥാർത്യമാണ്. ഇരുപതിലദികം ക്ലബുകലും സാംസ്ക്കാരുക വേദി കളും ഈ പഞ്ചായ്ത്തിലുണ്ടിലും സാമാന്യ ജനങ്ങൾക്ക് വർത്തമാന പത്രം, അനുകാലികങ്ങൾ, റേഡിയോ, ടി.വി. എന്നിവ പ്രയോജനപ്പെടുത്താനുള്ള സൗകര്യമില്ല.

ഏറെ പ്രതീക്ഷകളോടെ ജനങ്ങൽ ഉറ്റു നോക്കിയ ഏടുർ സാംസ്ക്കാരിക നിലയം കഴിഞ്ഞ 5 വർഷങ്ങളി ലായി തുറന്ന് പ്രവർത്തിക്കുന്നില്ല. അയ്യായിരത്തിലധികം പുസ്തകങ്ങൾ ഒരു മുഴുവൻ സമയ ലൈബ്രേറിയൻ ഇല്ല എന്നത് ഏറെ ഖേദകരമാണ്.

മുൻപ് ഏടുരിൽ പ്രവർത്തിച്ചു വന്നതും എന്നാൽ പിന്നീട് ആറളത്തേക്ക് പറിച്ചുനടപ്പെട്ടതുമായ LLA ലൈബ്രെറി പ്രവർത്തിക്കുന്നതിനു ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒന്നും തന്നെ ഇല്ല.സ്വന്തമായി രണ്ട് സെന്റ് സ്ഥലം ഉണ്ടങ്ങിലും അതിൽ കെട്ടിടം പണിയുന്നതിനു കഴിഞ്ഞിട്ടില്ല.വായന ശാല പ്രവർത്തിക്കാനുള്ള മുറിയോ, മറ്റു സൗകര്യങ്ങളോ ഇവിടെ ഇല്ല.2004 പുസ്തകങ്ങൾ വിവിധ ഭാഷകളിലായി ഉണ്ടങ്ങിലും നാമമാ ത്രമായ മെമ്പർമാർ ഇവിടെ വേമ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ആലുകാലികങ്ങളും പത്രങ്ങളും വാ ങ്ങുന്നതിനാവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ കോവലം ഒരു പത്രത്തിൽ ഈ സ്ഥാപനം ഒതുങ്ങി നിൽക്കുന്നു.

ഇവിടെയുള്ള ക്ലബുകൾ എല്ലാം തന്നെ ഒരു വിധത്തിൽ അല്ലങ്ങിൽ മറ്റൊരുതരത്തിൽ നിർജ്ജീവങ്ങളാമ്. കാര്യമായി ഒരു ക്ലബിനും പഞ്ചായത്തിൽനിന്ന് പത്രംമെത്തിച്ചുകൊടുക്കുന്നില്ല.40 വർഷങ്ങൾക്ക് മുമ്പ് കളരിക്കാ ട്ടിൽ ഉണ്ടായിരുന്ന കൈരളി വായനശാലയും ഇന്ന് ഓർമകളിൽ മാത്രം .അവിടെയുണ്ടായിരുന്ന റേഡിയോ നഷ്ടം

വന്നിരിക്കുന്നു.വെള്ളരി വയലിലും വായന ശാലക്കും വായനമുറിക്കും സ്വന്തമായ സ്ഥലമുണ്ടെങ്കിലും കെട്ടിടം പണിയാൻ കഴിയാതെ ബുദ്ധിമുട്ടനുഭവപ്പെടുകയാമ്.

സൗകര്യ മേഖലയിൽ പ്രവർത്തിക്കുന്ന 'ദൃശ്യധാര' പ്രൊഫഷണൽ നാടക വേദി മാത്രമാണ് പഞ്ചായത്തിന്റെ കലാ രംഗത്ത് അഭിമാനം കാത്തു സൂക്ഷിക്കുന്നത് പഞ്ചായത്തിനകത്തും പുറത്തും ധാരാളം സ്റ്റേജുകളിൽ നാടകം അവതരിപ്പിച്ച് കാണികളുടെ പ്രശംസ ഇവർ നേടുന്നു.

ഇവിടെ മൂന്ന ഹൈസ്ക്കൂളുകളും 3 യു.പി. സ്ക്കൂളുകളും 5 എൽ. പി സ്ക്കൂളുകളും ഏതാനും അഗൻ വാടികളും നേഴ്സറികളും സ്നേഹമന്ദിരങ്ങളും പ്രവ്രത്തിച്ചരുന്നു. നാടിന്റെ സാസ്ക്കാരിക ഉറവിടമായ സ്ക്കൂളുകളിലെ ലൈബ്രറികൾ വേണ്ട വിധത്തിൽ പ്രവർത്തിക്കാൻ സാധിക്കാത്തതിനാൽ അർഹമായ സാസ്ക്കാരിക പുരോഗതി കൈവരിക്കാൻ പഞ്ചായ്ത്തിനായിട്ടില്ല.

സ്ക്കൂൾ ലൈബ്രറികളിൽ നിലവിലുള്ള പുസ്തകങ്ങളുടെ എണ്ണം.

ആറളം ഗവൺമെന്റ് സ്ക്കൂൾ1207
സെന്റ് മേരീസ് ഹൈസ്ക്കൂൾ 3800
സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ, വെളിമാനം. 2148
സെന്റ് സെബാസ്റ്റ്യൻസ് യു.പി. വെളിമാനം. 2500
സുഹറ യു.പി. വെള്ളരിവയൽ 115

ഇതിൽ സയൻസ് കണക്ക് വിവിധ ഭാഷാ പുസ്തകങ്ങൾ ഇവ വിരളമാണ്. വിദ്യാർത്ഥിനീ വിദ്യാർത്ഥികളിൽ ഏറിയ പങ്കും നോവൽ കഥ എന്നീ സാഹിത്യങ്ങൾ മാത്രം വായിക്കുന്നതിൽ താൽപ്പര്യം കാണിക്കുന്നു. എല്ലാ സ്ക്കൂളുകളിലും പാർട്ട് ടൈം ലൈബ്രറിയൻ തസ്തികയെങ്കിലും സൃഷ്ടിച്ച് ഇവയുടെ പ്രവർത്തനം ഊർജ്ജിതപെടുത്താൻ ബന്ധപ്പെട്ടവർ സ്രദ്ധിക്കേണ്ടതുണ്ട്. ഇന്ന് നിലവിലുള്ള തുച്ചമായ വേതനം ലൈബ്രറിയുടെ ചാർജ് വഹിക്കുന്ന അദ്ധ്യാപകർക്ക് അപര്യാപതവുമാണ്.
സാമൂഹികമായും സാംസ്ക്കാരികമായും ഏറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കാത്ത ഈ പഞ്ചായത്തിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് സാംസ്ക്കാരിക രംഗത്ത് പുരോഗതി കൈവരിക്കേണ്ടതുണ്ട്

നിലവിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും സാദ്ധ്യമായ നിലയിൽ ഗ്രാന്റുകൾ അനുവദിച്ച് അവയെ പുനരുദ്ധരിക്കുക. പത്രമാസികകളും ആനുകാലികങ്ങളും ജനപങ്കാളിത്തത്തോടെ ക്ലബുകൾക്കും സാംസ്കാരിക വേദികൾക്കും ലഭ്യമാക്കുക.

എല്ലാ നഴ്സറിയിലേയും സാമാന്യ ജനങ്ങൾക്ക് ഉതകുന്ന വിധത്തിൽ വായനസാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കുക. ആവശ്യമായ റേഡിയോ, ടീ.വി. സെറ്റുകളും ജനപങ്കാളിത്തത്തോടെ സ്ഥാപിക്കുക.കലാകായികമത്സരങ്ങളും ആഘോഷങ്ങശും പഞ്ചായത്ത് – വാർഡ് തലത്തിൽ സംഘടിപ്പിക്കുക. ജനങ്ങളെ ഉണർത്തുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക. പഠന പര്യാടനങ്ങൾ വാർഡ് തലത്തിലോ പഞ്ചായത്ത് തലത്തിലോ സംഘടിപ്പിക്കുക.ആവശ്യമായ സിമ്പോസിയങ്ങളും സെമിനാറുകളും മേഖലാതലത്തിലെങ്ങലും ഒരുക്കുക സ്ത്രീകളിൽ കൂടുതൽ കലാ സാംസ്ക്കാരിക കഴിവുകൾ വളർത്താൻ യത്നിക്കുക. ഇവയായിരിക്കണം നമ്മുടെ ആത്യന്തിക ലക്ഷ്യം.

# കൃഷിയും ജലസേചനവും

പശ്ചിമ ഘട്ട താഴ്വരയിലെ കുടിയേറ്റ പഞ്ചായത്തുകളിലൊന്നാണ് ആറളം. മലയാളർ, പണിയർ, കുറിച്ച്യർ എന്നീ ആദിവാസികൾ വസിച്ചിരുന്ന ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലും, മറ്റ് ഒറ്റപ്പെട്ട പ്രദേശങ്ങളിലും മലബാറുകാരായ പഴയ കുടിയേറ്റക്കാരുണ്ടായിരുന്നു. ആറളം പഞ്ചായത്തിലെ ഭൂമി മുണ്ടയാം പറമ്പ് ദേവസ്വത്തിന്റെയും, പാലയാട്ട് ദേവസ്വത്തിന്റേയും, കനകത്തടം ജന്മിയുടെയും ഉടമസ്ഥതയിലായിരുന്നു. കൊല്ലം തോറും പുനം കൃഷി ചെയ്യാൻ ജന്മിമാരും മറ്റും അവരുടെ കുടിയാന്മാരെ അനുവദിക്കുകയും, കുടിയാന്മാരും മറ്റ് ആദിവാസികളും ഈ പ്രദേശങ്ങളിൽ പുനം കൃഷി നടത്തുകയും ചെയ്തിട്ടുണ്ട്. ഇടതൂർന്ന് വളർന്ന വൻമരങ്ങളുണ്ടായിരുന്ന ഈ മലപ്രദേശങ്ങൾ കാട്ടു മൃഗങ്ങളുടെ വിഹാര കേന്ദ്രങ്ങളായിരുന്നു. 1930 കളിൽ ആണ് ഒറ്റപ്പെട്ടും, രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം വ്യാപകമായും അദ്ധ്വാനശീലരായ കർഷ കുടുംബങ്ങൾ മണ്ണുതേടി തിരുവിതാംകൂറിൽ നിന്നും മലബാറിലേക്ക് കുടിയേറ്റം തുടങ്ങിയത്. അന്നത്തെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ പ്രദേശങ്ങളിൽ കുടിയേറ്റത്തിന് സഹായകമായ നിയമമായിരുന്നു അന്നുണ്ടായിരുന്നത്. ഭൂമി കൈവശക്കാരന് സ്ഥിരാവകാശം ഉറപ്പുവരുത്തുന്ന നിയമം ഉണ്ടായിരുന്നത് ഏറ്റവും സഹായകമായിരുന്നു.

ഈ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്ത കുടുംബങ്ങൾ കാട് വെട്ടിത്തെളിയിച്ച് പുനം കൃഷിയും വെള്ളപ്പറ്റു പ്രദേശങ്ങളും നിരത്തി വയലുകളും മറ്റും ഉണ്ടാക്കി നെൽ കൃഷിയും ആരംഭിച്ചു. ആദ്യകാലങ്ങളിൽ നെല്ല്, കപ്പ, ഇഞ്ചി, തുടങ്ങിയ ഹൃസ്വകാല വിളകളിൽ കേന്ദ്രീകരിച്ചു 1950 കളിൽ തെരുവ കൃഷി വ്യാപകമായി 500ൽ അധികം പ്രവർത്തനനിരതമായി. അന്ന് നെല്ല്, കപ്പ, തെരുവ തൈലം മുതലായ സാധനങ്ങൾ ഇരിട്ടി, കുന്നോത്ത്, വള്ളിത്തോട് എന്നീ സ്ഥലങ്ങളിൽ കാളവണ്ടികളിൽ കൊണ്ട് പോയി വിൽക്കുകയായിരുന്നു പതിവ്

കൃഷിക്കാർ അവരവരുടെ പുരയിടങ്ങളിൽ ദീർഘകാല വിളകളുടെ കൃഷികളും ആരംഭിച്ചിരുന്നു. ഒരു ഘട്ടത്തിൽ കുരുമുളക് കൃഷി വ്യാപകമായി. പടിപടിയായി തെങ്ങ്, കവുങ്ങ്, കശുമാവ് എന്നീ കൃഷികളും ആരംഭിച്ചു. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ റബ്ബർ കൃഷിയും ആരംഭിച്ചു എന്നാൽ കുടിയേറ്റ ജനത വെച്ചു പിടിപ്പിച്ച സുന്ദരങ്ങളായ കുരുമുളക് തോട്ടങ്ങൽ കുമിൾ രോഗത്താൽ നശിക്കുന്നത് നിർനിമേഷരായി നോക്കി നിൽക്കാനേ കഴിയുഞ്ഞുള്ളൂ.

കുടിയേറ്റത്തിന്റെ ആരംഭത്തിൽ നല്ല വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാൻ പല കൃഷിക്കാർക്കും സാധിക്കാതെ വന്നിട്ടുണ്ട്. അത് കൊണ്ട് തന്നെ തെങ്ങ്, കവുങ്ങ്, കശുമാവ് എന്നിവയുടെ ഉല്പാദനവുംഉല്പാദനക്ഷമതയും വളരെ കുറഞ്ഞ നിരക്കിലായതും കൃഷിക്കാരെ പ്രതിസന്ധിയിലാഴ്ത്തിയിട്ടുണ്ട്. 1979 മുതൽ റബ്ബർ പുതുകൃഷിയ്ക്ക് റബ്ബർ ബോർഡ് ആകർഷകമായ പദ്ധതികൾ ആവിഷ്കരിച്ചതോടു കൂടി വമ്പിച്ച തോതിലുള്ള റബ്ബർ കൃഷിയിലേക്കുള്ള വിളമാറ്റം ഈ പഞ്ചായത്തിൽ കാണുവാൻ സാധിക്കും. കൃഷിയോഗ്യമായ തരിശ് ഭൂമികളിലും ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങിൻ തോപ്പിലും, കായ്ഫലം കുറഞ്ഞ കശുമാവ് മുറിച്ചും, കരിസ്ഥലങ്ങളിലും റബ്ബർ കൃഷി വ്യാപകമായി. ഇന്ന് നമ്മുടെ പഞ്ചായത്തിലെ മുഖ്യ വിള റബ്ബർ കൃഷി തന്നെയാണ്. തെങ്ങും കശുമാവും കവുങ്ങും, കുരുമുളകും മിക്കവാറും എല്ലാ പുരയിടങ്ങളിലും കൃഷി ചെയ്യുന്നുണ്ട്. ഇടവിളകളായി ഏത്തവാഴയും, ഇഞ്ചിയും, മഞ്ഞളും, കച്ചവടാവശ്യത്തിന് നാമമാത്രമായ തോതിൽ പച്ചക്കറി കൃഷികളും ഉണ്ട്. 1980 കളിൽ ആരംഭിച്ച രാമച്ചകൃഷിയും, സിസർല കൃഷിയും കൊക്കോയും അന്യം വന്നു പോയിട്ടുണ്ട്.

കൃഷിക്കാരുടെ ആവാസ കേന്ദ്രമായ ഇവിടെ കുടിയേറ്റത്തിന്റെ ആരംഭത്തിൽ കർഷ കുടുംബങ്ങൾ തന്നെയാണ് കാർഷിക പ്രവർത്തികളിൽ ഏർപ്പെട്ടിരുന്നത്. അന്ന് കർഷക തൊഴിലാളികളെ ആവശ്യത്തിന് ലഭിച്ചിരുന്നില്ല. പരസ്പരം അറിഞ്ഞും സഹായിച്ചു (മാറ്റാൾ പണി എടുത്തും) കപ്പ കൃഷിയും ഇഞ്ചി കൃഷിയും നടത്തിയിരുന്നു. ഒപ്പം റോഡ് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള കൂട്ടായ്മയും സംഘബോധവും അന്നു പ്രകടിപ്പിച്ചിരുന്നു. പുറം ലോകവുമായി ബന്ധപ്പെടുന്നതിനുള്ള ഏക മാർഗ്ഗം മാടത്തി – കീഴ്പ്പള്ളി റോഡ് ആയിരുന്നു. 1979 ൽ കോളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായതോടെ ഈ കർഷ ഗ്രാമത്തിന്റെ മുഖച്ഛായ തന്നെ മാറുന്നതിന് ഇടയായിട്ടുണ്ട്.

**ഭൂവിനിയോഗം:**

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 12389.9559 ഹെക്ടറാണ്. ഇതിൽ 6371 ഹെക്ടർ കൃഷിഭൂമിയും 4351 ഹെക്ടർ നിക്ഷിപ്ത വനഭൂമിയുമാണ്. 3060 ഹെക്ടർ സ്ഥലത്ത് പരന്ന് കിടക്കുന്ന കേരളത്തിലെ ഏക സെൻട്രൽ സ്റ്റേയിറ്റ് ഫാം സ്ഥിതി ചെയ്യുന്നതും ഈ പഞ്ചായത്തിലാണ് മലയോര മേഖലയിൽപ്പെട്ട ഈ പഞ്ചായത്തിൽ 60% ത്തോളം ചെരിവ് ഭൂമിയും, ബാക്കി നിരപ്പ് പ്രദേശങ്ങളും, വയലുകളുമാണ്. പഞ്ചായത്തിലെ തെക്ക് പടിഞ്ഞാറും മദ്ധ്യവുമായിട്ടുള്ള പ്രദേശങ്ങൾ നിരപ്പ് പ്രദേശങ്ങളും വയലുകളും അടങ്ങിയിട്ടുള്ളതാണ്. കിഴക്കൻ പ്രദേശങ്ങൾ കരടിമല, മാങ്ങോട്, ചതിരൂർ വാളത്തോട് തുടങ്ങിയവ കുത്തനെ ചെരിഞ്ഞ പ്രദേശങ്ങളുമാണ്. പഞ്ചായത്തിന്റെ രണ്ടതിരുകളിലൂടെ വെമ്പുഴയും ബാവലി ആറളം പുഴയും ഒഴുകി ഇരിട്ടി പുഴയിൽ സന്ധിക്കുന്നു. വറ്റാത്ത തോടുകളും പഞ്ചായത്തിൽ ഉണ്ട്.

ജൈവാംശം ശരാശരിയുള്ള ചെമ്മണ്ണാണ് പഞ്ചായത്തിന്റെ അധികഭാഗം

പട്ടിക – 1

| നമ്പർ | ഭൂവിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) | % |
|---|---|---|---|
| 1. | ആകെഭൂമി | 12389 | 100% |
| 2. | വനഭൂമി | 4351 | 35.11% |
| 3. | ആറളംഫാം | 3060 | 24.69% |
| 4. | കൃഷിഭൂമി | 4963 | 40.08% |
| 5. | കൃഷിയോഗ്യമായ തരിശ് | 5 | 0.04% |
| 6. | കൃഷിയോഗ്യമല്ലാത്ത തരിശ് | 10 | 0.08% |

(കൃഷിഭവൻരേഖ)

ഭൂരിഭാഗം കൃഷിക്കാരും നാമമാത്ര കർഷകരാണ് (ഒരു ഹെക്ടറിൻ താഴെ) മൊത്തം കൃഷിക്കാരിൽ 54 % നാമമാത്ര കൃഷിക്കാരും 29% ചെറുകിട കൃഷിക്കാരും 170 വൻകിട കർഷകരുമാണ്

പട്ടിക – 2

| നമ്പർ | ഭൂവിപരിധി | കുടുംബങ്ങളുടെ എണ്ണം | % |
|---|---|---|---|
| 1. | 1 ഹെക്ടറിൽ താഴെ | 3672 | 54% |
| 2. | 1 ഹെക്ടറിനും 2 ഹെക്ടറിനുമിയിൽ | 2715 | 29% |
| 3. | രണ്ട് ഹെക്ടറിനുമുകളിൽ | 412 | 17% |

പാരമ്പര്യമായി ഭൂമി തുണ്ട് തുണ്ടായി തിരിച്ചു കൊടുക്കുന്നത് കൊണ്ടാണ് നാമമാത്ര കൃഷിക്കാരുടെ എണ്ണം വർദ്ധിച്ചിട്ടുള്ളത്



നാമമാത്ര കർഷകർ – 3672

ചെറുകിട കർഷകർ – 2715

വൻകിട – 412

ഭൂമിയുടെ തുണ്ടവൽക്കരണം കാരണം മിശ്രവിളകൾ കൂടുതലായി കൃഷി ചെയ്യുകയും, ശാസ്ത്രീയമായ കൃഷി രീതികൾ നടപ്പിലാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്നു.

പഞ്ചായത്തിലെ പ്രധാന കൃഷി നാണ്യവിളകളാണ്. ആകെ കൃഷിഭൂമിയിൽ 31.77%വും റബ്ബറാണ്. 1995 –96 വർഷത്തിൽ 1577 ഹെക്ടർ സ്ഥലത്ത് റബ്ബറും, 861 ഹെക്ടർ സ്ഥലത്ത് കശുമാവും 483. 25 ഹെക്ടർ സ്ഥലത്ത് തെങ്ങും, 403 ഹെക്ടർ സ്ഥലത്ത് കുരുമുളകും, 146 ഹെക്ടർ സ്ഥലത്ത് കവുങ്ങും, കൃഷി ചെയ്യുന്നുണ്ട്. നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞുകുറഞ്ഞു 101 ഹെക്ടർ സ്ഥലത്ത് ഒതുങ്ങി നിൽക്കുന്നു. വാർഷിക വിളകളായ ഇഞ്ചി, കപ്പ വാഴ എന്നിവ 389 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്തിട്ടുണ്ട്.

പട്ടിക – 3 (കൃഷിഭവൻ രേഖ)

വിളവിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | | വിളവ്യതിയാന ശതമാനം | വിളഭൂമിയുടെ ശതമാനം |
|---|---|---|---|---|---|
| | | 93 - 94 | 95 - 96 | | |
| 1. | നെല്ല് 1–ാം വിള | 101 | 101 | -- | 2.03 |
| 2. | നെല്ല് 2–ാം വിള | 80 | 80 | -- | -- |
| 3. | റബ്ബർ | 1435 | 1577 | +9.8 | 31.77 |
| 4. | കശുമാവ് | 961 | 861 | –10.4 | 17.34 |
| 5. | തെങ്ങ് | 702 | 483.25 | –31.1 | 9.73 |
| 6. | കുരുമുളക് | 443 | 403 | –9 | 8.12 |
| 7. | കമുക് | 106 | 146 | +38 | 2.94 |

റബ്ബർ, കശുമാവ്, നെല്ല് എന്നിവയുടെ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ തേങ്ങയുടെ ഉല്പാദനം 54% കണ്ട് കുറഞ്ഞു. ഉല്പാദനവും ഉല്പാദനക്ഷമതയും സംബന്ധിച്ച വിവരങ്ങൾ പട്ടിക – 4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 4 (കൃഷിഭവൻ രേഖ)
ഉല്പാദനവും ഉല്പാദനക്ഷമതയും

| നമ്പർ | വിള | ഉല്പാദനം ടൺ | | ഉല്പാദന വ്യതിയാനം % | ഉല്പാദനക്ഷമത (കി. ഗ്രാം/ഹെ.) | | ഉല്പാദനക്ഷമത വ്യതിയാനം |
|---|---|---|---|---|---|---|---|
| | | 93 - 94 | 95 - 96 | | 93 - 94 | 95 - 96 | |
| 1. | നെല്ല് 1-ാംവിള | 287.8 | 325.2 | +12 | 2850 | 3220 | +12.9 |
| 2. | നെല്ല് 2-ാംവിള | 234.4 | 272 | +15 | 2920 | 3400 | +16.4 |
| 3. | റബ്ബർ | 2152.5 | 6308 | +200.30 | 1350 | 1600 | +20 |
| 4. | കശുമാവ് | 528.6 | 559.7 | +5.8 | 550 | 650 | +18.2 |
| 5. | തെങ്ങ് | 5616000 (തേങ്ങ) | 2551560 (തേങ്ങ) | –54 | 40 (തേങ്ങ) | 32 (തേങ്ങ) | –20 |
| 6. | കുരുമുളക് | 121.8 | 104.78 | –13.9 | 275 | 260 | –5.4 |
| 7. | കമുക് | 44785000 (അടക്ക) | 41340000 | –7.1 | 325 (അടക്ക) | 300 (അടക്ക) | –7.6 |
| 8. | വാഴ | 1600 | 1440 | –18 | 20000 | 18000 | –10 |
| 9. | മരച്ചീനി | 1890 | 900 | –52.30 | 18000 | 15000 | –16 |

**നെൽകൃഷി:**

നെൽപ്പാടങ്ങളുടെ വിസ്തൃതി വർഷം തോറും കുറഞ്ഞു കൊണ്ടിരിക്കുകയാണ്. 1985 86 കാലഘട്ടത്തിൽ 198.5 ഹെക്ടർ സ്ഥലത്ത് കൃഷിയുണ്ടായിരുന്നത് 101 ഹെക്ടർ ആയി കുറഞ്ഞു. അതായത് 10 വർഷത്തിനുള്ളിൽ 50% കണ്ട് കുറവ് വന്നിരിക്കുന്നു. ഇപ്പോൾ 101 ഹെക്ടർ സ്ഥലത്ത് 1ാം വിളയും, 80 ഹെക്ടർ സ്ഥലത്ത് 2ാം വിളയും എടുക്കുന്നുണ്ട്. 3ാം വിള ഒട്ടും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്ന് പറയാം. 1993–94 നെല്ലുല്പാദനം 522.8 ടൺ ആയിരുന്നത് 1995–96 ൽ 597.25 ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. നെല്ലിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. (പട്ടിക നോക്കുക)

ഇവിടെ നെൽകൃഷിയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലതാണ്.

1. ആവശ്യമായ സമയത്ത് തൊഴിലാളികളുടെ ലഭ്യത പലപ്പോഴും പ്രശ്നമാവുന്നു.
2. പുതുതലമുറയിൽ കൃഷിതൊഴിലോടുള്ള ആഭിമുഖ്യം കുറഞ്ഞു വരുന്നു.
3. കൃഷിയിലെ ലാഭം കുറയുന്നതിനാൽ കർഷകരുടെ നെൽകൃഷിയിലുള്ള താല്പര്യം കുറയുന്നു. ഇത് മൂലം കൂടുതൽ ലാഭമുള്ള മറ്റു വിളകളിലേക്ക് അവരുടെ ശ്രദ്ധ തിരിയുന്നു.
4. ജലസേചന സൗകര്യങ്ങളുടെ കുറവ്
5. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ദൗർല്ലഭ്യം

കൃഷിഭവന്റെ നേതൃത്വത്തിൽ 9 പാടശേഖര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ പാടശേഖരസമിതികളെല്ലാം തന്നെ നിഷ്ക്രിയങ്ങളാണ്. പാടശേഖരങ്ങളിലൂടെ ഒരേക്കറിന് 100 രൂപയുടെ ഇൻസന്റീവ് വിതരണത്തിൽ

മാത്രം ഈ സമിതികൾ ഒതുങ്ങിനില്ക്കുന്നു. പാടശേഖര സമിതി മുഖാന്തിരം ട്രാക്ടർ, ട്രില്ലർ എന്നിവ വാങ്ങുന്നതിനുള്ള സ്കീമുകൾ ഉണ്ടെങ്കിലും ഏച്ചില്ലം പാടശേഖര സമിതി മാത്രമാണ് ട്രില്ലർ വാങ്ങിയതും മോശമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നതും

പട്ടിക – 5 (കൃഷിഭവൻ രേഖ)

| നമ്പർ | പാടശേഖരം | വിസ്തീർണ്ണം ഹെക്ടറിൽ | നെൽകൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1. | വെളിമാനം | 5 | 22 |
| 2. | വളയംകോട്ട് | 5 | 14 |
| 3. | പുഞ്ചപ്പാടം | 20 | 56 |
| 4. | ഒടാക്കൽ | 10 | 29 |
| 5. | ഏച്ചില്ലം | 35 | 85 |
| 6. | പെരുമ്പഴശ്ശി | 8 | 35 |
| 7. | മുണ്ടിയാടി | 15 | 44 |
| 8. | എടവേലി | 12 | 44 |
| 9. | ചെടിക്കുളം | 5 | 23 |

**റബ്ബർ:**

കിഴക്കൻ മലയോരങ്ങളിലെ ഒരു പ്രധാന നാണ്യവിളയാണ് റബ്ബർ. 1950കളിൽ ആറളം പഞ്ചായത്തിൽ റബ്ബർ കൃഷിക്ക് തുടക്കം കുറിത്തു. കന്യാകുമാരിയിലെ ചില വൻകിട തോട്ടങ്ങളിൽ നിന്നും കൊണ്ടുവന്ന റബ്ബർ കുരു ഉപയോഗിച്ചാണ് ഇവിടെ കൃഷി ആരംഭിച്ചത്. കൃഷിയുടെ ശാസ്ത്രീയ വശങ്ങൾ ഒന്നു നോക്കാതെ കയ്യിൽ കിട്ടിയ റബ്ബർ കുരുവും, തൈകളും കമ്പിപ്പാരക്ക്, അവർ കുഴിച്ചുട്ടു. തിരുവിതാംകൂറിൽ നിന്നും ലഭിച്ച അറിവിന്റെയും, ചില വലിയ തോട്ടങ്ങളിൽ ചെയ്തു വന്നിരുന്ന കൃഷി രീതികൾ കണ്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അശാസ്ത്രീയ കൃഷി രീതിയിൽ ക്രമേണ ശാസ്ത്രീയത പകർത്താൻ തുടങ്ങി. ഉല്പാദന ശേഷി കൂടിയ ക്ലോണൽ, പാൽക്കുളം, ജാവ, മാർത്താണ്ഡം തുടങ്ങിയ വിത്തുകൾ കൃഷി ചെയ്യാനും തുടങ്ങി. റബ്ബർ കൃഷി ചെയ്യുനതിന് ലൈസൻസ് എടുക്കണമെന്നോ, കൃഷി ചെയ്തു കഴിഞ്ഞാൽ അത് റബ്ബർ ബോഡിൽ രജിസ്റ്റർ ചെയ്യണമെന്നോ അന്ന് പലർക്കും അറിവുണ്ടായിരുന്നില്ല. റബ്ബർ ബോഡിനെക്കുറിച്ചുതന്നെ തികച്ചും അജ്ഞരായിരുന്നു കൃഷിക്കാർ. മലബാർ ഭാഗത്ത് റബ്ബർ ബോഡിന്റെ പ്രവർത്തനം ഇന്നത്തെ പോലെ വ്യാപിച്ചുണ്ടായിരുന്നില്ല. ബോർഡിന് കോഴിക്കോട് ഒരു സബ്ബാഫീസും തളിപ്പറമ്പിൽ ഒരു റബ്ബർ ഇൻസക്ട്രറുടെ ആഫീസും മാത്രമേ ഉണ്ടായിരുന്നുള്ളൂ. തുടർന്നു മലബാർ ഭാഗത്തേക്ക് റബ്ബർ ബോർഡിന്റെ പ്രവർത്തനം വ്യാപിച്ചു.

1970 കളുടെ അവസാനത്തിൽ റബ്ബർ ബോർഡ് പുതുകൃഷിക്ക് സബ്സിഡി ഏർപ്പെടുത്തിയതോടു കൂടി വമ്പിച്ച രീതിയിലുള്ള വിളമാറ്റം ആറളം പഞ്ചായത്തിൽ ഉണ്ടായി. സ്വകാര്യ നഴ്സറികളിൽ നിന്നും, റബ്ബർ ബോഡിൽ നിന്നും അത്യല്പാദന ശേഷിയുള്ള RRIM 600 , GT1, RRII-105 എന്നീ വിത്തിനങ്ങൾ വ്യാപകമായി ചെയ്തുതുടങ്ങി.

ആറളം പഞ്ചായത്തിലെ കാർഷിക വിളകളിൽ വിസ്തീർണ്ണത്തിലും, ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ഒരു പോലെ ഗണ്യമായ പുരോഗതി റബ്ബർ കൃഷിയിലാണുണ്ടായിട്ടുള്ളത്. ഏറ്റവും കൂടുതൽ ഭൂമി (31.77%) റബ്ബർ കൃഷിക്കാർക്ക് ഉപയോഗിക്കുന്നത്. 1995–96 വർഷത്തിൽ 1577 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയുണ്ട്. 1993–94 വർഷത്തിൽ റബ്ബറിന്റെ ഉല്പാദനം 2152 5 ടണ്ണിൽ നിന്ന് 1995–96 വർഷത്തിൽ 6308 ടൺ ആയി വർദ്ധിച്ചു. രണ്ട് വർഷം കൊണ്ട് ഉല്പാദനം 200% ആയി വർദ്ധിച്ചു.

1994 മുതൽ റബ്ബറിന് ന്യായവില ലഭിക്കാൻ തുടങ്ങിയതോടെ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെമാറി. കൃഷിക്കാരിൽ പുത്തൻ ഉണർവ്വും ആവേശവും ഉണ്ടായി. റബ്ബറിന് കിന്റലിന് 6500 ക വരെ വിലയുണ്ടായി. എന്നാൽ കുത്തക വ്യാപാരികൾ വില പിടിച്ചു നിർത്തുന്നതിനുള്ള ഗ്രാമങ്ങൾ ആരംഭിച്ചു. അതിൽ അവർ വിജയിക്കുകയും ചെയ്തു. ഇപ്പോൾ വില കന്റലിന് 4500 രൂപയാണ്. ഇത് അന്താരാഷ്ട്ര മാർക്കറ്റിനേക്കാൾ കുറവാണ്. ലോകത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന റബ്ബറിൻ വെച്ച് മേത്തരം ഉല്പന്നമാണ് കേരളത്തിന്റേത്. ഇറക്കുമതി ചുങ്കം വെട്ടിക്കുറച്ചതിന്റെ ഫലം യഥാർത്ഥത്തിൽ ദുരിതങ്ങൾ അനുഭവിക്കുന്നത് റബ്ബർ കർഷകരാണ്.

ആറളം പഞ്ചായത്തിൽ തലശ്ശേരി താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ബ്രാഞ്ചും എടുരിലും, കീഴ്പ്പള്ളിയിലും പ്രവർത്തിക്കുന്ന റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളും ഉണ്ട്. അതേ പോലെ തന്നെ റബ്ബർ കർഷക സംഘങ്ങൾ എടൂർ,കീഴ്പള്ളി വീർപ്പാട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളും സ്വകാര്യ കച്ചവടക്കാരും റബ്ബർ കച്ചവടം നടത്തുന്നുണ്ട്. ഗ്രേഡ് ഷീറ്റ് ഉല്പാദിപ്പിക്കുവാൻ റബ്ബർ കർഷകർക്ക് സാധിക്കാത്തതു കൊണ്ട് റബ്ബർ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. 6387 കുടുംബങ്ങൾ 2 ഹെക്ടറിനെ താഴെ ഭൂമിയുള്ളവരാണ്. റബ്ബർ ബോർഡ് പുകപുരയ്ക്ക് സബ്സിഡി നൽകുന്നുണ്ടെങ്കിലും അവർക്ക് സ്വന്തമായി പുകപ്പുര നിർമ്മിക്കാൻ സാധിക്കുന്നില്ല. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഇവർക്ക് സസ്യസംരക്ഷണ പ്രവർത്തനങ്ങൾ യഥാവസരം നടത്തുവാനും ശാസ്ത്രീയമായ രീതിയിൽ രാസവളപ്രയോഗം നടത്തുന്നതിനും കഴിയുന്നില്ല. ജൈവവളങ്ങളുടെ അപര്യാപ്തതയും റബ്ബറിന്റെ ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

**കശുമാവ്:**

തരിശ് പ്രദേശങ്ങളേയും, തെങ്ങ്, കമുക്, എന്നിവയ്ക്ക് അനുയോജ്യമല്ലാത്ത പ്രദേശങ്ങളെയും ഉപയുക്തമാക്കാവുന്ന കൃഷിയാണ് ഇത്. കുടിയേറ്റത്തിന്റെ ആരംഭത്തിൽ തന്നെ നാടൻ വിത്തിനങ്ങൾ ഉപയോഗിച്ചുള്ള കൃഷി ആരംഭിച്ചിരുന്നു. 1970 കളിൽ റബ്ബർ കൃഷി ആകർഷകമായതോട് കൂടി കശുമാവ് തോട്ടങ്ങൾ മുറിച്ചുമാറ്റി റബ്ബർ കൃഷി ആരംഭിച്ചു. ഇപ്പോഴും ആ പ്രവണത തുടരുകയാണ്. എന്നാലും ആറളം പഞ്ചായത്തിലെ കശുമാവ് കൃഷി കൃഷിഭൂമിയും വിസ്തൃതിയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. 1993-94 ൽ 961 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന കൃഷി 1995-96 ആകുമ്പോഴേക്കും 861 ഹെക്ടർ ആയി കുറഞ്ഞു. ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഉല്പാദന ക്ഷമത, നിലവാരം സംസ്ഥാന (877.കി ഗ്രാം/ഹെ) കണ്ണൂർ ജില്ല ( 1500Kg\ഹെ) നിലവാരത്തെക്കാൾ വളരെ പിന്നിലാണ് ആറളം പഞ്ചായത്ത് (650 കി /h) ശാസ്ത്രീയ കീടരോഗപ്രതിരോധ പ്രവർത്തനങ്ങളും, ഉല്പാദന ശേഷി കൂടിയ ഗ്രാഫ്റ്റ് തൈകളുടെ ഉപയോഗ കുറവുമാണ് ഇതിന് കാരണം

കൃഷി ഭവൻ മുഖേന cashew production technology സ്ക്കീം 94-95 വർഷത്തിൽ 23.8 ഹെക്ടർ സ്ഥലത്തും 95-96 വർഷത്തിൽ 15 ഹെക്ടർ സ്ഥലത്തും നടപ്പാക്കി കൊണ്ടിരിക്കുകയാണ്. 9 ഹെക്ടർ സ്ഥലത്ത് 4 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയും 3 ഹെക്ടർ സ്ഥലത്ത് 11 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയും യഥാക്രമം 91 -92 ഉം 92-93ലും area expansion സ്ക്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനം നടക്കുന്നുണ്ട്. 1995-96 വർഷത്തിൽ 248 കൃഷിക്കാർക്ക് 3975 ഗ്രാഫ്റ്റ് തൈകൾ സൗജന്യമായും കൃഷി ചിലവിലേക്ക് ഒരു തൈക്ക് 3 രൂപ വച്ചും കൊടുത്തിട്ടുണ്ട്. 600 വളകിറ്റുകൾ 149 പേർക്ക സബ്സിഡിയിൽ നൽകിയും 6795 ലിറ്റർ വേപ്പണ്ണ 184 പേർക്ക് സൗജന്യമായും വിതരണം ചെയ്തിട്ടുണ്ട്. കശുമാവ് കൃഷിയ്ക്ക് വേണ്ടി പല സ്ക്കീമുകളും നടപ്പാക്കുന്നുണ്ടെങ്കിലും ദുർവിനിയോഗം ഒഴിവാകുന്നതിനുള്ള ഫലപ്രദമായ പരിശോധനാ സംവിധാങ്ങൾ നിലവിലില്ല.

Replanting Rejuvination scheme പ്രകാരം 10 ഹെക്ടർ സ്ഥലവത്ത് കൃഷിയ്ക്ക വേണ്ടി 1600 ഗ്രാഫ്റ്റ് തൈകൾ 100 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സ്ക്കീം പ്രകാരം 2800 രൂപ ഒരു ഹെക്ടറിന് സൗജന്യമായി നൽകിയിട്ടുണ്ട്..

**തെങ്ങ്:**

ആറളം പഞ്ചായത്തിലെ 6371 ഹെക്ടർ കൃഷിഭൂമിയിൽ 9.73 % ത്തോളം സ്ഥലത്ത് മാത്രമേ തെങ്ങു കൃഷിയുള്ളൂ. 1993-94 ൽ 702 ഹെക്ടർ സ്ഥലത്ത് ഉണ്ടായിരുന്ന തെങ്ങ് കൃഷി, 95-96 ആയപ്പോഴേക്കും 483. 25 ഹെക്ടർ സ്ഥലത്ത് ആയി കുറഞ്ഞു. രണ്ട് വർഷം കൊണ്ട് ഏകദേശം 31.1% സ്ഥലത്ത് നിന്ന് തെങ്ങ് കൃഷി തുടച്ചു നീക്കപ്പെട്ടു. 1993-94 കാലത്തെ 5616000 തേങ്ങയുടെ ഉല്പാദനം 95-96 ആയപ്പോഴേക്കും 2551560 തേങ്ങയായി കുറഞ്ഞു

എന്ന് മാത്രമല്ല ഉല്പാദന ക്ഷമത 20%ആയും കുറഞ്ഞു. ആദ്യകാലങ്ങളിൽ നല്ല വിത്തിനങ്ങളുടെ ലഭ്യത കുറവായിരുന്നു. ഇടനിലക്കാരിൽ നിന്നും സഹകാര്യ നഴ്സറികളിൽ നിന്നും വാങ്ങിയ തെങ്ങിൻ തൈകൾ ഗുണനിലവാരം കുറഞ്ഞവയായിരുന്നു. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗവും, ശാസ്ത്രീയമായ കൃഷിരീതികളും അവലംബിച്ചിട്ടില്ല. തേങ്ങയുടെ വിലയിടിവ് മൂലം കേരകൃഷിയോടുള്ള താല്പര്യം കുറഞ്ഞു. ആദായകരമായ മറ്റ് കൃഷികൾ കേരകൃഷിയുടെ സ്ഥാനം പിടച്ചു. മഴയുടെ അധികം കൊണ്ടും, ഈർപ്പം അധികമുള്ളതു കൊണ്ടും മണ്ടചീയൽ രോഗം കൂടുതലായി കാണുന്നു. മണ്ടചീയൽ മുഖാന്തിരം ധാരാളം തെങ്ങുകൾ നശിച്ചു പോയിട്ടുണ്ട്. കാറ്റ് വീഴ്ച അങ്ങിങ്ങായി കണ്ടു തുടങ്ങിയിട്ടുണ്ട്. കൂമ്പ് ചീയൽ രോഗത്തിന് ബോർഡോ പെയീസ്റ്റ് ഉപയോഗവും കൃമികീടങ്ങളിൽ നിന്ന് പൂക്കുലകളെ രക്ഷിക്കാൻ തെങ്ങിന്റെ മണ്ട വൃത്തിയാക്കലും ആവശ്യമാണ്. തേങ്ങയിടാൻ പോലും തെങ്ങു കയറ്റക്കാരെ വേണ്ടത്ര കിട്ടാത്തതു കൊണ്ട് ഈ ദൃശപ്രവർത്തനങ്ങൾ ആരും തന്നെ ചെയ്യുന്നില്ല. ജലസേചന സാദ്ധ്യതകൾ ഏറെയുണ്ടെങ്കിലും വളരെ പരിമിതമായ തോതിൽ മാത്രമേ ജലസേചനം നടക്കുന്നുള്ളൂ.

**പട്ടിക - 6 (കൃഷിഭവൻരേഖ)**

| നമ്പർ | ഇനം | 95-96 | 96-97 നടപ്പ് പദ്ധതി | സബ്സിഡി തുക |
|---|---|---|---|---|
| 1. | കിണർ | 60 | 40 | 2,500/- രൂപ |
| 2. | പമ്പ്സെറ്റ് | 50 | 40 | 2500/- " |
| 3. | സ്പെയറർ | 17 | 25 | 1000/- " |
| 4. | തെങ്ങുകയറ്റയന്ത്രം | 3 | 5 | 500/- " |
| 5. | ഗ്രൂപ്പ് ഇറിഗേഷൻ | -- | 1 | 10000/- " |
| 6. | പച്ചിലവളം | 30 Kg വിത്ത് | -- | 3/Kg |

കൃഷിവകുപ്പിന്റെ കീഴിൽ കൃഷിഭവനിലൂടെ കഴിഞ്ഞ മൂന്നുവർഷമായി CCDP എന്ന സ്ക്കീം നടപ്പാക്കി വരുന്നുണ്ട്. ഇതിൽ തെങ്ങിന്റെ ജലസേചനത്തിനായി കുളങ്ങളും കിണറുകളും കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങിയ്ക്കുന്നതിന് സബ്സിഡി കൊടുക്കുന്നുമുണ്ട്. കൃഷിഭവൻ കണക്ക് താഴെ കൊടുക്കുന്നു.

ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിലുള്ള അപാകത മൂലവും ഫണ്ടിന്റെ ദുർവിനിയോഗം മൂലവും വേണ്ടത്ര ഗുണം ഉണ്ടായിട്ടില്ല.

തെങ്ങു പുതകൃഷിക്കാരെ ആകർഷിക്കുന്നതിന് കോക്കനറ്റ് ഡെവലപ്പ്മെന്റ് ബോർഡിന്റെ കീഴിൽ നിരവധി സ്ക്കീമുകളുണ്ടെങ്കിലും ആറളം പഞ്ചായത്തിൽ അവ നടപ്പാക്കിയിട്ടില്ല. കൃഷിഭവൻ മുഖാന്തിരം നടപ്പിലാക്കുവാൻ കഴിയുന്ന കമ്മ്യൂണിറ്റി ഇറിഗേഷൻ, ഗ്രൂപ്പ് ഇറിഗേഷൻ മുതലായ സ്ക്കീമുകളും നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

മൈനർ ഇറിഗേഷന്റെ മലയോര ജലസംഭരണി പദ്ധതി പ്രകാരം എടൂർ, അത്തിക്കൽ, കരടിമല എന്നീ സ്ഥലങ്ങളിൽ 3 കുളങ്ങൾ കുഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിലും മറ്റും ഉണ്ടായിട്ടുള്ള താളപിഴ കാരണം ഗുണഭോക്താക്കളുടെ കൂട്ടായ്മയിലൂടെ ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ഉദ്ദേശ ലക്ഷ്യം കൈവരിക്കുവാനും സാധിച്ചിട്ടില്ല.

പഞ്ചായത്തിൽ കേരകർഷകസമിതി നിലവിലുണ്ട്. 500 മെമ്പർമാർ ഇതിലുണ്ട്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. മണ്ട ചീയൽ രോഗനിവാരണത്തിന് Bud Rost Scheme നടപ്പിലാക്കിയെങ്കിലും കേര വികസന സമിതി ഫലപ്രദമായി പ്രവർത്തിക്കാത്തതുകൊണ്ട് കൃഷിഭവനിലൂടെ സമിതി മുഖാന്തിരം 820 തെങ്ങുകൾക്ക് ഉപയോഗി

ക്കുന്നതിന് വേണ്ടി 149Kg തുരിശ്, 140kg കുമ്മായം, 100 kg Bhc എന്നിവ വിതരണം ചെയ്തതൊഴിച്ചാൽ മറ്റൊരു പ്രവർത്തനവും സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

**കുരുമുളക്:**

കുടിയേറ്റത്തിന്റെ ആരംഭത്തിൽ കുരുമുളക് കൃഷി വ്യാപകമായിരുന്നു. അന്ന് സുലഭമായിരുന്ന മരങ്ങളിൽ നാടൻ വള്ളികൾ ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. കുമിൾ രോഗങ്ങൾ കൊണ്ട് തോട്ടങ്ങൾ നാമാവശേഷമായി. 1980 കളിൽ വീണ്ടും കുരുമുളക് കൃഷിയുടെ വ്യാപനം ആറളം പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള പന്നിയൂർ I ഉം കരിമുണ്ടയും പുതിയ കാലുകൾ കുഴിച്ചിട്ട് കൃഷികൾ ആരംഭിച്ചു. എന്നാൽ 1993-94 ൽ 443 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന കൃഷി, 1995-96 ആകുമ്പോഴേക്കും 403 ഹെക്ടർ ആയി കുറഞ്ഞു. ഉല്പാദനവും ഉല്പാദന ക്ഷമതയും കുറഞ്ഞു. ഉല്പാദന ക്ഷമത ഹെക്ടറിന് 275 കി.ഗ്രാമിൽ നിന്നും 260 കിഗ്രാമായി കുറയുകയാണുണ്ടായത്. (5.4 % കുറവ്) കണ്ണൂർ ജില്ലയിലെ ഉല്പാദനക്ഷമതയുമായി തട്ടിച്ചു നോക്കുമ്പോൾ (262കിഗ്രാം) ഈ പഞ്ചായത്തിലെ ഉല്പാദന ക്ഷമത കുറവാണെന്ന് കാണാം. കുരുമുളക് കൃഷിയെ വ്യാപകമായി ബാധിച്ച ദ്രുതവാട്ടം, സാവധാന വാട്ടം തുടങ്ങിയവയാണ് ഇതിന് പ്രധാന കാരണം. രോഗ - കീടബാധകൾക്ക് വ്യക്തമായ പരിചരണ മുറകളുണ്ടെങ്കിലും പല കൃഷിക്കാരും അവ പിൻതുടരുന്നില്ല.

കൃഷിഭവൻ മുഖാന്തിരം ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് ആശാവഹമായ മാറ്റങ്ങൾ ദൃശ്യമായിട്ടില്ല. മൂന്ന് വർഷക്കാലത്തേക്ക് നീണ്ടുനിൽക്കുന്ന കുരുമുളക് പുനരുദ്ധാരണ പദ്ധതി 194-95 ൽ ആരംഭിച്ചു. 234 കൃഷിക്കാരെ ഉൾപ്പെടുത്തി 30 ഹെക്ടർ സ്ഥലത്താണ് ഇതിന്റെ പ്രവർത്തനം നടക്കുന്നത്. 7 ഹെക്ടർ സ്ഥലത്ത് 18 കൃഷിക്കാരെ ഉൾപ്പെടുത്തി കൊണ്ട് 95-96ൽ pepper area expansion scheme ഉം നടപ്പാക്കിയിട്ടുണ്ട്. ഒരു pepper demonstration plot ഉം ഉണ്ട്. ദ്രുതവാട്ട നിർമ്മാർജ്ജന പദ്ധതിയിലൂടെ കുരുമുളക് വികസന സമിതി മുഖാന്തിരം 95-96 വർഷം 2240 kg തുരിശും, 2240 kg കുമ്മായവും, 1120 kg കോപ്പർ ഓക്സിക്ലോറൈഡും വിതരണം ചെയ്തിട്ടുണ്ട്. ആറളം, എടൂർ വെളിമാനം കീഴ്പ്പള്ളി എന്നിവിടങ്ങളിൽ 4 കുരുമുളക് വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആറളം സമിതി പ്രവർത്തിക്കുന്നില്ല. കീഴ്പ്പള്ളി സമിതിക്ക് സ്പ്രെയർ ഉണ്ടെങ്കിലും കൃഷിക്കാരുടെ ആവശ്യത്തിന് അത് ഉപയോഗിക്കുന്നില്ല. ഈ കുരുമുളക് വികസന സമിതികൾ തുരിശ് വിതരണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു.

**കമുക് കൃഷി:**

കണ്ണൂർ ജില്ലയിൽ ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ മാത്രം ചെയ്യുന്ന ആദായകരമായ പ്രധാന കൃഷികളിൽ ഒന്നാണ് കമുക്. പഞ്ചായത്തിൽ 2.94% സ്ഥലത്ത് മാത്രമായി ഒതുങ്ങിനില്ക്കുന്നു. 93-94 ൽ 106 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന ഈ കൃഷി 95-96 ആയപ്പോഴേക്കും 146 ഹെക്ടർ സ്ഥലത്തേക്ക് വ്യാപിച്ചു. രണ്ടു വർഷം കൊണ്ട് കൃഷിഭൂമിയ്ല 38% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉല്പാദവും, ഉല്പാദനക്ഷമതയും കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത് വ്യാപകമായ മഹാളിരോഗവും മഞ്ഞളിപ്പും ഇതിന് കാരണമായിട്ടുണ്ട്. രോഗനിവാരണ മാർഗ്ഗങ്ങലും ജലസേചന സൗകര്യങ്ങളും വർദ്ധിപ്പിച്ചാൽ കൃഷി ആദായകരമാകുകയും, സ്വാഭാവികമായും കൂടുതൽ സ്ഥലത്തേക്ക് വ്യാപിക്കുകയും ചെയ്യും. കരപ്രദേശങ്ങളിൽ കമുകിന് രോഗബാധ കുറവാണ്. കരപ്രദേശങ്ങളിലെ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി ഈ കൃഷി വ്യാപിപ്പിക്കാവുന്നതാണ്. 1980 കളിൽ കൊക്കോ കൃഷി നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചെങ്കിലും, പിന്നീടുണ്ടായ വിലയിടിവിനെ തുടർന്ന് കൊക്കോ വെട്ടി മാറ്റിയിട്ടുണ്ട്. കമുകിൽ തോട്ടങ്ങളിൽ കൊക്കോ കൃഷി വ്യാപിപ്പിക്കുന്നത് ആദായകരമാണ്.

**പച്ചക്കറികൾ:**

പച്ചക്കറി കൃഷികൾക്ക് ഏറ്റവും യോജിച്ച മണ്ണും കാലാവസ്ഥയുമാണ് പഞ്ചായത്തിലുള്ളത്. വിവിധയിനം പച്ചക്കറികൾ വീട്ടാവശ്യത്തിനും വില്പനക്കുമായി കൃഷി ചെയ്യുന്നുണ്ട്. പ്രധാനമായും പാവൽ, പയർ, ചേമ്പ്, ചേന എന്നിവയും വില്പനക്കുവേണ്ടി കൃഷി ചെയ്യുന്നുണ്ട്. വെണ്ട, വഴുതിനങ്ങ, മുളക് മുതലായ വീട്ടാവശ്യങ്ങൽക്ക് മാത്രമായി കുറഞ്ഞ തോതിൽ ഉണ്ട്.

വാട്ട രോഗവും മഞ്ഞളിപ്പും കീടബാധയുമാണ് പച്ചക്കറികളെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. കീടനാശിനി പ്രയോഗങ്ങൾ ശാസ്ത്രീയമല്ല.

പച്ചക്കറി കർഷകരെ വലക്കുന്ന പ്രധാന പ്രശ്നം വിപണന സൗകര്യം ഇല്ലാത്തതാണ്. അതിർത്തി സം

സ്ഥാനങ്ങളിൽ നിന്ന് ലോറികളിൽ വരുന്ന പച്ചക്കറികൾക്ക് ഗുണമേന്മ കുറവാണെങ്കിലും വില കുറവ് കൊണ്ട് ആവശ്യക്കാർ ആകർഷിക്കപ്പെടുന്നു. ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതും വളത്തിന്റെയും കീടനാശിനികളുടെയും വിലവർദ്ധനവും പച്ചക്കറിയകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ തന്നെ പച്ചക്കറി കൃഷി വ്യാപകവും ലാഭകരവും ആക്കാം

## വാർഷിക വിളകൾ:

ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നീ സുഗന്ധ വിളകളും കപ്പ, ചേന, ചേമ്പ്, കാച്ചിൽ മുതലായ കിഴങ്ങു വർഗ്ഗങ്ങളും വാഴയിനങ്ങളുമാണ് ഈ പഞ്ചായത്തിലെ പ്രധാന വാർഷിക വിളകൾ. വളരെയധികം ശ്രദ്ധയും കൃഷിച്ചെലവുകളും ആവശ്യമുള്ള കൃഷികളാണ്. ഇവയെല്ലാം ഇഞ്ചിക്കുണ്ടാകുന്ന തണ്ടുചീയൽ തണ്ടു തുരപ്പന്റെ ശല്യം ഇലയുടെ രോഗം എന്നിവ വ്യാപകമാണ്. തണ്ടു ചീയൽ വന്നാൽ ഇഞ്ചി കൃഷി അപ്പാടെ നശിച്ചു പോവുന്നതു മൂലവും വമ്പിച്ച കൃഷിച്ചെലവുകൾ മൂലവും കർഷകർ ഈ കൃഷിയോട് വൈമുഖ്യം കാണിക്കുന്നു. തോട്ട വിളകൾ മൂലം കൃഷിചെയ്യാൻ സ്ഥലം കുറവായതും ഒരു കാരണമാണ്. വാഴയിനങ്ങളെ ബാധിക്കുന്ന വിവിധയിനം രോഗങ്ങളിൽ പ്രധാനപ്പെട്ടവ നാക്കടപ്പ്, ഇലകരിച്ചിൽ മഞ്ഞളിപ്പ്, എന്നിവയാണ്. എങ്കിലും വാഴകൃഷി ഒരു വിധം നന്നായിത്തന്നെ നടത്തിവരുന്നുണ്ട്. കൃഷി വളരെയധികം ലാഭകരമാണ്. തെങ്ങിൻ തോട്ടങ്ങളിലും റബ്ബർ കൃഷിയുടെ ആദ്യഘട്ടങ്ങളിലെ മൂന്നു വർഷങ്ങളിലും വാഴകൃഷി വ്യാപകമായി കൃഷി ചെയ്തു വരുന്നു. കിഴങ്ങു വർഗ്ഗങ്ങളിൽ കപ്പയാണ് പ്രധാനം. കുടിയേറ്റത്തിന്റെ ആദ്യഘട്ടത്തിൽ കപ്പയായിരുന്നു പ്രധാന ഭക്ഷ്യ വസ്തുക്കൾ. ഇപ്പോൾ അത്ര പ്രാധാന്യമില്ലെങ്കിലും ഭക്ഷണാവശ്യത്തിന്നുവേണ്ടി കൃഷി ചെയ്യുന്നു. കപ്പക്ക് രോഗബാധകളൊന്നും തന്നെയില്ല ചേമ്പ്, കാച്ചിൽ, ചേന എന്നിവ ചെറിയ തോതിൽ കൃഷി ചെയ്തു വരുന്നുണ്ട്.

## വളം കീടനാശിനികൾ:

ജൈവ വളങ്ങളെ ആശ്രയിച്ചു മാത്രമാണ് ഇവിടെ കൃഷി ആരംഭിച്ചത്. പിന്നീട് രാസവളങ്ങളും ഉപയോഗിച്ചു തുടങ്ങി. ഇന്ന് കൃഷിക്ക് ഉപയോഗിക്കുന്നത് 80 % രാസവളങ്ങളാണ്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ രീതിയിൽ രാസവള പ്രയോഗം നടത്തി കാണുന്നില്ല. അത് കൊണ്ട് കൃഷി ചെലവിന്റെ അനാവശ്യമായ വർദ്ധനക്ക് കാരണമാകുന്നു. ജൈവവളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ആവശ്യമായ അളവിൻ ജൈവവളം ലഭ്യമല്ലാത്തതാണ് ഇതിന് മുഖ്യ കാരണം. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ജൈവവളം (കോഴിവളം, ചാണകം) പഞ്ചായത്തിൽ കൊണ്ട് വന്ന് വിറ്റഴിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിലെ കൃഷിക്കാർക്ക് ആവശ്യമായ രാസവള വിപണന കേന്ദ്രങ്ങൾ ഇവിടെയുണ്ട്. സഹകരണ മേഖലയിലുള്ളതും സ്വകാര്യ മേഖലയിലുള്ളതുമായ വള ഡിപ്പോകൾ പഞ്ചായത്തിലുണ്ട്.

മിക്കവാറും എല്ലാ വിളകൾക്കും കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്. കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന കൺട്രൽ കണക്കിനുള്ള തുരിശുന്റെയും കുമ്മായത്തിന്റെയും ദുർവിനിയോഗം വ്യാപകമായി നടക്കുന്നുണ്ട്.

ശാസ്ത്രീയ കൃഷി രീതികളുടെ ആവിർഭാവത്തോട് കൂടി പരമ്പരാഗത കൃഷി രീതി കുറഞ്ഞു വരുന്നതോടൊപ്പം മണ്ണിന്റെ ജൈവാംശവും വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെടുന്നില്ല. കീടനാശിനികളുടെ ക്രമം തെറ്റിയുള്ള ഉപയോഗം കീടങ്ങളെ നശിപ്പിക്കുന്നതിന് പകരം, ഉപകാരികളായ കീടങ്ങളെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് ഭാവിയിൽ നാശകാരികളായ കീടങ്ങളുടെ വർദ്ധനവിനും അതുമൂലം കൃഷിയുടെ വിളവിനേയും സാ

പട്ടിക – 7

| | | 93-94 | 94-95 | 95-96 |
|---|---|---|---|---|
| രാസവളം | | 341550 Kg. | 358700 Kg. | 370400 Kg. |
| കീടനാശിനി | ദ്രവം | 217 L | 241 L | 206 L |
| | ഖരം | 3595 Kg. | 3335 Kg. | 2438 Kg. |

രമായി ബാധിക്കും. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ ഉപയോഗിച്ചുവരുന്ന രാസവളങ്ങളുടെയും കീടനാശിനികളുടെയും അളവ് ചുവടെ ചേർക്കുന്നു.

**മണ്ണ് ജലസംരക്ഷണം:**

വർഷങ്ങളായുള്ള രാസപരിണാമ പ്രക്രിയയിലൂടെ ഉണ്ടായിട്ടുള്ള വളക്കുറുള്ള മേൽ മണ്ണ് അതിവർഷവും തെറ്റായ കൃഷി രീതികൾ എന്നിവ മൂലവും ഗണ്യമായി നഷ്ടപ്പെട്ടിരിക്കുന്നു. ഇവയുടെ നഷ്ടം അനേക വർഷത്തെ അശ്രാന്ത പരിശ്രമത്തിലൂടെ മാത്രമെ തിരിച്ചു കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. ഇന്നുള്ളവ നില നിർത്തണമെങ്കിൽ തന്നെ വ്യാപകമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ അതീവ ജാഗ്രതയോടെ നടത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം ജലസംരക്ഷണവും സാദ്ധ്യമാകും. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും അതിവർഷവും മണ്ണൊലിപ്പിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. 95% ഭൂമിയും മണ്ണൊലിപ്പിന് വിധേയമാണ്. എന്നാൽ കൃഷിക്കാർ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ കാര്യമായി ശ്രദ്ധിക്കുന്നില്ല. അവരുടെ വരുമാനവും ചിലവും തമ്മിൽ കൂട്ടിമുട്ടാത്തതിന്റെ ഭാഗമായും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ചിലവുകൾ താങ്ങാനാവാത്തതു മൂലവും, താല്പര്യമുണ്ടെങ്കിലും ചെയ്യാൻ കഴിയുന്നില്ല.

താഴ്വരയിലെ വയൽ പ്രദേശങ്ങൽ നാണ്യവിളകളാക്കി മാറ്റുന്നവർ അധികജലം ആണികൽ കീറി താഴ്ത്തി വിടുന്നതു മൂലം ചെരിവ് പ്രദേശങ്ങളിലുള്ള ഉറവുകൾ പോലും വറ്റി പോകുന്നു. തന്മൂലം കുന്നിൽ പ്രദേശങ്ങലിൽ ഇപ്പോൾ തന്നെ വേനൽക്കാലങ്ങളിൽ കനത്ത് വരൾച്ച അനുഭവപ്പെടുന്നു. ഈ നില തുടർന്നാൽ പത്തോ പതിനഞ്ചോ വർഷത്തിനുള്ളിൽ ഈ പഞ്ചായത്ത് ഒരു ഊഷരഭൂമിയായി തീർന്നേക്കാം.

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് soil conservation department വിവിധ സ്ക്കീമുകൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നുണ്ട്. ഈ സ്ക്കീമുകളെല്ലാം വടക്കേന്ത്യൻ സംസ്ഥാനങ്ങളുടെ ഭൂപ്രകൃതിക്കനുസരണമായി നടപ്പാക്കുന്നവയാണ്. ഇവയെല്ലാം നമ്മുടെ ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്തത് കൊണ്ടും ജനപങ്കാളിത്തമില്ലായ്മ കൊണ്ടും വമ്പിച്ച പരാജയമാണ്

നമ്മുടെ പഞ്ചായത്തിൽ കരടിമല നീർമറി പ്രദേശത്തെ അടിസ്ഥാനപ്പെടുത്തി soil conservation department 199.. ൽ 210 ഹെക്ടർ സ്ഥലത്ത് 466 കുടുംബങ്ങളെ ഉൾപ്പെടുത്തി 4167900 രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതിനോടകം 19 ലക്ഷം രൂപ കരടി മല പ്രദേശത്ത് മുടക്കി കഴിഞ്ഞെങ്കിലും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല.

ആദിവാസി കോളനികളിലെ സംരക്ഷണ പ്രവർത്തനം ആശാവഹമല്ല. ചെലവു കൂടിയ കരിങ്കൽ ഭിത്തികൾക്ക് പകരം, മൺ കയ്യാലകളും, മറ്റ് അനുയോജ്യമായ സംവിധാനങ്ങളും ഉപയോഗപ്പെടുത്തിയാൽ മതിയാകും.

**ജലസേചനം:**

പ്രകൃതി കനിഞ്ഞരുളിയ നിരവധി ജലസ്രോതസ്സുകളിൽ സമ്പന്നമാണ് ഇവിടം. വെമ്പുഴയും ബാവലി ആറും പുഴയും പഞ്ചായത്തിനെ ചുറ്റി ഒഴുകുന്നു. മദ്ധ്യ ഭാഗത്തുകൂടി കക്കാ പുഴയും. ഇവയെ പരിപോഷിപ്പിക്കുന്ന 29 ചെറുതോടുകളും, മലഞ്ചെരുവുകളിൽ നിന്ന് ഉത്ഭവിക്കുന്ന നീരുറവകളും ഉണ്ട്. ഇവ കൂടാതെ പാലയാട് ദേവസ്വത്തിന്റെ അമ്പലക്കാട്ടിലുള്ള കുളവും മാനുവൽ കരടിമല പ്രദേശത്തെ ജലസ്രോതസ്സും കോട്ടകുന്നിലെ പ്രകൃതിദത്തമായ കുളവും പന്നിമൂല, പയോറ കുളവും ചെറുകിട ജലസേചന പദ്ധതി പ്രകാരം കുഴിച്ചിട്ടുള്ള കുളങ്ങളും, കിണറുകളും ജലസേചനത്തിന് ഉപയുക്തമാണെങ്കിലും അവ ഫലപ്രദമായി ഉപയോഗിക്കപ്പെ

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | കിണറുകൾ | 777 |
| 2. | കുളങ്ങൾ | 92 |
| 3. | വാട്ടർടാങ്കുകൾ | 203 |
| 4. | പമ്പ് ഹൗസുകൾ | 117 |
| 5. | പമ്പ് സെറ്റുകൾ | 454 |
| 6. | VCB | 6 |
| 7. | തോടുകൾ | 29 |
| 8. | ജനലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് | 92 ഹെക്ടർ |
| 9. | കുഴൽകിണർ | 6 |

ടുന്നില്ല. വെറും 92 ഹെക്ടർ സ്ഥലത്ത് മാത്രമാണ് ജലസേചന സൗകര്യങ്ങളുള്ളത്. വേനൽക്കാലത്ത് തോടുക ളിലെ വെള്ളം വറ്റിപ്പോവുകയും ചെയ്യുന്നുണ്ട്.

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ ജൂൺ മുതൽ ആഗസ്ത വരെ കാലവർഷവും, സെപ്തംബർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷവും, തുടർന്നുള്ള വേനൽമഴയും ഉൾപ്പടെ ശരാശരി വർഷത്തിൽ 4418 മി.മീറ്റർ മഴ ഇവിടെ ലഭിക്കുന്നു.

മലയോര ജലസംഭരണി പദ്ധതി പ്രകാരം 95-96 വർഷത്തിൽ എടൂർ, അത്തിക്കൻ, കരടിമല എന്നീ സ്ഥ ലങ്ങളിൽ മൂന്ന് കുളങ്ങൾ കുഴിച്ചെങ്കിലും ജലസേചന പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഗുണഭോക്താക്കളുടെ കൂ ട്ടായ്മകളിലൂടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാത്തതു കൊണ്ട് പ്രസ്തുത കുളങ്ങൾ ഇന്ന് വ്യക്തി പരമായി തീർന്നിരിക്കുന്നു.

പഞ്ചായത്തിൽ 6 VCB ഉണ്ടെങ്കിലും കോഴിയോട്ട് തോടിലുള്ള Vcb ഉപയോഗ യോഗ്യമല്ല. ഇവയുടെ ഉദ്ദേ ശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനും സാധിച്ചിട്ടില്ല.

**കാർഷികോപകരണങ്ങൾ:**

ഇവിടത്തെ കർഷകരിൽ ആധുനിക കാർഷിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കൃഷി ചെയ്യുന്നവർ താ രതമ്യേന കുറവാണ്. നമ്മുടെ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന ആധുനിക കാർഷിക ഉപകരണങ്ങൾ മാ ത്രമേ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നുള്ളൂ. ഇതിന് പ്രധാന കാരണം ഭൂമിശാസ്ത്രപരമാണ്. കൂടാതെ ഗവൺമെന്റിൽ

പട്ടിക – 9

| ഇനം | ട്രാക്ടർ | ട്രില്ലർ | നാടൻകലപ്പ | റോക്കർ സ്പ്രയർ | നാപ്സ്റ്റാക്ക് സ്പ്രയർ | മെതിയന്ത്രം | തെങ്ങ്കയറ്റയന്ത്രം |
|---|---|---|---|---|---|---|---|
| എണ്ണ | 1 | 1 | 24 | 352 | 40 | 1 | 3 |

നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ വളരെ പരിമിതമാണ്. ഈ പഞ്ചായത്തിലെ കാർഷിക ഉപകരണങ്ങളുടെ സ്ഥിതി വിവരകണക്ക് താഴെ ചേർക്കുന്നു.

**കൂലിനിരക്ക്:**

പഞ്ചായത്തിലെ കൂലിനിരക്ക് ഏറ്റവും ആകർഷകമാണ്. കർഷക തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന നിരക്കിലുള്ള കൂലി നൽകുന്നു. സാധാരണ ജോലി സമയം 8am മുതൽ 1pm വരെയാണ്. ഈ സമയ വ്യവസ്ഥ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ഒരു പ്രയോജനകരമാണ്. ഇത്രയും സമയത്തെ പണിക്ക പുരുഷന്മാർക്ക് 50-60 രൂപ വരെ കൂലിയും ഭക്ഷണവും, സ്ത്രീകൾക്ക് 35-45 രൂപ വരെയും നൽകുന്നു. തെങ്ങുകയറ്റ തൊഴിലാളികൾ ദുർലഭമാണ്. കൂലി നിരക്ക് വളരെ ഉയർന്നതാണ്. തെങ്ങൊന്നിന് 2-3 രൂപയും ദിവസക്കൂലിയാണെങ്കിൽ 125 -150 രൂപയും നൽകുന്നു. തെങ്ങ് കയറ്റ യന്ത്രങ്ങൾ ആകെ 3 എണ്ണം മാത്രമെ പഞ്ചായത്തിലുള്ളൂ. റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ കുറവാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിദഗ്ദ തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുണ്ട്. 100 മരത്തിന് 20- 25 വരെ നൽകിവരുന്നു. കാർഷിക മേഖലയിൽ പൊതുവേ ഏകീകൃതമായ കൂലി വ്യവസ്ഥ ഇല്ല. തൊഴിലാളി ക്ഷാമ രൂക്ഷമാണ്. വിദ്യാസമ്പന്നരായ യുവതലമുറ കാർഷിക തൊഴിലുകൾ അഭികാമ്യമായി കരുതുന്നില്ല. ജോലിക്കു വേണ്ടി കാത്തിരിക്കുന്ന ഇക്കൂട്ടർ നിർമ്മാണ തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞുവരികയാണ്

**ഉല്പന്നങ്ങളുടെ വില്പനയും വിപണനവും:**

എല്ലാ നാണ്യവിളകൾക്കും സംസ്ഥാന ശരാശരിയിലുള്ള വില ലഭിക്കുന്നുണ്ട്. എന്നാൽ പഴവർഗ്ഗങ്ങൾക്കും പച്ചക്കറികൾക്കും ന്യായമായ വില ലഭിക്കുന്നില്ല. പഞ്ചായത്തിൽ വിപണന കേന്ദ്രങ്ങൾ ഇല്ലാത്തതും, അതിർത്തി സംസ്ഥാനത്തു നിന്നും കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ വില്പനയ്ക്കെത്തുന്നതും കാരണമാണ്. കേരോല്പന്നങ്ങൾക്ക് പഞ്ചായത്തിനകത്ത് വില്പന കേന്ദ്രങ്ങൾ ഇല്ല. മറ്റുല്പന്നങ്ങൾക്ക് ആവശ്യമായ വിപണന സൗകര്യങ്ങൾ ഉണ്ട്. പ്രത്യേകിച്ച് റബ്ബറിന് മൂന്ന് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളും റബ്ബർ കർഷക സംഘങ്ങളും , ധാരാളം സ്വകാര്യ കച്ചവടക്കാരും ഉണ്ട്.

**കാർഷിക വായ്പ:**

രണ്ട് സഹകരണ ബാങ്കും, ഒരു ഗ്രാമീണ ബാങ്കും പഞ്ചായത്തിന്റെ പരിധിയിൽ ഉണ്ട്. ഇത് കൂടാതെ തലശ്ശേരി കാർഷിക ഭൂവികസന ബാങ്കിന്റെ ഇരിട്ടി ശാഖയിൽ നിന്നും, ഇരിട്ടിയിൽ പ്രവർത്തിക്കുന്ന കാനറാ ബാങ്ക്, സ്റ്റേയിറ്റ് ബാങ്ക് ഓഫ് ട്രാവൻ എന്നീ ദേശവൽകൃത ബാങ്കുകളിൽ നിന്നും വർഷം തോറും കാർഷിക ലോണു

പട്ടിക – 10

**സഹകരണബാങ്ക് മുഖേന കൊടുത്ത കാർഷികവായ്പ**

| നമ്പർ | വായ്പ | ആറളംബാങ്ക് | പായം ബാങ്ക് | കാർഷിക ഭൂവികസന ബാങ്ക് ഇരിട്ടി | ആകെ |
|---|---|---|---|---|---|
| 1. | ഹ്രസ്വകാലം | 11193896.00 | 22586175.00 | -- | 33780071.00 |
| 2. | മദ്ധ്യകാലം | 816366.00 | 898136.00 | -- | 1714502.00 |
| 3. | ദീർഘകാലം | 5106884.00 | 682494.00 | 87.27 ലക്ഷം | 14516378.00 |
| | | | | Total | 50010951.00 |

കൾ നൽകാറുണ്ട്. കൃഷിക്ക് വേണ്ടി അനുവദിക്കുന്ന വായപ്കൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്നതാണ് പൊതുവെ അഭിപ്രായം

**കൃഷിഭവൻ:**

1987 സെപ്തംബറിലാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. ഏറെ പ്രതീക്ഷയോടെ ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം കൃഷിക്കാരുടെ ആവശ്യത്തിനുസരിച്ച് മെച്ചപ്പെട്ടില്ല. കൃഷിഭവൻ മുഖാന്തിരം വിവധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇവയെല്ലാം തന്നെ ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുമില്ല.

പട്ടിക – 11
നടീൽ വസ്തുവിഭാഗം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 94-95 | 95-96 |
| തെങ്ങ് | 220 | 955 | 650 |
| കശുമാവ് | 499 | 2460 | 2700 |
| കുരുമുളക് | -- | 2500 | 7500 |
| കമുക് | 250 | 13 | 350 |
| സപ്പോട്ട | -- | 160 | 90 |
| ജാതി | 40 | 300 | 330 |
| മാവ് | 20 | -- | 80 |
| പേര | 45 | -- | 40 |

കൃഷിഭവന്റെ വിവിധ സ്ക്കീമുകളെ കുറിച്ച് ഈ റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് ചേർത്തിട്ടുണ്ട്. കൃഷി ഭവനിലൂടെ വിതരണം ചെയ്ത തൈകളുടെ വിവരം ചുവടെ ചേർക്കുന്നു.

അതിവർഷം മൂലവും കൊടുംകാറ്റ് മൂലവും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കൃഷിഭവൻ മുഖാന്തിര ദുരിതാശ്വാസം നൽകിവരുന്നു. പഞ്ചായത്തിൽ മിക്കവാറും വർഷങ്ങളിൽ വെള്ളപ്പൊക്കവും കൊടുങ്കാറ്റും ഉണ്ടാകാ

പട്ടിക – 12
ദുരിതാശ്വാസവിതരണം

| വർഷം | കൊടുംകാറ്റ് | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്തതുക |
|---|---|---|---|
| 1993–94 | 51 ഹെക്ടർ | 159 | 77680.00 |
| 94–95 | 20.4 ഹെക്ടർ | 102 | 36054.00 |
| 95–96 | 77.5 ഹെക്ടർ | 115 | 158911.00 |

റുണ്ട്. നാശനഷ്ടങ്ങളുമായി ബന്ധപ്പെട്ടു പരിശോധിച്ചാൽ ഈ ദുരിതാശ്വാസം വളരെ പരിമിതമാണ്. ദുരിതാശ്വാസ വിതരണം ചുവടെ കൊടുക്കുന്നു.

## വിള ഇൻഷൂറൻസ് പദ്ധതി:

പ്രകൃതി ക്ഷോഭം മൂലം ഉണ്ടാകുന്ന വിള നഷ്ടങ്ങൾക്ക്, കർഷകർക്ക് ആശ്വാസം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിലൂടെ തെങ്ങ്, റബ്ബർ, വാഴ കശുമാവ്, കമുക്, കുരുമുളക് എന്നിവ ഇൻഷൂർ ചെയ്യാവുന്നതാണ്. പഞ്ചായത്തിൽ കഴിഞ്ഞ രണ്ടു കൊല്ലമായി 184 കർഷകർ വിള ഇൻഷൂറൻസ് പദ്ധതിയിൽ ചേർന്ന 42500 രൂപ പ്രീമിയം ആയി അടച്ചിട്ടുണ്ട്. നാശനഷ്ടങ്ങളുണ്ടായിട്ടുള്ള 27 കൃഷിക്കാർക്ക് 17930 രൂപ ശുപാർശ ചെയ്തെങ്കിലും മാസങ്ങളായിട്ടും തുക ലഭിച്ചിട്ടില്ല.

**പ്രശ്നങ്ങൾ:**

1. പഞ്ചായത്തിലെ ഭൂരിഭാഗം ഭൂമിയും ചെരിഞ്ഞ പ്രദേശങ്ങളാണ്. അത് കൊണ്ട് തെന്നെ രൂക്ഷമായ മണ്ണൊലിപ്പിന് വിധേയമാകുന്നു.
2. ശാസ്ത്രീയ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടക്കാനത്തതു കൊണ്ട് ഡിസമ്പർ മാസത്തോടെ ചെരിവ് പ്രദേശങ്ങളിലെ ഉറവകൾ വറ്റിപോകുന്നു. കുടിവെള്ള ക്ഷാമം ഉണ്ടാകുന്നു.
3. മഴ കൂടുതലും, ജലലഭ്യതയും വളരെയുണ്ടെങ്കിലും ജലസേചന സൗകര്യങ്ങൾ പരിമിതമാണ്
4. കുളങ്ങൾ നിർമ്മിക്കുന്നതിനും, പമ്പ് സെറ്റുകൾ വാങ്ങാനുമുള്ള പണചിലവ് കൃഷിക്കാരന് താങ്ങാൻ ആവാത്ത താണ്
5. പമ്പു സെറ്റുകൾ പ്രവർത്തിപ്പിക്കാൻ വൈദ്യുതി ലഭിക്കാത്തത് മിക്കവാറും സ്ഥലങ്ങളിൽ പ്രശ്നമാണ്
6. സാമൂഹ്യ ജലസ്രേചനത്തോട് കൃഷിക്കാർക്ക് താല്പര്യമില്ല.
7. തടയണകൾ ഇല്ലാത്തതും vcb കൾ കുറവായതും മൂലവും 6 തോടുകളിൽ ഡിസംബറോടെ ജല ലഭ്യത കുറയുന്നു
8. പുഴയോരങ്ങളിലും തോടുകളിലും മണ്ണിടിച്ചിൽ വ്യാപകമാണ്
9. ഭൂവിനിയോഗത്തിന്റെ കാര്യത്തിലും വിള തീവ്രതയുടെ കാര്യത്തിലും മോശമല്ലാത്ത നിലയാണ് പഞ്ചായത്തിലും ഉണ്ട്.
10. ഭൂമിയുടെ തുണ്ടവല്ക്കരണം കൂടി കൊണ്ടിരിക്കുന്നു
11. നെൽകൃഷി ആദായകരമല്ലാത്തതു കൊണ്ട് തോട്ടങ്ങൾ ആയി മാറിക്കൊണ്ടിരിക്കുകയാണ് നല്ല രീതിയിലും ആഴത്തിലും ചാലുകൾ കീറി വെള്ളം ഒഴുകി കളഞ്ഞു കൊണ്ടാണ് ഇവ തോട്ടങ്ങളാക്കുന്നത്. തന്മൂലം ഉറവകൾ താണു താണു പോകുന്നു.
12. ഉരുപ്പുകുണ്ട് ദാനാക്കൽ പ്രദേശത്തെ 125 ഏക്കർ പാടത്ത് വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥയുണ്ട്
13. പാടശേഖര സമിതികൾ കാര്യക്ഷമമല്ല.
14 പുഴയോരങ്ങളിൽ തെങ്ങിന് മെച്ചപ്പെട്ട ഉല്പാദനം ലഭിക്കുന്നുണ്ടെങ്കിലും, ജലസേചന സൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങളാിൽ ഉല്പാദന ക്ഷമത കുറവാണ്
15. തെങ്ങുകയറ്റ തൊഴിലാളികളെ കിട്ടാനില്ല.
16. നെല്ല്, പച്ചക്കറികൾ മുതലായവയ്ക്ക് വൻതോതിൽ കീടബാധയുണ്ടാകാറുണ്ട്. രൂക്ഷമായ കീടനാശിനി പ്രയോഗം മൂലം പാടത്തും തോടുകളിലും ഉണ്ടായിരുന്ന തവള മത്സ്യങ്ങൾ ഒക്കെയും ചത്തൊടുങ്ങി. എന്നിട്ടും കീടങ്ങൾക്ക് കുറവ് ഒന്നുമില്ല. കീടബാധ കൂടാതെ മറ്റ് ചില വിധ രോഗങ്ങളും കൃഷിയെ ബാധിക്കുന്നു മണ്ടചീയൽ, മഞ്ഞളിപ്പ്, ചെന്നീരൊലിപ്പ്, എന്നിവ തെങ്ങിനെയും മഹാളി എന്നിവ കവുണ്ടിനേയും ബാധിക്കുമ്പോൾ, ധ്രുവ വാട്ടവും സാവധാന വാട്ടവും കുരുമുളക് വള്ളികളെ നശിപ്പിക്കുന്നു പട്ടമരപ്പും ചീക്കും റബ്ബറിനെ ബാധിക്കുന്നു. കശുമാവിന് പുഴുബാധയും ഇലകരിച്ചിലും ഉണ്ട്. വാർഷിക വിളകൾക്കും വിവിധ രോഗകീടബാധകളുണ്ട്
17. കൃഷിയ്ക്ക് വേണ്ടി വായ്പ എടുക്കുന്ന കർഷകന് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്നത് പലപ്പോഴും രോഗകീട ബാധകളാലും, പ്രകൃതി ക്ഷോഭത്താലും കൃഷി നശിച്ചുപോകുന്നതിനാലാണ്.
18. മണ്ണ് പരിശോധ നമ്മുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗം നടക്കുന്നില്ല.
19. ജൈവ വളങ്ങളുടെയും പച്ചില വളങ്ങളുടെയും ലഭ്യത കുറവാണ്
20. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ യന്ത്രവൽക്കരണം അത്രയ്ക്കൊന്നും പ്രായോഗികമല്ല.
21. കാർഷിക മേഖലകളിൽ തൊഴിലാളി ക്ഷാമം രൂക്ഷമാണ്. കർഷകതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ജീവിത ചിലവുമായി തട്ടിച്ചു നോക്കുമ്പോൾ കൂലി കുറവായി അനുഭവപ്പെടുന്നുവെങ്കിലും കർഷകന് അത് താങ്ങാനാവുന്നില്ല.
22. സ്വന്തം ഭൂമിയിൽ പണിയെടുക്കുന്ന കർഷക കുടംബങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നു.
23. വിവിധ കൃഷി വി കസന സമിതികളുടെയും, കൃഷി ഭവന്റേയും പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

**സാധ്യതകൾ:**

1. മണ്ണ് ജല സംരക്ഷണത്തിന് നീർമറി പദ്ധതികൾ പഞ്ചായത്ത് മുഴുവൻ വ്യാപിക്കണം
2. പുഴകളിലും തോടുകളിലും, തടയണകളും VCB ചെക്ക് ഡാമുകളും വ്യാപകമാക്കി ജനപങ്കാളിത്തത്തോട് നിർമ്മിക്കുക
3. കമ്മ്യൂണിറ്റി ഇറിഗേഷനും, ഗ്രൂപ്പ് ഇറിഗേഷനും പ്രോത്സാഹിപ്പിക്കുക

4. കൃഷിക്ക് ആവശ്യമായ വൈദ്യുതി സൗജന്യമായി നൽകുക
5. പുഴയുടേയും തോടുകളുടെയും പാർശ്വങ്ങൾ കെട്ടുക
6. ജൈവവേലികൾ വ്യാപകമാക്കുക, പച്ചിലവള കൃഷി പ്രോത്സാഹിപ്പിക്കുക
7. പാടങ്ങൾ നികത്തുന്നതിന് എതിരെ സാമൂഹ്യ സമ്മർദ്ദം ഉയർത്തികൊണ്ടുവരുക എന്നാൽ കർഷകന് ഒരു ഭാരമാകരുത്. നെൽ കൃഷി നിലനിർത്താൻ വേണ്ട സൗകര്യങ്ങൾ എല്ലാം സൗജന്യമായി നൽകുക ( വിത്ത്, വളം, കൂലിചിലവ് എന്നിവയ്ക്ക് സബ്സിഡി നൽകുക
8. വിള മത്സരങ്ങൾ നടത്തി നെൽ കൃഷിക്ക് പ്രോത്സാഹനം നൽകുക
9. കീടബാധതകൾ കൊണ്ടും മറ്റു രോഗങ്ങൾ കൊണ്ടു കൃഷി നശിക്കുമ്പോൾ ബാങ്ക് വായ്പകൾ ഇളവ് ചെയ്ത് കൊടുക്കുക
10. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശുപാർശ പ്രകാരമുള്ള നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് മുതലായ രാസവളങ്ങൾ പരമാവധി വിളവ് ലഭിക്കുന്നതിന് ഉപയോഗപ്പെടുത്തുക
11. കീടനാശിനികൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുക. ജൈവ കീടനാശിനികളുടേയും കുമിൾ നാശിനികളുടെയും ഉപയോഗം വർദ്ധിപ്പിക്കുക
12. വിപണന സാധ്യതകൾ ഉണ്ടാക്കിക്കൊണ്ട് ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുക
13. നൂതന കൃഷികൾക്ക് പരിശീലനം കൊടുത്ത് സാമ്പത്തിക സഹായം നൽകുക.
14. പച്ചക്കറി കൃഷികൾക്ക് കൂട്ടുകൃഷി സമ്പ്രദായം ഉപയോഗപ്പെടുത്തുക. വീട്ടു വളപ്പ് പച്ചക്കറികൃഷികൾക്ക് സ്ത്രീകളെ പ്രോത്സാപിക്കാം
15. ആഴ്ച ചന്തകൾ നടത്താം.
16. കൃഷിക്ക് രോഗബാധ വന്നാലും വിള ഇൻഷൂറൻസ് നൽകണം. തെങ്ങിൽ കുരുമുളക് വെച്ച് പിടിപ്പിക്കുകയും തെങ്ങിൻ തോട്ടങ്ങളിൽ ഹൃസ്വകാല വിളകളും വാർഷിക വിളകളും, തീറ്റ പുൽകൃഷിയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
17. പഞ്ചായത്ത് വകസ്ഥലങ്ങളിലും പുറമ്പോക്കുകളിലും ജന പങ്കാളിത്തത്തോടെ വനവൽക്കരണം നടത്തുക
18. മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കുക.
19. കൃഷിഭവന്റെ കീഴിലുള്ള സ്ക്കീമുകൾക്ക് വ്യാപകമായ പബ്ലിസിറ്റി നൽകുക
20. കൃഷിഭവന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക
21. തെങ്ങു കയറ്റത്തിനും, ടാപ്പിംഗിനും പരിശീലനം നൽകി അഭ്യസ്ത വിദ്യരിൽ ഇത് ഒരു തൊഴിലാക്കി അംഗീകരിപ്പിക്കുക
22. ഏകീകൃത കൂലി സമ്പ്രദായം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവർക്ക് അത്യാവശ്യമാണ്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ഒരു മോണിറ്ററിംഗ് സമിതി ഉണ്ടാക്കാവുന്നതാണ്
23. വിവിധ വികസന സമിതികളുടെ സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തുകയും സംഘടനാ രൂപം താഴെ തട്ടിൽ വരെ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക
24. തെങ്ങിന്റെ കൂമ്പുചീയൽ രോഗത്തിനെതിരെ സന്നദ്ധ സംഘടനകളിലൂടെ വളണ്ടിയർമാരെ നിയമിക്കുകയും, ആവശ്യമായ ഇൻസെന്റീവ് നല്കുകയും ചെയ്യുക
25. ഉരുപ്പു കുണ്ട് – ദാനാക്കൽ വയലിന് തോട് വീതികൂട്ടി ജല നിർഗമന മാർഗ്ഗങ്ങൾ ആരംഭിക്കുക

# മൃഗ സംരക്ഷണവും മൃഗ്യുബന്ധനവും

ആറളം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. ഭൂമിയുടെ ലഭ്യതയും കാലിത്തിറ്റയ്ക്കായി ഉപയോഗിക്കാവുന്ന ജൈവ പദാർത്ഥങ്ങളുടെ സ്രോതസ്സുകളും ചുരുങ്ങിവരികയും കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ കുറഞ്ഞുവരികയും, കൃഷി ആദായകരമല്ലാതായിത്തീരുകയും ചെയ്യുന്ന പശ്ചാതലത്തിൽ വീടുവളപ്പ് അടിസ്ഥാനമാക്കിയുള്ള കാർഷിക സമീപനത്തിന്റെ അവിഭാജ്യ ഘടകമായി വേണം കന്നുകാലി വികസനം പരിഗണിക്കപ്പെടേണ്ടത്. കർഷകന്റെ കൃഷി സമ്പ്രദായവുമായി ഇണങ്ങിപരസ്പര പൂരകങ്ങളായി വർത്തിക്കുന്ന വിള കന്നുകാലി സമ്മിശ്ര രീതിയാണ് ഈ സമീപനത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെടേണ്ടത്. കാലി വളർത്തൽ കർഷക കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുവാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്.

ചെറുകിട ഇടത്തര കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുവാനം ഗ്രാമീണ കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുവാനും ഗ്രാമ ജിവിതവുമായി ഇണങ്ങിപ്പോകുന്നതിനും കാർഷിക അടിത്തറയ്ക്ക് ദ്രതനൽകുന്നതിനും കന്നുകാലി മേഖലയെ സചേതനമാക്കി പരിപോഷിപ്പിക്കേണ്ടതനിവാര്യമാണ്.
ആവശ്യം വേണ്ട കാർഷിക പശ്ചാത്തലവും താൽപര്യമുള്ള കർഷക കുടംബങ്ങളെ കണ്ടെത്തി പ്രാദേശിക പരിതസ്ഥിതി കൂടി കണക്കിലെടുത്ത് കന്നുകാലികളെ വളർത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതുണ്ട്.

ഗ്രാമീണ മേഖലയുടെ സമ്പദ് ഘടനയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ രംഗം. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമ പ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. അതുകൊണ്ട് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ പദ്ധതികളാവിഷ്ക്കരിക്കുമ്പോൾ ഈ രംഗത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുക്കണം. പോഷക ദാരിദ്രം വൻതോതിൽ അനുഭവപ്പെടുന്ന ഗ്രമീണ മേഖലയിൽ പാൽ, മുട്ട, മാംസം, എന്നിവയുടെ ഉത്പാദനവും ഉപഭോഗവും ഒരേപോലെ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ മേഖലയിൽ മുഴുവൻ സമയ തൊഴിൽ തേടുന്നവരുടെയും എണ്ണം വർദ്ധിപ്പിക്കുക. ദാരിദ്ര ജനവിഭാഗങ്ങളുടെയും പ്രത്യേകിച്ച് പട്ടിക ജാതികാർ ആദിവാസികൾ തുടങ്ങിയലരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ മേഖലയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം തൊഴിൽ രഹിതരായ ഗ്രാമീണ സ്ത്രീകളെയും മൃഗസംരക്ഷണ പ്രവർത്തനത്തിൽ താൽപര്യമുള്ള വരാക്കുക. മൃഗ സംരക്ഷണ മേഖല എന്നു വെച്ചാൽ പാലുൽപാദനം മാത്രമാണെന്ന അബദ്ധ ധാരണ സർക്കാർ തലം തൊട്ട് താഴെ വരെയുണ്ട്. പാലിനോടൊപ്പം ഓരോ വർഷവും ഉപയോഗിക്കപ്പെടുന്ന മാംസത്തിന്റെയും ജൈവ വളത്തിനായി ഉപയോഗിക്കുന്ന ചാണകത്തന്റെയും വ്യവസായാവിശ്യത്തിനായുള്ള തുകൽ, എല്ല്, ജലാറ്റിവൻ , ഓസിൻ കൊഴുപ്പ് എന്നിവയുടെയും മൂല്യം പരിശോധിച്ചാൽ നിലവിലുള്ള ധാരണ തിരുത്തേണ്ടതാണന്നുള്ള ബോദ്ധ്യം വരും. നമ്മുടെ പഞ്ചായത്തിൽ മൃഗ സംമ്പത്തിന്റെ കാര്യത്തിൽ ഒരു കുതിച്ചു ചാട്ടത്തിനുള്ള സാധ്യതയാണുള്ളത്.

## മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. രണ്ടു പതിറ്റാണ്ടിനപ്പുറം വരെ എരുമയായിരുന്നു പശുവിനേക്കാൾ കൂടുതലായിട്ടുണ്ടായിരുന്നത്. നെൽ കൃഷി ചെയ്യുന്ന ഭൂമിയുടെ അളവു കുറഞ്ഞതും ഹ്രസ്വകാല വിളകളിൽ നിന്നും റബ്ബർ പോലുള്ള ദീർഘകാല വിളകളിലേക്കുള്ള മാറ്റവും എരുമകൾ കുറയുവാനും പശുകളുടെ വർദ്ധനവിനും കാരണമായി. ഏറ്റവും പ്രധാനപ്പെട്ട ഒരു മാറ്റം അത്യുത്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും തുടർന്ന് ഉദ്പാദനത്തിലും ഉദ്പാദന ക്ഷമതയിലും ഉണ്ടായ വർദ്ധനവും ഇതിനെത്തുടർന്ന് നാടൻ പശുകൾ നാമമാത്രമാകുവാൻ കാരണമായിത്തിരുകയും ചെയ്തതാണ്.

ആദ്യകാല കുടിയേറ്റ കർഷകർക്ക് ഒരു പ്രധാന പ്രശ്നമായിട്ടുണ്ടായിരുന്നത് കാട്ടു മൃഗങ്ങളുടെ നിരന്തര ശല്യമായിരുന്നു. ആടുകളെയും മാടുകളെയും ചെന്നായ്ക്കൾ, പുലി, കടുവ, കുറുക്കൻ തുടങ്ങിയ കാട്ടു മൃഗങ്ങൾ പിടിച്ചു തിന്നുക പതിവായിരുന്നു. മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് നാട്ടു ചികിത്സ മാത്രമായിരുന്നു ആശ്രയിക്കാനുണ്ടായിരുന്നത്. ഇതു മൂലം ധാരാളം മൃഗങ്ങൾ ചത്തുപോവുക പതിവായുരുന്നു.

റോഡുകളുടെയും വാഹനങ്ങളുടെയും എണ്ണം വർദ്ധിച്ചതുമൂലം കുടിയേറ്റത്തേത്തുടർന്ന് നാല് പതിറ്റാണ്ടോളം ഗ്രാമീണ റോഡുകൾ അടക്കി വാഴുകയും പൂർണ്ണമായും ഗതാഗതത്തെ നിറവേറ്റുകയും പരിമിതമായെങ്കിലും യാത്രാവശ്യം നറവേറ്റുകയും ചെയ്തിരുന്ന കാള വണ്ടിയും അതുമൂലം വണ്ടിക്കാളകളും പൂർണ്ണമായും അപ്രത്യക്ഷമായി. നെൽപ്പാടങ്ങൾ തോട്ട വിളകൾക്ക് വഴി മാറിയതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും ഉഴവു കാളകളുടെയും പോത്തുകളുടെയും എണ്ണം ഗണ്യമായ തോതിൽ കുറയുവാൻ കാരണമായിട്ടുണ്ട്.

**1995–96 വർഷത്തെ സെൻസസ് വിവരങ്ങൾ:**

| CROSE BREED | | | NON DESCRIPT | | |
|---|---|---|---|---|---|
| Male | Female | Breedable | Male | Female | Beedable |
| 338 | 1275 | 784 | 650 | 3116 | 1906 |

| BUFFALOES | | | GOAT | | |
|---|---|---|---|---|---|
| Male | Female | Breedable | Male | Female | Beedable |
| 193 | 561 | 319 | 850 | 1976 | 2826 |

| PIGS | DOGS | FOWLS | DUCKS |
|---|---|---|---|
| 808 | 1905 | 20311 | 209 |

**പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ:**

ആറളം പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും രണ്ട് I.C-.D-.P. സെന്ററുകൾ ഉണ്ട്. മൃഗാശുപത്രി എടൂരിലും സബ്സെന്ററുകൾ ചെടിക്കുളം, കീഴ്പ്പള്ളി എന്നിവിടങ്ങളിലുമാണ്.

മൃഗാശുപത്രി 1982 ൽ ആണ് സ്ഥാപിതമായത്. വെറ്റിനറി സർജ്ജൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നിവർ ജീവനക്കാരായിട്ടുണ്ട്.വാടക ക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് വർദ്ധിച്ചു വരുന്ന ആവശ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നിലവിലുള്ള കെട്ടിടം തീരെ അപര്യാപ്തമാണ്. മൃഗാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനും വിജ്ഞാന വ്യാപനത്തിനും ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം സ്വന്തമായുണ്ടാകേണ്ടത് അനിവാര്യമാണ്. മൃഗ ചികിത്സക്കാവശ്യമായ മരുന്നുകൾ കർഷകർക്ക് യഥേഷ്ടം സൗജന്യമായി ലഭ്യമാക്കേണ്ടതാണ്. വിജ്ഞാന വ്യാപനത്തിനായി വാർഡു തോറും മൂന്നു മാസത്തിലെരിക്കൽ എന്ന തോതിൽ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്.
വാളത്തോട് വിയറ്റ്നാം തുടങ്ങിയ ഭാഗങ്ങളിലുള്ളവർക്ക് എടൂരിലുള്ള മൃഗാശുപത്രിയിലെത്തുന്നതിനായി 15ഉം 18ഉം കിലോ മീറ്റർ യാത്ര ചെയ്യേണ്ടിയതായി വരുന്നുണ്ട്. ഇക്കാരണത്താൽ കീഴ്പള്ളി കേന്ദ്രമായി ഒരു മൃഗാശുപത്രികൂടി പ്രവർത്തനമാരംഭിക്കേണ്ടതാണ്. മൊബൈൽ ഫാം എയിഡു യൂണിറ്റുകളും വെറ്റിനറി മൊബൈൽ ഡിസ്പൻസറിയുടെയും സേവനങ്ങൾ പഞ്ചായത്തിലുപയോഗപ്പെടുത്തണം.

**പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരകാലത്ത് നടപ്പിലാക്കിയ സ്കീമുകൾ:**

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ഈ പഞ്ചായത്തിൽ മൃഗാശുപത്രി വഴി അത്യുത്പാദന ശേഷിയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം പ്രത്യേക ഘടക പദ്ധതിയും ഗിരിവർഗ്ഗ ഉപ പദ്ധതി വഴിയും ദുർബല വിഭാഗങ്ങൾക്ക് ആട്, കോഴി, പശു, കിടാരി വിതരണം കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുവാനുള്ള വിവിധ പദ്ധതികൾ വന്ധ്യതാ നിവാരണ ക്യാമ്പുകൾ വിവിധ ഭാഗങ്ങളിൽ ഗോ രക്ഷാ ക്യമ്പുകൾ ഓപ്പറേഷൻ സീറോ റാബീസ് വഴി (വർഷം തോറും ഏതാണ്ട് 260) നായ്ക്കൾക്ക് സബ്സിഡി നിരക്കിൽ വാക്സിനേഷൻ നൽകൽ എന്നിയാണ് 8–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ സ്കീമുകൾ.

വിസ്തൃതവും ധാരാളം ദുർബല ജനവിഭാഗങ്ങളുള്ള ആറളം പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ സാധിച്ചിട്ടുള്ളവ തീരെ അപര്യാപ്തമാണ്. പ്രത്യേകഘടക പദ്ധതി പ്രകാരവും ഉപഘടക പദ്ധതി പ്രകാരവും നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ കുറിച്യ കോളനികളിൽ വിജയകരവും പണിയ കോളനികളിൽ പരാജയവുമായിട്ടാണ് കണ്ടുവരുന്നത് മുട്ട ക്കോഴിക്കുഞ്ഞുങ്ങൾ വർഷം തോറും ആയിരവും കറവ പശുക്കിടാരികൾ 5 എണ്ണം വീതവുമാണ് വിതരണം ചെയ്യുവാൻ സാധിച്ചത്. ആവശ്യക്കാരിൽ വളരെ കുറഞ്ഞ ആളുകൾക്ക് മാത്രമേ ഇവ വിതരണം ചെയ്യുവാൻ സാധിച്ചിട്ടുള്ളു.

പഞ്ചായത്തിൽ മൂന്ന് പാൽ വിപണന സഹകരണ സംഘങ്ങൾ ഉണ്ട്. എടൂർ കാരാപറമ്പിൽ ഹെഡ്ഡ്രാഫീസായിട്ടുള്ളതും പഞ്ചായത്തതിർത്തിയായ പായം പോസ്റ്റോഫീസിനു സമീപം ബ്രാഞ്ചായും എടുരിൽ തന്നെ വനിതായൂണിറ്റുമുള്ള സൊസൈറ്റിയിൽ 3 ജീവനക്കരുണ്ട്.

കാലിത്തീറ്റയും ധാതു ലവണ മിശ്രിതവും പുൽ വിത്തുകളും ഈ സഹകരണ സംഘത്തിലൂടെ വിൽക്കുന്നുണ്ട്.

| മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിറ്റത് | പുറത്തേയ്ക്ക് അയയ്ക്കുന്നത് |
|---|---|---|
| 95-96 വർഷം ആകെ സംഭരിച്ചത് | | |
| 66342 L | 36425 L | 29917 L |
| 95-96ൽ 2788 L | 2605 L | 182 L |
| † ദിവസത്തെ ഉല്പാദനം 110 L | 105 L | 5 L |

ചെടിക്കുളത്ത് ഹെഡ്ഡ്രാഫീസായും ആറളത്ത് ബൂത്തും വനിത യൂണിറ്റും പ്രവർത്തിക്കുന്ന സഹകരണ സംഘത്തിൽ 370 ചാക്ക് കാലിത്തീറ്റ 95-96 വർഷത്തിൽ വിറ്റഴിച്ചിട്ടുണ്ട്.

| മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിറ്റത് | പുറത്തേയ്ക്ക് അയയ്ക്കുന്നത് |
|---|---|---|
| 95-96 48460 L | 1832 | 30138 |
| 96 September 3514 | 2399 | 1114 |
| 1-10-'96 - 123 | 76 | 47 |

കീഴ്പള്ളി ക്ഷീരോൽപാദന സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കീഴ്പള്ളിയിൽ വനിതാ ക്ഷീരോൽപന്ന യൂണിറ്റും പ്രവർത്തിക്കുന്നു.

| മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിറ്റത് | പുറത്തേയ്ക്ക് അയയ്ക്കുന്നത് |
|---|---|---|
| 1995-96 - 1,65,268 L | 39,661 L | 1,25,647 |

95 - 96 വർത്തിൽ 1,17,565 രൂപയ്ക്കുള്ള കാലിത്തീറ്റ സംഘം വഴി വിതരണം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലാകെ ഒരു ദിവസത്തെ പാലുൽപാദനം 9177 ലിറ്ററാണ്. മാസത്തേത്. 2,75,310 വാർഷിക ഉൽപാദനം 33, 141, 120 ലിറ്ററുമാണ്. ഉൽപ്പാദിക്കപ്പെടുന്ന പാലിന് വിപണന സാധ്യതയുണ്ടെങ്കിലും എല്ലാ കേന്ദ്രങ്ങളിലും സംഭരണ യൂണിറ്റുകളില്ലാത്തത്, ഉൽപാദന ചിലവിനനുസൃതമായ വില ലഭ്യമല്ലാത്തത്, തീറ്റ പുല്ലിന്റെ ദൗർലഭ്യത തുടങ്ങിയ പാലുൽപാദന രംഗത്തെ പ്രശ്നങ്ങളാണ് അതു പോലെ വന്ധ്യതയും കറവമാടുകൾക്ക് പരക്കെ കണ്ടുവരുന്ന അകിടു വീക്കം തുടങ്ങിയ രോഗങ്ങളും പാൽ ഉത്പാദന രംഗത്തെ പ്രതികൂലമായി ബാധിക്കുന്നു.

പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങൾ ഉള്ള അറവു ശാലകൾ നിലവിൽ ഇല്ല. പഞ്ചായത്തിന്റെ വിവിധ ാഗ ങ്ങളിലായി ഇരു പതോളം കേന്ദ്രങ്ങളിൽ മാംസ വിപണനം നടക്കുന്നുണ്ട്. വളരെ അനോഗ്യകരമായ രീതിയി ലാണ് ഇവിടെ കൈകാര്യം ചെയ്യപ്പെടുന്നത്. രോഗം പിടിപ്പെട്ട മൃഗങ്ങളുടെ ഭക്ഷ്യയോഗ്യമല്ലാത്ത മാംസവും വി തരണ ചെയ്യപ്പെടുന്നുണ്ട്.

ഈ സ്ഥലങ്ങളിൽ മൊത്തം ഉപയോഗിക്കപ്പെടുന്ന മൃഗങ്ങളുടെ ഏകദേശ എണ്ണം താഴെ കൊടുക്കുന്നു.

| മൃഗം | എണ്ണം | മാംസം | വില |
|---|---|---|---|
| പശു, മൂരി, എരുമ, പോത്ത് | 3,000 | 24,000 | 96,000.00 |
| ആട് | 300 | 3,000 | 3,000.00 |
| പന്നി | 300 | 18,000 | 8,1000.00 |

കശാപ്പു ചെയ്യപ്പെടുന്ന പശു, മൂരി, പോത്ത്, എരുമ, എന്നിവയിൽ 80% അന്യ സംസ്ഥാനങ്ങളിൽ നിന്നു മാണ് കൊണ്ടുവരുന്നത്. ഇതു വഴി പഞ്ചയത്തിൽ നിന്നും ഏകദേശം 80 ലക്ഷം രൂപയെങ്കിലും വർഷം പ്രതി അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു.

ആട്ടിറച്ചിയുടെ കാര്യത്തിൽ നാം സ്വയം പര്യാപ്തമാണ് വർഷത്തിൽ ഏതാണ്ട് 1600 ആടുകളെയെങ്കിലും പഞ്ചായത്തിന് വെളിയിലേക്ക് വിൽക്കപ്പെടുന്നുണ്ട്. ഈയിനത്തിൽ പഞ്ചായത്തിലെ കർഷകർക്ക് 16 ലക്ഷം ത്തോളം രൂപ ലഭിക്കിന്നുണ്ട്.

500– ഓളം പന്നികളെ വർഷം പ്രതി പഞ്ചായത്തിൽ നിന്നും വെളിയിലേക്ക് വിൽക്കപ്പെടുന്നുണ്ട് ഈയി നത്തിൽ വർഷം തോറും 13 ലക്ഷത്തോളം രൂപ കർഷകർക്ക് ലഭിക്കുന്നുണ്ട്.

മാംസേൽപാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുവാൻ നല്ല നിലയിലുള്ള ആസൂത്രണം നടത്തി യാൽ സാധിക്കും അതു വഴി മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന 80 ലക്ഷത്തോളം രൂപ (വർഷംതോറും) ത ടഞ്ഞു നിറുത്തുന്നതിനും സാധിക്കും പന്നി വളർത്തൽ, മാംസവശ്യത്തിനായുള്ള ആടു വളർത്തൽ, കാട, കോഴി, ടർക്കി, ഗിനി, മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. കൂടുതൽ തൂക്കം വെക്കുന്നതും പെട്ടെന്ന് വളരു ന്നതുമായ ഇനങ്ങളെ ത്തന്നെ വേണം വളർത്തുവാൻ ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ സഹകരണ സംഘം രൂപീകരിക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അറവു ശാല സ്ഥാ പ്പിക്കോണ്ടതുമാണ്. നിലവിലുള്ള മാംസ വിൽപനശാലകളുടെ ശുചിത്വം ഉറപ്പുവരുത്തേണ്ടതും അതോടെപ്പം തന്നെ രോഗമില്ലാത്തതും ഭക്ഷ്യയോഗ്യവുമായ മൃഗങ്ങളെയാണ് കൊല്ലുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധനാ സൗകര്യത്തിനായുള്ള ക്രമീകരണം ഉണ്ടായിരിക്കേണ്ടതാണ്. ബ്ലോക്കടിസ്ഥാനത്തിൽ തുകൽ സം സക്കരണ ശാല ആരംഭിക്കേണ്ടതാണ്.

മറ്റ് പഞ്ചായാത്തുകളുമായി താരതമ്യം ചെയ്യുകയാണെങ്കിൽ ആടു വളർത്തലിന് വളരെ അനുകൂലമാണ് ആറളം പഞ്ചായത്ത്. മിക്കവാറും വീടുകളിലും ആടുവളർത്തലുണ്ട്. ഉൽപാദന ശേഷി കുറഞ്ഞ നാടൻ ഇനങ്ങളാ ന്നള്ളുത്. മാംസത്തിന്റെയും പാലിന്റെയും കാര്യത്തിൽ അത്യുൽപാദന ശേഷിയുള്ള ജംനാപാരി മലബാറി ആട്ടിൻ കുട്ടികളെ കൊണ്ടുവന്ന് വ്യാപകമായി വിതരണം നടത്തേണ്ടതാണ്. ഇതിനായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ആട് വളർത്തൽ കേന്ദ്രം തുടങ്ങേണ്ടതാണ്. ആട്ടിൻ കൂടുകൾ ഒട്ടും ശാസ്ത്രീയമല്ല. നിർമാണത്തിനും ആടുവ ളർത്തലിനും സാമ്പത്തിക സഹായം ലഭ്യമാക്കണം.

പഞ്ചായത്തിൽ പന്നി വളർത്തലിനും വളരെയധികം സാധ്യതയാണ് ഉള്ളത്. വിപണന സാധ്യത വളരെ യാണ്. പന്നിയ്ക്ക് ആവശ്യമായ ഭക്ഷണം പ്രശ്നമാണ്. പഞ്ചായത്തിന് വെളിയിൽ പോയാണ് ഹോട്ടൽ അറ വുശാല വേസ്റ്റ് കൊണ്ടുവരുന്നത്. പഞ്ചായത്തിൽ 10, 12 പന്നികളുള്ള രണ്ട് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പന്നി ക്കുഞ്ഞുങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല. വളരെ കൂടീയ വിലയാണ്. മുണ്ടയാടിനെയാണ് ഇക്കാര്യത്തിൽ ആ ശ്യയിക്കുന്നത്. സാമൂഹികമായ വിലക്കുകളൊന്നും പഞ്ചായത്തിൽ കാര്യമായിട്ടില്ല.

പഞ്ചായത്തിൽ ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രമില്ല വളർത്തുവാൻ താൽപര്യമുള്ളവരെത്തന്നെ വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ഇടനിലക്കാരുടെ ചൂഷണം തുടങ്ങിയവ നിരുത്സാഹ

പ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ സ്വകാര്യാടിസ്ഥാനത്തിലൊ സഹകരണടിസ്ഥാനത്തിലോ ബ്രോയിലർ കോഴിക്ക് വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ് എടൂർ, കീഴ്പള്ളി, ആറളം പോലുള്ള സ്ഥലങ്ങളിൽ ചിക്കൻ സ്റ്റാളു കളും തുടങ്ങാവുന്നതാണ്. സർക്കാർ മുട്ട ക്കോഴിക്കുഞ്ഞുങ്ങളെ കൂടി വിതരണം ചെയ്യുന്ന പേലെതന്നെ ബ്രോ യിലർ കോഴിക്കുഞ്ഞുങ്ങളെ കൂടി വിതരണം നടത്തണം.ബ്രോയിലർ കോഴിക്കുഞ്ഞുങ്ങൾക്ക് കടുത്ത ക്ഷാമമാ ണനു വപ്പെടുന്നത്. വീട്ടമ്മമാർക്ക് വരുമാനം വർദ്ധിപ്പിക്കുവാനും തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊ ഴിൽ കണ്ടെത്തുന്നതിനും ഈ മേഖല അനുയോജ്യമാണ്.

മുട്ടക്കോഴി വളർത്തൽ കേന്ദ്രം പഞ്ചായത്തിലൊന്നുമാത്രമേയുള്ളു. നാടൻ കോഴികളിൽ നിന്നും ഉദ്പാദന ശേഷി കൂടിയ സങ്കരയിനം കോഴികളിലേക്കുള്ള പരിവർത്തനം ചെറിയ തോതിൽ നടന്നെങ്കിലും ഈ രംഗത്ത് വികസനം വേണ്ടത്ര ഉണ്ടായിട്ടില്ല. കോഴി, വസന്ത, വസൂരി തുടങ്ങിയ രോഗങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഉത്പാദിക്കപ്പെടുന്ന മുട്ടകൾ വീടുകളിൽത്തന്നെ ഉപയോഗിക്കപ്പെടുന്നു. ഈ രംഗത്തുള്ള ആവശ്യം പൂർണ്ണമായും നിറവേറ്റുവാൻ മറ്റു സംസ്ഥാനത്ത് നിന്നും കൊണ്ടു വന്ന് വിൽക്കപ്പെടുന്ന മുട്ടയെ ആശ്രയിക്കുകയാണ്. മുട്ടയു ത്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി രോഗ പ്രതിരോധ ശേഷി കൂടിയതും ഉത്പാദന ശേഷി കുടിയതുമായ കോഴിക്കുഞ്ഞുങ്ങളെ വ്യാപകമായി വിതരണം ചെയ്യുക ബോധവൽക്കരണം നടപ്പിലാ ക്കുക. ഓരോ വാർഡിലും മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിനായി ചെറുകിട ഫാമുകൾ ഉണ്ടാക്കുക. ഓരോ വാർഡിലും കോഴികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്താനായി വീട്ടമ്മമാരെയും കർഷകരെയും പരിശീലി പ്പിക്കുക വാക്സിൻ വിതരണം ചെയ്യുക കൂടുതൽ സ്കൂൾ പൗട്രി ക്ലാസ്സുകൾ നടപ്പിലാക്കുക. താറാവ്, കാട, ടർക്കി, ഗിനി, എന്നിവ വളരെ കുറഞ്ഞ തോതിൽ മാത്രമേ പഞ്ചായത്തിലുള്ളു കാടയിറച്ചി, മുട്ട എന്നിവയുടെ പോഷകഗുണവും വളർത്തലിനുള്ള ലളിത മാർഗ്ഗവും കണക്കിലെടുത്ത് കാട വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ട താണ്. കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

കാലിത്തീറ്റ ഉൽപാദനം പഞ്ചായത്തിൽ വർദ്ധിപ്പിക്കേണ്ടതാണ്. തെങ്ങിൻ തോപ്പുകളിലും ജലസേചന സൗകര്യമുള്ള ധാരാളം സ്ഥലങ്ങളും തീറ്റപ്പുൽ കൃഷി ചെയ്യുവാൻ അനുയോജ്യമായ സ്ഥലവും പഞ്ചായത്തി ലുണ്ട്. ധാരാളം വൈക്കോൽ കർണാടകത്തിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ എത്തിച്ചേരുന്നുണ്ട്.

പഞ്ചായത്തിലുണ്ടാകുന്ന കിടാരികൾക്ക് പരിചരണം ലഭിക്കാത്തതിനാൽ ചത്തു പോവുകയാണ് പതിവ്. ആറളം ഫാമിൽ നിന്നും യഥേഷ്ടം തീറ്റ പുല്ല് ലഭിക്കുവാനുള്ളത് കൊണ്ടും തള്ള പശുവിന്റെയോ ഏരുമയു ടെയോ കറവയ്ക്ക് വേണ്ടി പത്ത് മാസത്തോളം കിടാരികളെ വളർത്തേണ്ടി വരുന്നുണ്ട് തുടർന്ന് ഒരു പത്തു മാസ ത്തോളം കൂടി ശരിയായ പരിചരണം കൊടുക്കുകയും ചെയ്താൽ നല്ല ആദായം കർഷകർക്ക് ലഭിക്കുന്നതാണ്. ഇവക്ക് സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ,ധാതു മിശ്രിതം മരുന്നുകൾ തുടങ്ങിയവ ലഭ്യമാക്കുകയും ചെ യ്താൽ ഈ രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ പ്രതീക്ഷിക്കാം.

കൃഷി ഭൂമിയുടെ ലഭ്യത കുറയുകയും ഉള്ള ഭൂമിയിൽ കടും കൃഷി നടത്തുവാൻ നിർബന്ധിതരായിരി ക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കർഷകരെ സംബന്ധിച്ചിടത്തോളം ജൈവ വളം ഒഴിച്ചു കൂടാൻ പറ്റാത്ത താണ് പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന ജൈവവളത്തിന്റെ 90% ചാണകമാണ്. പഞ്ചായത്തിലാവശ്യമുള്ള ചാണകത്തിന്റെ വലിയ അളവും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ട് വരുന്നത്. ഡിസംബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ ലോഡ് നിറച്ച നിരവധി ലോറികൾ ചാണകവും കോഴിവളവുമായി നമ്മുടെ പഞ്ചായ ത്തിലെത്തിച്ചേരുന്നതായി കാണുവാൻ കഴിയും ഈ വഴിയും ഒരു വലിയ തുക സംസ്ഥാനത്തിനു വെളിയിലേക്ക് പോകുന്നുണ്ട്.

10-ഓളം ബയോ ഗ്യാസ് പ്ളാന്റുകളാണ് പഞ്ചായത്തിലുള്ളത്. കുടുതൽ പ്ളാന്റുകൾ സ്ഥാപിക്കുന്നതിനു സാധ്യതയുണ്ടെങ്കിലും കർഷകരിലെ താൽപര്യക്കുറവ് പ്രധാന തടസ്സമാണ്. ഒരു വീട്ടിലെ പാചകത്തിനും വെളി ച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ബയോ ഗ്യാസ് പ്ളാന്റുണ്ടെങ്കിൽ കണ്ടെത്തുവാൻ കഴിയും. വമ്പിച്ച ഊർജ്ജ പ്രതിസന്ധി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുമ്പോളും പെട്രോൾ അനുബന്ധ പാചക വാതകത്തിന് വില വർദ്ധനവും ക്ഷാമവും നേരിടുമ്പോളും ദീർഘകാലം നിലനിൽകുന്നതും കുറഞ്ഞ ചി ലവു മാത്രം വരുന്നതുമായ ബയോ ഗ്യാസ് പ്ലാന്റുകൾക്ക് നമ്മുടെ പഞ്ചായത്തിൽ വളരെ സാധ്യതകളുണ്ട്. അതു പോലെ തന്നെ ബയോ ഗ്യസ് പ്ലാന്റുകളിൽ നിന്നും ലഭിക്കുന്ന സ്ലറി എന്ന പദാർത്ഥം ചാണകത്തെക്കാളും വള ക്കൂറുള്ളതുമാണ്. വലിയ തോതിലുള്ള പ്രചരണവും ബോധവൽക്കരണവും ഈ രംഗത്ത് ആവശ്യമാണ്.

**പേവിഷ ബാധ നിർമാർജ്ജനം:**

പേപ്പട്ടി ശല്യം ഇടക്കിടെ ഉണ്ടാകാറുണ്ട്. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം വളരെ കൂടുതലാണെന്നതും ഈ രോഗത്തിന്റെ ഭീകരത കണക്കിലെടുത്തും പേവിഷ ബാധയുടെ നിയന്ത്രണത്തിനായുള്ള സമഗ്ര പേവിഷ ബാധാ നിർമാർജ്ജന പദ്ധതി നടപ്പിലാക്കേണ്ടുന്നതും വർഷം തോറും കർശനമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാകുന്നു.(അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ മാസത്തിലൊരിക്കൽ എന്ന രീതിയിലെങ്കിലും പിടിച്ച് കൊന്നുകളയുകയും നായ്ക്കളെ വളർത്തുന്നതിനായുള്ള ലൈസൻസും വാക്സിനേഷനും കർശനമായി നടപ്പിലാക്കുക തുടങ്ങിയവ.)

മൃഗസംരക്ഷണ മേഘലയിലെ കർഷകർക്ക് അംഗീകാരവും പ്രോൽസാഹനവും നൽകുന്നതിനായി മൃഗ സംരക്ഷണ മേള വർഷം തോറും സംഘടിപ്പിക്കേണ്ടതാണ്.

എല്ലാ സ്കൂളുകളിലും പൗൾട്രി ക്ലബുകൾ രൂപീകരിക്കണം. കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യ ശീലവും കോഴിവളർത്തലിൽ താൽപര്യമുണ്ടാക്കുവാൻ പൗൾട്രി ഫാമുകൾ രൂപീകരിക്കുന്നത് നന്നായിരിക്കും.

**പ്രശ്നങ്ങൾ:**

1. മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
2. കോഴി വസന്ത രോഗം തടയുവാൻ സംവിധാനമില്ലാത്തതിനാൽ കോഴ് വളർത്തൽ നിരുൽസാഹപ്പെടുന്നു.
3. നടപ്പിലാക്കുന്ന പദ്ധതികളുടെ അപര്യാപ്തത, ജനങ്ങളിലെത്താതിരിക്കുന്നത്
4. പാൽ വിപണന സൗകര്യങ്ങൾ കുറവ്
5. അകിടു വീക്കം, വന്ധ്യത, ഉൽപാദന രോഗങ്ങൾ
6. കാലിത്തീറ്റയുടെ വിലക്കൂടുതൽ
7. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
8. സാമ്പത്തിക സഹായം ലഭിക്കുവാൻ പ്രയാസം
9. ഇൻഷുറൻസ് പദ്ധതികളിലെ പോരായ്മ
10. അത്യുൽപാദന ശേഷിയുള്ളതും ധൃതവളർച്ചയുള്ളമായ കന്ന്, ആട് പന്നിക്കുട്ടികളുടെ ദൗർല ൃത
11. പന്നി തീറ്റയ്ക്കുള്ള ദൗർലഭ്യത
12. കോഴി വളർത്തലിനാവശ്യമായ പശ്ചാതല സൗകര്യങ്ങളുടെ ഭാവം,കോഴിക്കുഞ്ഞുങ്ങളുടെ ല ൃതക്കുറവ്.
13. ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള കർഷകരുടെ താൽപര്യക്കുറവ്
14. കർഷകർക്ക് അർഹതപ്പെട്ട അംഗീകാരവും പ്രോൽസാഹനവും കൊടുക്കാത്തത്
15. പഞ്ചായത്തിൽ അശാസ്ത്രീയമായ രീതിയിലും ശുചിത്വമില്ലാതെയും മൃഗങ്ങളെ കശാപ്പു ചെയ്ത് വിൽക്കുന്നത്
16. മാംസാവശ്യം നിറവേറ്റുന്നതിനാവശ്യമായ കാലികളെ ലഭിക്കാത്തത്.
17. പേപ്പട്ടി ശല്യം ഉണ്ടാകുന്നത്.

**സാധ്യതകൾ:**

1. ജനങ്ങൾ എടുരിൽ സംഭാവന നൽകിയട്ടുള്ള 15സെന്റ് സ്ഥലത്ത് ഓപറേഷൻ തീയേറ്റർ, ലാബോറട്ടറി, കോൺഫറൻസ് ഹാൾ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്വന്തമായ കേട്ടിടം നിർമ്മിക്കുകയും ഫോൺ, വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. കീഴ്പ്പള്ളിയിൽ ഒരു മൃഗാശുപത്രി കൂടി സ്ഥാപിക്കുക. സബ് സെന്ററുകൾ കൂടുതൽ സെന്ററുകളിലേക്ക് വ്യാപിപ്പിക്കുക. കാലിവസന്ത, വന്ധ്യത, കുളമ്പുരോഗം, വിരശല്യം തുടങ്ങിയ രോഗങ്ങൾക്കെതിരെ ഉപയോഗിക്കുന്നതിനാവശ്യമായ മരുന്നുകൾ സൗജന്യമായിത്തന്നെ ലഭ്യമാക്കുക.
2. പഞ്ചായത്തിൽ കൂടുതൽ മുട്ടക്കോഴി ബ്രോയിലർ കോഴി ഫാമുകൾ സ്ഥാപിച്ച് പ്രധാനകേന്ദ്രങ്ങളിൽ ചിക്കൻസറ്റാളുകൾ ആരംഭിക്കാവുന്നതാണ്.
3. നടപ്പിലാക്കുന്ന പദ്ധതികൾ ജനങ്ങളിലെത്തിക്കുന്നതിന് പ്രധാന കേന്ദ്രങ്ങളിൽ വാർത്താ ബോർഡുകൾ സ്ഥാപിക്കുക. പദ്ധതികൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതരത്തിൽ കാര്യക്ഷമമാക്കുക.
4. കൂടുതൽ കേന്ദ്രങ്ങളിൽ പാൽ സൊസൈറ്റി യൂണിറ്റുകൾ സ്ഥാപിക്കുക.

5. കാലിത്തീറ്റ വിലക്കുറച്ച് ലഭ്യമാക്കുക. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ പ്ലാന്റ് സ്ഥാപിക്കുക.
6. തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കുക. അത്യുൽപാദന ശേഷിയുള്ള പുൽ വിത്തും വളവും സൗജന്യമായി ലഭ്യമാക്കുക. പഞ്ചായത്തടിസ്ഥാനത്തിൽ പുൽവിത്ത് നഴ്സറി ആരംഭിക്കുക. സർക്കാർ പുറംമ്പോക്കു ുമി ദീർഘകാല വ്യവസ്ഥയിൽ കർഷകർക്ക് പുൽകൃഷി നടത്തുന്നതിനായി പാട്ടത്തിന്ന് നൽകുക. ജലസേന സൗകര്യമേർപ്പെടുത്തുക. സോഷ്യൽ ഫോറസ്ട്രി പദ്ധതി പ്രകാരം മരങ്ങൾ നടുമ്പോൾ പ്ലാവ്, സുബാമ്പുൾ തുടങ്ങിയ കാലിത്തീറ്റയ്ക്ക് അനുയോജ്യമായ മരങ്ങൾക്ക് മുൻഗണന നൽകുക.
7. മൃഗ സമ്പത്ത് വർധിപ്പിക്കുന്നതിനായി കൂടുകൾ നിർമ്മിക്കുന്നതിനായും ആടുമാടുകളെ വാങ്ങുന്നതിനായും സാമ്പത്തിക സഹായം ബാങ്കുകളിൽ നിന്നും യഥേഷ്ടം ലഭ്യമാക്കുക. ഈപഞ്ചായത്തിലെ ക്ഷീര സഹ കരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.
8. കുറഞ്ഞ പ്രീമിയം നിരക്കിൽ സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.
9. അത്യുൽപാദന ശേഷിയുള്ളതും ധൃത വളർച്ചയുള്ളതുമായ കന്ന്, ആട്, പന്നി കുട്ടികളെ ലഭ്യമാക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഫാമുകൾ സ്ഥാപിക്കുക.
10. പൗൾട്രി ഫാമുകൾ തുടങ്ങുവാനാവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കുക.
11. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഊർജ്ജം പ്രതിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണുവാൻ സാ ധിക്കും. പ്ലാന്റിൽ നിന്നും ലഭിക്കുന്ന സ്ലെറി എന്ന വസ്തു ഗുണമേന്മയേറിയ ജൈവ വളമായിട്ടുപയോഗിക്കാം.
12. മൃഗ സംരക്ഷണ മേഖലയുടെ വളർച്ചക്ക്പയുക്തമായ രീതിയിൽ കൂടുതൽ പ്രദർശന മേളകൾ സംഘടിപ്പി ക്കുക.
13. പഞ്ചായത്തിൽ ശാസ്ത്രീയ അറവുശാല നിർമ്മിക്കണം നിലവിലുള്ള അറവുശാലകളുടെ ശുചിത്വവും വിത രണം ചെയ്യുന്ന മാംസ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പ് വരുത്തണം.
14. മൂരി, പോത്ത് കുട്ടികളെ കൂടുതലായി വളർത്തുവാൻ പ്രോത്സാഹനം നൽകുക. കാലിത്തീറ്റയും ധാതുലവണ മിശ്രിതവും പശുക്കുട്ടികൾക്ക് നൽകുമ്പോലെ സബ്സിഡി നിരക്കിൽ ഇവക്കും ലഭ്യമാക്കുകയാണെങ്കിൽ മാം സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും പുറത്തേക്കൊഴുക്കുന്ന 80 ലക്ഷത്തോളം രൂപക്ക് തടയിടുവാൻ സാധിക്കും.
15. ആറളം സെന്റർ സ്റ്റേറ്റ് ഫാമിൽ നിന്നും യഥേഷ്ടം ലഭ്യമായ തീറ്റപ്പുൽ പഞ്ചായത്തിലെ മൃഗ സംരക്ഷണ മേ ഖലയെ പരിപോഷിപ്പിക്കുന്നതിനുതകുന്നതാണ്.
16. മാംസാവശ്യത്തിനായി പെട്ടെന്ന് വളരുന്നതും 80 കിലോ ഗ്രാമിലധികം തൂക്കം വെക്കുന്നതുമായ ജംനാപാരി ആട്ടിൻ കുട്ടികളെയും പാലുൽപാദത്തിനായി ഉത്പാദന ശേഷി കൂടിയ മലബാറി ആട്ടിൻ കുട്ടികളെയും യഥേഷ്ടം ലഭ്യമാക്കിയാൽ ലക്ഷക്കണക്കിനു രൂപായുടെ വരുമാനം നമ്മുടെ പഞ്ചായത്തിൽ ആരം ിക്കു ന്നത് അഭികാമ്യമായിരിക്കും.
17. വിപണന സാധ്യത വളരെയുള്ളതിനാൽ പന്നിഫാമുകൾക്ക് വളരെ സാധ്യതയാണ് ഉള്ളത്. തീറ്റയ്ക്കാവശ്യമായ സംവിധാനമുണ്ടാക്കിയാൽ ഈ രംഗത്ത് വലിയ നേട്ടം കൈവരിക്കാൻ സാധിക്കും.
18. വിപണി സാധ്യത കണക്കിലെടുത്ത് പരീക്ഷണാടിസ്ഥാനത്തിൽ മുയൽ വളർത്തൽ നടത്താവുന്നതാണ്.
19. കാട വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കാടയിറച്ചിയും മുട്ടയും വളരെ പോഷക ഗുണമുള്ളതാണ്.
20. പേവിഷബാധ നിർമാർജ്ജനം ചെയ്യുന്നതിനായി ഈ രോഗത്തിന്റെ ഭീകരത കണക്കിലെടുത്ത് സമഗ്ര പേ വി ഷബാധ നിർമാർജ്ജന പദ്ധതി നടപ്പിലാക്കേണ്ടതും കർശന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## • മത്സ്യ ബന്ധനം:

മലയോര മേഖലയിൽപ്പെട്ട ആറളം പഞ്ചായത്തിൽ മത്സ്യ ബന്ധനം നടത്തി ഉപ ജീവനം കഴിക്കുന്നവ രായി ആരു തന്നെ ഇല്ല. പഞ്ചായത്തിന്റെ ഇരുവശങ്ങളിലായി ഒഴുകുന്ന വെമ്പുഴയിലും ആറളം ബാവലി ഇരിട്ടി പുഴയിലും അതു പോലെ ഉൾനാട്ടിലുള്ള ചെറിയ തോടുകളിലും പത്തിരുപത് വർഷത്തിനപ്പുറം ധാരാളം മത്സ്യം ഉണ്ടായിരുന്നു എന്ന് പഴമക്കാർ പറയുന്നുണ്ട് പക്ഷെ വിവേചന രഹിതവും ആരോഗ്യത്തിന് ഹാനികരവും വംശ നാശം വരുത്തുന്ന രീതിയിലും പരിത സ്ഥിതി പ്രശ്നവും ഉളവാക്കുന്ന തരത്തിലുള്ള മത്സ്യം ബന്ധനം നടത്തി വരുന്നതിന്റെ ഫലമായി വളരെ കുറഞ്ഞ മത്സ്യം മാത്രമേ ഇപ്പോൾ പുഴകളിലും തോടുകളിലും ഉള്ളു.

സെപ്തമ്പർ – ഒക്ടോബർ മാസത്തിൽ നഞ്ച് കലക്കിയും തോട്ട ഇട്ടുമാണ് മത്സ്യം പിടിക്കിന്നത്. നഞ്ചിനു പകരം ഇപ്പോൾ വ്യാപകമായി യഥേഷ്ടം ലഭ്യമായ തുരിശ് ( കോപ്പർ സൾഫേറ്റ് ) പുഴയിൽ കലക്കുകയാണ്. ഇത് വളരെ അപകടകരമാണ്. പുതു മഴ പെയ്യുന്ന മെയ് – ജൂൺ മാസങ്ങളിൽ വംശ വർദ്ധനവ് നടത്തുന്നതിന്റെ

ഭാഗമായി ഊത്ത കയറുമ്പോൾ വ്യപകമായ രീഥിയിൽ മത്സ്യം പിടിക്കപ്പെടാറുണ്ട്. ഈ സമയത്ത് ചെറിയ കൈത്തോടുകളിൽ നിന്നും വയലുകളിൽ നിന്നും ധാരാളം മത്സ്യം ലഭിക്കുന്നുണ്ട്. ഇത് ബോധവൽക്കരണം മൂലം നിറുത്തലാക്കേണ്ടതാണ്.

**പ്രശ്നങ്ങൾ:**

1. പുഴകളിൽ തോട്ട പൊട്ടിയും നഞ്ച് തുരിശും കലക്കി മത്സ്യ വംശ നാശം വരുത്തിയും പരിത സ്ഥിതി പ്രശ്നം ഉളവാക്കുന്ന തരത്തിലുള്ള മത്സ്യ ബന്ധനം.
2. ശുദ്ധ ജല മത്സ്യ കൃഷി ചെയ്യുന്നതിനാവശ്യമായ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത.
3. മത്സ്യ കുഞ്ഞുങ്ങളുടെ.അലഭ്യത
4. മത്സ്യ വിപണനത്തിന് മത്സ്യ മാർക്കറ്റിന്റെ അഭാവം
5. ഉപയോഗ ശൂന്യമായ മത്സ്യം വിൽക്കപ്പെടുന്നത്.

**സാധ്യതകൾ:**

1. വംശനാശം വരുത്തുന്ന രീതിയിലുള്ള മത്സ്യ ബന്ധനത്തിനെതിരെയുള്ള ബോധവൽക്കരണം.
2. പുഴകളിലും തോടുകളിലും ഉണ്ടാകുവാൻ സാധ്യതയുള്ള ചെക്ക് ഡാമുകളിലും തടയണകളിലും മത്സ്യ കൃഷിനടത്തിവുന്നതാണ്. അതു പോലെ സ്വാകാര്യ കുളങ്ങളിലും വയലുകളിലും മത്സ്യ കൃഷിക്കാവശ്യമായ പ്രോത്സാഹനവും പ്രചോദനവും ഉണ്ടാകണം.
3. മത്സ്യ വിപണനം നടത്തുന്നതിനാവശ്യമായ സ്ഥിരം മാർക്കറ്റ് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നിർമ്മിക്കുക.
4. വിൽക്കപ്പെടുന്ന മത്സ്യം ഉപയോഗ യോഗ്യാമായതാണ് എന്ന് ഉറപ്പ് വരുത്തുവാൻ സംവിധാനമേർപ്പെടുത്തുക.
5. ചെടിക്കുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന പട്ടിക ജാതി /വർഗ്ഗ സഹകരണ സംഘം മുഖേനെ നടത്തുവാൻ ഉദ്ദേശിക്കുന്ന മത്സ്യ കൃഷിയുടെ പ്രവർത്തനം ഉടനെ ആരംഭിക്കുക.

# ആറളം ഫാം.

കേരളത്തിലെ ഏക സെൻട്രൽ സ്റ്റേറ്റ് ഫാമായ ആറളംഫാം ആറളം ഗ്രാമ പഞ്ചായത്തിലേയും കണ്ണൂർ ജില്ലയിലേയും കാർഷിക രംഗത്ത് ഒട്ടേറേ സംഭാവനകൾ നൽകാൻ സാധ്യതയുള്ളതാണ്. 1971 ൽ സ്റ്റേറ്റ് ഫാംസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച ഫാം കോർപ്പറേഷന്റെ കീഴിലുള്ള 13 ഫാംമുകളിൽ ഒന്നാണ്.സൂറത്ത് ഘർ സർദ്ദാർജറ്റ്സ്ർ (രാജസ്ഥാൻ) സാൻ(ഹരിയാന) ലഡ്ദ്വാൻ ( പഞ്ചാബ്) റയ്ചൂർ (കർണ്ണാടക) ചെങ്ങം (തമിഴ്നാട്) റായ്ഭറേലി , ബഹറിച്ച് (ഉത്തർപ്രദേശ്), കോക്കിലാബേരി, മിറോസം(ആസാം), എന്നിവയാണ് മറ്റ് ഫാമുകൽ 3060 ഹെക്ടർ ഭൂവിസ്ത്രിയുള്ള ഫാമിൽ 2510 ഹെക്ടറിലാണ് കൃഷിനടക്കുന്നത്.ഉരുട്ടി പുഴയും ഭാമിലി പുഴയും 3 ഭാഗവും അതിരിടുന്ന ഫാമിന്റെ ഒരു ഭാഗം ആറളം വന്യമൃഗസംക്ഷണ കേന്ദ്രമാണ്. പ്രധാനമായും മൂന്ന് ഉദ്ദേശങ്ങൾ ആണ് ഫാമിനുള്ളത്

1. തോട്ടവിളകളുടെയും ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെയും ഉത്പാദനവും വിതരണവും അതോടപ്പം കാർഷികോൽപ്പന്നങ്ങളുടെയും വിതരണം.
2. പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക.
3. ഈ പ്രവർത്തനത്തിലൂടെ കേരളത്തിന്റെ പ്രത്യേകിച്ച് കണ്ണൂർജില്ലയുടെ കാർഷിക വികസനത്തിൽ ഗണ്യമായ പങ്ക്വഹിക്കുക.

സ്റ്റേറ്റ് ഫാം കോർപ്പറേഷന്റെ ഡയറക്ടർ ബോർഡാണ് ഫാമിന്റെ മാനേജ്മെന്റു നടത്തുന്നത്.സംസ്ഥാനസർക്കാർ പ്രതിനിധികളും ജില്ലാകളക്ടർ അംഗവുമായ ഉപദേശകസമിതിയുമുണ്ട്

ഔദ്യോഗിക സംവിധാനം ഇതാണ്.

ഡയറക്ടർ ബോർഡു

ഡയരക്ടർ

അഗ്രിക്കൾച്ചറൽ

.ഫാം സൂപ്രണ്ട് ഫാം സൂപ്രണ്ട്

8. ബ്ലോക്കുകൾ 6 ബ്ലോക്കുകൾ

ഓരോ ബ്ലോക്കിലും ജൂനിയർ അഗ്രക്കൾച്ചറൽ അസിസ്റ്റന്റ് ഒന്നോ രണ്ടോ ഫീൽഡുമേൻ, 2 വീതം ഹെഡ് വർക്കർമാർ, ഫീൽഡ് സുപ്പർ വൈസർ,

തൊഴിലാളികൾ 50 – 60 പോർ

പ്രവർത്തന സൗകര്യത്തിനായി ഫാമിനെ 14 ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്. 6-ാം ബ്ലോക്കിൽ റബ്ബറും 10, 14 ബ്ലോക്കിൽ കശുവണ്ടിയും മറ്റു ബ്ളോക്കുകളിൽ വിവിധ വിളകൾ സമ്മിശ്രമായി കൃഷിച്ചെയ്യുന്നു. 1971 മുതൽ 73 വരെ വാർഷിക വിളകൾ മാത്രമായിരുന്നു കൃഷിചെയതിരുന്നത് 74 മുതലാണ് ദീർഘകാല വിളകളായ കശുവണ്ടി, തെങ്ങ്, റബ്ബർ, കൊക്കോ, കമുകു,കുരുമുളക് തുടങ്ങിയ വിളക്ൾ കൃഷിച്ചെയ്യാൻ തുടങ്ങിയത്.ദീർഘകാല വിളകൾ കൃഷിച്ചെയ്യാൻ തുടങ്ങിയ സമയത്ത് 200 ഓളം തൊഴിലാളികൾ ആണ് ഉണ്ടായിരുന്നത്. നേരിട്ട് തൊഴിലാളികളുടെ സേവനം അനുഷ്ഠിക്കുന്നതിനു പകരം മാനേജ്മെന്റ് കരാർ അടിസ്ഥാനത്തിൽ കുറഞ്ഞ കൂലിക്കു കേരളത്തിൻരെ വിവിധ ഭാഗങ്ങളിൽ തൊഴിലാളികളെ കൊണ്ട് വന്ന് കൃഷിച്ചെയ്യിച്ചിരുന്നു.ഇതിനെതിരെ 1980ൽ തൊഴിലാളികൾ സമരെ നടത്തുകയും തുടർന്ന് 2400 തൊഴിലാളികലെ നിയമിക്കുകയും ചെയ്തു. ഇപ്പോൾ ഫാമിൽ 1085 തൊഴിലാളികളാണുള്ളത് (2.23 ഹെക്ടറിനു ഒരാൾ) 183 ജീവനക്കാരാണുള്ളത് ഇവരിൽ 48 സെക്യൂരിറ്റി ജീവനക്കാർ 28 മെക്കാനിക്കൽ വിഭാഗം. 56 അഗ്രിക്കൾച്ചറൽ സെക്ഷനിലുമുള്ളവരകാണ്.

പട്ടിക – 1

| വിള | വിസ്തൃതി | 1992–93 | 1993–94 | 1994–95 |
|---|---|---|---|---|
| തെങ്ങ് ( Nos ) | 600.46 | 1314040 | 1320020 | 22322116 |
| കശുവണ്ടി (MT) | 1327.57 | 450.565 | 484.260 | 416.433 |
| റബർ(Qutl) | 291.76 | 770.307 | 677.313 | 1083.003 |
| കുരുമുളക് " | 21.77 | 153.928 | 94.854 | 72.846 |
| കൊക്കോ | 108.14 | 876.018 | 430.435 | 1368.410 |
| കാപ്പി | 5.25 | 9.110 | 21.630 | 27.027 |
| മാങ്ങ | 14.66 | 29.412 | 2.002 | 16.097 |
| അടക്ക | 32.87 | 238.570 | 376.183 | 530.635 |

**കാർഷിക ഭൂവിനിയോഗം ഉൽപാധനം.**

ഫാമിലെ പ്രധാന കാർഷിക ഭൂവിനിയോഗം 3 വർഷത്തിലെ ഉൽപ്പാധനം എന്നിവ താഴെ കൊടുക്കുന്നു.

**ജലസേചനം.**

ഫാമിൽ വിവിധ രീതിയിലുള്ള ജലസേചനങ്ങൾ നടന്നു വരുന്നു. ജലസേചന സൗകര്യാർത്ഥം 11 ചെക്കു ഡാമുകൾ 10 കുളങ്ങൾ കൂടാതെ കുന്നിൻ മുകളിലുള്ള ജലസംഭരണികൽ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. അതു കൂടാതെ ഫാമിനകത്തെ ജലശ്രേണികളിൽ ഡീസൽ പമ്പുകൾ ഉപയോഗിച്ചും വിവധ ഭാഗങ്ങളിലായി ജലസേചനം ചെയ്തു വരുന്നു. ഇത്തരം സ്രോതസ്സുകൾ ഉപയോഗിച്ച് വെള്ളം ചെടികൾക്കെത്തിക്കാൻ വിവിധ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു.വെള്ളത്തിന്റെ ലഭ്യത, സ്ഥലത്തിന്റെ കിടപ്പ് ചോടികളുടെ വൈവിദ്ധ്യം എന്നിവ കണക്കിലെടുത്തും മറ്റ് പല വിധ ശൃംഖലയാണുള്ളത്. തുറസ്സായ മൺയാലുകൾ വഴി ഉദ്ദേശം 60 ഹെക്ടർ PVC പൈപ്പും ഗാർഡൻ ഹോസും ഉപയോഗിച്ച് നേരിട്ട് ചെടികൾക്ക് വെള്ളം എത്തിക്കുന്ന മാർഗ്ഗത്തിൽ 110 ഹെക്ടറും കാണിക ജലസേചനം വഴി ഉദ്ദേശം 125 ഹെക്ടറും സ്പ്രിംഗ്ളർ രീതി ഉപയോഗിച്ച് 5 ഹെക്ടറോളം നഴ്സറിയും ജലേചനം നടത്തുന്നുണ്ട്.

ഇവയിൽ രാത്രി കാലത്ത് വെള്ളം പമ്പ് ചെയ്തു കുന്നിനു മുകളിൽ പണിത 3 ലക്ഷം ലിറ്റർ മുതൽ 10 ലക്ഷം ലിറ്റർ വരെ ശേഖരിക്കാവുന്ന ചിലവുകുറഞ്ഞ ചോളി ലൈൻഡ് ടാങ്ക് പ്രത്യേകം എടുത്തുപറയത്തക്കതാണ്.

ഇതിനു പറമെ ഔഷധത്തോട്ടം (5ഹെ.) നാരങ്ങ (4.30 ഹെ) ചക്ക (2.60 ഹെ) കൈതച്ചക്ക (1.44 ഹെ ) വാഴ (11.40 ഹെ) എന്നിവയും കൃഷിച്ചെയ്യുന്നു. 60ഹെക്ടർ സ്ഥലം പ്രത്തേകം തന്നെ സംരക്ഷിക്കുന്നു.

**സാമ്പത്തിക സ്ഥിതി.**

കഴിഞ്ഞ 12 വർഷത്തെ സാമ്പത്തിക കാര്യങ്ങൾ പരിശോധിച്ചാൽ ശരാശരി ഒരു വർഷം 1 കോടി 20 ലക്ഷത്തിൽ പരം രൂപ പലിശയിനത്തിൽ കൊടുക്കണ്ടി വരുന്നതായി മനസ്സിലാക്കാം. ഇത്രയും ഭീമമായ പലിശ കൊടുത്തു

| വർഷം | ലാഭം ( ലക്ഷം) | നഷ്ടം (ലക്ഷം) |
|---|---|---|
| 1982-83 | - | 5 |
| 1983-84 | - | 20 |
| 1984-85 | +1 | - |
| 1985-86 | 2 | - |
| 1986-87 | 1.5 | - |

| | | |
|---|---|---|
| 1987-88 | - | 6 |
| 1988-89 | - | 44 |
| 1989-90 | - | 5 |
| 1990-91 | 7 | - |
| 1991-92 | - | 40 |
| 1992-93 | - | 31.5 |
| 1993-94 | - | 85 |
| ആകെ | 11.5 | 236.5 |

സ്ഥാപനത്തെ ലാഭകരമാക്കുക പ്രയാസമാണ്.

12 വർഷത്തെ ലാഭകണക്കുകൾ നോക്കുക.

**പട്ടിക 2**

(അവലംബം സേവ് ആറളം സെമിനാർ രേഖ) ഇതു പരിശോധിച്ചാൽ 4 വർഷം മാത്രമണ് നേരിയ ലാഭത്തിൽ പ്ര വർത്തിച്ചതെന്നു മനസ്സിലാക്കാം. 1984 മുതൽ 87 വരെ 3 വർഷം തുടർച്ചയായി ലാഭത്തിലാണന്നുകാണാം. ഈ കാലയളവിലാണ് സമരത്തെ തുടർന്ന് തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിച്ചത്.

**പ്രശ്നങ്ങൾ**

1. കൃഷിക്കായി 3060 ഹെക്ടർ സ്ഥലം ഫാമിനുണ്ടങ്കിലും അതിൽ 550 ഹെക്ടർ സ്ഥലം ഇപ്പഴും തരിശാണ്. കൃഷി ചെയ്തിട്ടുള്ള സ്ഥലത്തു തന്നെ ഏതാണ്ട് 200 ഹെക്ടർ തരിശാമ്. ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കാത്ത് വിളയുടെ ഉൽപാദനത്തെ ബാധിക്കുന്നു.

2. 1981–87 കാലയളവിലാണ് എറ്റവും കൂടുതൽ തൊഴിലാലികൾ ജോലി ചെയതത് പിന്നീട് 2440 ൽ നിന്ന് 1085 ആയി തൊഴിലാളികളുടെ എണ്ണം കുറഞ്ഞതിനു ഒരു കാരണ്ം അവർക്കു തൃപതമായ വേതനവും ആനുകൂല്ല്യവും ലഭിക്കാത്തതുകൊണ്ടാണ്. എണ്ണക്കുറവും മൊത്തം പ്രവർത്തനങ്ങളെ ബാധിക്കപ്പുന്നു.

3. കശുവണ്ടി പോലുള്ള സീസൺ വിളകൾക്ക് കൃത്ത്യമായ സമയത്ത് കാർയ്യക്ഷമവിളവെടുപ്പ് നടത്താൻ സാധി ക്കാത്തു പ്രശ്ന മായി മാറിക്കൊണ്ടിരിക്കുന്നു.

4 ശേഖരിച്ച വിളകൾ ശാസ്ത്രീയമായി സംസ്ക്കരിക്കാത്തതും സംഭരിക്കാനുമുള്ള സൗകര്യങ്ങൾ കുറഞ്ഞതു കാ രണം ഉൽപ്പന്നങ്ങളുടെ ഗ ുണ നിലവാരം കുറയുന്നു. ഇതു മാർക്കറ്റിങ്ങിനെ ബാധിക്കുന്നു.

5 അധികാരങ്ങൾ കൂടുതലും ഡയറക്ടറിൽ മാത്രം കേന്ദ്രീകരിച്ചത് കാരണം ഓരോ വിഭാഗത്തിലുമുള്ള പ്രശ്ന ങ്ങൽ അപ്പപ്പോൾ പരിഹരിക്കാൻ സാധിക്കാതെ വരുന്നു.

6. ഫാമിലേക്ക് ഗതാഗത സൗകര്യങ്ങൾ തീരെ കുറഞ്ഞതു കൊണ്ട് ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ട് വാർത്താവിനിമയം, വൈദ്യുതി ഇവയുടെ ലഭ്യത കുറവു കാരണം വിവിധ ബ്ലോക്കുകൾ തമ്മിലുള്ള ബന്ധങ്ങളും മറ്റും കാർക്ഷമ മായി നടക്കുന്നില്ല.

7. വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ നിന്നുള്ള കാട്ടുമൃഗങ്ങളുടെ ശല്ല്യം ഒഴിവാക്കുന്നതിനു Wire Fencing ഏർപ്പെടുത്തണം.

**പരിഹാരങ്ങൾ സാധ്യതകൾ**

1 നിലവിലുള്ള ബ്ലോക്കുകളിൽ വിള –കൃഷിസ്ഥലം തൊഴിലാളി അനുപാതത്തിൽ ശാസ്ത്രീയമായി വിഭജിക്കുക ഒരു ഹെക്ടറിനു ഒരു തൊഴിലാളി എന്ന തരത്തിൽ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുക.

2. വാർഷിക വിളകൾക്കും ദീർഘകാല വിളകൾക്കും പരിചരണം കിട്ടത്തക്കവിധത്തിൽ തൊഴിലാളികളെയും മറ്റു ജീവനക്കാരെയും നിശ്ചയിക്കണം കശുവണ്ടി പോലുള്ള സീസണിൽ വിളകൾ ഉൽപ്പാദിപ്പിക്കുന്ന വിള മുഴുവൻ ശേഖരിക്കുന്ന വിധത്തിൽ സമയ ബന്ധിത പദ്ധതികൾ ആവിഷ്ക്കരിക്കുക.ആവശ്യമെങ്കിൽ ഈ പ്രത്യേക സീ സണിൽ ദിവസ കൂലിക്ക് തൊഴിലാളികളെ നിർത്തണം.

3. ഓരോ വിളകളുടെയും ഉൽപ്പാദനത്തിനു ശേഷം അവ ശാസ്ത്രീയമായി സംഭരിക്കുന്നതിനു വിപുലമായ സം

ഭരണ ശാല പണിയുക. മാർക്കറ്റിൽ ഉയർന്ന വില ലഭിക്കുന്നതു വരെ ഗുണ നിലവാരം കുറയാതെ ഉൻപ്പന്നങ്ങൾ സൂക്ഷിക്കാൻ കഴിയണം.

4. മാർക്കറ്റിങ്ങ് രംഗത്തു ആവശ്യമായ സാധനങ്ങൽ വാങ്ങുന്നകാര്യത്തിലും കുറേക്കൂടി കാര്യക്ഷമത ഉണ്ടാവണം. ഈ കാര്യങ്ങളിൾ നടപടി ക്രമങ്ങൾ ലഘൂകരിച്ച് ഏകജാലക സംവിധാനം നടപ്പാക്കണം.

5. ജലസേചന സൗകര്യങ്ങൾ ഇന്നുള്ളതിലും മൂന്ന് ഇരട്ടിയെങ്കിലും വർദ്ധിപ്പിക്കണം. പുഴകളിൽ നിന്നും ജലം സംഭരിക്കുന്നതിനു പുറമെ ഫാമിനുള്ളിലെ ജലസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തണം.

6. നീർമറി (Water Shed) അടിസ്ഥാനമാക്കി മൊത്തം കൃഷി വികസിപ്പിക്കുന്നതിനും ഈ സാദ്ധ്യത പ്രയോജന പ്പെടുത്തി പുതിയ കൃഷി രീതികൾ ആവിഷ്കരിക്കുന്നതിനു ഹൃസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

7. തലശ്ശേരിയിൽ പ്രവർത്തിക്കുന്ന ഉൽപാദനവിതരണ കേന്ദ്രത്തിൽ ഉൽപ്പന്നങ്ങളും വസ്തുക്കളും കൃത്യമായി എത്തിക്കുകയും ഈ രീതിയിലുള്ള കേന്ദ്രങ്ങൾ ജില്ലയിലെ പ്രധാന നഗരങ്ങളിൽ ആരംഭിക്കുകയും വേണം.

8. ഔദ്യോഗിക തലത്തിൽ ഫാമിനുള്ളിൽ ആധികാരവികേന്ദ്രികരണം നടപ്പാക്കണം ഓരോ സെക്ഷൻ തല വൻമാർക്കും അവരുടെ തലത്തിൽ തീരുമാനങ്ങൾ എടുക്കാൻ അധികാരം വേണം.

9. ഫാം മാനേജ് മെന്റിൽ തൊഴിലാളി പ്രാതിനിത്യം ഉണ്ടാവണം. ഓരോ സെക്ഷനിലും തൊഴിലാളികളുടെ അഭി പ്രായങ്ങൽ പരിഗണിക്കാനുല്ള സൗകര്യങ്ങളും ഉണ്ടാവുകയും അവരുടെ സേവനാവേതനാനികൂല്ല്യങ്ങൾ കൃത്യ സമയത്തു നൽകുന്നതിനുള്ള വെൽഫെയർ പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം.

10 ഫാമിനുള്ളിൽ വിവിധ ബ്ലോക്കുകൾ തമ്മിലും ഫാമിനു പുറത്തുള്ള ഗതാഗത വാർത്താവിനിമയ സൗകര്യ ങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം. ജില്ലാകേന്ദ്രത്തിൽ നിന്നും ജില്ലയിലെ പ്രധാന നഗരങ്ങളിൽ നിന്നും ഫാമി ലേക്കു സ്ഥിരം ബസ്സ് സർവ്വീസ് ഉണ്ടാവണം.

11. പഴയ നഷ്ടത്തിന്റെ കണക്കുകൾ എഴുതാനുള്ള നടപടികൾ ഉണ്ടാവണം. നിലവിലുള്ള സാധ്യതകളെ പരമാ വധി പ്രയോജനപെടുത്താനും ഉൽപാധന വർദ്ധനവിനും വിപണനത്തിനുമുള്ള ശാസ്ത്രീയ മായ പരിപാടികൾ ആവിഷ്ക്കരിക്കണം.

12 ഫാമിലുള്ളിൽ തന്നെ കൃഷിക്കനുബന്ധമായ യൂണിറ്റുകൾ തുടങ്ങണം. ഇവിടെ ഉൽപാദിപ്പിക്കുന്ന ഉൽപന്ന ങ്ങൾ വിപണനം ചെയ്യാനുള്ള സംവിധാനവും അതോടപ്പം ഉണ്ടാവണം.

ആരംഭിക്കാവുന്ന യൂനിറ്റുകൾ 1 കശുവണ്ടി കശുമാമ്പഴ സംസ്ക്കരണ യുനിറ്റ് 2തേങ്ങാവെള്ളം സംസ്ക്കരിക്കുന്ന തിനുള്ള യൂനിറ്റ്, തേങ്ങാ കൊണ്ടുള്ള വിവിധ ഉൽപന്നങ്ങൾ 3 ചിരട്ട, ചകിരി എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ 4 റബ്ബർ ഉപയോഗിച്ച് ചെറുകിട വ്യവസായ യൂനിറ്റുകൾ

13 നടീൽ വസ്തുക്കളുടെ ഉൽപാദനം വിളകളുടെ ശാസ്ത്രീയമായ പരിചരണം, ജലസേചന ആധുനിക കൃഷി രീതികൾ തുടങ്ങിയവയിൽ ജില്ലയിലെ കർഷകർക്കു വിദ്യാഭ്യാസം നൽകുന്നതിനുള്ള സ്ക്കൂൾ സ്ഥാപിക്കുക.

ഇത്തരത്തിൽ നിലവിലുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിയും ഫാം മാനേജ് മെന്റും ജീവനക്കാരും തൊഴിലാളികളും തമ്മിലുള്ള ബന്ധം സുദൃഡമാക്കിയും ഈ പൊതു മേഖലാ സ്ഥാപനത്തെ വളർച്ചയുടെ പുതിയ മേഖലകളിലേക്ക് കൊണ്ടുവരാനുള്ള സാദ്ധ്യത ഏറെയാണ്.

14 യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കക്കുവായി പുഴക്ക് പൊതുമരാമത്ത വകുപ്പിന്റെ കീഴിലുള്ള പാലം പണി ആരംഭിക്കണം.

15 അമ്പലക്കണ്ടി, പൂവ്വത്തും കണ്ടി പരിപ്പു തോടു വട്ടപ്പറമ്പു എന്നീ സ്ഥലങ്ങളിൽ ജീപ്പു പാലങ്ങൾ നിർമ്മി ക്കണം.

അവലംബം. പാട്യം ഗോപാലൻ സ്മാരക പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കണ്ണൂർ ജില്ലാ വികസന സെമിനാർ പ്രബന്ധത്തിൽ നിന്ന്.

# വ്യവസായം

ആറളം ഗ്രാമ പഞ്ചായത്ത് 100%വും കാർഷിക പ്രധാനമായ ഒരു പഞ്ചയത്താണ്. ആറളത്തിന്റെ വികസന ത്തിന്റെ തുടക്കം തന്നെ കുടിയേറ്റവും ആയി ബന്ധപ്പെട്ട് കിടക്കുന്നതാണ്. പഞ്ചായത്തിന്റെ നാളിതുവരെയുള്ള ചരിത്രത്തിൽ വ്യവസായ രംഗത്ത് പൊതുമേഖലയിലോ സ്വാകര്യ മേഖലയിലോ സഹകരണ മേഖലയിലോ കാ ര്യമായ ശ്രമങ്ങൽ നടന്നിട്ടില്ല. കാർഷികോത്പന്നങ്ങൾ അസംസ്കൃത വസ്തുവായി ധാരാളം ഇടത്തരം ചെ റുകിട സംരഭങ്ങൾ ആരംഭിക്കുന്നതിനു ധാരാളം സാധ്യതകൾ ഉണ്ട്. വൻകിട യൂനിർറുകൾക്ക് ,സാധ്യത വളരെ കുറവാണ്.

നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരഭങ്ങൾ പൂർണ്ണമായും സ്വകാര്യമേ ഖലയിലാണ്. അവയിലെല്ലാം കൂടി ആകെയുള്ള തൊഴിലവസരങ്ങളും പരിമിതമാണ്.

| സ്ഥാപനങ്ങൾ | മാനേജ്മെന്റ് |
|---|---|
| 1. ഈർച്ചമില്ലുകൾ | 2എണ്ണം വ്യക്തികൾ |
| 2. റൈസ്മില്ലുകൾ | 14 എണ്ണം " |
| 3. ഓയിൽ മില്ലുകൽ | 3 എണ്ണം " |
| 4. ഫ്ളവർമില്ലുകൽ | 7 എണ്ണം " |
| 5. വൈൻഡിഹ്ങ് യൂനിറ്റുകൾ | 2 എണ്ണം " |
| 6. സോപ്പ് നിർമ്മാണ യൂനിറ്റ്. | 1 എണ്ണം " |
| 7. ഓട്ടോമൊബൈൽ വർക്ക് ഷാപ്പ് | 2 എണ്ണം " |
| 8. വുഡ്ക്രാഫ്ട് | 2 എണ്ണം " |
| 9. ബേക്കറി. | 4 എണ്ണം " |
| 10 സ്റ്റോൺ ക്രഷർ ഹോളോ ബ്രിക്സ് | 1 എണ്ണം " |
| 11. കള്ള് ഷാപ്പുകൾ | 7 എണ്ണം " |

**പ്രശ്നങ്ങൾ**

തൊഴിലില്ലായമ വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ചെറുകിട വ്യവസായ സംരംഭകരാകാൻ നല്ലൊരു ശതമാനം യുവതീ യുവാക്കളെയും പ്രേരിപ്പിക്കുന്നു. വലിയ പ്രതീക്ഷയോട് കൂടി ഈ രംഗത്തു കടന്നു വരുന്നവർ പലരും വഴിയിൽ തളർന്ന് വീഴുന്ന അനുഭവമുണ്ട്. അതിനുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണന്ന് പരിശോധിക്കുന്നത് പഞ്ചായത്തിലെ വ്യവസായ വികസനത്തിന് ആവശ്യമാണ്.

1. മുഖ്യ കാർഷികോൽപന്നങ്ങൾ വ്യവസായ രംഗത്തു ഉപയോഗപ്പെടുത്തുന്നില്ല.
2. വൈദ്യുതി അപര്യാപ്തത.
3. ധനകാര്യസ്ഥാപനങ്ങളുടെ അയവില്ലാത്ത സമീപനം.
4. മാർക്കറ്റിഹ്ങ് പ്രശ്നങ്ങൾ
5. മാനേജ് മെന്റ് കഴിവില്ലായ്മ.
6. സംരംഭകത്വ ശേഷിയില്ലായ്മ.
7. വിദഗധ തൊഴിലാളികളുടെ അഭാവം.
8. സർക്കാർ സഹായം യഥാസമയം ലഭിക്കായ്മ.
9. ലൈസൻസ് ക്ലിയറൻസ് ലഭിക്കുന്നതിനുള്ള കാല താമസം.
10. വ്യവസായ മേഖലയുമായുള്ള സമ്പർക്ക കുറവു.
11 വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണ കുറവു.

മേൽച്ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൽക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചാൽ മാത്രമെ വ്യവസായ രംഗത്ത് പുതിയ സംരംഭകരെ ആകർഷിക്കാനും ഉല്പാദനം വർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനം സാധിക്കുകയുള്ളു.

**സാധ്യതകൾ**

വിദ്യാസമ്പന്നരായ ധാരാളം യുവതീ യുവാക്കൾ ആറളം പഞ്ചായത്തിലുണ്ട്. അതിൽ നല്ലൊരു ശതമാനം ആളുകളും പഞ്ചായത്തിന് പുറത്ത് തൊഴിൽ ചെയ്യുന്നവരോ തൊഴിൽ അന്വേഷകരായൊ പോകുന്നതാണ് കൂടാതെ കേരളത്തിനു പുറത്ത് ഇന്ത്യയുലും വിദേശത്തുമായി ജോലി ചെയ്യുന്നവരും പരിമിതമായ തോതിലുണ്ട്

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഉൽപന്നമാണ് നാളികേരം. എന്നാൽ അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തേങ്ങ, ചിരട്ട, തെങ്ങ് എന്നിവയുപയേഗിച്ചുള്ള വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നടത്തുകയാണങ്ങിൽ ഈ മേഖലയിലേക്ക് ധാരാളം സംരഭകരെ ആകർഷിക്കാൻ ആറളം സെൻട്രൽ സ്റ്റെയിറ്റ് ഫാം ഉൾപ്പെടെയുള്ള ഒരു നാളികേര കോപ്ലക്സ് സ്ഥാപിക്കാനുള്ള സാധ്യതയും ഇവിടെയുണ്ട്. ( പട്ടിക 1 കാണുക.)

**പട്ടിക 1 . തൊണ്ട്, തേങ്ങ ഉപയോഗിച്ചുള്ള സംരംഭങ്ങൾ**

| വിഭാഗം | ക്രമ നമ്പർ | ഇനം |
|---|---|---|
| ക്രഷ് ഗ്രൂപ്പ് ഇൻഡസ്ട്രീസ് | 1. | നവീന രീതിയിലുള്ള തൊണ്ട് അഴുക്കൽ |
| | 2. | യന്ത്രമുപയോഗിച്ച് പച്ച ചകിരിനാരു നിർമാണം. |
| | 3. | യന്ത്ര വൽകൃത ചൂടി നിർമ്മാണം. |
| | 4. | ചവിട്ടി ചൂടി പടം ചകിരിനാരിന്റെ കിടക്ക തലയണ മുതലായ |
| | 5. | ചകിരിചോറ് ഉപയോഗിച്ചുള്ള വളം നിർമ്മാണം. |
| | 6. | തെങ്ങ് കൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും നിർമ്മാണം. |
| | 7. | തേങ്ങാ പൗഡറും ക്രീമും നിർമ്മാണം. |
| | 8. | വെളിചെണ്ണ |
| | 9. | കന്നു കാലി തൂറ്റ |
| | 10. | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയ നിർമ്മാണം. |

**പട്ടിക 2 . റബ്ബറധിഷ്ഠിത വ്യവസായങ്ങൾ**

| | | |
|---|---|---|
| ക്രഷ് ഗ്രൂപ്പ് ഇൻഡസ്ട്രീസ് | 1. | റബ്ബർ ഫോം ബെഡ്ഡുകൾ, കുഷ്യനുകൽ |
| | 2. | റബ്ബർ ബാൻഡ് ഗ്ലൗസ് ബലൂൺ |
| | 3. | കളിപ്പാട്ടങ്ങൽ |
| | 4. | റബ്ബർ ചെരുപ്പ് |
| | 5. | ഓട്ടോമൊബൈൽസ് ഉപകരണങ്ങൽ , റബ്ബർ ബുഷ് |
| | 6. | റബ്ബർ ഹോസ്സ്. |
| | 7. | ത്രഡ് റബ്ബർ |
| | 8. | സൈക്കിൾ ട്യൂബ്, ടയർ |

പഞ്ചായത്തിലെ എറ്റവും പ്രധാനപെട്ട കാർഷിക ഉൽപന്നമാണ് റബ്ബർ എല്ലാ വാർഡുകളിലും ധാരാളം റബ്ബർ കൃഷിയുണ്ട്. കൃഷിക്കാർ അസംസ്കൃത റബ്ബർ കുറഞ്ഞ വിലക്ക് നേരിട്ട് മാർക്കറ്റിൽ വിൽപ്പന നടത്തി അ തിൽ നിന്നു കിട്ടുന്ന പണം ഉപയോഗിച്ച് റബ്ബർ ഉൽപന്നങ്ങൾ അന്യായവിലക്ക് തിരിച്ച് വാങ്ങുകയാണ്. ഇവിടെ ഇരട്ട ചൂഷണത്തിന് വിധേയമാകുന്നു. പട്ടിക രണ്ടിൽ പറഞ്ഞ സംരംഭങ്ങൾ ഇവിടെ ആരംഭിച്ചാൽ സാമ്പത്തിക പുരോഗതിയും കൂടുതൽ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സാധിക്കും.

**കശുവണ്ടി സംസ്ക്കരണം**

ആറളം പഞ്ചായത്തിലെ പ്രധാനപ്പെട്ട നാണ്യവിളയാണ് കശുവണ്ടി. ലക്ഷക്കണക്കിനു രൂപ വില വരുന്ന കശുമാൻരഴം ഓരോ വർഷവും പാഴായി പോകുകയാണ്. ഏകദേശം 55.97 ടൺ ഒരു സീസണിൽ ഉൽപ്പാദിപ്പി ക്കുന്നു. പൂർണ്ണമായും തോട്ടണ്ടി സംസ്ക്കരണം പഞ്ചായത്തിനു പുറത്താണ് നടക്കുന്നത് നമ്മുടെ പഞ്ചായത്തിൽ തന്നെ തോട്ടണ്ടി സംസ്ക്കരണവും, ഗ്രേഡിങ്ങും നടത്താൻ സാധിച്ചാൽ ആയിരക്കണക്കിനു തൊഴിലളികൾക്കു ജോലി ഉറപ്പുവരുത്താൻ സാധിക്കും. കുടിവറുപ്പ് സമ്പ്രധായമാണ് ഇവിടെ എറ്റവും ഫലപ്രദം.എന്നാൽ ഗ്രേഡിങ്ങും പായ്ക്കിംങ്ങും വിപണനവും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു Mother Unit –നെ ചുമതലപെടുത്തണം.

കശുമാമ്പഴം സംസ്ക്കരിച്ച് അതിൽ നിന്ന് പാനീയങ്ങൾ ഉല്പാധിപ്പിച്ച് ശീതീകരിച്ച് വിപണനം നടത്തു ന്നതിനു സാധിക്കും. പഞ്ചായത്തിൽ ഒന്നോ രണ്ടോ എന്ന നിലയിൽ കേന്ദ്രീകൃത യൂനിറ്റുകൾ സ്ഥാപിക്കണം.

**പഴം സംസ്ക്കരണം. (വനിതായൂനിറ്റുകൾ)**

ആറളം പഞ്ചായത്തിൽ ധാരാളമായി ലഭ്യമാകുന്ന ചക്ക മാങ്ങ പൈനാപ്പിൾ നേന്ത്രപഴം മുതലായവ ശേഖരിച്ച് ചെറുകിട യൂണിറ്റുകളായി സംഘടിപ്പിച്ച് അച്ചാർ ജാം സ്ക്വാഷ് പഴച്ചാർ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ ഉ ല്പാദിപ്പിക്കുന്നതിനു സ്ധിക്കും

മുഖ്യമായും ഈ തുറയിൽ സ്ത്രീകളുടെ ധാരാളമായ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാധിക്കും. ഈ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു പഞ്ചായത്തിൽ തെരെഞ്ഞെടുക്കപ്പെട്ട കേ ന്ദ്രങ്ങളിൽ ആഴ്ചചന്തകൾ സ്ഥാപിച്ചാൽ മാർക്കറ്റിങ്ങ് രംഗത്തുള്ള പ്രയാസങ്ങൾ കുറച്ചുകൊണ്ട് വരുന്നതിനു സാധിക്കും.

**ചിപ്സ് നിർമാണം. (ബേക്കറി)**

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നേത്രക്കായ കപ്പ എന്നിവയും ഉരുളക്കിഴങ്ങും ഉപയോ ഗിച്ച് ചിപ്പ്സ് നിർമ്മാണം ലാഭകരമായി നടത്താൻ സാധ്യതയുണ്ട് . ഇത്തരം ഉല്പന്നങ്ങൾ House Hold Unit എന്ന നിലയിൽ ഉൽപാധിപ്പിക്കാവുന്നതാണ്. വിപണലത്തെ സമ്പന്ധിച്ചിടത്തോളം പ്രയാസം കുറഞ്ഞ ഉൽപ്പ ന്നങ്ങൾ ആണ് ഇവ. ഓരൊ ദിവസവും ഓരൊ വീടുകളിലും ബേക്കറി സാധനങ്ങളും ചിപ്സും വാങ്ങി ഉപയോ ഗിക്കാറുണ്ട്.

ഈ സാദ്ധ്യത ആധുനിക വിപണന തന്ത്രങ്ങൾ ഉപയോഗിച്ച് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാ ധിക്കും വലിയ മൂലധന നിക്ഷേപത്തിന്റെ പ്രശ്നങ്ങളും സാങ്കേതികത്വപ്രശ്നങ്ങളും ഇത്തരം സംരംഭങ്ങളം പ്ര തികൂലമായി ബാധിക്കില്ല എന്നതും ശദ്ധേയമാണ്.

**സുഗന്ധദ്രവ്യ സംസ്ക്കരണം.**

ആറളം പഞ്ചായത്തില് ധാരാളം ആയി ഉൽപ്പാധിപ്പിക്കുന്ന വിഭവങ്ങൾ ആണ്. കുരുമുളക്, ചുക്ക്, മഞ്ഞൾ, പുൽതൈലം മുതലായവ. ശാസ്ത്രീയ മായ കൃഷിരീരികൾ അവലംബിച്ചാൽ ഇന്നുള്ളതിൽ നിന്ന് മേൽ പറഞ്ഞ വിഭവങ്ങളുടെ ഉല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും.

മേൽപറഞ്ഞ വിഭവങ്ങൾ ഉപയോഗിച്ച് അവയുടെ തന്നെ വാണിജ്യാടിസ്ഥാനത്തിലുള്ള സംസ്ക്കരണം നടത്താൻ സാധിക്കും. ഉദാ:– വൈറ്റ് പെപ്പർ, ഗ്രീൻ പെപ്പർ നിർമ്മാണം.

**സോപ്പ് നിർമാണം.**

ആറളം പഞ്ചായത്തിൽ VII ാാം വാർഡിൽ വെളിമാനത്ത് വാഷിങ്ങ് സോപ്പ് നിർമാണ യൂനിറ്റ് പ്രവർത്തി ക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിന്റെ ചെറിയ ഒരു ഭാഗം മാത്രം ത്രിപ്തിപെടുത്താനെ ഈ യൂനിറ്റിനു സാധിക്കുന്നുള്ളു.

വാഷിങ്ങ് സോപ്പ്, വാഷിങ്ങ് പൗഡർ, ടോയിലറ്റ സോപ്പ് എന്നീ നിലയിൽ വിഭജിച്ച് ചെറുകിട യൂനിറ്റുകളായി ഈ രംഗത്തു സംരഭങ്ങൾ ആരംഭിക്കുന്നതിനു സാധ്യതയുണ്ട്.

ജനങ്ങളുടെ ഇന്നുള്ള ബോധനിലവാരം ഇത്തരം സംരംഭങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് സഹായകരമല്ല. വൻകിട കുത്തക കമ്പനികളുടെ ഉല്പന്നങ്ങൾ പരസ്യത്തിലൂടെ നാം വാങ്ങാൻ നിർബന്ധിപ്പിക്കുന്ന സാഹചര്യം ഇല്ലാതാക്കണം. ഗുണമേന്മയുടെ കാര്യത്തിൽ ചെറുകിട നാടൻ ഉൽപ്പന്നങ്ങൾ മെച്ചപ്പെട്ട നിലവാരം പുലർത്തിയാലും പരസ്യത്തിന്റെ സ്വാധീനവലയത്തിൽ കുടുങ്ങി നാടൻഉൽപ്പന്നങ്ങൾ പിൻതള്ളപ്പെടുന്നു .

**റെഡിമെയ്ഡ് വസ്ത്രനിർമാണം.**

ആറളം പഞ്ചായത്തിൽ എറ്റവും പ്രധാനപെട്ട ആവശ്യാധിഷ്ഠിതവും ലാഭകരവുമായി തുടങ്ങാൻ സാധിക്കുന്ന ഒരു വ്യവസായ സംരംഭമാണ് റെഡിമെയ്ഡ് വസ്ത്രനിർമാണം. പഞ്ചായത്തിനെ പൊതുവിൽ വാർഡ് അടിസ്ഥാനത്തിൽ മൂന്നൊ,നാലൊ, മേഖലകളായി തിരിക്കുക. ഓരോ മേഖലയ്ക്കും ഒരു യൂനിറ്റ് എന്ന അടിസ്ഥാനത്തിൽ ആരംഭിക്കാം. ഉൽപാധനം House Hold Unit അടിസ്ഥാനത്തിൽ ആകുന്നതാണ് എറ്റവും ഉചിതം. നിർമാണത്തിന് ആവശ്യമായ സാമഗ്രികൾ ഓരൊ Houde hold unit യഥാസമയം എത്തിച്ചുകൊടുക്കുന്നതിനും ഉൽപന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു Mother unit സ്ഥാപിക്കണം.

ജോലി പീസ് റേറ്റ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ വിദ്യാർത്ഥികൾക്കും, ജോലിക്കാർക്കും, വീട്ടമ്മമാർക്കും അവരുടെ പാഴായി പോകുന്ന ഒഴിവു സമയങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും.

എറ്റവും പുതിയ ഫേഷൻ ടെക്നോളജിയെ സംമ്പന്ധിച്ചും തൊഴിൽ രംഗത്തെ നൂതന സാങ്കേതിക വശങ്ങളെ സബന്ധിച്ചും അപ്പപ്പോൾ പഠിക്കുന്നതിനും പ്രയോഗത്തിൽ വരുത്തുന്നതിനും Mother unit മുൻകൈ എടുക്കാവുന്നതാണ്. അങ്ങിനെ Houde Hold Unit ന്റെ എസ്റ്റാബ്ലിശ്മെന്റ് ചാർജ് കുറച്ച് ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കും.

**ഹോളോ ബ്രിക്സ് നിർമാണം.**

കരങ്കൽ ജല്ലിയും കരിങ്കൽ പൊടിയും, പൂഴിയും സിമന്റും ആണ് ഈ വ്യവസായത്തിന്റെ അസംസ്കൃത വസ്തുക്കൾ. വെള്ളം സുലഭമായി ലഭിക്കാൻ സാധ്യതയുള്ള ഒരു പ്രദേശം തെരെഞ്ഞെടുത്ത് നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കരിങ്കൽ പൂഴി ഇവ സംഘടിപ്പിച്ചാൽ ഹോളോ ബ്രിക്സ് നിർമാണം നടത്താൻ സാധിക്കും.

കെട്ടിട നിർമാണ രംഗത്ത് വളർന്നു വരുന്ന പുതിയ പ്രവണതകൾ ഹോളോ ബ്രിക്സ് നിർമാണത്തിന് സഹായകമാണ് യാതൊരു വിധ മലിനീകരണ പരിസ്ഥിതി പ്രശ്നങ്ങളും കൂടാതെ ചെറുകിട യൂനിറ്റുകളായി ആരംഭിക്കാൻ സാധിക്കുന്നതാണ് ഇതിന്റെ യൂനിറ്റുകൾ.

**ഖാദി വ്യവസായ യൂനിറ്റുകൾ**

കുറഞ്ഞ മുതൽ മുടക്ക് കൂടുതൽ പേർക്ക് തൊഴിൽ ഇതാണ് ഖാദി വ്യവസായങ്ങളുടെ ലക്ഷ്യം. ഗ്രാമ പ്രദേശങ്ങളിൽ ലഭ്യമാകുന്ന് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി തൊഴിൽ രഹിതരായ എല്ലാവർക്കും ലാഭകരമായ വിധത്തിൽ നടത്താൻ കഴിയുന്നതാണ് എല്ലാ ഗ്രാമ വ്യവസായങ്ങളും. ആറളം ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന തുറകളിൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ വ്യവസായങ്ങൽ ആരംഭിക്കാൻ സാധ്യതകൾ ധാരാളം ആണ്.

1 ആശാരി പണി. (വുഡ് ക്രാഫ്റ്റ്)
2. കൊല്ലപ്പണി.
3. ചൂരൽകൊണ്ടും മുളകൊണ്ടുമുള്ള ഉൽപന്നങ്ങൾ നിർമാണം.
4. തേനീച്ച വളർത്തൽ
5. കുടനിർമാണം.
6. ഹെയർ ഓയിൽ നിർമാണം.
7.ഷാമ്പുനിർമാണം.
8. പി.വി.സി. ഉൽപന്നങ്ങൾ
9. തഴപ്പായ നിർമാണം.
10. പൽപൊടി നിർമാണം.

മറ്റ് തുറകളെ അപേക്ഷിച്ച് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ സേവന വേതന വ്യവസ്ഥകൾ ആകർഷകമല്ല. അതുകൊണ്ട് തന്നെ ഈ മേഖലയിലേക്ക് പുതിയ സംരംഭകർ കടന്നു വരാൻ വൈമനസ്യം കാണിക്കുന്നുണ്ട്.

**എൻജിനീയറിഗ്**

ജനറൽ എൻജിനീയറിഗ് ഓട്ടോ എൻജിനീയറിഗ് വൈൻഡിങ്ങ് ജനറൽ വർക്ക് ഷോപ്പ് , ഇലക്ട്രോണിക്സ് ഉൽപന്നങ്ങളുടെ നിർമ്മാണം. തുടങ്ങിയ മേഖലയിൽ പരിശീലനം നേടിയ യുവതീ യുവാക്കൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവർ ഇപ്പോൾ പഞ്ചായത്തിനു പുറത്ത് ജോലിയെടുക്കുന്നവരാണ്.

ഈ തുറകളിൽ ആറളം പഞ്ചായത്തിൽ ചെറുകിട യൂനിറ്റുകൾ ആരംഭിക്കാൻ ധാരാളം സാദ്ധ്യതകൾ ഉണ്ട്. മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് ഇത്തരം വ്യവസായങ്ങളുടെ സംഘാടനത്തിനു ആവശ്യമായ സ്ഥല സൗകര്യങ്ങൾ പൊതുവായി ഉണ്ടാക്കികൊടുക്കുന്നതിനു സാധിക്കണം.

**നിർദ്ദേശങ്ങൾ**

വ്യവസായം തുടങ്ങുന്നതിനു താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമുള്ള പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിനു വിദഗ്ദ പരിശീലനം നൽകുകയും താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലന കേന്ദ്രം ഏടൂരിൽ തുടങ്ങണം.
ജില്ലാ വ്യവസായ കേന്ദ്രം കണ്ണൂർ

ചെറുകിട വ്യവസായ സേവന ഇൻസ്റ്റിറ്റ്യൂട്ട് തൃശൂർ

ദേശീയ ചോറുകിട വ്യവസായ കോർപ്പറേഷൻ തൃശൂർ

കേരള വ്യവസായ സാങ്കേതിക ഉപദേശക സമിതി എറണാകുളം.

STED പ്രൊജക്റ്റ് ഓഫീസ് കോഴിക്കോട് റീജിയണൽ എൻജിനീയറിഗ് കോളേജ് കോഴിക്കോട് National institute for Enter premnership and amall business development New Delhi.

Enter Prenership Development Institute of india ahammadabad.

2. കരകൗശല രംഗത്ത് വിദഗ്ടമായ സേവനം നൽകുന്നതിനു Deputy Commissioner Ministery of Handaloom and textiles, Trichur എന്നിവരുമായി ബന്ധപ്പെട്ട് ഒരു Crft Development Centre സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

3. നമ്മുടെ പഞ്ചായത്തിൽ സുലബമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധ തരം വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നടത്തുന്നതിനു നാളികേര വികസന ബോർഡ് കേരഫെഡ് കയർ വികസന ഡയറക്ടർ റീജിയണൽ റിസർച്ച് ലാബോറട്ടറി തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം സെഘടിപ്പിക്കണം.

4. റെഡിമെയ്ഡ് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെ പറ്റിയും അതിന്റെ വിപണന സാധ്യതകളെ പറ്റിയും Indian Institute for Fashion Technology Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നൽകണം.

5. വ്യവസായം തുടങ്ങുന്നതിനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി വ്യവസായ സംരംഭങ്ങളെ പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ വിധത്തിൽ വ്യവസായം നടത്തികൊണ്ട് പോകിന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനും, വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും പഠനയാത്രകൾ സംഘടിപ്പിക്കണം.

6. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പ് വരുത്തുന്നതിനും വോൾട്ടേജ് നിലനിർത്തുന്നതിനും എല്ലാ വൈദ്യുതി ലൈനുകളും 3 Phase ആക്കി മാറ്റുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ഒരു സബ് സ്റ്റേഷൻ നിർമ്മിക്കുകയും ചെയ്യണം.

7. ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാധ്യതയുള്ളതിനാൽ എറ്റവും ചുരുങ്ങിയത് രണ്ട് ഏക്കർ സ്ഥലമെങ്കിലും താഴെ പറയുന്ന സ്ഥലങ്ങളിൽ ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് സംരംഭകർക്ക് വാടകക്ക് കൊടുക്കുന്ന പദ്ധതി നടപ്പിലാക്കണം. (കീഴ്പ്പള്ളി, വീർപ്പാട്, ആറളം, കാരാപറമ്പ് )

8.കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോൽസാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും പ്രസ്തുത രംഗത്തെ നല്ല നിലയിൽ പ്രാവർത്തികമാക്കുവാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനു പഞ്ചായത്ത് തലത്തിൽ ഒരു സ്ഥിരം മോണിറ്ററിങ്ങ് കമ്മിറ്റി രൂപീകരിക്കണം.

9. വീർപാടുള്ള ഗിരിജൻ ലാറ്റെറ്റ് സൊസൈറ്റിയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തണം.

10. ആറളം വന്യജീവി സംരക്ഷണ കേന്ദ്രത്തിന്റെയും ആറളം ഫോമിന്റെയും അടുത്ത് സ്ഥിതിചെയ്യുന്ന വിയറ്റനാമിൽ ഫോറസ്റ്റ് റിസോർട്ടുകൾ സ്ഥാപിച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാവുന്നതാണ്.

# വിദ്യഭ്യാസം

ബ്രിട്ടിഷുകാരുടെ ആഗമനത്തോടുകൂടിയുണ്ടായ വിദ്യഭ്യാസ സ്ഥാപനങ്ങളോ മിഷനറിമാരുടെ നേതൃത്വത്തിലുണ്ടായവിദ്യഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിനെ അനുഗ്രഹിച്ചിരുന്നില്ല. ആദ്യകാലത്ത് കാർഷിക മേഖയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ജനങ്ങൾ ഈ പഞ്ചായത്തിലെ ആറളം എന്നു പറയുന്ന പ്രദേശത്ത് നാലാം ക്ലാസ്സ് വരെയുള്ള ഒരു ബോർഡ് സ്ക്കൂൾ സ്ഥാപിച്ചതോടു കൂടി വിദ്യാഭ്യാസ മേഖലയിലേക്ക് ശ്രദ്ധ തിരിക്കുകയുണ്ടായി. ഏകദേശം 1906 ൽ ( വായ്മൊഴി ) ആണ് ഈ സ്കൂൾ നിലവിൽ വന്നത്. ഈ പഞ്ചായത്തിലെ ഏക വിദ്യാഭ്യാസ സ്ഥാപനമായിരുന്നു. ഈ സ്ക്കൂളാണ് ആറളം പഞ്ചായത്തിലെ ഇപ്പോഴത്തെ ഏക ഗവൺമെന്റ് ഹൈസ്കൂളായി മാറിയിരിക്കുന്നത്, ആദ്യകാലത്ത് അപ്പർ പ്രൈമറി വിദ്യാഭ്യാസം നേടുന്നതിനായി 15 കി.മി താണ്ടി കീഴൂർ, പേരാവൂർ ഹൈസ്കൂളിലാണ് പോയിരുന്നത്. എന്നാൽ ഈ സ്കൂളിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം അംഗുലീപരിമിതമായിരുന്നു. പിന്നീട് പഞ്ചായത്തിലെ കീച്ചേരി എന്നു പറയുന്ന സ്ഥലത്ത് ശ്രീ. കെ. കെ ചിണ്ടൻ നമ്പ്യർ മാനേജരായി നാലാം ക്ലാസ്സുവരെയുള്ള ഒരു സ്കൂൾ നിലവിൽ വരികയും നാലു വർഷത്തിന് ശേഷം അതിന്റെ പ്രവർത്തനം നിലക്കുകയും ചെയ്തു.

1949 മുതലുള്ള കുടിയേറ്റത്തിന്റെ ആരംഭത്തിൽ തന്നെ എടൂർ പ്രദേശത്ത് ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത സ്കൂളാണ് പിന്നീട് ആറളം പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ ( 1956 ) എന്ന ബഹുമതിക്കർഹമാകുകയും ചെയ്തത്. ഈ കാലഘട്ടത്തിൽ തന്നെ വീർപ്പാട് പ്രദേശത്ത് ശ്രീ. ചാത്തോത്ത് കണ്ണൻ ഗുരുകൾ ഏകദേശം 20 പേർക്ക് കളരി വിദ്യാഭ്യാസം നൽകിക്കൊണ്ട് ആരംഭിച്ച സ്ഥാപനത്തിന് 1944 ൽ ഗവൺമെന്റ് അംഗീകാരം നൽകുകയും രാമാനന്ദ വിലാസം സ്കൂൾ ആയി പ്രവർത്തനമാരഭിക്കുകയും ചെയ്തു. പ്രസ്തുത സ്കൂളിലെ പ്രഥമ അധ്യാപകൻ കുഞ്ഞിരാമൻ മാസ്റ്റർ ആയിരുന്നു. ശ്രീ മഠപ്പുരയ്ക്കൽ കുഞ്ഞിരാമൻ ആയിരുന്നു. മാനേജർ. മലയാളർ എന്ന വിഭാഗത്തിലുള്ള കേരളത്തിൽ ഈ പ്രദേശത്തു മാത്രം താമസിക്കുന്ന ഈ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി സ്ഥാപിച്ച സ്കൂളായിരുന്നു ഇത് എങ്കിലും പിന്നീട് കൃസ്ത്യൻ മാനേജ്മെന്റിന് വിൽക്കുകയാണ് ഉണ്ടായത്. എന്നാൽ കുട്ടികളുടെ ദൗർലഭ്യത്തിന്റെ കണക്കു പറഞ്ഞ് ഈ സ്കൂൾ വെള്ളിമാനത്തേക്ക് മാറ്റുകയും ചെയ്തു. പ്രസ്തുത സ്കൂൾ ആണ്. ഇന്നും സെന്റ് സെബാസ്റ്റ്യൻസ് യു.പി സ്കൂൾ (1949) വീർപ്പാട് എന്ന പേരിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ഈ സമയത്തു തന്നെ ശ്രീ. കണിശൻ കുഞ്ഞിരാമന്റെ നേതൃത്വത്തിൽ 13 പേരെയും കൊണ്ട് തുടങ്ങിയ സ്ഥാപനമാണ് പിന്നീട് ഗവൺമെന്റ് എൽ.പി. സ്കൂൾ ഇടവേലി (1954) എന്ന പേരിൽ ഇപ്പോഴും പ്രവർത്തിച്ചു വരുന്നത്.

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസ മേഖലയിൽ ഒരു പുത്തനുണർവ് ഗ്രാമ ഗ്രാമാന്തരങ്ങളിൽ ഉണ്ടായതിന്റെ അലയടി ആറളം പഞ്ചായത്തിലും ഉണ്ടായതായി കാണാം. ആറളം പഞ്ചായത്തിലെ മുസ്ലി ജന വിഭഗങ്ങളിൽ സിംഹഭാഗവും അധിവസിക്കുന്നത് ആറളം പ്രദേശത്താണ്. മുസ്ലിം വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആ ജനവിഭാഗം ചിന്തിക്കാൻ തുടങ്ങുകയും അതിൻഫലമായി മുസ്ലിം പള്ളിക്കമ്മറ്റിയുടെ കിഴിൽ ആറളം എം. ഐ. എം. എൽ. പി. സ്കൂൾ 1-6-1934 സ്ഥാപിച്ചു. എന്നാൽ ഈ സ്കൂൾ 1964 ൽ യു. പി ആക്കിമാറ്റുകയും വീണ്ടും 1974 ൽ എൽ. പി ആക്കുകയും ചെയ്തു. ആയിഷ എൽ. പി (8.6.1960) ചെടിക്കുളം, സുഹറ യു. പി സ്കൂൾ (1964) വെള്ളർവയൽ, നിർമ്മല എൽ. പി. സ്കൂൾ അടിച്ചുവാരി, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ (1979) വെളിമാനം, ഗവൺമെന്റ് യു.പി സ്കൂൾ ആറളം ഫാം എന്നിവയാണ് യഥാക്രമം ഈ പഞ്ചായത്തിൽ നിലവിൽ വന്ന സ്കൂളുകൾ അങ്ങനെ ആകെ 11 സ്കൂളുകൾ ഇപ്പോഴും ആറളം ഗ്രാമപഞ്ചായത്തിലുണ്ട്. ഇതിൽ 5 എൽ.പി. സ്കൂൾ, 3 യു.പി സ്കൂൾ, 3 ഹൈസ്കൂൾ എന്നിവയുണ്ട്. ഇതിൽ തന്നെ 1 1 എൽ.പി, 1 യു.പി, 1 ഹൈസ്കൂൾ സർക്കാർ മേഖലയിലാണ്. ബാക്കി 8 സ്കൂളുകളും സ്വാകാര്യ മേകലയിലാണ്. ആകെയുള്ള 3 സർക്കാർ സ്കൂളുകളിൽ മൊത്തം അധ്യാപകരിൽ 20.18 % വും വിദ്യർത്ഥികളിൽ 21.76 % വും ഉണ്ട്. ചാർട്ട് 1 B നോക്കുക.

പട്ടിക – 1 (എ)

വിദ്യാർത്ഥികൾ, അധ്യാപകർ

| No. | സ്ക്കൂൾ | മാനേ–ജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1. | ഗവ. എച്ച്.എസ്. ആറളം | ഗവ. | 552 | 494 | 1046 | 32 |
| 2. | M.I.M. L.P. ആറളം | മാനേ. | 152 | 126 | 278 | 10 |
| 3. | ഗവ.U.P. ആറളംഫാം | ഗവ. | 58 | 64 | 122 | 5 |
| 4. | സുഹറ U.P.വെള്ളർവയൽ | മാനേ. | 177 | 163 | 340 | 14 |
| 5. | S.M.L.P. എടൂർ | മാനേ. | 220 | 214 | 434 | 11 |
| 6. | S.M.H.S. എടൂർ | മാനേ. | 701 | 714 | 1415 | 48 |
| 7. | S.S.H.S. വെളിമാനം | മാനേ. | 343 | 383 | 726 | 31 |
| 8. | S.S.U.P. വീർപ്പാട് | മാനേ. | 587 | 553 | 1140 | 37 |
| 9. | നിർമ്മല L.P.S അടിച്ചൂവാരി | മാനേ. | 221 | 119 | 340 | 12 |
| 10. | ആയിഷ L.P.S ചെടിക്കുളം | മാനേ. | 181 | 170 | 351 | 11 |
| 11. | ഗവ. L.P. ഇടവേലി | ഗവ. | 117 | 113 | 230 | 7 |
| | ആകെ | | 3309 | 3113 | 6422 | 218 |

അവലംബം സെക്കന്ററി ഡാറ്റ

പട്ടിക – 3

L.P., U.P., H.S., വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യർത്ഥികൾ | L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 6354 | 1205 | 1154 | 45.91 | 1136 | 991 | 46.59 | 945 | 923 | 49.41 |
| | | | | | | | | ആകെ | 48.28% |

പട്ടിക – 3 (എ) പഠനം നിർത്തിയവരുടെ കണക്ക്

| | എസ്.സി./എസ്.റ്റി. | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എൽ.പി. 1 | 1 | – | 1 | 2 | 1 | 3 |
| യു.പി. 1 | 1 | – | 1 | 22 | 8 | 30 |
| എച്ച്.എസ്.6 | 6 | 6 | 6 | 50 | 44 | 98 |
| ആകെ 8 | 8 | 8 | 8 | 74 | 57 | 131 |

സെക്കന്ററി ഡാറ്റ

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

പട്ടിക 3 (സി)

| L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1936 | 228 | 12.5 | 2087 | 162 | 7.98 | 1868 | 115 | 6.23 |

അവലംബം: പൊതുവിവരണ ശേഖരണ സർവ്വെ

**ഗവ. സ്ക്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്**

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | 3 ഗവ. വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ഗവ.അധ്യാപക കരുടെ എണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്ക്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 218 | 44 | 20.18% | 6422 | 1398 | 21.76% |

പൊതു വിദ്യാലയങ്ങളിൽ തങ്ങളുടെ മക്കളെ ചേർക്കാൻ ഇവിടുത്തെ ജനങ്ങൾ തൽപരരാണെങ്കിലും ഈ സ്കൂളുകളുടെ വിജയശതമാനക്കുറവും അസൗകര്യങ്ങളും ഇതിൽ നിന്നും അവരെ പിൻതിരിപ്പിക്കുന്ന ഘടകങ്ങളാണ്. ഇവിടെ രണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തുക്കുന്നുണ്ട്. 95 ഓളം കുട്ടികൾ ഇവിടെ പഠനം നടത്തുന്നു. ഇതു കൂടാതെ പഞ്ചായത്തിന് പുറമെയുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലേക്കും പോകുന്നുണ്ടെന്ന വസ്തുത കേരളമാകെയുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിതാവേശം ആറളം പഞ്ചായത്തിനെയും ബാധിച്ചുണ്ടന്ന വസ്തുതയിലേക്ക് വിരൽ ചുണ്ടുന്നു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല ഗവ: ഷോളിടെക്നിക് മട്ടന്നൂർ, പി. ആർ. എൻ. എസ്. എസ്. കോളേജ് മട്ടന്നൂർ, നിർമ്മലഗിരി കോളേജ് കൂത്തുപറമ്പ് മഹാത്മ കോളേജ് ഇരിട്ടി എന്നിവിടങ്ങളിലാണ് ഉപരിപഠനത്തിനാശ്രയം. ഈ കോളേജുകൾ പഞ്ചായത്തിൽ നിന്നും ഏകദേശം 15മുതൽ 40 കി. മി അകലെയാണെന്നത് എടുത്തു പറയട്ടെ എങ്കിലും ഈ സ്ഥാപനങ്ങളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവേശനം കിട്ടുന്നവരുടെ എണ്ണം വളരെ കുറവാണ്

ആകെ 3 ഹൈസ്കൂളുകളാണ് ഈ പഞ്ചായത്തിലുള്ളത്. അതിൽ ഒന്ന് സർക്കാർ സ്ഥാപനമാണ്. ഈ സ്ഥാപനത്തിലെ വിജയ ശതമാനം ആശാവഹമല്ല. അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കുന്നവരുടെ എണ്ണം കുറവായതിന്റെ കാരണം ഇവിടെ വ്യക്തമാണ്. ഓരോ വർഷവും എടൂർ, ഇരിട്ടി എന്നീ സ്ഥലങ്ങളിലെ പാരലൽ കോളേജുകളിൽ 100 നും 200 നു മിടയിൽ വാദ്യാർത്ഥികൾ ശരണം പ്രപിക്കുന്നു. ആറളം പഞ്ചായത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ട്യൂഷൻ നൽകുന്ന രണ്ട് സ്ഥാപനങ്ങളുണ്ട്. അവിടെ തന്നെ പ്രി. ഡി.ഗ്രി, ഡിഗ്രി, ക്ലാസ്സുകളുമുണ്ട്. ഈ സ്ഥാപനങ്ങളിൽ 425 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ഈ പഞ്ചായത്തിൽ ടൈപ്പ് റൈറ്റിംഗ് ഇൻസറ്റിറ്റ്യൂട്ടുകളെന്നും നിലവിലില്ലങ്കിലും ഇത് പരിശീലിക്കുന്നതിനായി പുറമെ പോകുന്നവരും കുറവല്ല

കമ്പ്യൂട്ടർ ട്രെയിനിങ്ങ് അടക്കമുള്ള സാങ്കേതിക വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളോ ടെക്നിക്ക് സ്കൂളുകളോ ഈ പഞ്ചായത്തിലില്ല. തന്മൂലം ഈ പരിശീലനം ലഭിക്കുന്നതിന് ഏകദേശം 30 കി. മി യാത്ര ചെയ്യേണ്ടി വരുന്നു.

11 സ്കൂളുകളിലായി 3309 ആൺകുട്ടികളും 3113 പെൺകുട്ടികളും പഠിക്കുന്നു. നഴ്സറി ക്ലാസുകളിൽ 102 ആൺകുട്ടികളും 163 പെൺകുട്ടികളും പടിക്കുന്നു. 11 സ്കൂളുകളിലായി 218 അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ 44 പേർ സർക്കാർ സ്കൂളുകളിലാണ്. ഈ പഞ്ചായത്തിൽ 9 അങ്കണവാടികളുണ്ട്. 2 ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മൂന്നു വയസ്സിനും അഞ്ചു വയസ്സിനും ഇടയിലുള്ള കുട്ടികളധികവും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കൻവാടികളിൽ പോകുന്നു. 24,195 ൽ പരം ജനങ്ങളുള്ള ഈ പഞ്ചായത്തിൽ അങ്കണവാടികളുടെ എണ്ണം പരിമിതമാണ്. 6 ഓളം അങ്കണവാടികൾ കൂടി നിർദ്ദേശിക്ക

പ്പെട്ടിട്ടുണ്ട്. അങ്കണവാടികൾ കൂടുതൽ ആവശ്യപ്പെടുന്നതിനോടൊപ്പം ഈ സ്ഥാപനങ്ങളുടെ പരിമിതികൾ എടുത്തു പറയട്ടെ. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇതിൽ ഭൂരിപക്ഷം സ്ഥാപനങ്ങൾക്കും ഇല്ല എന്നത് വസ്തുത യാണ്.

മുസ്ലിം മതപഠന സ്ഥാപനങ്ങളായ മദ്രസകൾ 2 എണ്ണം ഇവിടെയുണ്ട്. മറ്റെല്ലായിടങ്ങളിലും പോലെ ഇവി ടെയും സ്കൂൾ സമയത്തിന് മുമ്പും പിമ്പും മത പഠനക്ലാസുകൾ നൽകുന്നുണ്ട്. ഈ പഞ്ചായത്തിൽ ജോലി ചെ യ്യുന്ന തദ്ദേശിയരായ അദ്ധ്യാപകരുടെ എണ്ണം കുറവാണ്.

ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പ്രവേശനം ലഭിക്കുന്നവരുടെ പട്ടികയിൽ ഈ പ്രദേശത്തുള്ള വി ദ്യാർത്ഥികലുടെ എണ്ണം വളരെ കുറവാണ്.

സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യസം നിലവിലുണ്ടെങ്കിലും സമൂഹത്തിന്റെ താഴെത്തട്ടിലുള്ള വരിലേക്ക് വിദ്യഭ്യാസം ഇറങ്ങിച്ചെന്നിട്ടുണ്ടോ എന്നു നാം പരിശോധിക്കേണ്ടതായുണ്ട്. ഈ പ്രദേശത്തെ പട്ടിക വർഗക്കാർ പണിയരും കുറിച്ച്യരുമാണ്. ഇതിൽ ഭൂരിഭാഗമായ പണിയ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉ യർത്താതെ ആറളം പഞ്ചായത്തിന് വിദ്യഭ്യാസ പുരോഗതി കൈവരിച്ചു എന്നഭിമാനിക്കാനാവില്ല. ഈ വിഭാഗ ക്കാർ ആദികാലങ്ങളിലെന്നല്ല ഇപ്പോഴും സ്കൂളിൽ പോകാൻ മടി കാണിക്കുന്നവരാണ്. എങ്കിലും സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സാമ്പത്തിക സഹായങ്ങൾ കൊണ്ട് ഇവരെ ഒരു പരിധിവരെ സ്കൂളിലെത്തിക്കുന്നതിന് കഴി ഞ്ഞിട്ടുണ്ടെങ്കിലും അവരെ സ്ക്കൂളിൽ നിലനിറുത്താൻ നമുക്ക് കഴിയാറില്ല. ഈ കുട്ടികളിൽ ഭൂരിഭാഗവും പഠി ക്കുന്നത് നിർമ്മല എൽ. പി. സ്കൂൾ അടിച്ചുവാരിയിലാണ്. അതുകൊണ്ട് തന്നെ ഈ സ്കൂൾ അപഗ്രേഡ് ചെയ്യേ ണ്ടതിന്റെ ആവശ്യകത വർദ്ധിക്കുന്നു. എന്നാൽ കഴിഞ്ഞ വർഷം നടപ്പിലാക്കിയ പട്ടിക വർഗക്ഷേമ തീവ്രയത്ന ത്തിന്റെ ഫലമായി ആറളം പഞ്ചായത്തിലുള്ള 12 വയസ്സിൽ താഴെയുള്ള മുഴുവൻ കുട്ടികളെയും സ്കൂളിലെത്തി ക്കാൻ കഴിഞ്ഞതിൽ പഞ്ചായത്തിന് അഭിമാനിക്കാനവകാശമുള്ളതോടൊപ്പം അവരെ സ്കൂളിൽ നില നിർത്തേണ്ട ബാദ്ധ്യതയും നമുക്കുണ്ട്. വിദ്യാഭ്യാസത്തിലൂടെയല്ലാതെ ഇവരുടെ ഉന്നമനം സാധ്യമല്ല എന്നത് നാം മറക്കരുത്. ഇതിനു പുറമെ സാക്ഷരതാ പ്രവർത്തനം വളരെ ഊർജ്ജസ്വലതയോടെ പഞ്ചായത്ത് ഏറ്റെടുത്തിരുന്നു. അതിന്റെ ഫലമായി സാക്ഷരതാ നിരക്കിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും നിരക്ഷരുടെ എണ്ണവും ചെറുതല്ല. സാക്ഷരതാ യജ്ഞത്തിന്റെ ആവേശം മറ്റെല്ലായിടങ്ങളിലും പോലെ ആറളം പഞ്ചായത്തിനും പിടിച്ചു നിർത്താൻ സാധിച്ചിട്ടില്ല. പണിയ വിഭാഗത്തിനുള്ള സാക്ഷരതാ പ്രവർത്തനം തുടർ പ്രക്രിയയായി മാറ്റിയത് ആ ശാവഹമാണ്. പുതിയ ഒരു മാതൃകക്കായുള്ള അന്വേഷണം നടക്കേണ്ട മേഖലയാണ് സാക്ഷരതയുടേത്.

കണ്ണൂർ ജില്ലയിലെ വിദ്യഭ്യാസ നിലവാരം ഉയർത്താൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചതിന്റെ ഫലമായി 'ഗുരുകുലം' വിദ്യാഭ്യാസ പദ്ധതി നിലവിൽ വന്നു. പ്രായോഗിക പരിജ്ഞാനത്തിനും കൂടി പരിഗണന നൽകുന്നു എന്നതാണ് ഈ രീതിയുടെ പ്രത്യേകത. ഇതിന്റെ പ്രാരംഭ നടപടികൾ ഈ പഞ്ചാത്തിലും തുടങ്ങിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ മേഖലയിൽ കൊണ്ട് വരുന്ന നൂതന പദ്ധതികൾക്ക് അദ്ധ്യാപകർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നുണ്ടോ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. മത്സര പരീക്ഷയെ ലക്ഷ്യമാക്കിയുള്ള ബോധനം വിദ്യാഭ്യാസത്തെ ഒരു യാന്ത്രിക വൃത്തിയാക്കി ചുരുക്കി എന്ന കാര്യം ശ്രദ്ധേയമാണ്. ഇതിന് സമൂലമായ മാറ്റം അനിവാര്യമെന്ന ധാരണയിൽ മറ്റ് സ്ഥലങ്ങളിൽ രൂപം കൊണ്ട്–ഉദാ: 'ശിവപുരം കോപ്ലക്സ്', 'അക്ഷരപുലരി', 'ഒന്നാം ക്ലാസ് ഒന്നാം തരം', 'അക്ഷരവേദി', അവസാനം ജില്ലയിൽ വന്ന 'ഗുരുകുലം' പദ്ധതി ഇവയൊക്കെ നാം വിമർശന ബുദ്ധിയോടെ വീക്ഷീക്കുകയും നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിലെ എസ്, എസ്, എൽ, സി, വിജയശതമാനം പട്ടികയിൽ കൊടുത്തിരിക്കുന്നു. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ വിജയശതമാനം തൃപ്തികരമല്ല എന്ന നിഗമനത്തിലെത്തിച്ചേരുന്നു. വി ജയശതമാനം ഉയർത്തുന്നതിനാവശ്യനായ ക്രിയാത്മകമായ പരിപാടികൾ നാം ഇനിയും കൈകൊള്ളേണ്ടിയിരി ക്കുന്നുവെന്ന് സൂചിപ്പിക്കട്ടെ. ഇതിൽ തന്നെ ഗവൺമെന്റെ സ്കൂളിലെ വിജയശതമാനത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കേണ്ടതാണ്. ഇതിന് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ പ്ര വർത്തനം അനിവാര്യമാണ്.

അദ്ധ്യാപക പരിശീലനത്തിന്റെ ഗുണ നിലവാരമില്ലായ്മ, ശാസ്ത്രീയമായ ബോധന രീതികളുപയോഗി ക്കാൻ അധ്യാപകർ കാണിക്കുന്ന വൈമുഖ്യം, അശാസ്ത്രീയ മൂല്യനിർണ്ണയ സമ്പ്രദായം, മോണിറ്ററിങ്ങിന്റെ അ

| ക്ലാസ്സുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | 30% നും 40% ഇടയിൽ മാർക്ക് ലഭിച്ചവർ | 40% നും 50% മാർക്ക് നേടിയവർ | 50% നും 60% മാർക്ക് നേടിയവർ | 60% മുകളിൽ മാർക്ക് നേടിയവർ |
|---|---|---|---|---|---|
| III | 58 | 122 | 133 | 79 | 170 |
| IV | 67 | 118 | 147 | 128 | 116 |
| V | 121 | 119 | 165 | 153 | 105 |
| VI | 99 | 153 | 174 | 124 | 122 |
| VII | 142 | 214 | 190 | 154 | 101 |
| VIII | 267 | 112 | 125 | 83 | 59 |
| IX | 184 | 187 | 134 | 81 | 77 |
| X | 306 | 120 | 63 | 27 | 24 |

അവലംബം സ്ക്കൂൾ രേഖകൾ (പട്ടിക 1 (സി)

പര്യാപ്തത, പാരാ അക്കാദമിക്ക് പ്രവർത്തനങ്ങളോടുള്ള അലംഭാവം, വീടുകളിലെ പഠന സാഹചര്യത്തിന്റെ പരിമിതകൾ, സാമൂഹികമായ പിന്നോക്കാവസ്ഥ, വിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷകർത്താക്കളിലും പൊതുവെ സമൂഹത്തിലും വ്യാപിച്ചിട്ടുള്ള തെറ്റായ ധാരണകൾ, വിദ്യാഭ്യാസവും ജീവിതവുമായുള്ള ബന്ധമില്ലായ്മ ഇവയെല്ലാം വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്കും വിജയശതമാന ക്കുറവിനും ആക്കം കൂട്ടന്ന ഘടകങ്ങളാണ് നിലവിലുള്ള സ്കൂളുകളുടെ ഭൗതിക, അക്കാദമിക്ക് സൗകര്യങ്ങളും പരിമിതിയും എടുത്തു പറയണ്ടതാണ്.

ഇവയ്ക്കല്ലാം പുറമെ പി.ടി.എ യുടെയും മദർ പി.ടിയുടേയും പങ്ക് വളരെ വിലയേറിയതാണ്. നിലവിലുള്ള സ്കൂളുകളിലെ പി.ടി.എ ചാർട്ട് നോക്കുക. പി.ടി.എ സജീവമാണെന്ന് ഇത് സൂചിപ്പിക്കുന്നു. വിദ്യാഭ്യാസം സമൂഹത്തിന്റെ അനിവാര്യമാണെന്ന ബോധം ഇനിയും ജനങ്ങളിൽ വളർന്നുവരേണ്ടതായുണ്ട്. വിദ്യാഭ്യാസത്തിന്റെ വരേണ്യവൽക്കരണവും തൊഴിലില്ലായ്മയും വിദ്യാർത്ഥികളെ പിന്നോക്കം വലിക്കുന്ന ഘടകങ്ങളാണ്. മിടുക്കരായ കുട്ടികൾക്ക് പ്രോൽസാഹനം നൽകാൻ നാം പലപ്പോഴും മറന്നു പോകുകയോ അമാന്തിക്കുകയോ ചെയ്യുന്നു. ഇവർക്ക് പ്രോൽസാഹനം നൽകുന്നതിലും പഠന സൗകര്യങ്ങളൊരുക്കുന്നതിലും നാം വൈമുഖ്യം കാണിച്ചു കൂടാ. വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം വ്യക്തിത്വവികാസത്തിനു പുറമെ സമൂഹത്തിന്റെ വികസനവുമായതു കൊണ്ട് വായനശാലകളുടെ പങ്ക് വിലപ്പെട്ടതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല.

വാദ്യാഭ്യാസ നിലവാരം താഴുന്നതിന്റെ കാരണങ്ങളായി നിരവധി വസ്തുതകൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. മിക്ക സ്കൂളിലും ഇതിന്റെ പ്രധാന കാരണങ്ങളിലൊന്നായി കാണിക്കുന്നത് വിദ്യാർത്ഥി സമരങ്ങളാണ്. എന്നാൽ ഈ സമരങ്ങൾ ഈ പഞ്ചായത്തിലുണ്ടാകാറില്ല. ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ അതിപ്രസരം എന്നിവ അനഭിലഷണീയമായ പ്രവണതകളിലേക്ക് കുട്ടികൾ വഴുതിവീഴാനിടയാകുന്നു. നല്ലൊരു വിഭാഗം കുട്ടികൾ ഗൈഡുകളെയും ട്യൂഷൻ ക്ലാസ്സുകളെയും ആശ്രയിക്കുന്നുണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ 'വിജ്ഞാനോത്സവ് ' പരീക്ഷകൾ ഈ പഞ്ചായത്തിലെ സ്കൂളുകളിൽ നടക്കുന്നുണ്ട്. ശാസ്ത്ര മാസികകളായ യുറീക്കയും ശാസ്ത്ര കേരളവും യഥാക്രമം 150ഉം 30ഉം എണ്ണം വാറ്റഴിക്കപ്പെടുന്നുണ്ട്.

ലാബറട്ടറി, ലൈബ്രറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്കൂളുകളും പഞ്ചായത്തിലുണ്ട്. ചാർട്ട് നോക്കുക. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാലയങ്ങളുടെ ഏറ്റവും വലിയ പോരായ്മകളാണ്. മൂത്രപ്പുര. കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത ചാർട്ട് 2ൽ കൊടുത്തി

രിക്കുന്നു. മൂത്രപ്പുരയില്ലാത്ത ഒന്നും കക്കൂസില്ലാത്ത മൂന്നും വൈദ്യുതി ലഭിക്കാത്ത നാലും സ്കൂളുകളാണുള്ളത്. കുടിവെള്ളം എല്ലാ സ്കൂളിലും ലഭ്യമാണ്.

വിദ്യാർത്ഥികളുടെ പഠന നിലവാരം ചാർട്ട് കൊടുത്ത വിജയ ശതമാനത്തിൽ നിന്നും വ്യക്തമാണ്. ഗവൺമെന്റ് ഹൈസ്കൂളിലെ വിജയശതമാനമൊഴിച്ചാൽ മറ്റ് രണ്ട് ഹൈസ്ക്കൂളിലെയും വിജയശതമാനം ആശാവഹമാണ്. ഗവൺമെന്റ് വിജയശതമാനം നാം ശരിക്കും പഠന വിധേയമാക്കേണ്ടിയിരിക്കുന്നു. വിജയ ശത

പട്ടിക – 11, ഭൗതിക സാഹചര്യങ്ങൾ

| സ്ക്കൂൾ | ആകെ വിദ്യാ. | ആകെ അധ്യാ. | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| 1. G.H.S. ആറളം | 258 | 32 | 2 | 1 | ഉണ്ട് | ഉണ്ട് |
| 2. M.I.M. ആറളം | 258 | 10 | 1 | ഇല്ല | ഇല്ല | ഇല്ല |
| 3. G.U.P. ആറളം | 122 | 5 | 1 | 3 | ഉണ്ട് | ഇല്ല |
| 4. U.P. വെള്ളർവയൽ | 340 | 14 | 1 | 1 | ഉണ്ട് | ഇല്ല |
| 5. S.M.L.P. എടൂർ | 434 | 11 | 2 | 1 | ഉണ്ട് | ഉണ്ട് |
| 6. S.M.H.S. എടൂർ | 1415 | 48 | 2 | 4 | ഉണ്ട് | ഉണ്ട് |
| 7. S. S.H.S. വെളിമാനം | 726 | 31 | 2 | 1 | ഉണ്ട് | ഉണ്ട് |
| 8. S.S.U.P. വീർപ്പാട് | 1140 | 37 | 1 | 2 | ഉണ്ട് | ഉണ്ട് |
| 9. A.L.P. ചെടിക്കുളം | 351 | 11 | 1 | 1 | ഉണ്ട് | ഉണ്ട് |
| 10. N.L.P. അടിച്ചുവാരി | 340 | 12 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 11. G.L.P. ഇടവേലി | 230 | 7 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |

മാനം ഉയർത്തുന്നതിനാവശ്യമായ സ്വതര നടപടികൾ കൈകൊള്ളുന്നതിൽ നാം ഇനിയും അമാന്തിച്ചു കൂടാ എന്ന കാര്യത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നാം അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ അക്കാദമി പ്രവർത്തനങ്ങൾ അനുപൂരക വിദ്യാഭ്യാസം പ്രതിമാസ അധ്യാപക സംഗമം പഠന പ്രവർത്തനങ്ങലുടെ ആസൂത്രണം സമഗ്രമായ മൂല്യ നിർണ്ണയം അധ്യാപക പുന പരിശീലനം അക്കാദമിക്ക് മോണിറ്ററിങ്ങ് അക്കാദമിക്ക് സന്ദർനം. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സാഹിത്യസമാജം, ചുമർ കൈയ്യെഴുത്ത് മാസിക തയ്യാറാക്കുക, സയൻസ് ക്ലബ്ബ്, വായന ക്കോർണർ, പഠനയാത്ര, ദേശീയ ദിനാചരണം ഇവ തങ്ങളുടെ സ്കൂളുകളിൽ നടക്കുന്നുണ്ടന്ന് ഓരോ അധ്യാപകനും രക്ഷിതാക്കളും ഉറപ്പു വരുത്തുക അതു പോലെ തന്നെ സ്കൂൾ ക്ലോംപ്ലക്സുകൾ സ്ഥാപ്പിക്കുക, ഒന്നാം ക്ലാസ്സ് ഒന്നാം തരം, അക്ഷര വേദി തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക.

പഞ്ചായത്തിൽ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക, ദ്വിതീയ വിവരങ്ങളുടെയും ഗ്രാമ സഭകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള നിഗമനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 11 ഗ്രാമ സഭകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. പൊതുവെ വിദ്യാഭ്യാസ നിലവാരത്തകർച്ച സ്കൂളിലെ ഭൗതിക സാഹചര്യക്കുറവ്, സമയ ബന്ധിതമായി പാഠ ഭാഗങ്ങൾ തീർക്കുന്നതിൽ കാണിക്കുന്ന അലംഭാവം, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം, അങ്കണവാടികളുടെ അടിസ്ഥാന ,സൗകര്യ ക്കുറവ്, ആവശ്യമായ പഠനോപകരണങ്ങളില്ലായ്മ എന്നിവ നമ്മുടെ പ്രശ്നങ്ങളായി കാണുന്നു. നിലവിലുള്ള മൂല്യനിർണ്ണയ സമ്പ്രാദായങ്ങളെ ക്കുറിച്ചും പി.ടി.എ ശക്തമാക്കേണ്ടതിനെ ക്കുറിച്ചും സജീവ ചർച്ച ഉണ്ടായി പുതുതായി ഒരു സ്കൂൾ വിയറ്റ്നാം കോളനിയിൽ സ്ഥാപ്പിക്കണമെന്ന് നിർദ്ദേശിച്ചതോടൊപ്പം നിലവി

ലുള്ള സ്കൂളുകളുടെ ഭൗതീക സാഹചര്യക്കുറവ് എത്രയും പെട്ടെന്ന് പരിഹരിക്കണമെന്ന് നിർദ്ദേശവും വന്നിട്ടുണ്ട് ഒരു കി. മി പരിധിയിൽ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപന ലഭ്യത എന്ന സ്വപ്നം പഞ്ചായത്തിന് ഏതൊക്കുതെ സാധിച്ചിട്ടുണ്ട്. അയൽപക്ക സ്കൂൾ സുഗമമായി കർമ്മനമായി നടപ്പിലാക്കേണ്ടതാണ്.
ഗ്രാമ സഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 5 കൊല്ലത്തേക്ക് നടത്തേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പട്ടിക വർഗ്ഗ വിഭാഗക്കാരിൽ ഭൂരിഭാഗവും താമസിക്കുന്ന വിയറ്റ്നാം കോളനിയിൽ ഒരു എൽ. പി. സ്കൂൾ സ്ഥാപിക്കുക.
2. പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതൽ പഠിക്കുന്ന നിർമ്മല എൽ. പി സ്കൂൾ അപ ഗ്രേഡ് ചെയ്യുക. ഇതോടൊപ്പം തന്നെ അപഗ്രേഡ് ചെയ്യേണ്ട മറ്റൊരു സ്കൂളാണ് ഗവൺമെന്റ് എൽ.പി സ്കൂൾ ഇടവേലിയും ചെടിക്കുളവും.
3. ഈ പഞ്ചായത്തിൽ ഒരു ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുക.
4. വെളിമാനം, എടൂർ ഹൈസ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുക
5. നിലവിലുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ആറളം ഹൈസ്കൂളിൽ കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുക.
6. സ്കൂളുകളിൽ മൂത്രപ്പുര, കക്കൂസ്, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക
ആദിവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയും അതിനാവശ്യമായ പരിശീലനവും പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുക
വായനശാലകളുടെ പ്രവർത്തനം സജീവമാക്കുക. വിദ്യാഭ്യാസ രംഗത്തെ ജനകീയ ഇടപെടൽ എന്നത് സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിലോ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിലോ മാത്രം ഒതുങ്ങി നിൽക്കുന്നു. P.T.A മദർ PTA ശക്തമാക്കുക.

വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട മുഴുവനാളുകളുടെയും വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സർവോപരി സമൂഹത്തിന്റെയാകെ കൂട്ടായ പരിശ്രമത്തിലൂടെ വളർത്തിയെടുക്കുന്നതാകണം ഈ മേഖല ചുരുക്കത്തിൽ മേൽ ഘടകങ്ങളുടെ ക്രിയാത്മകവും കൂട്ടായതുമായ ഒരു പരിശ്രമം ഉണ്ടായാൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സാധിക്കും

ബുദ്ധിമാന്ദ്യമുള്ളവർക്കായി മാനസ്സികവും കായികവുമായ ശേഷി വർദ്ധിപ്പിക്കുന്ന വിഭാസ് ഭവൻ എന്ന ഒരു സ്ഥാപനവും 1984 ഏപ്രിൽ 4 മുതൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. വികാസ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ പരിശീലനം ലഭിച്ച 4 അധ്യാപികമാരും 65 ഓളം കുട്ടികളും ഇവുടെയുണ്ട്. ഒരു കുട്ടിക്ക് സ്കോളർഷിപ്പ് ഒരു വർഷം 600 രൂപ വീതം ലഭിക്കുന്നുണ്ടെങ്കിലും ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കോ മറ്റ് കാര്യങ്ങൾക്കോ വിനിയോഗിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നോ മറ്റു സ്ഥലങ്ങളിൽ നിന്നോ യാതൊരു ധനസഹായവും ലഭിക്കാറില്ല. എങ്കിലും യാതൊരു പ്രതിഫലവും ഇല്ലാതെ ഈ കുട്ടികൾക്ക് ഇവർ നൽകുന്ന സേവനം പ്രശംസനീയമാണ് ഈ സ്ഥാപനത്തിന് ആവശ്യമായ സാമ്പത്തിക സഹായവും അധ്യാപകർക്ക് അനുവദനീയമായ നിരക്കിലുള്ള ശമ്പളവും സർക്കാർ അനുവദിച്ചാൽ ഈ സ്ഥാപനം ജില്ലയിലെ ഒരു മാതൃകാ സ്ഥാപനമായി മാറ്റിയെടുക്കാൻ കഴിയുന്നതാണ്

സർക്കാർ പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കായി നൽകി വരുന്ന ഉച്ചക്കഞ്ഞി വിതരണം ഫല പ്രദമായിത്തന്നെ നടക്കുന്നുണ്ട്. കുടുതലും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം നിർത്താതെ തുടർന്നു കൊണ്ടു പോകേണ്ടതാണ് എന്നാൽ ഈ വിതരണവുമായി ബന്ധപ്പെട്ട് സാമ്പത്തികം ലഭിക്കുന്നില്ല എന്ന പരാതിയും നിലനിൽക്കുന്നുണ്ട്.

# കുടി വെള്ളവും പൊതുജനാരോഗ്യവും.

മനുഷ്യന് ശുദ്ധവായു എന്നത് പോലെ ശുദ്ധമായ വെള്ളവും അവശ്യമാണ്. ഒരു സമൂഹത്തിന്റെ ഉയർച്ചയ്ക്കും അഭിവൃദ്ധിക്കും അവശ്യമായത് ആരോഗ്യമുള്ള മനുഷ്യനാണല്ലോ ? ജനതയുടെ ആരോഗ്യകാര്യത്തിന് ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണല്ലോ ശുദ്ധജലവും പൊതുജനാരോഗ്യവും.

ആറളം ഗ്രാമ പഞ്ചായത്തിലെ 90% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. ഏകദേശം 2977 കിണറുകളുള്ളതിൽ 20 % കിണറുകൾ വെള്ളം വറ്റുന്നതാണ് പഞ്ചായത്തിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ അനവധിയാണ് കേരള വാട്ടർ അതോറിറ്റിയുടെ പടിക്കുള്ള പട്ടിക വർഗ്ഗ കോളനിയിലെ ജലവിതരണ പദ്ധതിക്ക മറ്റൊരു ജലവിതരണ പദ്ധതിയും പഞ്ചായത്തിലില്ല. വിവിധ വാർഡുകളിലായി 3 കുഴൽ കിണറുകൾ ഉണ്ട്. ഇത് വേണ്ട വിധം ഉപയോഗപ്രദമല്ല. പഞ്ചായത്തിലുള്ള 19 പട്ടിക വർഗ്ഗ കോളനികളിൽ കിണറുകളോ കുഴൽ കിണറുകളോ ഉണ്ടെങ്കിലും അവകാശ്യക്ഷമമല്ല. കോളനി നിവാസികളിപ്പോഴും ചെറു ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നു. ചതിരൂർ 19 കോളനികളിൽ സ്വാഭാവിക ജല സ്രോതസിൽ നിന്നുള്ള ജലം പൈപ്പ് വഴി എത്തിക്കുന്ന സംവിധാനം സ്ഥാപിച്ചെങ്കിലും ഫലപ്രദമല്ല. നിരവധിയാളുകൾ ഫോറസ്റ്റിലുള്ള നീരൊഴുക്കുകളിൽ നിന്ന് പൈപ്പ് വഴി ജലം കൊണ്ടുവന്ന് ഉപയോഗിക്കുന്നുണ്ട്.

**ശുദ്ധജല സ്രോതസ്സുകൾ**

| കിണറുകൾ | | | | കുഴൽ കിണറുകൾ | ആകെ കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ള മുള്ളത് | വെള്ളമി ല്ലാത്തത് | വെള്ള മുള്ളത് | വെള്ളമി ല്ലാത്തത് | | |
| 37 | 4 | 2680 | 297 | 4 | 3022 |

ഇതിനു പുറമെ 27 പൊതു, സ്വകാര്യ കുളങ്ങളും പഞ്ചായത്തിലുണ്ട്. ജല സേചനത്തോടൊപ്പം കുടിവെള്ളത്തിനും ഉപയോഗിക്കുന്നു.

| | പൊതുകിണർ | | കുഴൽകിണർ |
|---|---|---|---|
| വാർഡ് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | |
| 1 | 6 | | 2 |
| 2 | 4 | | |
| 3 | 4 | | |
| 4 | 5 | | |
| 5 | 3 | | 1 |
| 6 | 2 | | |

| | | | |
|---|---|---|---|
| 7 | 9 | 2 | |
| 8 | 2 | | 1 |
| 9 | 4 | 1 | |
| 10 | 2 | | 1 |
| 11 | 3 | 1 | 1 |
| **ആകെ** | **37** | **4** | **6** |

## കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. | നസ്രത്ത് കുന്ന്, എടൂർ<br>കാരാപറമ്പ്തട്ട് | കിണറുകൾ നിർമ്മിക്കുക. എടൂരിലെ പഞ്ചായത്ത് വക നഷ്ടപ്പെട്ടുപോയ കിണർ പുനർ നിർമ്മിക്കുക എടൂരിലുള്ള പൊതുകുളത്തിൽ നിന്നും വെള്ളം മോട്ടോർ വെച്ച് പൊതു ടാങ്കിലെത്തിക്കുക |
| 2. | കുട്ടക്കുളം പ്രയോറ കളരിക്കാട് | കിണറുകൾ കുഴിക്കുക |
| 3. | കളരിക്കാട്<br>പോതിയോടം മുക്ക്<br>ആറളം ടൗൺ | കിണർ നിർമ്മാണം |
| 4. | കുട്ടുവായ് കോളനി<br>മേമ്പ്രക്കുന്ന്<br>കീച്ചേരി | കിണറുകളുടെ നിർമ്മാണം |
| 5. | കല്ലറക്കുന്ന്<br>തരിപ്പക്കുന്ന്<br>ഇരുമല | കുഴൽ കിണർ<br>കിണർ നിർമ്മാണം |
| 6. | മാനുവയൽ, കരടിമല | മാനുവയലിലും, കരടി മലയിലും ഉള്ള സ്വാഭാവിക ജല സ്രോതസ്സിൽ നിന്നും പൈപ്പ് വഴി വെള്ളം ടാങ്കിലെത്തിച്ച് വിതരണം. കുണ്ടുമാങ്ങോട് പൊതുകുളത്തിലെ വെള്ളം പൈപ്പ് വഴി എത്തിക്കുക |
| 7. | തട്ടിൽ കോളനി<br>വെളിമാനം | തട്ടിൽ കോളനിയിൽ കിണർ നിർമ്മിക്കുക<br>ഓടമൂല വയലിനുസമീപമുള്ള നീരൊഴുക്ക് പ്രദേശത്ത് കുളം നിർമ്മിച്ച് മോട്ടോർ പ്രവർത്തിപ്പിച്ച് വെള്ളം എത്തിക്കുക |
| 8. | അമ്പലക്കണ്ടി<br>ചെടിക്കുളം തട്ട് (വലിയപ്പറമ്പ്) | പുതിയ കിണർ നിർമ്മാണം |

| | | |
|---|---|---|
| 9. | വട്ടപ്പറമ്പ് തട്ട് .<br>പാലരിഞ്ഞാൽ കോളനി | വട്ടപ്പറമ്പ് തട്ടിൽ കുഴൽ കിണർ കുഴിക്കുക<br>പാലരിഞ്ഞാൽ കോളനിയിൽ നഷ്ടപ്പെട്ട കിണർ പുനർ നിർമ്മിക്കുകയും എടവൻ കുങ്കന്റെ വീടിന് സമീപം പുതിയ കിണർ നിർമ്മാണം നടത്തുകയും ചെയ്യുക |
| 10. | കോഴിയോട് തട്ട്<br>മാഞ്ചാടിക്കുളം<br>പുതിയങ്ങാടി | മാങ്ങോട് പൊതുകുളം വികസിപ്പിച്ച്<br>പൈപ്പ് വഴി കോഴിയോട് തട്ടിൽ വെള്ളം എത്തിക്കുക<br>മാഞ്ചാടികുളം പുനർ നിർമ്മിച്ച് മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിക്കുക<br>പുതിയങ്ങാടി കിണർ നിർമ്മിക്കുക |
| 11. | വിയറ്റ്നാം<br>ആറളം ഫാമിലെ കോളനികൾ | ഫോറസ്റ്റിലുള്ള സ്വഭാവിക ജല സ്രോതസ്സിൽ നിന്ന് പൈപ്പ് വഴി വെള്ളം വിയറ്റ്നാമിൽ എത്തിക്കുക<br>ആറളം ഫാമിലെ കോളനിയിൽ പുതിയ കിണർ കുഴിക്കുക |

**വൻകിട ശുദ്ധജല പദ്ധതി**

കേന്ദ്ര സർക്കാർ നടപ്പാക്കാൻ തീരുമാനിച്ചതും സർവ്വേ കഴിഞ്ഞതുമായ വൻകിട ശുദ്ധജല പദ്ധതി നടപ്പിലാക്കുക

**ചെറുകിട ശുദ്ധജല പദ്ധതികൾ**

എല്ലാ വാർഡുകളിലും നിന്നും ഗ്രാമ സഭകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ നടപടികൾ വേണമെന്നാവശ്യപ്പെട്ടിരുന്നു പുതിയ കിണറുകൾ കുഴികുകയും, പൈപ്പ് ലൈനുകൾ സ്ഥാപ്പിക്കുകയും ചെയ്യുകയാണ് ഇതിന് പോം വഴി

8ാം വാർഡിൽ അമ്പലക്കണ്ടി പുഴയോരത്ത് വലിയ കിണർ നിർമ്മിച്ച് പൈപ്പ് ലൈൻ വഴി തൊത്തുമ്മൽ കോളനി പരിസരത്ത് ടാങ്ക് നിർമ്മിച്ച് അതിൽ ജലം എത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയാൽ തൊത്തുമ്മൽ ട്രൈ

ബന്ധിപ്പിച്ച് കോളനി, വീർപ്പാട്, അമലക്കണ്ടി കോളനി എന്നിവിടങ്ങളിൽ പൈപ്പ് വഴി വെള്ളം എത്തിക്കാനും കൂടി വെള്ള ക്ഷാമം പരിഹരിക്കുവാനും കഴിയും.

10ം വാർഡിൽ പാലറിഞ്ഞാൽ സ്കൂൾ പരിസരത്തുള്ള പൊതുകുളം പുനർ നിർമ്മിച്ച് മോട്ടോർ വെച്ച് പൈപ്പ് വഴി വെള്ളം ടാങ്കിലെത്തിച്ചാൽ കിഴ്പ്പള്ളി ടൗൺ പാലറിഞ്ഞാൽ കോളനി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

6ം വാർഡിൽ ദേവസ്വം ബോർഡിന്റെ കിഴിലുള്ള പാലയാട് കുളം ശുചീകരിക്കുകയും മോട്ടോർ സ്ഥാപ്പിച്ച് പൈപ്പ് വഴി കരടിമലയിൽ ടാങ്കിൽ വെള്ളം എത്തിച്ചാൽ 1,5,6,7,8,9 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം

## ഇതരം പദ്ധതികൾ

സ്വാഭാവിക ജല സ്രോതസുകളിൽ നിന്നും നീരൊഴുക്കുകളിൽ നിന്നും ഇഷ്ടം പോലെ വെള്ളം ലഭിക്കുന്ന പ്രദേശങ്ങളുണ്ട്.

6ം വാർഡിൽ മാതുവയലിലും കരടിമലയിലും ഉള്ള നീരുറവകളിലെ വെള്ളം പൈപ്പ് വഴി ടാങ്കിലെത്തിക്കുവാനും വിതരണം നടത്തുവാനും കഴിയും.

1ാം വാർഡിൽ നീലായ് മേഖലയിലെ ജലക്ഷാമം പരിഹരിക്കുവാൻ നീലായിലുള്ള നീരുറവയിൽ നിന്ന് വെള്ളം ടാങ്കിൽ ശേഖരിച്ച് പൈപ്പ് വഴി വിതരണം ചെയ്യുക. കോഴിയോട് തട്ടിലുള്ള രൂക്ഷമായ ജലക്ഷാമ പരിഹാരത്തിന് മൈനർ ഇറിഗേഷൻ നിർമ്മിച്ച് മാങ്ങോട് കുളം വിപുലപ്പെടുത്തി കോഴിയോട് വെള്ളം എത്തിക്കാം.

11ം വാർഡിൽ വിയറ്റ്നാം പ്രദേശത്തെ ജലക്ഷാമ പരിഹാരത്തിന് ഫോറസ്റ്റിനകത്തുള്ള തീരൊഴുക്കിൽ നിന്ന് വെള്ളം ടാങ്കിലെത്തിച്ച് വിതരണം ചെയ്യുക.

a)ജലക്ഷാമം ഗ്രാമാന്തരമായി പരിഹരിക്കുന്നതിന് ജല സംരക്ഷണ പ്രവർത്തികളും മണ്ണ് സംരക്ഷണ പ്രവർത്തികളും എല്ലാ വാർഡുകളിലും നടപ്പിലാക്കുക.

b) നിലവിലുള്ള തോടുകളിലും ചുഴികളിലും ചെക്ക് ഡാമുകൾ നിർമ്മിക്കുക.

c) മഴ വെള്ളം സംഭരിക്കുന്നതിന് കുഴികളും, കയ്യാലകളും എല്ലാ വാർഡുകളിലും നടപ്പാക്കുക.

d) പഞ്ചായത്തടിസ്ഥാനത്തിൽ ഒരു നീർമറി പദ്ധതി നടപ്പാക്കുക.

e) ഇതിനായി ഫോമേഷൻ നടത്തുക.

## പൊതുജനാരോഗ്യം

നമ്മുടെ പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥാപന രംഗത്ത് ഗുണപരമായ വലിയ മാറ്റമൊന്നും നടന്നിട്ടില്ല. 1966ൽ കിഴ്പ്പള്ളിയിൽ സ്ഥാപിതമായ ഡിസ്പെൻസറിയാണ് ആദ്യത്തെ സ്ഥാപനം. ഈ ഡിസ്പെൻസറി ഇന്ന് മദർ PHC യായി മാറിയിട്ടുണ്ട്. സ്ഥലം കെട്ടിടം A.K കുഞ്ഞാലിക്കുട്ടിഹാജി സംഭാവന ചെയ്തു. പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്കും ഈ ആസ്പത്രി ഇന്ന് ഉപകരിക്കുന്നില്ല. കാരണം പഞ്ചായത്തിന്റെ ഒരു ഭാഗത്ത് ആയതിനാലാണ്. ഈ ഗവൺമെന്റ് ആസ്പത്രി 10 കിടക്കകളുള്ള കെട്ടിടം പണിയുവാൻ നടപടികളാരംഭിച്ചു കഴിഞ്ഞു. ഇപ്പോഴും ഒന്നുമായിട്ടില്ല. 3 ഡോക്ടർമാർ വേണ്ട ഇവിടെ 2 ഡോക്ടർമാരുടെ തസ്തിക മാത്രമാണ് അനുവദിച്ചിരിക്കുന്നത്. പഞ്ചായത്തിൽ കിടത്തി ചികിത്സിക്കുന്ന 2 സ്വകാര്യ ആസ്പത്രികൾ ഉണ്ട്. ഒരു ഗവൺമെന്റ് ആയുർവേദാസ്പത്രി, ഹോമിയോ ആസ്പത്രി സ്വകാര്യ മേഖലയിൽ 2 ഹോമിയോ ക്ലിനിക്ക്, 4 ആയുർവേദം, 2 പാരമ്പര്യ വൈദ്യന്മാരും ചികിത്സ നടത്തുന്നുണ്ട്. 1 പൊതുജന സഹായ കേന്ദ്രങ്ങളുണ്ട്. ആധുനിക ചികിത്സ ലഭിക്കണമെങ്കിൽ 16 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടതുണ്ട്. ഇത് പരിഹരിക്കുവാൻ കിഴ്പ്പള്ളി ആസ്പത്രിയുടെ ഇന്നത്തെ അവസ്ഥയിൽ മാറ്റം വരുത്തുകയും കൂടാതെ എടൂരിൽ ഒരു PHC ആരംഭിക്കുകയും വേണം. എങ്കിൽ മാത്രമേ സന്തുഷ്ടമായ ആരോഗ്യ രംഗം വാർത്തെടുക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ ആദിവാസികൾ അധിവസിക്കുന്ന ചുറ്റുപാടുകളിൽ മേഖലയിൽ ഒരു സബ്ബ് സെന്റർ ആരംഭിക്കണം. ഇതിനെല്ലാം പുറമെ ആരോഗ്യ ഫാമിലെ ജീവനക്കാർക്കും, തൊഴിലാളികൾക്കും വേണ്ടി ഒരു അലോപ്പതി ക്ലിനിക്ക് ഓടൻതോട് പ്രവർത്തിച്ചു വരുന്നു.

ഇവിടെ ESI ഡിസ്പെൻസറിയായി സൗകര്യം ഏർപ്പെടുത്തുക.

ഈ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ സ്ഥാപനങ്ങൾ താഴെ ചേർക്കുന്നവയാണ്.

ഗവൺമെന്റ് ആസ്പത്രി – 1 – കീഴ്പള്ളി

ആയുർവ്വേദ ആസ്പത്രി – 1 – ആറളം

ഹോമിയോ – 1 – വീർപ്പാട്

പ്രൈമറി ഹെൽത്ത് സെന്റർ – 3 – എടൂർ, ആറളം, വീർപ്പാട്

ക്ലിനിക്ക് – 1 – ആറളം ഫാം

സ്വകാര്യ ആസ്പത്രി – 2 – കീഴ്പള്ളി, ആറളം

ആശാ പ്രവർത്തകർ – 42

## പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ, കീഴ്പള്ളി | VII | 1956 | 19 |
| 2. | ആയുർവേദ ആശുപത്രി ആറളം | III | | 6 |
| 3 | ഹോമിയോ ആശുപത്രി വീർപ്പാട് | VII | | 4 |
| 4 | ഹെൽത്ത് സെന്റർ എടൂർ | I | | 1 |
| 5 | ഹെൽത്ത് സെന്റർ ആറളം | III | | 2 |
| 6 | ഹെൽത്ത് സെന്റർ വീർപ്പാട് | V | 1992 | 2 |

ആയുർവേദ ആശുപത്രി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇത് മാറ്റി എല്ലാ വിഭാഗം ജനങ്ങൾക്കും സേവനം ലഭിക്കുന്നതിന് സൗകര്യമുണ്ടാക്കണം. ഹോമിയോ ആശുപത്രി കെട്ടിടം ഉടൻ നിർമ്മിക്കുകയും ആവശ്യമായ ജീവനക്കാരെ അനുവദിക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ രക്ത സമ്മർദ്ദമുള്ളവർ 21 ഉം പ്രമേഹ രോഗികൾ 32 ഉം കുഷ്ഠം 14, ക്ഷയം 8 ഹൃദ്രോഗം 8 എന്നിങ്ങനെ 83 സ്ഥായിയായ രോഗ ബാധിതരാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. പ്രായമുള്ള 5 വയസ്സിന് മേൽ പ്രായമുള്ള 17 മനുഷ്യമൃഗങ്ങൾ പഞ്ചായത്തിലുണ്ട്.

അംഗ വൈകല്യമുള്ളവർ 161 പേർ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ഒരു വയസ്സിനു താഴെ പ്രായമുള്ള 1599 കുട്ടികളിൽ പ്രതിരോധ കുത്തിവെപ്പ് നടത്തിയവർ 1532 ആണ്. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ 2 കുട്ടികൾ വരെയുള്ളവർ 1116 ഉം 2 വയസിനു മേൽ പ്രായമുള്ള കുട്ടികളുള്ളവർ 934 ഉം ആണ്.

കീഴ്പള്ളി PHC യിൽ മാത്രം 1995–96 കാലത്ത് 7072 രോഗികൾ ചികിത്സ നേടിയിട്ടുണ്ട്.

## ജനന – മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം |
|---|---|---|
| 1993–94 | 95 | 62 |
| 1994–95 | 77 | 84 |
| 1995–96 | 67 | 59 |

2,4,6,8,10,11 എന്നി വാർഡുകളിൽ ഒരു ആരോഗ്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 24195 ആണ്. ഇതിൽ 12250 പുരുഷന്മാരും, 11945 സ്ത്രീകളും ആണ്.

## പ്രാവർത്തികമാക്കാവുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ

### യോഗ കേന്ദ്രം

പഞ്ചായത്തിലെ ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെടച്ചപ്പെടുത്തുവനും നിലനിറുത്തുവാനും കായിക പരിശീലനത്തിന് വേണ്ടി ഒരു യോഗ കേന്ദ്രം സ്ഥാപ്പിക്കണം.

### ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാ രംഗത്ത് വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെകുറിച്ചുള്ള വിവരങ്ങൾ, രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഹെൽത്ത് കാർഡുകൾ ഒരോ കുടുംബത്തിനും നടപ്പിലാക്കുന്നത് ഗുണകരമായിരിക്കും. സന്നദ്ധ സംഘടനകൾക്ക് ഇത് നടപ്പിലാക്കാവുന്നതാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യ സ്ഥിതി കൂടുതൽ സംരക്ഷിക്കുന്നതിനും മെച്ചപ്പെടുതുന്നതിനും വേണ്ടി മദ്യപാനം, പുകവലി, മുറുക്ക് എന്നിവ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രിക്കേണ്ടതുണ്ട് എയ്ഡ്സ്, കാൻസർ രോഗത്തിനെതിരായ ബോധവത്ക്കരണം പ്രവർത്തനങ്ങളും നടത്തണം. നേത്രദാനം, രക്തദാനം എന്നിവയുടെ ആവശ്യകത ബോധവത്ക്കരിക്കുകയും ഭയാശങ്കകൾ ദുരീകരിക്കുകയും സന്നദ്ധ സംഘടനകൾ മുഖാന്തിരം ദാതാകളുടെ റജിസ്ട്രേഷൻ നടപ്പിലാക്കുകയും ചെയ്യുക.

പൊതുജനാരോഗ്യം സംമ്പുഷ്ടമാക്കുന്നതിന് ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളോടുമൊപ്പം ഒപ്പം പരിസര ശുചിത്വവും ആവശ്യമാണ്. പഞ്ചായത്തിലെ 4429 വീടുകളുള്ളതിൽ 2054 വീടുകളിൽ മാത്രമാണ് സെപ്റ്റിക്ക് ടാങ്ക്, E.S.P കക്കൂസുകളുള്ളത്. പട്ടിക വർഗ്ഗ കോളനികളിലും ലക്ഷം വീട് 4 സെന്റ് കോളനികളിലും കക്കൂസ് ഇപ്പോഴും യഥാർ ത്ഥ്യമായിട്ടില്ല. പരിസര ശുചിത്വവും പരിപാലിക്കപ്പെടുന്നില്ല. 50 % ത്തിൽ താഴെ വീടുകളിൽ മാത്രമാണ് കക്കൂസുള്ളത്. ഈ പോരായ്മയും നമ്മുടെ സമൂഹത്തിന്റെ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്. പരിസര ശുചിത്വമില്ലായ്മ മൂലവും ശുദ്ധമായ കുടിവെള്ളത്തിന്റെ പോരായ്മയും കക്കൂസ് ഇല്ലാത്തതിനാലും ( പട്ടിക വർഗ്ഗ – ലക്ഷം വീട് – 4 സെന്റ് കോളനികളിൽ) പകർച്ച വ്യാധി രോഗങ്ങൾ ഉണ്ടാകാറുണ്ട്. ഇതിൽ പ്രധാനമായും ചൊറി, വിരശല്യം വിളർച്ച എന്നിവയാണ്.

95 – 96 വർഷത്തെ കണക്ക് പ്രകാരം പഞ്ചായത്തിൽ 420 പേർക്ക് ജലജന്യ രോഗങ്ങളും വായു ജന്യ രോഗങ്ങൾ 8 പേർക്കും, മലേറിയ പോലെയുള്ള പ്രാണിജന്യ രോഗങ്ങൾ 9 പേർക്കും ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊക്കപ്പുഴു രോഗബാധിതർ 132 പേരുണ്ട് 14 കുഷ്ട രോഗികളിൽ 2 പേർ ഒഴികെ ബാക്കിയെല്ലാവരും പട്ടിക വർഗ്ഗക്കാരാണ്. 110 കോളനി, കോഴിയോട് കോളനി കൈതക്കെല്ലി കോളനി എന്നിവിടങ്ങളിലാണ് കുഷ്ട രോഗം കൂടുതലായി കാണുന്നത്. (അവലംബം PHC കിഴ്പള്ളി)

ഗ്രാമ സഭാ യോഗങ്ങളിൽ പരിസര മലിനീകരണത്തെകുറിച്ചുള്ള പരാതികളും, കക്കൂസ് നിർമ്മാണത്തിനുള്ള പ്രയാസങ്ങളും ഉന്നയിക്കുകയുണ്ടായി.

കക്കൂസ് നിർമ്മാണത്തിനുള്ള പ്രധാന പ്രയാസങ്ങളും' പരിഹാരവും.

1. സാമ്പത്തിക പരാധീനത
2. കോളനികളിലും മറ്റുമുള്ള സ്ഥല പരിമിതി
3. ആവശ്യകതയെ കുറിച്ചുള്ള അജ്ഞത

**ഇവ പരിഹരിക്കുവാൻ**

1. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക
2. കോളനികളിലെ ഒരോ കുടുംബത്തിനും ഒരോ കക്കൂസ് പണിയുക.
3. ആരോഗ്യ ബോധവത്ക്കരണ ക്ലാസുകളും ചർച്ചകളും നടത്തുക.

പഞ്ചായത്തിൽ പൊതുവായി ശുചീകരണ പ്രവർത്തനത്തിന് ജീവനക്കാരില്ല. എടൂർ, ആറളം, വീർപ്പാട് കീഴ്പള്ളി എന്നി വ്യപാര കേന്ദ്രങ്ങളിലെ ചപ്പു ചവറുകളഉം മറ്റും നശിപ്പിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കണം. റോഡുകളിലുള്ള മത്സ്യ കച്ചവടം പരിസര മലിനീകരണം ഉണ്ടാക്കുന്നുണ്ട് വ്യാവസായ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല. ഒന്നാം വാർഡിൽ വെമ്പുഴച്ചാലിലുള്ള സ്റ്റോൺ ക്രഷറിലെ പരിസര മലിനീകരണം തടയുന്നതിന് നടപടികൾ ഉണ്ടാക്കണം പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതള പാനിയ ശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപനയിൽ ആരേഗ്യനിയന്ത്രണ നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട വകുപ്പ് ഉറപ്പ് വരുത്തണം അങ്ങാടികൾ ശുചിയാക്കുകയും നടപ്പിലാക്കത്തവരിൽ നിന്ന് പിഴ ഈടാക്കുകയും വേണം.

കോളനികളിലും മറ്റും മലിന ജലം കെട്ടി നിൽക്കുന്നതു മൂലം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്.

പഞ്ചായത്തിൽ ആകെ 69 വീടുകളിലാണ് കമ്പോസ്റ്റ് കുഴികളുള്ളത്. ഇത് വ്യാപകമാക്കാനുള്ള ബോധവ ത്ക്കരണം നടത്തണം. മലേറിയ പോലെയുള്ള രോഗങ്ങൾ തടയുന്നതിന് വീടുകളിൽ+
DDT തളിക്കണം.

പഞ്ചായത്തിൽ യാതൊരു നിയന്ത്രണങ്ങളോ പരിശോധനയോ ഇല്ലാതെ മൃഗങ്ങളെ കശാപ്പുചെയ്യുന്നത് വ്യാപകമാണ്. ഇത് മാറ്റുവാൻ പരിശോധന വിധേയമാക്കിയ മൃഗങ്ങളെ മാത്രം കശാപ്പു ചെയ്യുവാനും കശാപ്പു ശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കണ്ടതാണ്.

ഒന്നാം വാർഡിൽ എടൂർ, 3ാം വാർഡിൽ ആറളം, 7ാം വർഡിൽ കീഴ്പള്ളി എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുക. ഇതിൽ കീഴ്പള്ളിയിൽ ആയതിനുള്ള സ്ഥലം പഞ്ചായത്തിന്റേതായുണ്ട്.

# ഗതാഗതം

'ഐക്യമഹത്യം മഹാബലം' വാക്യം യാതാർത്ഥ്യവാക്കുന്നതായിരുന്നു ആറളം പഞ്ചായ്ത്തിലെ റോഡുകളുടെ നിർമാണ കഥ. റോഡുകളുടെ നിർമാണ കഥ കുടിയേറ്റചരിത്രത്തിന്റെ പ്രധാന ഭാഗം തന്നെയാണ്. 1940കളിൽ ആണ് ആറളം പഞ്ചായത്തിലെ ഏടൂരിൽ കുടിയേറ്റം ആരംഭിച്ച്ത് പ്രധാനപെട്ട റോഡുകളായ ആറളം പഞ്ചായത്തിലെ ഏടൂരിൽ കുടിയേറ്റം ആരംഭിച്ചത്. പ്രധാനപെട്ട റോഡുകളായ എടൂർ – കീഴ്പ്പള്ളി കാരാപ്പറമ്പ് – വീർപ്പാട്, കീഴ്പള്ളി – ചതിരൂർ, ആറളം – അത്തിക്കൽ കാരാപ്പറമ്പ് – ആറളം തുടങ്ങിയ റോഡുകൾ കുടിയേറ്റ ജനതയുടെ കരുത്തും ഐക്യവും നാടിന്റെ വികസനത്തിന് റോഡുകളുടെ പ്രസക്തി തിരിച്ചറിഞ്ഞതിന്റെ പരിണിതഫലമായിരുന്നു. ഒട്ടേറെ പ്രതിബന്ധങ്ങളെ ധീരമായി നേരിട്ടകുടിയേറ്റ ജനതയുടെ കാഷ്ടപ്പാടുകളുടെ ഓർമ്മ ഇന്നും ഞെട്ടിക്കുന്നതാണ്. 1955 ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ വളരെ പരിമിതമായ യാത്രാ സൗകര്യത്തിനുള്ള റോഡുകളും മാത്രമായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് ഏടൂർ വെളിമാനം പള്ളിവികാരിമാരുടെ നേതൃത്വത്തിൽ കുടിയേറ്റ ജനത ഒറ്റകെട്ടായി നാടിന്റെ വികസനത്തിനായി ഒട്ടേറെ റോഡുകൽ നിർമിക്കുകയുണ്ടായി ഇതിൽ പ്രധാനമായത് എടൂർ – കീഴ്പള്ളി, കാരാപ്പറമ്പ് – വീർപ്പാട് എടൂർ – ആറളം, എടൂർ – വെമ്പുഴച്ചാൽ, കീഴ്പള്ളി – ചതിരൂർ, എടൂർ – അയ, ആറളം – അത്തിക്കൽ, അത്തിക്കൽ – ചതിരൂർ, വളയങ്കോവ് – മഞ്ചുവോട് തുടങ്ങിയ റെഡുകളുടെ നിർമാണം ഈ പഞ്ചായത്തിന്റെ വികസനത്തിന്റെ വെള്ളിരേഖകളായി വിരാജിക്കുന്നു. പഞ്ചയത്തിന്റെ എടൂർ ഉള്ള ഷോപ്പിങ്ങ് കോപ്ലക്സിന്റെ നിർമാണം പൂർത്തീകരിച്ചെങ്കിലും ബസ്സ് സ്റ്റാന്റ് യാർഡിന്റെ പ്രവർത്തി പൂർത്തിയാക്കാത്തതിനാൽ മലയോര മേഖലയുടെ പ്രധാന കേന്ദ്രമായ എടൂരിൽ ഗതാഗത കുരുക്ക് അനുഭവപ്പെടുന്നു.

റോഡ് ശൃംഖല മെച്ചപ്പെട്ടതാണങ്കിലും റോഡുകളുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല. വർഷ കാലത്ത് മിക്കറോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. കലുങ്കുകളുടെയും ഓവുചാലുകളുടെയും അഭാവമാണ് ഇതിനു പ്രധാന കാരണം. നിലവിലുള്ള ഓവുചാലുകൾ സ്വകര്യ വ്യകതികൾ നികത്തുന്നതായി കാണുന്നു. ഫണ്ടിന്റെ അഭാവം വികസന പ്രവർത്തനങ്ങൾക്ക് വിലങ്ങു തടിയാവുന്നു.

## പ്രശ്നങ്ങൾ:

**1. റോഡ് നിർമാണം:**

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് പ്രധാന പ്രശ്നം. റോഡുകളുടെ ഗുണ നിലവാരം ഇല്ലായ്മ മികച്ച യാത്രാ സൗകര്യത്തിനു അനുയോജ്യമായ വിധത്തിൽ റോഡുകൾ മെച്ചപ്പെടുത്തുക. അപകടകരങ്ങളായ വളവുകൾ റോഡിന്റെ വീതി കുറവ് ഓവു ചാലുകളുടെയും കലുങ്കുകളുടെയും അഭാവം എന്നിവ പരിഹരിക്കാൻ സ്വതര നടപടി സ്വീകരിക്കേണ്ടതാണ്.

ആറളം ഗ്രാമ പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ 151.525 കിലോ മീറ്റർ റോഡുകളാണുള്ളത്. ഇതിൽ P.W-.D-.ക്ക് കൈമാറിയ 17.85 കിലോമീറ്റർ റോഡുകളും പഞ്ചായ്ത്ത് ടാർ ചെയ്ത് 32.485 കിലോമീറ്റർ റോഡും ഉൾപെടുന്നതാണ്.

**പട്ടിക – 1 P. W. D. ക്ക് കൈമാറിയ റോഡുകൾ**

| | |
|---|---|
| 1. കാരാപ്പറമ്പ് – ആറളം – അത്തിക്കൽ | 10 K.M. 8 M. |
| 2. എടൂർ – കീഴ്പ്പള്ളി. | |
| 3. കീഴ്പ്പള്ളി – കക്കുവായി പുഴ. | |
| 4. എടൂർ – കുരിക്കോട്ടക്കരി. | |

## പട്ടിക – 2, പഞ്ചായത്ത് ടാർ ചെയത റോഡുകൾ

| | |
|---|---|
| 1. കാരാപ്പറമ്പ് – പിർപ്പാട്. | 3.850 |
| 2. വിർപ്പാട് – വെളിമാനം. | 2.115 |
| 3. പെരുമ്പഴശ്ശി – കൊക്കോട് – ചെടിക്കുളം. | 3.750 |
| 4. ആറളം – ഞണ്ടുങ്കണ്ണി. | 3.800 |
| 5. ചതിരൂർ – നരിവാതിൽ | 3.850 |
| 6. കീഴ് പള്ളി – മാങ്ങോട്ട്– | 7.850 |
| 7. എടൂർ – മുണ്ടയാം പറമ്പ് | 0.665 |
| 8. കീഴ്പ്പള്ളി – പരിപ്പുതോട് | 2.000 |
| 9. വളയംങ്കോട് – മാഞ്ചുവട് | 2.600 |
| 10. ചെടിക്കുളം – അമ്പലക്കണ്ടി | 2.200 |
| 11. വെളിമാനം – കാനക്കരി | 0.200 |
| 12. അയ – തോട്ടം | 0.500 |
| 13. പോസ്റ്റാഫീസ് – എടൂർ ഹൈസ്ക്കുൾ | 0.460 |
| 14. വളയംങ്കോട് – പത്തായപുര. | 0.200 |
| 15. എടൂർ – തെയ്യംപാടി. | 0.510 |
| 16.മാങ്ങോട്ട് – ഒടക്കരി. | 0.200 |
| 17. ഉരുപ്പുംകുണ്ട് – കീച്ചേരി. | 0.220 |

മേൽപ്പറഞ്ഞ ടാർചെയത റോഡുകൾ അറ്റകുറ്റപണി നടക്കേണ്ടതും ഓവുചാലുകളുടെയും – കലുങ്കുകളുടെയും നിർമ്മാണം അനിവാര്യമാണ്. അതുപോലെ തന്നെ റോഡിന്റെ പാർശ്വങ്ങളിൽ വളർന്നു നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖിരങ്ങൾ മുറിച്ച് മാറ്റാത്തതിനാൽ റോഡുകളുടെ ഗുണ നിലവാരം നഷടമാവുന്നതിനിടെയായിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടിയിരിക്കുന്നു.

### പഞ്ചായത്തിൽ നിലവിലുള്ള മൺ റോഡുകൾ:

| | |
|---|---|
| 1. കാരാപ്പറമ്പ് – അയ | 1.700 |
| 2. അയ – ആറളം | 1.600 |
| 3. കല്ലറ – വീർപ്പാട് | 1.600 |
| 4. പാലാരിഞ്ഞാൽ – അടച്ചുവാരി. | 2.250 |
| 5. ഇടവേലി – വക്ഷപ്പറമ്പ് – പാലരിഞ്ഞാൽ | 2.500 |
| 6. വളയംങ്കോട് – വീർപ്പാട് | 1.600 |
| 7. കല്ലറ – ചെടിക്കുളം. | 1.600 |
| 8. ഏടൂർ – അയ. | 1.300 |
| 9. പുതുക്കുണ്ട് – മാങ്ങാട് | 0.600 |
| 10. കല്ലറ – തൊണ്ടുമ്മൽ | 2.000 |
| 11. ഉരുപ്പും കുണ്ട് – കരിച്ചേരി. | 2.000 |
| 12. വളയം ങ്കോട് – ഉരുപ്പും കുണ്ട് | 2.400 |
| 13. എടൂർ – തെയ്യം പാടി | 1.050 |
| 14. വീർപ്പാടി – കൊള്ളത്തുകുണ്ട് | 1.300 |
| 15. അത്തിക്കൽ – കരടിമല. | 2.000 |
| 16. കോടിയോട് – കുണ്ടുമാങ്ങോട് | 1.600 |
| 17. കുണ്ടുമാങ്ങോട് – തട്ടുപറമ്പ് | 1.600 |
| 18. മാഞ്ചോട് – മാങ്കോട് | 3.000 |
| 19. മാനുവയൽ – വെളിമാനം. | 2.000 |

| | |
|---|---|
| 20. എടൂർ – തെയ്യംപാടി | 0.050 |
| 21. ആറളം ടൗൺ – പുഴറോഡ്. | 0.500 |
| 22. ഇടപ്പള്ളി – ഓടക്കറി. | 2.000 |
| 23. അടിച്ചുവാരി – വാളത്തോട് | 2.500 |
| 24. ഇടവേലി – പാലരിക്കൽ | 1.000 |
| 25. താട്ടുപറമ്പ് – ചെടിക്കുളം | 1.300 |
| 26. ചതിരൂർ – നീർക്കുന്ന്. | 2.450 |
| 27. മാങ്ങാട് – ഓടക്കരി. | 0.600 |
| 28. കോഴിയോട് – പരിപ്പ്തോട്. | 1.500 |
| 29. വീർപ്പാട് – പുഞ്ചക്കര | 1.000 |
| 30. മാരോട്ടിച്ചുവട് – മാഞ്ചുവാട്. | 0.900 |
| 31. പാലാരിഞ്ഞാൽ – പുല്ലുമല | 1.600 |
| 32. വട്ടപ്പറമ്പ് – ഫാംറോഡ് | 0.600 |
| 33. വെളിമാനം – കാനക്കരി. | 0.730 |
| 34. അടിയേരി മഠം – പനക്കാട് പറമ്പ്. | 1.550 |
| 35. കൊക്കോട് – ഫാം റോഡ് | 0.325 |
| 36. തൊത്തുമ്മൽ – അമ്പലക്കണ്ടി | 1.600 |
| 37. പഞ്ചായത്ത് ആഫീസ് റോഡ് | 0.050 |
| 38. വാളയംങ്കോട് – താളുകണ്ടം | 0.500 |
| 39. വെമ്പുഴച്ചാൽ – വളയംങ്കോട് | 2.750 |
| 40. വാളത്തോട് – നിർമ്മലഗിരി കോളനി | 2.000 |
| 41. പുതിയങ്ങാടി – കോഴിയോട് | 0.500 |
| 42. വെളിമാനം ലക്ഷം വീട് കോളനി. | 0.900 |
| 43. അമ്പലക്കാട് – മാരോട്ടിചോട് | 1.000 |
| 44. കാരാപ്പറമ്പ് – വെമ്പുഴ. | 0.550 |
| 45. വെമ്പുഴചാൽ – വെമ്പുഴ | 0.300 |
| 46. മാഞ്ചോട് – കരടിമല. | 2.000 |
| 47. വെളിമാനം പള്ളി – മാനുവയൽ റോഡ് | 1.600 |
| 48. ഇടപ്പുഴ – കരടിമല റോഡ് | 3 |
| 49. ചതിരൂർ – പരിപ്പ് തോട് റോഡ് | 1.500 |
| 50. കരടി മല – നരിവാതിൽ റോഡ്. | 800 |
| 51. പന്നിമൂല – ചെടിക്കുളം | |
| 52. ചതിരൂർ – നീർക്കുന്ന് എസ്റ്റേറ്റ് | |
| 53. കുട്ടകക്കുളം – അമ്പലം മുക്ക് | |
| 54. ഏച്ചില്ലം അമ്പലം – കൊണ്ടമ്പ്ര | |
| 55. എടൂർ കൊച്ച്പറമ്പിൽ റോഡ് | |
| 56. പൂതക്കുണ്ട് – പന്നിയോട് റോഡ് | |
| 57. മാങ്ങോട് – ഇടപ്പുഴ റോഡ് | |
| 58. കൊടുവളം ഹെൽത്ത് സെന്റർ റോഡ് | |
| 59. തെരുവത്തമ്പലം – പുല്ലുമല – വട്ടപറമ്പ് | |
| 60. കൊടുവളം – കളരിക്കാട് റോഡ് | |
| 61. കീഴ്പ്പള്ളി – വടക്കേക്കര റോഡ് | |

മേൽപറഞ്ഞ 1 മുതൽ 3 വരെയുള്ള പട്ടികകളിൽ ഉൾപ്പെട്ട റോഡ് ശൃംഖല പഞ്ചായത്തിലെ ജനങ്ങളുടെ യാത്രാ സൗകര്യങ്ങൾ നിർവഹിക്കപ്പെടുന്നതിനു പൂർണ്ണമായും പര്യാപതമല്ല. മൺറോഡുകൾ ആവശ്യത്തിനു വീതിയില്ലാത്തതും കലുങ്കുകൾ – ഓവുചാലുകൾ എന്നിവയുടെ അഭാവം നിമിത്തം വാഹന ഗതാഗതത്തിനു തികച്ചും അപര്യാപ്തമാണ്. അതിനാൽ റോഡുകളുടെ പരിപാലനത്തിനും വികസനത്തിനും അനുയോജ്യമായ നട

പടി സ്വീകരിക്കണം. അടിയന്തിര പ്രധാന്യത്തോടെ താഴെ പറയുന്ന താഴെ പറയുന്ന റോഡുകൾ വീതികൂട്ടി ടാർചെയ്ത് പരിഹരിക്കേണ്ടതാണ്.

**പട്ടിക 4 വീതി കൂട്ടി ടാർ ചെയ്യേണ്ട റോഡുകൾ:**

1. എടൂർ – തെയ്യംപാടി.
2. വെമ്പുഴച്ചാൽ – വളയംങ്കെട്
3. കാരാപ്പറമ്പ് – അയ – ആറളം
4. ഉരുപ്പും കുണ്ട് – കീച്ചേരി.
5. ഉരുപ്പും കുണ്ട് – വളയങ്ങോട്
6. വളയംങ്കോട് – പത്തായപുര.
7. വെളിമാനം – മാനുവൽ.
8. വളയംങ്കോട് – വീർപ്പാട്
9. വെളിമാനം ലക്ഷം വീട് കോളനി റോഡ്
10. വീർപ്പാട് – കൊളങ്ങോട്
11. എടവേലി – വട്ടപ്പറമ്പ്
12. തൊത്തുമ്മൽ – അമ്പലക്കണ്ടി
13. വട്ടപറമ്പ് – പാലരിഞ്ഞാൽ
14. പാലരിഞ്ഞാൽ ആശുപത്രി
15. പുതിയഹ്ങാടി – കോഴിയോട് – ചനിരൂർ
16. ചതിരൂർ – വളത്തോട്
17. ചതിരൂർ – നീർക്കുന്ന്
18. പരിപ്പ് തോട് – വിയറ്റ്നാം – കാമ്പോടിയറോഡ്
19. ചങ്കായത്തോട് കോളനി റോഡ്
20. മാഞ്ചോട് മാങ്ങോട് റോഡ്

പഞ്ചായത്തിലെ 1 മുതൽ 11 വരെ നടന്ന വിശേഷാൽ ഗ്രാമ സഭകളിൽ ഉയർന്ന്വന്ന ഒരു ആവശ്യം യാത്രാ സൗകര്യത്തിനു പുതിയ റോഡുകളുടെ നിർമ്മാണം ആയിരുന്നു. പല മേഖലകളിലും കാൽനട പോലും ദുസഹമാണ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന റോഡുകൾ അടിയന്തിര പ്രദാന്യത്തോടു കൂടി നിർമ്മിക്കേണ്ടതാണ്.

**പട്ടിക V പുതിയതായി നിർമ്മിക്കേണ്ടുന്ന റോഡുകൾ**

1. എടൂർ –
2. കളരിക്കാട് – പയോറ
3. കീച്ചേരി – കളരിക്കാട്
4. ഉരുപ്പുംങ്കുണ്ട് – കാക്കപീടിക.
5. വളയംങ്കോട് – മാനുവൽ – മാങ്ങോട്
6. വീർപ്പാട് (ഗുരുമന്തിരം) – കല്ലറ
7. മുണ്ടയാടി – വലിയപറമ്പ്
8. അമ്പലക്കണ്ടി കോളനി – തുത്തുമ്മൽ കോളനി റോഡ്
9. ഇടവേലി – അമ്പലക്കണ്ടി
10. കീഴ്പ്പള്ളി – കുണ്ടുമാങ്കാട്
11. ചാങ്കായത്തോട് – ചതിരൂർ
12. മഞ്ചാടിക്കുളം – എടപ്പുഴ.
13. വിയറ്റനാം – നീർക്കുന്ന്
14. വിയറ്റ്നാം – കംമ്പോഡിയ
15. ഉരുപ്പുംങ്കുണ്ട് – കുന്നേപ്പള്ളി – അയറോഡ്

16. ചമ്പ്രാശം പറമ്പ് – മേമ്പ്രക്കുന്ന്
17. പാറക്കെട്ട് – കപ്പും കടവു
18. കീച്ചേരി കൊട്ടാരം റോഡ്
19. ആറളം റോഡ് – മുലയിൽ

ആറളം പഞ്ചായത്തിൽ നിലവിലുള്ളതും പുതുതായി നിർമ്മിക്കേണ്ടതുമായ റോഡുകളുടെ ഒരു ഏകദേശ വിവരണമാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. റോഡുകളുടെ വികസനത്തിനു പ്രസംരക്ഷണത്തിനും ഒട്ടേറെ പ്രതിസന്ധികളും പ്രയാസങ്ങളും ഇന്ന് അനുഭവപ്പെടുന്നു ആവശ്യത്തിനുള്ള ഫണ്ടില്ലായമയാണ് മുഖ്യപ്രശ്നം. പൊതുജന പങ്കാളിത്തത്തിന്റെ അഭാവം പൊതുമുതൽ സൂക്ഷിക്കുന്നതിനു ജനങ്ങൾക്കുള്ള താൽപര്യക്കുറവു, അജ്ഞത ഇവയെല്ലാം വികസന കാര്യത്തിൽ പ്രതിബന്ധങ്ങളായി നിലനിൽക്കുന്നു.

പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ പണിയാൻ നടപടി സ്വീകരിക്കേണ്ടതാണ്

1. പാലപ്പുഴ – കീഴ്പ്പള്ളി P.W-.D. റോഡിൽ കുക്കുവാം പുഴക്ക് പാലം.
2. വളയംങ്കൊട് – കരിക്കോട്ടക്കരി റോഡിൽ പത്തായ പുര പാലം.
3. എടൂർ – മുണ്ട്യാപറമ്പ് റോഡിൽ വെമ്പുഴക്ക് പാലം.
4. ആറളം പുഴക്ക് പാലം (കാപ്പിൻകടവു.)

നടപ്പാലങ്ങൾ:

1. ആറളം ഫാമുമായി ബന്ധപ്പെടുവാൻ അമ്പലക്കണ്ടി നടപാലം
2. ആറളം ഫാമുമായി ബന്ധപ്പെടുവാൻ കൊക്കോട് നടപ്പാലം.
3. ആറളം ഫാമുമായി ബന്ധപ്പെടുവാൻ അമ്പലക്കണ്ടി പാലം.
4. ആറളം ഫാമുമായി ബന്ധപ്പെടുവാൻ വട്ടപ്പറമ്പ് മടപ്പാലം.
5. ആറളം ഫാമുമായി ബന്ധപ്പെടുവാൻ പരിപ്പ് തോട് നടപ്പാലം.

**നിർദ്ദേശങ്ങൾ:**

1. .ഓടകൾ, ഓവുചാലുകൾ സംരക്ഷിക്കുന്നതിനുള്ള ബോധവൽക്കരണം.
2. മൈസൂറിലേക്കുള്ള എറ്റവും എളുപ്പം എത്തിച്ചേരാൻ കഴിയുന്ന തരത്തിൽ തലശ്ശേരി – ഇരിട്ടി – കീഴ്പ്പള്ളി – ബർണ്ണാനി റോഡ് നിർമിക്കാവുന്നതാണ്. ഇത് സ്ഥാപിച്ചാൽ ഒന്നര മണിക്കൂർ സമയലാഭം, ഹെയർപിൻ വളവുകളുടെ അഭാവം., ദൂരക്കുറവു എന്നിവയുണ്ട്.

## ഊർജ്ജം

1980 അവസാനത്തോടെയാണ് ആറളം പഞ്ചായ്ത്തിലെ – ആറളം – കളരിക്കാട് – ചെടിക്കുളം പ്രദേശങ്ങളെ ബന്ധപ്പെടുത്തി ഏതാനും വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതോടുകൂടിയാണ് ആറളം പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത്. ഇതിനു ഒരു വർഷം മുമ്പ് പൊതുമേഖലാ സ്ഥാപനമായ ആറളം സെൻട്രൽ സ്റ്റേറ്റ് ഫാമിന്റെ ഹെഡ് ഓഫീസ് സ്ഥിതിച്ചെയ്യുന്നഓടംതോടിൽ വൈദ്യുതി എത്തിയിരുന്നു. എന്നാൽ അതിന്റെ പ്രയോജനം പൊതു ജനങ്ങൾക്ക് ലഭിച്ചിരുന്നില്ല. പിന്നീട് ഏടൂർ, കീഴ്പ്പള്ളി, വളയാങ്കോട്ട്, വീർപ്പാട് തുടങ്ങിയ മേഖലകളിൽ വൈദ്യുതി ലഭിക്കുകയുണ്ടായി. ആറളം പഞ്ചയത്തിൽ ഇതുവരെ ഗാർഹികാവശ്യത്തിന് 1320 ഉപഭോക്താക്കളും വ്യാവസായികാശ്യത്തിന് 12 കാർഷികാവശ്യത്തിനു 42 ഉം ഉപഭോക്താക്കളാണുള്ള്ത് ഇന്ന് ആറളം പഞ്ചായത്തിലെ 20% ജനങ്ങൾക്ക് പോലും പ്രയോജനപ്പെടുന്നില്ല. ഇപ്പോഴുള്ള സ്വകര്യങ്ങൾ നാമ നമാത്രമാണ്. ബാക്കി പ്രദേശങ്ങൾക്ക് കൂടി വൈദ്യുതി ലഭിക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ 79 സ്ട്രീറ്റ് ലൈറ്റുകളും ആറു സ്ഥലങ്ങളിൽ സോഡിയം വേപ്പ്ർ ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട് ആറളം പഞ്ചായത്തിലെ 11 സ്ഥലങ്ങളിലായി 17 LT ട്രാൻസ്ഫോർമറുകളും പ്രവർത്തിക്കുന്നു. വീർപ്പാട് പാലരിഞ്ഞാൽ കോളനി മാത്രമാണ് വൈദ്യുതീകരിക്കപ്പെട്ടത് അടിയന്തിരമായും മുഴുവൻ ഗിരിജൻ കോളനികളും വൈദ്യുതീകരിക്കമം.

ഇരിട്ടി മോജർസെക്ഷന്റെ കീഴിലാണ് ആറളം പഞ്ചായത്തിലെ വൈദ്യുതി ഗുണഭോക്താക്കൾ ഉൾക്കൊള്ളുന്നത് ഉപഭോക്താക്കൾക്ക് ചാർജ് അടക്കേണ്ടതിനു 15 മുതൽ 20 കിലേമീറ്റർ വരെ ദൂരം യാത്രചെയ്യേണ്ടിവരുന്നു. ഇതിനു പരിഹാരം എന്ന നിലയിൽ ആറളം പഞ്ചായത്തിലെ ഏടൂരിൽ അസി: എൻജിനീയർ ഓഫീസ് തുറക്കാൻ നടപടി ആരംഭിക്കേണ്ടതാണ്. തൻമൂലം ആറളം, അച്ചൻകുന്ന്, ചായം പഞ്ചായത്തുകളെ ഈ ഓഫീസന്റെ കീഴിൽ കൊ ണ്ടുവരാവുന്നതാണ്.

**ഊർജ്ജരംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ:**

1. ഒരു വാർഡിലും വൈദ്യുതി പൂർണ്ണമായും എത്തിയിട്ടില്ല.1 മുതൽ 11 വരെയുള്ള വാർഡിൽ 1 വാർഡ് ഒഴികെ ബാക്കി 10 വാർഡുകളിൽ നാമമാത്രമായ വൈദ്യുതി ഉപഭോക്താക്കളാണുള്ളത്.
2. വൈദ്യുതി ബോർഡിന്റെ ഓഫീസിലേക്കുള്ള ദൂര കൂടുതൽ ഉപഭോക്താക്കൾക്ക് വളരെയധികം വിഷമം ഉണ്ടാ ക്കുന്നു.
3. സ്ഥീകരണ വിതരണ രംഗങ്ങളിലെ കുറവ് ബോർഡിന്റെ ശ്രദ്ധക്കുറവു ദിവസങ്ങളോളം വാദ്യുതി ലഭിക്കാത്ത സ്ഥിതി വിശേഷം ഉണ്ടാക്കുന്നു.
4. പഞ്ചായത്തിലെ പട്ടിക വർഗ്ഗകോളനികളിലെ 17 കോളനികളും വൈദ്യുതീകരിക്കാൻ ബാക്കിയാണ്.

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

12389.9559 ഹെക്ടർ വിസ്തീർണ്ണമുള്ള ആറളം പഞ്ചായത്തിൽ 4962 വീടുകൾ ഉണ്ട്. ഇതിൽ 10 % ത്തിൽ താഴെ വീടുകൾ കുടിലുകളാണ്. കാർഷിക പ്രദാനമാണ് നമ്മുടെ പഞ്ചായത്തെങ്കിലും കൂലിപ്പണിയെടുത്ത് ജീവിക്കുന്നവരാണധികവും അതിനാൽ തന്നെ വീടുകൾ ഇടത്തരവും ചെറുതുമാണ്. എന്നാൽ ഗൾഫ് പണത്തിന്റെ സ്വാധീനം പുതിയ ചില വീടുകളുടെ നിർമ്മാണത്തിൽ കാണാം 4ഉം 5ഉം ലക്ഷം രൂപ മുടക്കി വീടുകൾ പണിയുന്നത് കൂടി വരുകയാണ് പഞ്ചായത്തിലെ 6,7 വാർഡുകളിൽപ്പെട്ട വെളിമാനം മേഖലയിലാണ് പുതിയ വീടുകൾ കൂടുതലായി ഉണ്ടാക്കുന്നത്. പഞ്ചായത്തിലെ ആകെ വീടുകളുടെ 80% വും മേൽകൂര ഓടു കൊണ്ടുള്ളതാണ് 10 % വീടുകൾ ഓലകൊണ്ടുള്ളതും 10% വീടുകൾ കോൺക്രീറ്റുമാണ്. മേൽകൂര ഓടിട്ട വീടുകളധികവും തറ ചാണകം മെഴുകിയതാണ്

എന്നാൽ ഇപ്പോൾ തറ മൊസൈക്കും കടപ്പയും കൊണ്ട് തീർക്കുന്നുണ്ട്. മിക്ക വാർഡുകളിലെയും വീടുകൾ ഏറെക്കുറെ തുല്യത പുലർത്തുന്നുണ്ട്. റോഡുകളുടെ സമീപത്ത് വീടുകൾ പണിയുക എന്നതാണ് ഇപ്പോഴത്തെ പ്രവണത ചുരുക്കം ചില വീടുകൾ വയൽ നികത്തി പണിതതാണ്.

പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം പ്രവർത്തിക്കുന്നില്ല എന്നാൽ പുതിയതായി നിർമ്മിക്കുന്ന വീടുകൾ വിവിധ ബാങ്കുകളിൽ നിന്നെടുക്കുന്ന ഭവന നിർമ്മാണ വായ്പ കൊണ്ടുള്ളതാണ്. തലശ്ശേരി കാർഷിക വികസന ബേങ്ക്, ഹൗസിംഗ് ബോർഡ് മറ്റ് ബാങ്കുകൾ എന്നിവയാണ് കൂടുതലായി വീട് നിർമ്മാണ വായ്പ നൽകുന്ന സ്ഥാപനങ്ങൾ

എന്നാൽ അമിതമായ പലിശയും വായ്പ കിട്ടുന്നതിലുള്ള സങ്കീർണ്ണതകളും കാരണം സാധാരണക്കാരന് വായ്പ ലഭിക്കാറില്ല. ഹൗസിംഗ് ബോർഡ് മുഖേനയുള്ള വായ്പക്ക് പോലും സങ്കീർണ്ണമായ പ്രശ്നങ്ങളാണ് സാധാരണക്കാരൻ നേരിടുന്നത്.

പഞ്ചായത്തിലെ 19 പട്ടിക വർഗ്ഗ കോളനികളിലും നെടുമുണ്ട, കളരിക്കാട്, ക്കുട്ടക്കളം, വെളിമാനം എന്നിലക്ഷം വീട് കോളനികളിലും ഇപ്പോഴുള്ള വീടുകളിൽ തന്നെ ഒന്നും രണ്ടും കുടുംബങ്ങൾ അധിവസിക്കുന്നു. ഇവരുടെ പാർപ്പിട പ്രശ്നമാണ് പഞ്ചായത്തിൽ ഏറ്റവും രൂക്ഷമായിട്ടുള്ളത് പൊതുവെ 4, 7 എന്നീ വാർഡുകളിൽ വിടില്ലാത്തവരുടെഎണ്ണം വളരെ കൂടുതലാണ്. കർഷക തൊഴിലാളികളാണ് ഈ വാർഡുകളിൽ കൂടുതൽ പേരും. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു കൊണ്ടിരിക്കുന്നു ഇതിന് പരിഹാരം കാണുവാൻ സർക്കാർ ഏജൻസികളുടെ വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് അനുവദിക്കുകയെ വഴിയുള്ളു. പഞ്ചായത്തിൽ ഇപ്പോൾ ലഭിക്കുന്ന വീടുകളുടെ എണ്ണം കുറവാണ്.

വീട് നിർമ്മാണം പൂർത്തികരിക്കുവാൻ കഴിയാതെ ലഭിച്ച സഹായം ഒരു ശാപമായി കാണേണ്ട ഗതികേടിലാണ് ഗുണഭോക്താക്കൾ കാരണം തുകയുടെ അപര്യാപ്തത തന്നെ ഇപ്പോൾ ലഭിക്കുന്ന തുക കൊണ്ട് മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാത്തവർക്ക് വീട് നിർമ്മിക്കുക എന്നത് ബാലി കേറാമല തന്നെയാണ്. ഈ സഹായം വർദ്ധിപ്പിക്കണം.

ആറളം ഫാമിലെ കോളനികളിൽ താമസിക്കുന്നവർ ഇപ്പോഴും ഓല കൊണ്ടും മേത്ത കുടിലുകളിലാണ് താമസിക്കുന്നത്.

പഞ്ചായത്തിൽ 4,7 വാർഡുകൾക്ക് പുറമെ മറ്റ് വാർഡുകളിലെ ചില പ്രദേശങ്ങളുമാണ് രൂക്ഷമായ പാർപ്പിട പ്രശ്നമുള്ളത്.

കെട്ടിട നിർമ്മാണ സാമഗ്രികളിൽ ചെങ്കല്ല് പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിലേക്ക് ചെങ്കല്ല് ഇവിടെ നിന്ന് കയറ്റി പോകുന്നുണ്ട്. പഞ്ചായത്തിലെ വീടുകൾ പൊതുവെ ചെങ്കല്ല് കൊണ്ട് ഭിത്തി കെട്ടിയതാണ്. ചെങ്കല്ല് സുലഭമാണെങ്കിലും മറ്റ് സാധനങ്ങൾ മിക്കതും പുറമെ നിന്നും കൊണ്ടുവരുന്നതാണ്. പഞ്ചായത്തിൽ 2 സ്ഥലങ്ങളിലാണ് മണൽ ലേലം നടന്നിട്ടുള്ളത് സാധന സാമഗ്രികൾ ലഭിക്കുന്ന കച്ചവട സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇന്ന് സുലഭമാണ്. സിമന്റ്, കമ്പി, ഓട്, തുടങ്ങിയവയുടെ കച്ചവടം കീഴ്പ്പള്ളി, എടൂർ,

എന്നി സ്ഥലങ്ങളിൽ നടക്കുന്നുണ്ട്. മരം വേണ്ടത്ര ലഭ്യമല്ല നിർമ്മാണ തൊഴിലാളികൾ പൂർണ്ണമായും ലഭ്യമല്ല. 92 -93 കാലത്ത് ഒരു വിദഗ്ദ തൊഴിലാളിക്ക് 75-80 രൂപയും അവിദഗ്ദ തൊഴിലാളിക്ക് 50-60 രൂപയുമാണ് കൂലി 1995 -96 ൽ കാലയളവിൽ വിദഗ്ദ തൊഴിലാളിക്ക് 125-150 രൂപയും അവിദഗ്ദ തൊഴിലാളിക്ക് 80-100 രൂപയുമാണ് കൂലി തൊഴിലാളികളിൽ സ്ത്രീ തൊഴിലാളികൾക്ക് കൂലി വളരെ കുറവുമാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റിന് 90-91 കാല്യളവിലുണ്ടായുരുന്നത് 110 രൂപയായിരുന്നെങ്കിൽ 95-96 കാലയളവിൽ 180-190 രൂപയായും 1000 കല്ലിന് 90-91 കാലത്ത് 3000 രൂപയും 95-96 കാലയളവിൽ 6000രൂപയായും വർദ്ധിച്ചിരിക്കുന്നു. അതെ പോലെ കമ്പിക്കും, മണലിനും, ദിവസവും വില വർദ്ധിക്കുന്നു ഒന്നാം ക്ലാസ് ഓടിന് 90-91 കാലത്ത് 2200 രൂപയുണ്ടായിരുന്നത് 95-96 കാലയളവിൽ 6000 രൂപയായി വർദ്ധിച്ചിരിക്കുന്നു. സാധന സാമഗ്രികളുടെ റോക്കറ്റ് വേഗതയിലുള്ള വിലവർദ്ധനവും, കൂലിനിരക്കും കാരണം JRY, IAY, MWS, പദ്ധതികൾ പ്രകാരം നൽകുന്ന തുക അപര്യപ്തമായി മാറുന്നു.

പഞ്ചായത്തിലെ ഭവന രഹിതർക്ക് വീട് നിർമ്മിച്ച് കൊടുക്കുവാനം കുടിലുകൾ മാറ്റിയെടുക്കുവാനും വരുന്ന 5 വർഷം കൊണ്ട് നടപ്പിലാക്കാവുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഒരു വീട്ടിൽ തന്നെ 2 ഉം 3 ഉം കുടുംബങ്ങൾ കഴിയുന്നതിനാൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും റേഷൻ കാർഡ് ലഭിക്കുവാനും കഴിയുന്നില്ല. ആരോഗ്യ പ്രശ്നങ്ങളും ഉടലെടുക്കുന്നു.

പാർപ്പിടരംഗത്തെ അതി സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കുക സർക്കാർ ഏജൻസിയായി പ്രവർത്തിപ്പിക്കുക.
2. നിർമ്മാണ ചിലവ് 3 ലക്ഷം മുകളിൽ വരുന്ന വീടുകൾക്ക് ഒരു നിശ്ചിത ഫീസ് തുക ചുമത്തുകയും ആ തുക കുടിലുകളുടെ ഓട് മേയുന്നതിനായി വിനിയോഗിക്കുകയും ചെയ്യുക.
3. സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളുടെയും അപേക്ഷകൾ പഞ്ചായത്ത് വഴി വിതരണം ചെയ്യുകയും സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക
4. ചിലവ് കുറഞ്ഞ വിടുകൾ നടപ്പിലാക്കുക.
5. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
6. ഭവന നിർമ്മാണ ഗ്രന്റും വായ്പ തുകയും വർദ്ധിപ്പിക്കുക.

ആറളം പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കണമെങ്കിൽ ഭൂമിയും ലഭിക്കേണ്ടതുണ്ട്. സൗകര്യ പ്രഥമായ സ്ഥലങ്ങളിൽ നിയന്ത്രിത വിലക്ക് ഭൂമി വാങ്ങി ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കണം. പഞ്ചായത്തിന്റെ അധീനതയിലുള്ള 9 ാം വാർഡിലെ വട്ടപ്പറമ്പിലുള്ള സ്ഥലവും 11ാം വാർഡിലുള്ള പുതിയങ്ങാടിയിലുള്ള സ്ഥലവും ഇങ്ങനെ ഭവന രഹിതർക്ക് നൽകണം ഹൗസിംഗ് ബോർഡ് ഭവന നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന 7 ാം വാർഡിലെ തട്ടിലുള്ള സ്ഥലം എത്രയും വേഗം ഏറ്റെടുത്ത് വീട് നിർമ്മിച്ച് നൽകണം.

രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഹൗസിംഗ് ബോർഡ്, ബാങ്കുകൾ എന്നിവ നൽകുന്ന ഭവന നിർമ്മാണ വായ്പയുടെ നടപടി ക്രമം ലഘൂകരിക്കുകയും പലിശ 10 % ത്തിൽ താഴെ നിശ്ചയിക്കുന്ന വേണം ഹൗസിംഗ് ഫ്ളോട്ടുകൾ നിർമ്മിച്ചു നൽകുകയും ചെയ്യുവുന്നതാണ്.

ആറളം ഫാമിലെ 3 കോളനികളിലായി താമസികുന്ന 55 വീടുകളിലായി താമസിക്കുന്ന 76 പണിയ കുടുംബങ്ങൾക്കും 32 ഓളം മുസ്ലിം കുടുംബങ്ങൾക്കും ആറളം പഞ്ചായത്തിൽ ആറളം ഫാമിനോടനുബന്ധിച്ച് സ്ഥലം വിലയ്ക്കി വാങ്ങി വീട് നിർമ്മിക്കുന്ന പദ്ധതി ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

**പട്ടിക**

| | |
|---|---|
| 95-96 വരെ വീട് നിർമ്മാണത്തിന് സാമ്പത്തിക സഹായം ലഭിച്ചവർ ആകെ | 101 |
| വീർപ്പാട് IHDP കോളനിയിൽ നിർമ്മാണം പൂർത്തിയായ വീടുകൾ | 26 |

**സാമൂഹ്യക്ഷേമം**

വിവിധ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും സംഘടിത അസംഘടിത തൊഴിൽ മേഖലയിലെ വിവിധ ക്ഷേമ പദ്ധതികളുമാണ് ഇന്ന് സാമൂഹ്യ ക്ഷേമ രംഗത്തുള്ളത്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത് കേന്ദ്ര – സംസ്ഥാന സർക്കാറുകളാണ്. ക്ഷേമ പദ്ധതികൾ വിവിധ ബോർഡുകൾ നേരിട്ട് നടപ്പിലാക്കുന്നു കൂടാതെ പട്ടിക ജാതി പട്ടിക പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി SC-/ST കോർപ്പറേഷനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

നിലവിലുള്ള പദ്ധതികൾ പലതും അപര്യാപ്തതകളുള്ളതാണ്. അർഹതപ്പെട്ടവർക്ക് പലപ്പോഴും സഹായം ലഭിക്കറില്ല. ഒരോ പദ്ധതിയുലുമുള്ള നൂലാമാലകൾ ഇതൊക്കെ ഈ പദ്ധതികളിലുമുണ്ട്. IRDP ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നത് പോലും അറിയായ്ക മൂലവും അറിവില്ലായ്മ മൂലവും ബഹുഭൂരി പക്ഷത്തിനും ലഭിക്കുന്നില്ല. IRDP സഹായമാണെങ്കിൽ തന്നെ വളരെ തുച്ചമാളുകൾക്ക് മത്രമാണ് ഒരോ വർഷവും പഞ്ചായത്തിൽ ലഭിക്കുന്നത്. പഞ്ചായത്തിൽ 2.V.EO സർക്കിളുകളായി വിഭജിച്ചിട്ടുണ്ട്. എടൂർ സർക്കിളിന്റെ ആസ്ഥാനം 7ാം വാർഡിലെ വെളിമാനത്താണ്. എന്നാൽ 2 സർക്കിളുകളുടെയും ചുമതല ഒരു V.EO യ്ക്കാണ്

IRDP, JRY, MWS, DWCRA ട്രൈസം തുടങ്ങിയ പദ്ധതികളിലുടെയാണ് ദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പിലാക്കുന്നത്. ഈ പദ്ധതികളിലൂടെയുള്ള സബ്സിഡിയും സഹായവും വിതരണവും ചെയ്യുന്നത് ആറളം, പായം സർവ്വീസ് ബാങ്കുകളിലുടെയും NMG ബാങ്കിന്റെ കീഴ്പ്പള്ളി ശാഖയിലുടെയുമാണ്. ബാങ്കുകളുടെ ചില നിയമങ്ങൾ മൂലവും മുഴുവൻ ഗുണഭോക്താകൾക്കും സഹായം ലഭിക്കാറില്ല. SC /ST വിഭാഗങ്ങളും ഗ്രാമീണ തൊഴിലാളികളും മറ്റ് ദരിദ്ര ജനങ്ങളും താമസിക്കുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയുള്ള വാഴ്പയും സഹായവും പഞ്ചായത്തിൽ ചെറിയ തോതിൽ മാത്രമാണ് ലഭ്യമാക്കാറ് വിവിധ ST കോളനികളിലെ യുവതികൾക്ക് തയ്യൽ പരിശീലനം നൽകി മെഷിനുകൾ നൽകിയെങ്കിലും അവർക്ക് ഇതൊരു ജീവിതോപാധിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിന് മാറ്റം വരണമെങ്കിൽ ഇവരെ ഒന്നിച്ചി ചേർത്ത് ഒരു ഗാർമെന്റ് സൊസൈറ്റി രൂപികരിച്ചെങ്കിൽ മാത്രമെ കഴിയു. കോർപ്പറേഷൻ മുഖനേയുള്ള സഹായ വിതരണം വർദ്ധിപ്പിക്കുകയും കാര്യക്ഷമമാക്കുകയും വേണം പഞ്ചായത്ത് മുഖേന ഇത് നടപ്പിലാക്കുക വേണം.

വനിതാ വികസന കോർപ്പറേഷൻ പ്രവർത്തനം പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിലെ എടൂർ സർക്കിളിൽ 95 ലെ IRDP സർവ്വേയിൽ 1108 കുടുംബങ്ങൾ ദാരിദ്ര രേഖക്ക് താഴെയുള്ളവരായുണ്ട്. ഇതിൽ 65 കുടുംബങ്ങൾക്ക് IRDP സഹായധനം വിതരണം ചെയ്തിട്ടുണ്ട്.

കീഴ്പള്ളി സർക്കിളിൽ 1995 ലെ IRDP സർവ്വേയിൽ 1111 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായുണ്ട്. ഇതിൽ 72 കുടുംബങ്ങൾക്ക് സഹായ ധനം വിതരണം ചെയ്തിട്ടുണ്ട്.

രണ്ട് സർക്കിളിലുമായി ആകെ 2219 കുടുംബങ്ങളാണ് IRDP സർവ്വേയിലുൾപ്പെട്ടിട്ടുള്ളത്. ഇത് വളരെ കുറവാണ്. ഇനിയും വളരെയേറെ കുടുംബങ്ങൾ IRDP സർവ്വേയിലുൾപ്പെടണ്ടവരായുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി നടപ്പിലാക്കുന്ന DWCRA യുണിറ്റുകളും ഗുണഭോക്താക്കളും പഞ്ചായത്തിൽ വളരെ കുറവാണ്. ദരിദ്ര കുടുംബങ്ങൾക്ക് ജീവിതോപാധിയായി സ്വീകരിക്കുവാൻ കഴിയുന്ന വിവിധങ്ങളായ DWCRA യൂണിറ്റുകൾ ഒരോ വാർഡിലും ഒന്നോ രണ്ടോ രൂപികരിക്കേണ്ടതാണ്. ഇതിന് സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്പോൾ 2 സർക്കിളുകളുമായി ഒരോ വർഷവും പഞ്ചായത്തിൽ ഒന്ന് അല്ലെങ്കിൽ രണ്ട് എന്ന നിലയിലാണ് DWCRA യുണിറ്റുകൾ അനുവദിക്കുന്നത് DWCRA യുണിറ്റികളിലെ ഉൽപന്നങ്ങൾക്ക് മാർക്കറ്റ് പിടിക്കുക എന്ന ദുഃഖ കരമായ പ്രവർത്തി വിജകരമായങ്കിലെ യുണിറ്റുകൾ വിജയിക്കുകയുള്ളു. സ്ത്രീകളെ സംബന്ധിച്ച് ഇത് പ്രയാസകരവുമാണ്.

അനുയോജ്യമായ ഉൽപന്നങ്ങൾ നിർമ്മിക്കാനും അതിനനുസരിച്ച മാർക്കറ്റിങ്ങും കണ്ടു പിടിച്ചാൽ DWCRA യുണിറ്റുകൾ ആരംഭിക്കാവുന്നതുമാണ്. നിലവിലുള്ള യൂണിറ്റുകളുടെ പ്രശ്നങ്ങൾ പരിഹരിക്കിന്നതിനും മുന്നോട്ട് കൊണ്ടു പോകുന്നതിനും കഴിയണം.

## പട്ടിക

| വാർഡ് | | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | അംഗങ്ങൾ | പ്രവർത്തനക്ഷമത |
|---|---|---|---|---|---|
| I | 1 | നവഭാരത ബേക്കറി & പ്ലാസ്റ്റിക് കാരാപറമ്പ | 8-1-1991 | 10 | പ്രവർത്തനരഹിതം |
| | 2. | നിഷ ജല്ലി യൂണിറ്റ് IHDP കോളനി - വീർപ്പാട് | 23-10-91 | 15 | പ്രവർത്തനരഹിതം |
| VII | | ഭാവന ജല്ലി യൂണിറ്റ് തൊത്തുമ്മൽ ST കോളനി | 9-4-91 | 10 | പ്രവർത്തനരഹിതം |
| XI | 1. | ഗ്രാമശ്രീ പുൽതൈലം വാറ്റുകേന്ദ്രം നിർമ്മലഗിരി | 5-3-91 | 10 | ഭാഗികപ്രവർത്തനം |
| | 2 | ഉദയ പുൽതൈല വാറ്റുകേന്ദ്രം - ചതിരൂർ കോളനി | 13-7-96 | 12 | പ്രവർത്തിക്കുന്നുണ്ട് |
| | 3. | കീർത്തി പുൽതൈല വാറ്റു കേന്ദ്രം - ചതിരൂർ കോളനി | 13-7-96 | 18 | " |
| | | മറ്റ് വാർഡുകളിൽ DWCRA കൾ പ്രവർത്തിക്കുന്നില്ല | | | |

യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പരിപാടിയും നമ്മുടെ പഞ്ചായത്തിൽ ആശാവഹമായ നടപടികൾ ഉണ്ടയതായി കാണുന്നില്ല. പരിശീലനം ലഭിച്ചവർക്ക് തന്നെ സ്വയം തൊഴിലിൽ ഏർപ്പെടുന്നതിന് ആവശ്യമായ വായ്പകളും മറ്റും ലഭിക്കാറില്ല. ഒരേ തൊഴിലിൽ തന്നെ പല വർഷവും നിരവധി പേരെ പരിശീലിപ്പിക്കുന്നതിനാലും ഗ്രാമങ്ങളിൽ അധിക ജോലി ലഭ്യമല്ലാത്തതിനാലും പരിശീലനം ലഭിച്ചവർ വെറുതെയിരിക്കേണ്ട അവസ്ഥായാണുള്ളത്. 95-96 വരെ എടൂർ സർക്കിളിൽ 16 പേർക്കും കീഴ്പള്ളി സർക്കിളിൽ 10 പേർക്കുമായി ആകെ 26 പേർക്കാണ് പഞ്ചായത്തിൽ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളു. പരിശിലനം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

ഗ്രാമീണ കൈ തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന ടൂൾക്കിറ്റ് പദ്ധതി പ്രകാരം അർഹതപ്പെട്ടവർക്കും, ആവശ്യക്കാർക്കും സാധനങ്ങൾ ലഭിക്കുന്നില്ലന്ന പരാതി പലപ്പോഴായി കേൾക്കാറുണ്ട്. പഞ്ചായത്തി 2 സർക്കിളുകളിലുമായി ആകെ 24 പേർക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. ഇതും പഞ്ചായത്തിൽ അപര്യപ്തമായ നിലയിലാണ് നടപ്പിലാക്കുന്നത് കൂടുതൽ പേർക്ക് ഗുണം കിട്ടുന്നതിനായി നടപടി ഉണ്ടവണം.

CRSP പദ്ധതി പ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് നൽകുന്ന സാമ്പത്തിക സഹായം ലഭിക്കുന്നവരുടെ എണ്ണവും വളരെ കുറവാണ്. 19 കോളനികൾ, 5 ലക്ഷം വീട് 4 സെന്റ് കോളനികൾ എന്നിങ്ങനെയുള്ള പഞ്ചായത്തിലെ ഏറ്റവും നിർദ്ദനരായവർക്ക് സഹായം ലഭിക്കുന്നതിന് നടപടികൾ ഉണ്ടാവണമെന്ന് 11 ഗ്രാമ സഭകളിലും ഉയർന്ന വന്നിരുന്നു. സഹായം നൽകുന്നതിനുള്ളവരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് മാത്രമെ കക്കൂസ് വ്യാപകമായി നിർമ്മിക്കുവാൻ കഴിയുകയുള്ളു. നിരവധി ആരോഗ്യ പ്രശ്നങ്ങൾ വിവിധ കോളനികളിലും മറ്റും ഉടലെടുക്കാറുണ്ട്. 95-96 വരെ ആകെ 130 പേർക്ക് മാത്രമാണ് സഹായം അനുവധിച്ചിട്ടുള്ളത്. ഏതെങ്കിലും സർക്കാർ സന്നദ്ധ സംഘടനയെ കൊണ്ട് നടപ്പിലാക്കുവാനുള്ള പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ടിയിരിക്കുന്നു.

സാമൂഹ്യ രംഗത്ത് അവശ ജനങ്ങൾക്ക് ലഭിക്കേണ്ട വിവിധ പെൻഷൻ അർഹർക്ക് ലഭിക്കാറില്ല. എന്നിൽ അനർഹർ ആനുകൂല്യം വാങ്ങിയെടുക്കാറുണ്ട്. ഇത് പരിഹരിക്കണമങ്കിലും അർഹരായ മുഴുവനാളുകൾക്കും ലഭിക്കുന്നതിനും പെൻഷനുകളുടെ ചുമതല പഞ്ചായത്തിന് കൈമാറേണ്ടതാണ്. അതെ പോലെ പെൻഷൻ തുക കൃത്യമായി കിട്ടാറില്ല. ഇതും പരിഹരിക്കണ്ടതാണ്. SC, ST ഡിപാർട്ട്മെന്റുകൾ മിശ്രവിവാഹിതർക്കുള്ള സഹായം വിതരണം ചേയ്യറുണ്ട്.

പെൻഷൻ ഗുണഭോക്താകളുടെ വിവരം

1 – വാർദ്ധക്യ കാല പെൻഷൻ പഞ്ചായത്ത് പാസ്സാക്കിയത് – 93

2 – മാതൃസഹായം – 51

3 – അഗതി പെൻഷൻ – ഇല്ല.

4 – വിധവ പെൻഷൻ – 7

5 – വികലാംഗ പെൻഷൻ – 25

6 – വാർദ്ധക്യകാല പെൻഷൻ – 1

7 – ക്ഷയം, കാൻസർ രോഗ പെൻഷൻ –

8 – കർഷക തൊഴിലാളി പെൻഷൻ –

9 – തൊഴിലില്ലായ്മ വേതനം. –

ആകെ –

കർഷക തൊഴിലാളി ക്ഷേമ നിധി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി, കൈത്തൊഴിലാളി – വിദഗ്ദ തൊഴിലാളി ക്ഷേമ നിധികളിലായി പഞ്ചായത്തിലെ നിരവധി പേർ അംഗങ്ങളായിട്ടുണ്ട്. എങ്കിലും അതാത് മേഖലകളിൽ ജോലി ചെയ്യുന്ന മുഴുവനാളുകളും ക്ഷേമ നിധിയിൽ ചേർന്നിട്ടില്ല.

**അംഗൺവാടികൾ**

സാമൂഹ്യ ക്ഷേമ രംഗത്ത് കൊച്ചു കുട്ടികളുടെയും അമ്മമാരുടെയും കേന്ദ്രമായ അങ്കൺവാടികൾ നമ്മുടെ പഞ്ചായത്തിൽ നിലവിൽ വന്നിട്ടില്ല. പഞ്ചായത്തിൽ വിവിധ വാർഡുകളിലായി മഹിള സമാജങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്ന ബാലവാടികൾ അംഗൻവാടികളായി മാറുകയാണ് ഉണ്ടായത്. 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന തോതനുസരിച്ച് ഏറ്റവും ചുരുങ്ങിയത് 25 അംഗൻവാടികൾ പഞ്ചായത്തിൽ വേണം എന്നാൽ 9 അംഗൻവാടികൾ മാത്രമാണിപ്പോൾ പഞ്ചായത്തിലുള്ളത് അംഗൻവാടികൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ട് 2 വർഷം കഴിഞ്ഞെങ്കിലും ഇതുഴ്യവരെയും ആരംഭിച്ചിട്ടില്ല. നിലവിലുള്ള അംഗൻവാടികളിൽ ചെടീക്കളം, പുതിയങ്ങാടി, ചതിരൂർ എന്നിവ ST കോളനികളോടനുബന്ധിച്ചുള്ളവയാണ്. ചില അംഗൻവാടികളിൽ കുട്ടികൾ അധികമാണെങ്കിൽ ചിലവയിൽ കുട്ടികൾ പേരിനു മാത്രമാണ്.

മുലയൂട്ടുന്ന അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര വിതരണംവും മറ്റ് നടപടികൾ സാമൂഹ്യ ക്ഷേമ രംഗത്ത് ഒരു ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. തുച്ഛമായ വേതനം കൊണ്ട് ജോലി ചെയ്യുന്ന ജീവനക്കാർ സമൂഹത്തിന് നല്ല മതൃകകളാണ്. പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ കടന്നുകയറ്റം അംഗൻവാടികളെയും ബാധിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾ പലതും ജീർണ്ണാവസ്ഥയിലുള്ളതാണ്.

– 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന തത്വം പാലിക്കുകയും അതനുസരിച്ച് പുതിയ അംഗൻവാടികൾ ഉടനടി ആരംഭിക്കുകയും ചെയ്യുക.

– കുഞ്ഞുങ്ങളെ ബാലവാടികളിലെത്തിക്കുന്നതിനാവശ്യമായ ബോധവത്ക്കരണം നടത്തുക.

– കെട്ടിടങ്ങളുടെ ജീർണ്ണാവസ്ഥ മാറ്റുക.

എന്നിവ ഈ രംഗത്ത് അടിയന്തമായും നടപ്പിലാക്കേണ്ടതാണ്.

അംഗൻവാടിക്ക് പുറമെ 7 ാാം വാർഡിൽ വീർപ്പാട് ഒരു ഡേകേർ സെന്റർ പ്രവർത്തിക്കിന്നുണ്ട്. കുട്ടികളുടെ പോരായ്മ ഇവിടെയും ബാധിക്കുന്നു. സാമുഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

2,3,5,9 എന്നീ വാർഡുകളിൽ നിലവിൽ അംഗൻവാടികളില്ല.

1984 ൽ എടൂരിൽ ആരംഭിച്ച മദ്രബുന്ദികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വികാസ് ഭവൻ സ്പെഷ്യൽ സ്കൂൾ ചാരിറ്റബിൽ സൊസൈറ്റി ആക്ട് അനുസരിച്ച് റജിസ്റ്റർ ചെയ്തതാണ്. ഇതിന് അംഗീകാരം നൽകണം.

**റേഷൻ ഷാപ്പ്**

പഞ്ചായത്തിൽ പൊതുവിതരണ സംവീധാനം കുറ്റമറ്റ നിലയിൽ പ്രവർത്തിക്കുന്നു കീഴ്പള്ളി 2, വെളിമാനം, ചെടിക്കളം, വീർപ്പാട്, പൂതുക്കുണ്ട്, ആറളം, എന്നിങ്ങനെ 7 റേഷൻ കടകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പായം പോസ്റ്റാഫിസിന് സമീപ്പമുള്ള റേഷൻ കടയിൽ ഒന്നാം വാർഡിലെ റേഷൻ കാർഡുകൾ ചേർത്തിട്ടുണ്ട്. ഒന്നാം വാർഡിലെ ചില പ്രദേശങ്ങളിലെ ജനങ്ങൾ 4 കിലോ മീറ്ററിലധികം സഞ്ചരിച്ച് റേഷൻ വാങ്ങുന്നത്. മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. ആറളം ഫാം സൊസൈറ്റി വകയായി കിഴ്പള്ളിയിലും ഫാമിലും

ഒരോ സ്റ്റോർ പ്രവർത്തിക്കുന്നു ഓണം, ക്രിസ്തുമസ്സ് തുടങ്ങിയ അവസരങ്ങളിൽ ആറളം ബാങ്ക്, പായം ബാങ്ക് എന്നിവ താൽക്കാലിക സ്റ്റാളുകൾ തുറക്കാറുണ്ട്. പുതിയങ്ങാടിയിൽ ഒരു പുതിയ റേഷൻ ഷാപ്പ് ആരംഭിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

കാരാപറമ്പിൽ ഒരു പുതിയ റേഷൻ കട ആരംഭിക്കുന്നതിനും പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കുന്നതിനും അടിയന്തിര നടപടികളാരംഭിക്കണം.

പുതിയ റേഷൻ കാർഡുൾ അനുവദിച്ച് കിട്ടുന്നതിനും, മാറ്റങ്ങൾ, തിരുത്തലുകൾ എന്നിവയ്ക്കും സപ്ലൈ ഉദ്യോഗസ്ഥന്മാർ മാസത്തിൽ ഒരു നിശ്ചിത ദിവസം പഞ്ചായത്തിൽ ക്യാമ്പ് ചെയ്യുന്നത് ഗുണകരമാണ്.

# വനിത പൊതുസ്ഥിതി

1930 കളിൽ ആരംഭിച്ച ആധുനിക കുടിയേറ്റം ആരംഭിക്കുന്നതിനു മുമ്പ് ആറളം പഞ്ചായത്ത് മിക്കവാറും ഒരു വന പ്രദേശമായിരുന്നു.പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ മാത്രമാണ് കുറച്ചെങ്കിലും ജനവാസം ഉണ്ടായിരുന്നത് എന്നാലിത് ജനസാന്ദ്രതയും ഫലപുഷ്ടിയുള്ളതും സമ്പന്നവുമായ ഒരു പഞ്ചയാത്തായിരിക്കുന്നു. ഇവിടെ 1991ലെ സെൻസസ് പ്രകാരം ജനസംഖ്യാനുപാതത്തിൽ സ്ത്രീകളാണ് കുറവ് 1 വയസ്സിൽ താഴെയുള്ള കുട്ടികളുടെ കണക്കെടുത്തപ്പഴും പെൺകുട്ടികളാണ് കുറവ്

സ്തീകളുടെ ആയുർദൈർഘ്യം ശരാശരി 70 വയ്സ്സാണ് എന്ന് പ്രഥമികാരോഗ്യ കേന്ദ്രത്തിലെ കണക്കുകൾ സീചിപ്പിക്കുന്നു. പൊതുവേ കേരളത്തിൽ സ്ത്രീകൽ പുരുഷൻമാരെക്കാൾ കുറവാണ്. ഇവിടെ ഇങ്ങനെ സംഭവിച്ചതിനു എടുത്തു പറയത്തക്ക കാരണങ്ങൾ ഒന്നും കണുന്നില്ല. സ്ത്രീകൾ പൊതുവെ അന്തർമുഖികളാണ്.60% പേർക്കും യാതൊരു തൊഴിലും ഇല്ല എന്ന് പറയാം. 40 % വരുന്ന തൊഴിലാളികളിൽ അധികം പേരും കർഷകത്തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ കർഷക വൃത്തി നടത്തി ഉപജീവന മാർഗ്ഗം കാണുന്നവർ എന്നിവരാണ്.ഉദ്യോഗസ്ഥകൾ കുറവാണ്. ശമ്പളം വാങ്ങുന്നവർ ഫാമിതെ തൊഴ്ലാളികളടക്കം കഷ്ടിച്ച് 850 പേർമാത്രമെയുള്ളു ഉദ്യോഗസ്ഥകളിൽ അദ്ധ്യായപകരാണ് അധികവും പഞ്ചായത്തിലെ സ്ക്കൂളുകളിൽ അദ്ധ്യാപകരിൽ അധികവും വനിതകളാണ്. ഉദ്യോഗസ്ഥകളും തൊഴിലാളികളുമായ സ്ത്രീകൾ വളരെയധികം കഷ്ടപ്പാടുകൾ സഹിക്കുന്നുണ്ട്. വീട്ടു ജോലികളും തൊഴിലും ഒന്നിച്ചു കൊണ്ടുപോകാൻ വല്ലാതെ പ്രയാസപ്പെടുന്നണ്ട്. എങ്ങിലും സ്വന്തമായി വരുമാന മാർഗ്ഗമുള്ളത് ഭാഗ്യമായി കരുതുന്നു. മണ്ണുന്തി കാർഷിക ശാസ്ത്രജ്ഞയും ഗവേഷകയുമായ റോസമ്മ അഖിലേന്ത്യാ തലത്തിലും സംസ്ഥാന തലത്തിലും അത്ലറ്റിക്സ് ഇനങ്ങളിൽ വലിയ നേട്ടഹ്ങൾ കൈവരിച്ച ഷിജി മുരളീധരൻ എന്നിവർ പഞ്ചായത്തിലെ ശാസ്ത്രവനിതകൾ ആണ്. ഷിജി ഇന്ന് തെഴിൽ രഹിതനാണ്.

**ആരോഗ്യം.**

PHC-യിലെ കണക്കുകൾ പരിശോധിക്കുമ്പോൾ സ്ത്രീകൾ പുരുഷൻമാരെക്കാൾ ആയുർ ദൈർഘ്യം കൂടിയവർ ആണെന്നു കാണുന്നു. ശരാസരി 70 വയസ്സാണ് സ്ത്രീകളുടെ ആരോഗ്യ ദൈർഘ്യം. 1398 ഗർഭിണികളും 1599 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. phc-യിലെകണക്കുകളിൽ നിന്നും സ്ത്രീകളുടെ രോഗവിവരങ്ങൽ ലഭ്യമല്ല. കാരണം അധികം പേരും phc പ്രയോജനപെടുത്തിയിരുന്നില്ല. അടുത്ത കാലം വരെ സ്ഥിരമായി ഒരു ഡോക്ടർ ഇല്ലായിരുന്നു എന്നത് ഒരു കാരണം ആണ്.

വിവിധ തരം രോഗങ്ങൾ ബാധിച്ച വിവിധ പ്രായക്കാരായ സ്ത്രീകൾ ധാരാളം ഉണ്ട്. ടോൺസിലൈറ്റിസ് ഗോയിറ്റർ തുടങ്ങിയ രോഗങ്ങളും അപൂർവ്വമായെങ്കിലും ഇവരിൽ കണ്ടുവരുന്നു. കടുത്തതലവേദനയും മാനസിക പിരിമുറുക്കവും (ചികിത്സ ആവശ്യമുള്ളവയടക്കം) ചെറിയ ശതമാനം സ്ത്രീകളിൽ കണ്ടുവരുന്നു.പ്രമേഹം, പ്രഷർ, ഹൃദ്യോഗം, കുഷ്ഠം, ക്ഷയം, ക്യാൻസർ, മൂത്രാശയ രോഗങ്ങൾ എന്നിവയും ഉണ്ട്. പട്ടിക വർഗ്ഗ സ്ത്രീകളിൽ കുഷ്ടം, ക്ഷയം മുതലായവ വളരെയധികം വളരെയധികം കാണുന്നു ഇവയുടെയൊന്നും യഥാർത്തകണക്കുകൾ ലഭ്യമല്ല. കാരണം ഇരട്ടി, കണ്ണൂർ, കോഴിക്കോട്, മണിപ്പാൽ എന്നിവയിലേക്ക് വിദഗ്ധ ചികിത്സ നേടിപ്പോകുകയാണ് പതിവു. ഇതിനു പരിഹാരം കാണേണ്ടതാണ്. ആരോഗ്യം ജനങ്ങളുടെ പ്രശ്നങ്ങളിൽ എറ്റവും പ്രധാനപ്പെട്ടതാണ്. ദൂരെ സ്ഥലങ്ങളിൽ ചികിത്സ തേടിപ്പോകുന്നത് കൊണ്ടുള്ള കഷ്ട നഷ്ടങ്ങൾ വളരെയാണ്.പഞ്ചായത്തിൽ തന്നെ നല്ല രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കണം.

ഇത്ര വിശാലമായ പഞ്ചായത്തിൽ ഒരു P.H-.C. കൊണ്ട് മൊത്തം ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം ആകുകയില്ല.ഉള്ളത് കാര്യക്ഷമമാക്കുകയും, ജനസാന്ദ്രതയുള്ള സ്ഥലത്ത് പുതിയതൊന്ന് തുടങ്ങുകയും വേണം. ഗുരുതരമായ രോഗങ്ങൾ P.H-.C-.യിൽ റിപ്പോർട്ട് ചെയ്യണം എന്നത് നിർബന്ധമാക്കണം. ഒരു ഗൈന

ക്കോളജിസ്റ്റ്, ദന്ത ഡോക്ടർ, എന്നിവരുടെ സേവനം ലഭ്യമാക്കണം. എടൂരിലിള്ള മാതൃശിശു സംരക്ഷണ കേന്ദം പ്രവർത്തിക്കുന്ന കെട്ടിടം ഏതാണ്ട് തകർന്ന നിലയിലാണ്. ഇത് നന്നാക്കുകയൊ, പുതുക്കി പണിയുകയൊ ചെയ്യണം. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെടും വിധം സേവന വ്യവസ്ഥകൾ നന്നാക്കണം. ആവശ്യത്തിനു മരുന്നുകളും മറ്റു സാധനങ്ങളും ഉണ്ടാക്കണം.

## വനിത വിദ്യാഭ്യാസം.

കുടിയേറ്റകാലത്തിനു മുമ്പ്തന്നെ ആത്യവശ്യം വിദ്യാഭ്യാസം ലഭിക്കുന്നതിനു വേണ്ടി കുടിപ്പള്ളിക്കുടം ഉണ്ടായിരുന്നു. കുടിയോറ്റത്തിന്റെ തുടക്കത്തിൽ തന്നെ അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിൽ ജനങ്ങൾ അതീവശ്രദ്ധ ചെലുത്തിയിരുന്നു സ്ത്രീകളും പുരുഷൻമാരും സ്ക്ഷരതയുടെ കാര്യത്തിൽ തുല്ല്യരാണ്. സ്ക്കൂളുകളിൽ 48.28% പെൺക്കുട്ടികളും മൊത്തം പഞ്ചായത്തിലെ സ്ത്രീകളിൽ 7.54% പട്ടിക വർഗ്ഗക്കാരാണ്. ഇവരുടെ ഇടയിൽ ഇന്നും വിദ്യാഭ്യാസമുള്ളവർ കുറവാണ്. സാക്ഷരർ തന്നെ കുറവാണ്. നമ്മുടെ പഞ്ചായത്തിലെ സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങൾ ഇങ്ങനെ ചുരുക്കി പറയാം.

1. സാമ്പത്തിക പരാധീനത, സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം പഠിപ്പിൽ മിടുക്കികളായ പെൺകുട്ടികളുംടെ പഠിത്തം നിർത്തിക്കുകയും ആൺകുട്ടികളെ തന്നെ പഠിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.
2. കുടുംബങ്ങളിലെ ഉത്തരവാധിത്തം അമ്മമാർ കുടുമ്പം പോറ്റാൻ പുറത്തുപോകേണ്ടി വരുമ്പോൾ മുതിർന്ന പെണകുട്ടിയെ താഴെയുള്ളവരെ പരിപാലിക്കാൻ ചുമതലപ്പെടുത്തുന്നത് മൂലം പഠിത്തം നിർത്തേണ്ടി വരുന്നു.
3. പട്ടിക വർഗ്ഗ സ്ത്രീകൾ അവരുടെ അലഞ്ഞുനടപ്പിനു സ്വന്തം കുട്ടികളെ കൂട്ടുന്നത് മൂലം അവർക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
4. സാങ്കേതിക ഉപരി പഠന സ്ഥാപനങ്ങൾ അടുത്ത പ്രദേശത്തോന്നും തന്നെഇല്ലാത്തതു കൊണ്ട് S.S-.L-.C. കഴിഞ്ഞ പെൺകുട്ടികൾക്ക് വീണ്ടും പഠിതക്കാൻ കഴിയുന്നില്ല.
5. ചില സമുദായക്കാർ പെൺകുട്ടികളുടെ വിദ്യാഭ്യാസം ചെറുപ്രായത്തിലെ അവസാനിപ്പിക്കുകയും വിവാഹിതരാവാൻ നിർബന്ധിപ്പിക്കുകയും ചെയ്യുന്നു.
6. പെൺകുട്ടികൾ കൂടുതൽ പഠിച്ചിട്ട് പ്രയോജനമില്ലാ എന്ന സമൂഹത്തിന്റെ പൊതുവായ സമീപനവും ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ നേടുന്നതിൽ തടസ്സമായി നിൽക്കുന്നു.

സാമൂഹ്യ ബോധവൽക്കരണം ഉപരി പഠനത്തിനും സാങ്കേതിക പരിശീലനത്തിനും സൗകര്യങ്ങൾ പഞ്ചായത്തിൽ തന്നെ ഉണ്ടാക്കുക എന്നിവയാണ് പോംവവികൾ.

### തൊഴിൽ

വനിതകളുടെ തൊഴിൽ പ്രശ്നം വളരെ ഗുരുതരമാണ് പഞ്ചായത്തിൽ ആറളം പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന സ്ത്രീ–പുരുഷൻമാരുടെ കണക്ക് താഴെ കൊടുക്കുന്നു.

ഇതിനു പുറമേ പഞ്ചായത്തിലെ 91ലെ സെൻസസ് പ്രകാരംമുള്ള മൊത്തം സ്ത്രീകളുടെ (11945) 30 % കാർഷികവൃത്തി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരാണ്. D.W-.C-.R-.A. യൂനിറ്റുകൾ ഉണ്ടെങ്കിലും 4 എണ്ണവും പ്രവർത്തനക്ഷമമല്ല മൊത്തം സ്ത്രീകളുടെ ഏതാണ്ട് 60 ശതമാനത്തോളം സ്ത്രീകൾ തൊഴിലില്ലാത്തവരായി

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | മൊത്തം ജീവനക്കാർ | പു | സ്ത്രീ | സ്ത്രീ പങ്കാളിത്തം |
|---|---|---|---|---|---|
| 1. | വിദ്യഭ്യാസ സ്ഥാപനങ്ങൾ | 258 | 115 | 136 | 54.18% |
| 2. | ആശുപത്രികളും അനുബന്ധസ്ഥാപനങ്ങളും | 40 | 23 | 17 | 42.5% |
| 3. | സൊസൈറ്റികളും സഹകരണസ്ഥാപനങ്ങളും | 26 | 21 | 5 | 40.2% |
| 4. | ബാങ്കുകൾ | 34 | 30 | 4 | 11.76% |
| 5. | കൃഷിഫാം | 1266 | 601 | 665 | 52.65% |
| 6. | കേന്ദ്ര സംസ്ഥാന ഓഫീസുകൾ | 70 | 68 | 2 | 2.86% |
| 7. | കള്ള വ്യവസായം | 25 | 22 | ഇല്ല | |
| 8. | മറ്റു വ്യവസായം | 4 | 4 | ഇല്ല | |
| | മൊത്തം | 1720 | 891 | 89 | |

വെറുതേ ഇരിക്കുന്നത് കാണാം ഇതിന്റെ കാരണങ്ങൾ പലതാണ്.

1. രൂക്ഷമായ തൊഴിലളി ക്ഷാമം അനുഭവപ്പെടുന്ന ഒരു മേഖലയാണ് കാർഷിക മേഖല എങ്കിലും കാർഷിക മേഖല അഭികാമ്യമായി സ്ത്രീകൾ കാണുന്നില്ല. മറ്റ് ജോലികളെ അപേക്ഷിച്ച് കൂലി കുറവ് ।ഒരു കാരണം. മറ്റൊന്നു കൃഷിപ്പണികൾ ചെയ്യുന്നത് വളരെ മോശമാണെന്ന മനോഭാവമാണ്. പാറമഠകളിലും, ചെങ്കൽ ചൂളകളിലും പണി യെടുക്കുന്നത് ആഭികാമ്യമായി കരുതുന്നു. അവിടെ കൂലി കൂടുതലും ഏറെ കുറേ തുടർച്ചയായി ജോലി ലഭി ക്കാറും ഉണ്ട്.

2.കൂലി പണിക്ക് പോകുന്നതിനു പലർക്കും താൽപര്യമില്ല അത് അന്തസ്സും, സൗന്ദര്യവും, വൃത്തിയും കുറയ്ക്കു ന്നതായി പലർക്കും അനുഭവപ്പെടുന്നു. ചെറിയ ശമ്പളത്തിലായാലും മുറികളിലിരുന്നുള്ള ജോലി വളർന്നു വരുന്ന തലമുറ കൂടുതൽ ഇഷ്ടപ്പെടുന്നു.

3. തുന്നൽ പണികളിലും മറ്റും ഏർപ്പെട്ടിട്ടുള്ള ഒരു ചെറിയ ശതമാനം സ്ത്രീകൾ ഉണ്ടെങ്കിലും അവർ തൊഴിൽ വൈദഗ്ദ്ധ്യം നേടിയവർ അല്ല അതുകൊണ്ട് പണിക്കുറവാണ് മാത്രമല്ല ഈ രംഗത്ത് ധാരാളം സ്ഥാപനങ്ങളും ഉണ്ട്.

4. തൊഴിൽ സ്ഥാപനങ്ങളുടെ കുറവാണ് മറ്റൊരു കാരണം

5. 7 DWCRA-കൾ പ്രവർത്തിക്കുന്നെണ്ടെങ്കിലും പുതിയരണ്ടെണ്ണം ഒഴിച്ച് ബാക്കിയെല്ലാം പരാജയമാണ്.

**ഇവക്കുള്ള പരിഹാരമാർഗ്ഗങ്ങൾ**

1. ഇഷ്ടം പോലെ തൊഴിൽ സാദ്ധ്യതയുള്ള കാർഷിക മേഖല അഭികാമ്യമാക്കി തീർക്കാനുള്ള ശ്രമങ്ങൾ നട ത്തുക. പത്രങ്ങൾ ടീ.വി. മറ്റു മാദ്ധ്യമങ്ങൾ എല്ലാം കർഷക തൊഴിലാളികളെ വിലയിടിച്ച് കാണിക്കുന്ന പ്രവണത നിർത്തലാക്കുക കൃഷിപ്പണിയെടുക്കുന്നവരെ സാങ്കേതിക വിദഗ്തരായി കണക്കാക്കുന്ന മനോഭാവം വളർത്തു ന്നത് പ്രയോജനകരമാണ്. കൃഷിയും മൃഗപരിപാലനവും അന്തസ്സുള്ള ജോലിയാണെന്ന് തോന്നിയാൽ തന്നെ നാട്ടിലെ തൊഴിൽ ക്ഷാമം തീരും.

2. തയ്യൻ പരിശീലന കേന്ദ്രങ്ങൾ തുറക്കുക. ആ തൊഴിലെടുക്കുന്നവരെ വൈദഗ്ദ്യരാക്കുക

3. നിലവിലുള്ള D.W-.C-.R-.A-.കൾ വൻ പരാജയമാണ്. പരിചയമില്ലാത്ത തൊഴിലുകൽ നൽകുന്നതു മൂലവും 10 പേർ വേണം എന്ന നിർബന്ധവും മൂലമാണ് ഇങ്ങനെ സംഭവിച്ചത് മൂന്നോ നാലോ പേർമാത്രമുള്ള യൂനിറ്റുകൾ ഉണ്ടാക്കുകയും വേണ്ടത്ര സാങ്കേതിക പരിശീലനവും പ്രോത്സാഹനവും കൊടുക്കുകയും വേണം.

4. കച്ചവട സ്ഥാപനങ്ങൾ തുറക്കുന്നതിനു സ്ത്രീകളെ പ്രോത്സാഹിപ്പിക്കുകയും ഇന്നത്തെ സാമൂഹിക വ്യവസ്ഥ സ്ത്രീകളെ കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിൽ നിന്നും പിൻതിരിപ്പിക്കുകയാണ്.നല്ല വരുമാനം പ്രതീക്ഷി ക്കാവുന്ന ഈ തൊഴിൽ പുരുഷൻമാർ കൈയടക്കിവെച്ചിരിക്കുകയാണ്.

5. ഡ്രൈവിങ്ങ്, പൈന്റിങ്ങ് മുതലായ ജോലികൾ ചെയ്യുന്നതിനു പ്രേരണയും പ്രോത്സാഹനവും നൽകുക.

6. പച്ചക്കറി കച്ചവടവും വിപണനവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.കടയിൽ നിന്നും കുറഞ്ഞ വിലക്ക് പച്ചക്ക റികൾ വിൽക്കാൻ എത്തുന്നതു കൊണ്ട് ആ രംഗം അത്ര അഭികാമ്യമല്ല. എങ്കിലും സ്വന്തമായി സ്ഥലവും പു റത്ത് ജോലിക്കു പോകാൻ സൗകര്യവും ഇല്ലാത്തവർക്ക് ഇത് പ്രയോജനമായിരിക്കും.

7. സ്വയം പരിശീലന കേന്ദ്രങ്ങൾ തുറക്കുക. ഏതൊരു നാട്ടിലും അന്തസ്സാണെന്നും തൊഴിൽ ചെയ്യാതെ മറ്റുള്ള വരുടെ ചെലവിൽ കഴിയുന്നത് മോശമാണെന്നും ഉള്ള പ്രചാരണം ശക്തമായാൽ ഇന്നത്തെ അലസരായ ചെറു പ്പക്കാർക്കും ചെറുപ്പക്കാരികൾക്കും അത് പ്രയോജനം ചെയ്യും

## ദാരിദ്രം സ്ത്രീകളിൽ

ദാരിദ്രത്തിന്റെ എറ്റവും കൈപ്പേറിയ അനുഭവങ്ങൾ അനുഭവിക്കുന്നത് സ്ത്രീകളാണ്. കുടുമ്പത്തിന്റെ മൊത്തം സാമ്പത്തിക സ്ഥിതി മാത്രം പുരുഷൻ നിയന്ത്രിക്കുകയും ഉള്ള വരുമാനം കൊണ്ട് വേണ്ട വിധത്തിൽ സ്ത്രീ ചെലവഴിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ട കഷ്ട നഷ്ടങ്ങൾ അനുഭവി ക്കേണ്ടത് സ്ത്രീയാണ്. കുടുമ്പനാഥനു മക്കൾക്കു വേണ്ടരീതിയിൽ ഭക്ഷണവും വസ്ത്രവും ജീവിത സൗകര്യ ങ്ങളും നൽകുവാനുള്ള തത്രപാടിൽ കുടുബനാഥക്ക് ഈ സൗകര്യങ്ങൾ എല്ലാം നിഷേദിക്കപ്പെടേണ്ടി വരുന്നു. പലപ്പോഴും ഭക്ഷണത്തിന്റെ കാര്യത്തിൽ വരെ ഇതനുഭവിക്കേണ്ടി വരുന്നു. സാമ്പത്തിക പരമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന സ്ത്രീകളാണ് എല്ലാ വിധ ദാരിദ്രത്തിലും ഉൾപ്പെട്ടിരിക്കുന്നത് . കുറെ അ

ഡമായ വിശ്യാലങ്ങൾ മാത്രമാണ് ഇവർക്കു കൂട്ടിനുള്ളത്. മദ്യപാനിയായ ഭർത്താവുള്ള വീട്ടിൽ സ്ത്രീ അനുഭവിക്കുന്ന ദാരിദ്ര്യം പറഞ്ഞറിയാക്കാനാവാത്തതാണ്. അടിയുടെയും ചീത്തവിളിയുടെയും പട്ടിണിയുടെയും ദിനങ്ങൾ മാത്രമെ അവരുടെ ജീവിതത്തിൽ ഉണ്ടാകുന്നുള്ളു. ഇതിനു പരിഹാരം ആകേണ്ടത് കുടുമ്പ നാഥൻ മാത്രമാണ്. തനിക്കും കുടുമ്പത്തിനും മാത്രം ജീവിക്കുന്ന തന്റെ ഭാര്യ അല്ലെങ്കിൽ അമ്മ എങ്ങനെ നിത്യവും കഴിയുന്നു എന്ന് ആഴ്ചയിലൊരിക്കലെങ്കിലും പരിശോധിക്കാൻ പുരുഷൻമാർ നിർബന്ധിക്കപ്പെടണം. മതസ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ കൂടിയുള്ള പ്രചാരണങ്ങൾ മാത്രം മതിയാവും ഇതിനു. എന്തും സഹിക്കാനുള്ള പ്രേരണ മാത്രമാണ് ഇന്ന് സമൂഹം നൽകുന്നത് പട്ടിക വർഗ്ഗ സ്ത്രീകൾ തീരെ ദരിദ്രരും സാക്ഷരതയിൽ ഏറ്റവും പിന്നിലും ആണ്. അലഞ്ഞു നടക്കുന്ന സ്വഭാവമുള്ള ഇവർ പലവിധ രോഗങ്ങളാലും, പട്ടിണിയിലാലും കഷ്ടപ്പെടുന്നു. ഇവർക്ക് തൊഴിൽ കൊടുക്കുന്നവർ ഇവരെ കൊണ്ട് പകലന്തിയോളം പണിയെടുപ്പിക്കുമെങ്കിലും കൂലി മറ്റ് കർഷക തൊഴിലാളികൾക്ക് കൊടുക്കുന്നത് പോലെ കൊടുക്കുന്നില്ല.

ആകെ ഏഴുപേർക്കാണ് വിധവാ പെൻഷൻ നൽകുന്നത്. IRDP ലിസ്റ്റിൽ സ്ത്രീകൾ കുടുമ്പനാഥകളായ 454 വീടുകൾ ഉണ്ട്.

അംഗനവാടികകളുടെ പേര് വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

കൂടാതെ വീർപ്പാട് ഒരു ഡെയർകേർ സെന്റർ കൂടി പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

## സാമൂഹ്യ പദവിയും പ്രശ്നങ്ങളും.

| സ്ഥലം | ജനസംഖ്യ | ആൺ | പെൺ | കുട്ടികൾ | | ഗർഭിണികൾ | മുലയൂട്ടുന്ന അമ്മമാർ |
|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | | |
| 1.വെളിമാനം | 1103 | 520 | 483 | 40 | 24 | 8 | 5 |
| 2. എടൂർ | 1022 | 496 | 526 | 61 | 55 | 7 | 10 |
| 3. ഒടാക്കൽ | 1016 | 506 | 510 | 38 | 51 | 6 | 9 |
| 4. ചെടിക്കുളം | 1022 | 508 | 1514 | 52 | 34 | 6 | 9 |
| 5. വീർപാട് | 1054 | 520 | 534 | 53 | 54 | 6 | 9 |
| 6. ചതിരൂർ | 1003 | 509 | 494 | 54 | 61 | 8 | 13 |
| 7. വാളത്തോട് | 765 | 368 | 397 | 22 | 31 | 8 | 5 |
| 8. പുതിയങ്ങാടി | 1010 | 493 | 517 | 54 | 52 | 7 | 6 |
| 9. മാങ്കോട് | 1010 | 497 | 513 | 42 | 44 | 15 | 8 |

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ സാമൂഹ്യ പദവിയുടെ കാര്യത്തിൽ എറ്റവും പിന്നിലാണെന്നു പറയാം. കുടിയേറ്റത്തിന്റെ ആദ്യകാലത്ത് സ്ത്രീപുരുഷ വ്യത്യാസം ഇല്ലാതെ എല്ലാവരും കഠിനാധ്വാനം ചെയ്ത് ഈ നാടിനെ സമ്പന്നമാക്കി. എന്നാൽ ഇന്ന് സ്ത്രീകളുടെ സ്ഥാനം പിന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഒരിടത്തരം കർഷക കുടുമ്പത്തിൽ കുടുമ്പനാഥനും മകനും പുരുഷകർഷകതൊഴിലാളിക്കും പിന്നിലാണ് കുടുമ്പനാഥയുടെ സ്ഥാനം. മൂന്നിലൊന്ന് സംവരണം നിയമം ഉണ്ടായത് കൊണ്ട മാത്രമാണ് നാലു വനിതകൾ ഇവിടെ പഞ്ചായത്ത് മെമ്പർമാർ ആയത് സ്ത്രീകൾക്ക് പൊതുജന സംഘടനകളിൽ പങ്കാളിത്തം തീരെകുറവാണ്. മഹിളാ അസോസിയേഷൻ മാതൃസംഘം എന്നിങ്ങനെ രണ്ട് സംഘടനകളിലൂ അല്ലാതെ സ്ത്രീകൾക്ക് നേതൃത്തം ഇല്ല. ഇങ്ങനെ സംഭവിക്കുന്നതിനു പല കാരണങ്ങൾ ഉണ്ട്. 1. സ്ത്രീകൾ പൊതുരംഗത്ത് വരുന്നത് പുരുഷൻ മാർ ഇഷടപ്പെടുന്നില്ല. പ്രത്യേകിച്ച് സ്വന്തം കുടുമ്പത്തിലെ സ്ത്രീകൾ 2. ഏതെങ്ങിലും ഒരു സ്ത്രീ പൊതു രംഗത്ത് വന്നാൽ തന്നെ ഭർത്താവിന്റെയോ സഹോദരന്റെയോ മകന്റെയോ അഭിപ്രായത്തിനപ്പുറം നീങ്ങാൻ സ്വാതന്ത്രം ഉണ്ടായിരിക്കുകയില്ല. 3. പൊതു രംഗത്ത് തങ്ങളുടെ സ്ഥാനം നഷ്ടപ്പെടുമോ എന്ന ഭയവും സ്ത്രീ എന്നേക്കാൽ ഒരു പടി താഴ്ന്ന് നിൽക്കണം എന്ന ചിന്തയും പുരുഷൻമാർക്ക് ഉണ്ട്. 4. വീട്ടു ജോലികൾ മൃഗസംരക്ഷണം.ശിശുപരിപാലനം പുറമെ മറ്റ് എന്തെങ്കിലും ജോലി ഉണ്ടെങ്ങിൽ അതും കൂടിയാകുമ്പോൾ പൊതു രംഗത്ത് എത്തി നോക്കാൻ കൂടി കഴിയാത്ത അവസ്ഥ ഉണ്ട്.



4336

OF LOCAL ADMINIST

5. ഇവയെല്ലാം തരണം ചെയ്താൽ സ്ത്രീകൾ അടക്കം ഉള്ള പൊതുജനത്തിന്റെ പരിഹാസത്തിനും അവഹേളനത്തിനും പാത്രമാവുന്നു. 6. ഇതൊന്നും വകവെക്കാതിരുന്നാൽ തന്നെ ഇന്ന് പൊതുരംഗം അടച്ചുവാഴുന്ന പുരുഷൻമാർ അവഗണിക്കുകയും ചെയ്യുന്നു. 7. സഹസ്രാബ്ദങ്ങൾ ആയി അടിച്ചമർത്തപ്പെട്ടു കഴിയുന്നതിനാൽ ഏതു രംഗത്തും മുമ്പോട്ടു വരാനും അഭിപ്രായം പറയാനും 90% സ്ത്രീകളും സങ്കോചപ്പെടുന്നു. മിണ്ടാതിരിക്കുകയും സഹിക്കുകയും ചെയ്യേണ്ടത് സ്ത്രീകളുടെ കടമയാണ് എന്നാണ് പൊതുവേ കരുതപ്പെടുന്നത്. ഈ കുടിയേറ്റപ്രദേശത്ത് ഈ പ്രവണതകളൊക്കെ വളരെ കൂടുതൽ ആണ്. പുരുഷന്മാരെ ബോധവൽക്കരിക്കുന്നതിലൂടെയെല്ലാതെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുകയില്ല.

സ്ത്രീധന സമ്പ്രദായവും സ്ത്രീ പീഠനവും നിലവിൽ ഉണ്ട്. സ്ത്രീധനം കൊടുക്കുവാൻ നിവ്രത്തിയില്ലാത്തതുകൊണ്ട്മാത്രം വിവാഹിതയാവാതെ വീട്ടുകാർക്കും നാട്ടുകാർക്കും ഒരധികപ്പെറ്റു പോലെ ജീവിച്ചുവരുന്ന സ്ത്രീകളും ധാരാളമുണ്ട്. അവരുടെ കണക്കുകൾ ലഭ്യമല്ല. വീട്ടുകാർ ഇവരുടെ കർമ്മശേഷി ചൂഷണം ചെയ്യുകയും ഇവർക്ക് യാതോരു സ്വാതന്ത്രവും കൊടുക്കാതിരിക്കുകയും ചെയ്യുന്നു. ഈ പ്രവണത പഠനവിധേയമാക്കേണ്ടതാണ്.

സ്ത്രീധനം,ധാരാളം കൊടുത്ത് വിവാഹം കഴിച്ചുവിടുന്ന പെൺകുട്ടികളിൽ പലരും ഭർത്തുഗ്രഹത്തിൽ പലവിധത്തിലുള്ള പീഠനങ്ങളും സഹിക്കേണ്ടിവരുന്നു.സ്ത്രീകളെ അടിച്ചമർത്തുന്ന ദൂഷ്യഫലങ്ങളിൽ ഒന്നാണ് അമ്മായിയമ്മപ്പോര്. സമൂഹത്തിൽ സ്ഥാനം കിട്ടാതപ്പോകുന്ന കഴിവുള്ള സ്ത്രീകൾ അടുക്കള തളത്തിൽ ജീവിതം തള്ളിനീക്കുന്നു. അവർ സ്വന്തമായി കരുതി സ്ഥാനമുറപ്പിച്ച ആ സാമ്രാജ്യം മറ്റൊരാൾക്ക് ഒഴിഞ്ഞുകൊടുക്കേണ്ടിവരുമോ എന്ന തോന്നൽ കൊലപാതകത്തിനു വരെ പ്രേരിപ്പിക്കുന്നു. മദ്യപനായ കുടുമ്പനാഥൻ കുടുമ്പത്തിനുണ്ടാക്കിവെയ്ക്കുന്ന ദുഖങ്ങൾ വിവരണാതീതമാണ്. മദ്യവിപത്തിനെതിരെ ശക്തമായ നടപടികൾ ഉണ്ടാകണം. മാദ്ധ്യമങ്ങളിലെ പരസ്യങ്ങൾ സ്ത്രീകളിൽ ചെലുത്തുന്ന സ്വാധീനം ചെറുതല്ല. സ്ത്രീ എങ്ങനെയൊക്കെ ആയിരിക്കണം എന്ന് നിശ്ചയിക്കുന്നത് പരസ്യങ്ങളാണ്.

വിധവകളും ഭർത്താവുപേക്ഷിച്ചതും ആയ കുടുമ്പനാഥകൾ 10% ഉണ്ട്. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഇവർക്ക് നിരവധി പ്രശ്നങ്ങളുണ്ട്. വസ്തുതാ വ്യവസായങ്ങളില്ല. ഒരു വനിതാ സഹകരണ സംഘം ഉണ്ട് നന്നായി പ്രവർത്തിക്കുന്നുമുണ്ട് പ്രവർത്തിക്കുവാൻ അവസരം ലഭിക്കുകയാണെങ്കിൽ കർമ്മനിരതരും ഉൽസാഹികളും ഏറ്റെടുക്കുന്ന ജോലികൾ പൂർത്തിയാക്കാൻ കഴിവുള്ളവരുമാണ് ഇവിടുത്തെ സ്ത്രീകൾ ഉദാഹരണങ്ങൾ മദർ PTA മഹിളാസോസിയേഷനുകൾ. പഞ്ചായത്തിൽ രണ്ട് സ്ക്കൂളുകളിലാണ് മദർ PTA നിലവിലുള്ളു എങ്കിലും അവരുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

**സാദ്ധ്യതകൾ.**

1. വിപണന സാദ്ധ്യതകൾ ഉണ്ടാക്കിക്കൊണ്ട് കുറ്റിമുല്ലകൃഷി ഓർക്കിട് കൃഷി എന്നിവ വികസിപ്പിക്കുക.
2. കട്ടിങ്ങിലും ഡിസൈനിങ്ങിലും പെൺകുട്ടികൾക്ക് വിദഗ്ത പരിശീലനം നൽകികൊണ്ട് റെഡീമെയ്ഡ് വസ്ത്ര നിർമാണ യൂനിറ്റുകൾ മൂന്നോ, നാലോ ഉണ്ടാക്കുക.
3. വനിതാ സഹകരണസ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുക
4. മൃഗ സംരക്ഷണവും കോഴി വളർത്തലും പ്രോത്സാഹിപ്പിക്കുക ഇതിനു വേണ്ടി DWCRA യുണിറ്റുകളുടെ ശൃഖലയുണ്ടാക്കണം രണ്ടോ, മൂന്നോ യൂനിറ്റുകൾ കന്നുകാലി വളർത്തുമ്പോൾ ഒന്ന് രണ്ട് യൂനിറ്റുകൾ പഞ്ചായത്തിൽ തരിശിട്ടിരിക്കുന്ന കുനികളിലും പുറംപോക്കുകളിലും പുൽകൃഷി നടത്തി വിതരണം ചെയ്യാം. വേറൊരു യൂനിറ്റിന് പഞ്ചായത്തിൽ തന്നെ ഉള്ള കപ്പ തേങ്ങാപ്പിണ്ണാക്ക് മുതലായ അസംസ്കൃത സാധനങ്ങൾ ഉപ്യോഗിച്ച് കന്നുകാലികൾക്ക് സമീകൃതാഹാരം നൽകാനുള്ള ഒരു ഫാക്ടറി തുടങ്ങണം.
5. കുടിവെള്ള പ്രശ്നം, സാനിട്ടറി സൗകര്യങ്ങൾ ഇവയില്ലാത്തതു കൊണ്ട് ഏറ്റവും അധികം പ്രയാസപ്പെടുന്നത് സ്ത്രീകളാണ് ഉടൻ പരിഹാരം കാണേണ്ട ഒന്നാണിത്. സ്ക്കൂളുകളിലും പൊതുസ്ഥലങ്ങളിലും പെൺകുട്ടികൾക്കുള്ള സാനിട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
6. സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ പഞ്ചായത്തിൽ ഒരിടത്തും പതിക്കാതിരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
7. പൊതു സ്ഥാപനങ്ങളിൽ ഓരോ പട്ടിക വർഗ്ഗ സ്ത്രീക്കെങ്കിലും ചെറുതെങ്കിൽ പോലും ഒരു തൊഴിൽ നൽകിയാൽ അത് അവരെ പൊതു ധാരയിലേക്ക് കൊണ്ടുവരുന്നതിനു സാഹായിക്കും.
8. ആഡംബരഭ്രമവും പരസ്യാനുകരണങ്ങളും ഒഴിവാക്കാനുള്ള ബോധവൽക്കരണം നടത്തുക. വിജ്ഞാനം തേടുന്നവരും അദ്ധ്വാനശീലമുള്ളവരുമാക്കി മാറ്റാൻ വേണ്ട പ്രോത്സാഹനം നൽകണം.

9. ദിവസവേതനക്കാരിൽ സ്ത്രീകൾക്ക് തൊഴിൽ ഒന്നാണെങ്കിലും പുരുഷനേക്കാൾ കുറഞ്ഞകൂലിയെ ലഭിക്കുന്നുള്ളൂ ഇതൊഴിവാക്കണം. തുല്ല്യജോലിക്ക് തുല്ല്യവേതനം ഉറപ്പാക്കണം.
10. സ്ത്രീപീഡനത്തിനും സ്ത്രീധന പീഡനത്തിനും എതിരെ ബോധവൽക്കരണം നടത്തണം. പീഡനങ്ങൾ നടത്തുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ പരമാവധി ശ്രമിക്കണം.
11 അംഗനവാടികളിൽ യാതോരുവിധ അവശ്യസൗകര്യങ്ങളും ഇല്ല. സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
12. സ്ത്രീ പുരുഷ സമത്വത്തിന്റെ ബാലപാഠങ്ങൾ അംഗൻവാടികളിലും നേഴ്സറികളിലും ആണ് തുടങ്ങേണ്ടത് ഇവിടെ പെൺകുട്ടികൾക്ക് യാതോരുവിവേചനങ്ങളും പാടില്ല. സ്ക്കൂളുകളിലും പെൺകുട്ടികളെ വേർതിരിച്ച് കാണരുത്. പാഠ്യ വിഷയങ്ങളിലും പാഠ്യേതരവിഷയങ്ങളിലും ഒരു പോലെ പരിഗണിക്കണം.
13. കച്ചവടസ്ഥാപനങ്ങൾ (ഹോട്ടൽ, പലചരക്കുകട, .....) തുടങ്ങാൻ വേണ്ട പ്രോത്സാഹനം കൊടുക്കണം.
14. വിധവകളും ഭർത്താവുപേക്ഷിച്ചവരും അവിവാഹിതകളും ആയ സ്ത്രീകൾക്ക് സമൂഹത്തിൽ പ്രത്യേക പരിഗണനകളും സംവരണങ്ങളും നൽകണം പ്രത്യേകിച്ച് തൊഴിൽ മേഖലകളിൽ.
15.മദ്യം നിർത്തലാക്കിയെങ്കിലും മദ്യപാനികൾക്ക് മദ്യം സുലഭമായി ലഭിക്കുന്നുണ്ട ഇതിനെതിരെ കടുത്ത നടപടികൾ ഉണ്ടാകണം.
16.ആരോഗ്യവകുപ്പിന്റെയോ റെഡ്ക്രോസിന്റെയോ ആഭിമുഖ്യത്തിൽ ഹോം നെഴ്സിങ്ങ് പരിശീലനം നൽകുക.
17. ഔദ്യോഗിക തലങ്ങളിൽ 1/3 സംവരണം നടപ്പിലാക്കുക.

# സഹകരണം

1951ൽ ക്ലിപ്ത രഹിത ബാദ്ധ്യതയോട് കൂടി ആറളം വില്ലേജിൽ എടൂർ കീഴ്പ്പള്ളി നിരത്തിന് തെക്കുഭാഗം പ്രവർത്തനപരിധിയോട് കൂടി 'ആറളം വിവിദോദ്ധേശ ഐക്യനാണയ സഹകരണ സംഘം' രൂപീകരിച്ചു. കന കത്തടത്തിൽ നാരായണൻ നമ്പ്യാർ, ചാത്തോത്ത് മമ്മദ് ഹാജി, ആവിർതടത്തിൽ ഗോവിന്ദൻ നമ്പ്യാർ, ചാത്തോത്ത് മമ്മിഹാജി തുടങ്ങി 25 പേരുടെ നേതൃത്വത്തിൽ 28-9--1951 ൽ പ്രവർത്തനം ആരംഭിച്ചു. 15- 12-1971 ൽ ക്ലിപ്ത ബാ ദ്ധ്യതയോടു കൂടിയുള്ള സർവ്വീസ് സഹകരണ സംഘമായി ഉയർത്തപ്പെടുന്നതുവരെ സംഘത്തിന്റെ പ്രവർത്തനം മന്ദഗതിയിലായിരുന്നു. ഈ കാലഘട്ടത്തിൽ സംഘം സമാപ്തികരണത്തിന്റെ ഒരു ഘട്ടത്തിലേക്ക് നീങ്ങുകയും പായം, വിവിധോദ്ദേശ ഐക്യ നാണയ സഹകരണ സംഘം എന്ന നിലയിൽ വീളമന അംശം ഒഴികെ പായം വി ല്ലേജ് പ്രവർത്തന പരിധിയായി കൊണ്ടുള്ള സഹകരണ സംഘത്തിന് പിന്നീട് ആറളം വില്ലേജിലെ ചില പ്രദേശ ങ്ങൾ കൂടി പ്രവർത്തന മേഖലയായി അനുവദിക്കുകയുണ്ടായി. Rev-Fr ജോസഫ് കട്ടക്കയം ചീഫ് പ്രൊമോട്ട റായും കിഴക്കേ പീടികയിൽ വർഗ്ഗീസ്, മടത്തിനകത്ത് ജോസഫ്, കുറ്റാപ്പള്ളിൽ ചെറിയാൻ തുടങ്ങി 25 പേരുടെ നേതൃത്വത്തിൽ 1951 ൽ പ്രവർത്തനം ആരംഭിച്ചു. അശാസ്ത്രീയമായ പ്രവർത്തന പരിധി നിശ്ചയിച്ചതുകൊണ്ട് ഈ ബാങ്കുകൾ തമ്മിൽ അനാരോഗ്യകരമായ മത്സരം ബാങ്കുകളുടെ വളർച്ചയെ ബാധിച്ചിട്ടുണ്ട്..
ആറളം പഞ്ചായത്തിൽ മാത്രമായി വിവിധ മേഖലകളിലായി 13 സഹകരണ സംഘങ്ങൾ രജിസ്ത്ര ചെയ്യപ്പെട്ടി ട്ടുണ്ട്. ഇതിൽ കീഴ്പ്പള്ളി ആസ്ഥാനമായി രജിസ്റ്റർ ചെയ്യപ്പെട്ട ഉപഭോക്ത്രി കാന്റീൻ പ്രവർത്തനം ആരം ിച്ചിട്ടേ യില്ല. കീഴ്പ്പള്ളി ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച കൺസ്യൂമർ സ്റ്റോർ ഇപ്പോൾ പ്രവർത്തന രഹിതമാണ്. രജിസ്ത്രർ ചെയ്തിട്ടുള്ള 13 സംഘങ്ങളിൽ 8 എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. 10 സംഘങ്ങളിലായി 44 സ്ഥിരം ജീവനക്കാരും 17 താത്ക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്.

ജില്ലാ തലത്തിൽ കണ്ണൂർ കലക്ട്രീവ് ഫാമിഗ് ആൻഡ് plantation എന്ന പേരിൽ രജിസ്ത്ര ചെയ്യപ്പെട്ടി ട്ടുള്ള സംഘം പ്രവർത്തന രഹിതമാണ് ജില്ലാതലത്തിൽ രജിസ്ത്ര് ചെയ്യപ്പെട്ടിട്ടുള്ള A.K.G സഹകരണാശുപത്രി യിൽ ഈ പഞ്ചായത്തിൽ 100 ഓളം മെമ്പർമാരുണ്ട്. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന തലശ്ശേരി പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കിന്റെയും തലശ്ശേരി താലൂക്ക് റബ്ബർ & അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹ കരണസംഘത്തിന്റെ ബിൽഡിംഗ് മെറ്റീരിയൽ സൊസൈറ്റിയുടെയും പ്രവർത്തനപരിധി ഈ പഞ്ചായത്ത് ഉൾപ്പെ ട്ടതാണ്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഇരിട്ടി കോ-ഓപ്പ് റൂറൽ ബാങ്ക് ഇരിട്ടി ഭവനനിർമ്മാണ സഹകര ണസംഘം, ഇരിട്ടി ബ്ലോക്ക് റബ്ബർ & അഗ്രികൾച്ചറൽ സഹകരണ സംഘം, ഇരിട്ടി ബ്ലോക്ക് വനിതാ സഹകരണ സംഘം, എന്നിവയും ഈ പഞ്ചായത്ത് പ്രവർത്തനപരിധിയിൽ ഉൾപ്പെട്ടതാണ്. ഇതുകൂടാതെ കണ്ണൂർ കോഴി ക്കോട്, കാസറകോഡ് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന തലശ്ശേരി രൂപത educational institution കോ-ഓപ്പ് സൊസൈറ്റിയുടെയും താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ജീവനക്കാരുടെ സഹകരണ സംഘവും, അബ്കാരി വർക്കേഴ്സ് വെൽഫെയൽ കോ-ഓപ്പ് സൊസൈറ്റിയുടെയും ഇരിട്ടി അസ്ഥാനമാക്കി പ്രവർത്തിക്കുന്ന പി.റ്റി.ചാക്കോ സഹകരണ ആശുപത്രിയുടെയും മുന്ന് സ്ക്കൂൾ സൊസൈറ്റികളുടെയും പ്രവർത്തനം നടക്കു ന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക അന്യത്ര ചേർക്കുന്നു.

## സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ:

കാർഷിക മേഖലയിൽ ആറളം സർവ്വീസ് സഹകരണ ബാങ്കും പായം സർവ്വീസ് സഹകരണ ബാങ്കും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കൺസ്യൂമർ വിഭാഗത്തിൽ സ്ഥാപിതമായ കീഴ്പ്പള്ളി കൺസ്യൂമർ സഹ കരണ സംഘം പ്രവർത്തന രഹിതമാണ്. ഉപഭോക്ത്യ കാന്റീൻ വിഭാഗത്തിൽ രജിസ്ത്ര ചെയ്യപ്പെട്ട കീഴ്പ്പള്ളി ഉപ ഭോക്ത്യ കാന്റീൻ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചിട്ടേയില്ല. 3 സ്ക്കൂൾ സഹകരണ സംഘങ്ങളിൽ 2 എണ്ണത്തിന്റെ പ്രവർത്തനം തീരെ അപര്യാപ്തമാണ്. വീർപ്പാട് സെ: സെബാസ്റ്റ്യസ് യു.പി. സ്ക്കൂൾ സഹകരണ സംഘം എടൂർ സ: മേരീസ് സഹകരണ സംഘം എന്നിവക്ക് തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി പോലുമില്ല. ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ ഉദ്ദേശ ലക്ഷ്യങ്ങൾ നേടുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. ആറളം ഫാം എംപ്ലോയീസ് കോ-ഓപ്പ് ക്രഡിറ്റ് സൊസൈറ്റി ആറളം പഞ്ചായത്ത് വനിത സഹകരണസംഘം, ആറളം റബ്ബർ & അഗ്രിക്കൾചറൽ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവ സാമാന്യം ഭേദപ്പെട്ട നിലയിലാണ് പ്രവർത്തിക്കുന്ന ത്. ആറളം ട്രൈബൽ ലാറ്ററേറ്റ് വർക്കേർസ് സഹകരണ സംഘം, ആറളം പട്ടികവർഗ്ഗം സഹകരണ സംഘം എ

ന്നിവയുടെ പ്രവർത്തനം തീരെ അപര്യാപ്തമാണ്. വ്യവസായ. മേഖലയിൽ പ്രവർത്തിക്കുന്ന സെറികൾച്ചറൽ സഹകരണ സംഘം പ്രവർത്തന രഹിതമാണ്.

**കാർഷിക മേഖല:**

**a) ഹ്യസ്വകാല വായ്പ:**

5000ൽ പരം കർഷക കുടുംബങ്ങൾ ഉള്ള ഒരു പഞ്ചായത്താണ് അറളം പഞ്ചായത്ത്. ഹ്യസ്വകാല, മദ്ധ്യ കാല, ദീർഘകാല, കാർഷിക കാർഷികേതര വായ്പകളാണ് പഞ്ചായത്തിൽ രണ്ടു ബാങ്കും മുഖ്യമായും വിത രണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ നല്കുവാൻ ഈ ബാങ്കുകാർക്ക് കഴിയുന്നില്ല. അറളം സർവ്വീസ് സഹകരണ ബേങ്ക് ആറളം സർവ്വീസ് സഹകരണ ബാങ്കിന്റെ ചെടിക്കുളം, കീഴിപ്പള്ളി പരിധി യിൽ ആയി 4000 ത്തോളം കർഷക കുടംബങ്ങൾ ഈ ബാങ്കിന്റെ പരിധിയിലുണ്ട്. എന്നാൽ ഈ ബാങ്കിൽ മുഴു വൻ കർഷകരും അംഗങ്ങളല്ല. കർഷകർ എടുത്ത വായ്പകൾ യഥാസമയം തിരിച്ചടക്കാത്തതുമൂലം ലക്ഷക്കണ ക്കിന് രൂപയുടെ നഷ്ടത്തിലാണ് ഈ ബാങ്ക് പ്രവർത്തിച്ചുവരുന്നത്. കർഷകാംഗങ്ങളുടെ സാമ്പത്തീകാവശ്യ ങ്ങൾ പരിമിതമായി നിറവേറ്റുന്നതിന് ഏകദേശ 3 കോടിയോളം രൂപ വർഷം തോറും ആവശ്യമാണ്. എന്നാൽ 95 -96 വർഷത്തിൽ 1.75 കോടി രൂപമാത്രമാണ് ബാങ്കിന് കാർഷികാവശ്യത്തിന് വിതരണം ചെയ്യാൻ സാധിച്ചത്. നബാർഡ് നിലവിലുള്ള കാർഷിക വായ്പ വിതരണത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ വായ്പ വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. കാർഷിക ഉല്പന്നങ്ങളുടെ വിതരണവും സംഭരണവും നട ക്കുന്നില്ല. സഹകരണമേഖലയിലുള്ള മറ്റ് ഏജൻസികൾ പ്രവർത്തിക്കുന്നതു മൂലമാണ് ഇത് സാധിക്കാതെ വരു ന്നത്. കാർഷികേതരാവശ്യങ്ങൾക്കായി ഒരു കോടി രൂപ 95-96ൽ വിതരണം ചെയ്തിട്ടുണ്ട്. അംഗങ്ങളുടെ ആവശ്യം പരിമിതമായി നിർവ്വഹിക്കാൻ 2കോടിയോളം വേണം

**2. പായം സർവ്വീസ് സഹകരണ ബാങ്ക്:**

ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ആറളം പഞ്ചായത്തിൽ 2000 ത്തോളം കർഷക കുടുംബങ്ങ ളുണ്ട്. കാർഷിക വായ്പ വിതരണത്തിനായി 2 കോടിയോളം രൂപ ആവശ്യമാണെങ്കിലും 95-96 വർഷത്തിൽ – രൂപ മാത്രമാണ് വിതരണം നടത്താനായത്. മുൻകാലത്ത് നടന്ന ധനാപഹരണവും വായ്പ തിരിച്ചടക്കുന്നതി ലുള്ള കർഷകരുടെ വീഴ്ചയും മൂലം ബാങ്ക് കനത്ത നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വളം കീടനാശിനി വില്പന ബാങ്ക് നടത്തിയിരുന്നു. കാർഷികേതര വായ്പയായി മദ്ധ്യകാല ദീർഘകാല വായ്പകൾ പരിമിതമായ അംഗങ്ങൾക്ക് നല്കി വരുന്നുണ്ട്.

ഈ രണ്ട് ബാങ്കുകളും ലാന്റ് രജിസ്ട്രർ പ്രകാരം ക്രഡിറ്റ് ലിമിറ്റ് സ്റ്റെറ്റ്മെന്റ് ശരിയാക്കി വർഷം തോറും ജില്ലാ ബാങ്കിൽ നിന്നു അംഗീകാരം വാങ്ങുന്നുണ്ടുവെങ്കിലും അർഹരായ എല്ലാവർക്കും വായ്പ നൽകാനുള്ള സംവിധാനം ഇന്ന് നിലവിലില്ല.

**3. അറളം ഫാം എംപ്ലോയീസ് കോ-ഓപ്പ് ക്രഡിറ്റ് സൊസൈറ്റി:**

പൊതുമേഖലാ സ്ഥാപനമായ അറളം സെൻട്രൽ സെറ്റെയിറ്റ് ഫാമിലെ ഉദ്യോഗസ്ഥന്മാർക്കും തൊഴിലാ ളികൾക്കും കാർഷികേതരവാശ്യങ്ങൾക്ക് ധനസഹായം നല്കുന്നതിന് വേണ്ടി നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഈ സംഘത്തിൽ 1200 ഓളം മെമ്പർ മാത്രമാണുള്ളത്. സംഘത്തിൽ രൂപ പ്രവർത്തന മൂലധനങ്ങളും – രൂപ വായ്പ ബാക്കിയുമുണ്ട്. മെമ്പർമാർക്കും മറ്റുള്ളവർക്കും മിതമായ നിരക്കിൽ നിത്യോപകയോഗ സാധനങ്ങൾ വി തരണം ചെയ്യുന്നതിന് രണ്ട് കൺസ്യൂമർ സ്റ്റോറുകൾ നല്ല നിലയിൽ പ്രവർത്തനം നടത്തി വരുന്നുണ്ട്. സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

**വനിതാ സഹകരണ സംഘം (ആറളം പഞ്ചായത്ത്):**

– വർഷത്തിൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സംഘ ത്തിന്റെ പ്രവർത്തനമൂലധനം – ആണ്. സംഘത്തിന്റെ വായ്പ ബാക്കി – ആണ്

**5. ആറളം റബ്ബർ & അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം:**

– വർഷത്തിൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആറളം പഞ്ചായത്തിലുല്പാദിപ്പിക്കപ്പെടുന്ന ഓരോ വർഷവും 4850 ടൺ റബ്ബറിൽ 5% പോലും സംരിക്കാൻ ഈ സംഘത്തിന് സാധിച്ചിട്ടില്ല. ഈ സംഘത്തിന്റെ 30–6–1996 ന്റെ മൊത്തം വിറ്റുവരവ് കേവലം 30 ലക്ഷം രൂപയാണ്. മുഴുവൻ റബ്ബർ കർഷകരോടും ഒരംഗങ്ങളാക്കുന്നതിനും കർഷകർക്കാവശ്യമായ കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടില്ല.

**6. പട്ടിക വർഗ്ഗ സഹകരണ സംഘം:**

19 കോളനികൾ ഉള്ള ആറളം പഞ്ചായത്തിൽ രണ്ട് പട്ടികവർഗ്ഗ സഹകരണ സംഘങ്ങളാണുള്ളത്. 2000 ത്തോളം വരുന്ന ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി രൂപം കൊണ്ട സംഘങ്ങളുടെ പ്രവർത്തനം തികഞ്ഞ പരാജയമാണ്.

**വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ:**

**a. കാർഷികമേഖല:**

ആറളം സർവ്വീസ് സഹകരണ ബാങ്കും പായം സർവ്വീസ് സഹകരണ ബാങ്കും 30–6–96ന്റെ കടധനപട്ടിക പ്രകാരം ലക്ഷക്കണക്കിന് രൂപയുടെ നഷടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ ബാങ്കുകൾ വഴി നടത്തുവാൻ സാധിക്കുകയില്ല. അതിനാൽ ബാങ്കുകളുടെ നഷ്ടം നികത്തുന്നതിന് വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് യഥാസമയം ആവശ്യമായ നടപടികൾ സഹകരണ വകുപ്പിന്റെ ഭാഗത്തും നിന്നും ഉണ്ടാകണം എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക

നിക്ഷേപ സമാഹരണം നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. സ്വകാര്യ ചിട്ടി ഇടപാടുകൾ ഇന്ന് നിലവിലില്ലാത്ത സാഹചര്യത്തിൽ ബാങ്കുകൾ കൂടുതൽ ചിട്ടികൾ നടത്തുകയും ആയതിനാവശ്യമായി ചിട്ടി നിയമവ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യുക കർഷകർ ഉത്പാദിപ്പിക്കുന്ന വിളകളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വായ്പകൾ വിതരണം ചെയ്യുക. ഓരോ കർഷകനും ക്രഡിറ്റ് കാർഡ് അനുവദിക്കുക. അർഹരായ എല്ലാവർക്കും അംഗത്വം ഉറപ്പുവരുത്തണം

ഒരേ വ്യക്തികൾ തന്നെ ഒന്നിലധികം സർവ്വീസ് സഹകരണ സ്ഥാപനത്തിൽ അംഗങ്ങളാവുന്നതും വായ്പ എടുക്കുന്നതും ഒഴിവാക്കുക

കൃത്യമായി വായ്പ തിരിച്ചടക്കുന്ന കർഷകർക്ക് യഥാസമയം പലിശ സബ്സി ലഭ്യമാക്കുക
കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുവാനും കാർഷിക ഉത്പന്നങ്ങൾ സംഭരിക്കാനും സംവിധാനം ഉണ്ടാക്കുക

കർഷകന്റെ ഉത്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാവുമ്പോൾ ഉൽപ്പന്നങ്ങളുടെ ഈടിന്മേൽ നാമമാത്രമായ പലിശക്ക് വായ്പ നല്കുന്നതിനു കഴിയണം

ആവശ്യമുള്ള മേഖലകളിൽ ശാഖകൾ തുറക്കണം ഗ്രാമീണ മേഖലയിലെ കർഷകർക്ക് ആവശ്യമായ ഹ്രസ്വകാല മദ്ധ്യകാല ദീർഘകാല കാർഷിക വായ്പകളും, കാർഷീകേതര ആവശ്യങ്ങൾക്കുള്ള വായ്പകളും ഉത്പന്നങ്ങൾ സംഭരിക്കാനും കർഷകർക്ക് ആവശ്യമായ കാർഷികോപകരണങ്ങളും മറ്റ് സാധന സാമിഗ്രികളും പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ കൂടി തന്നെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം. ഈ രംഗത്ത് വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നത് മൂലം ഉണ്ടാവുന്ന കിടമത്സരം പ്രസ്ഥാനത്തെ തളർത്തുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട രീതിയിൽ വിവിധ രീതിയിൽ വിവിധ മേഖലകളിൽ സേവനം ചെയ്യുവാൻ പര്യാപ്തമാവുമാറ് ഒരു പഞ്ചായത്തിൽ ഒരു സഹകരണ പ്രസ്ഥാനം എന്ന നിലയിൽ പുന:സംഘടിപ്പിച്ച് പ്രാഥമിക സഹകരണ വായ്പ സംഘങ്ങളെ ശക്തിപ്പെടുത്തേണ്ടതാണ്

നബാർഡിന്റെ ഇന്നത്തെ വായ്പാ നയം സഹകരണ ബാങ്കുകളെ തളർത്തുന്നതും വാണിജ്യ ബാങ്കുകളെ സഹായിക്കുന്ന തരത്തിലുമാണ്. നബാർഡിന്റെ കുറഞ്ഞ നിരക്കിലുള്ള വായ്പാ സൗകര്യം സഹകരണ മേഖലയാണ് കൂടുതലായി നല്കേണ്ടതാണ്

**ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ:**

കീഴ്പ്പള്ളി ക്ഷീരോത്പാദന സംഘത്തിന്റെ പരിധി ആറളം പഞ്ചായത്തിലെ 6,7,9,10,11 വാർഡുകളാണ്. ഇന്ന് ഒരു ദിവസം സംഭരിക്കുന്ന പാൽ – ലിറ്റർ മാത്രമാണ്. സംഘത്തിന്റെ കീഴിൽ വെളിമാനത്ത് ൊരു ഉത്പന്ന യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. . സംഘത്തിന്റെ കീഴിൽ അമ്പലക്കണ്ടിയിൽ മാതൃക തീറ്റപുൽ കൃഷി തോട്ടം നട ത്തുന്നുണ്ട്. സംഘത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വകരിക്കേണ്ടതാണ്.

ഏടൂർ ക്ഷീരോത്പാദന സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധി ആറളം പഞ്ചായത്തിലെ 1,2,5 വാർഡുകളാണ്. സംഘത്തിന്റെ കീഴിൽ എടൂരിൽ ഒരു പാൽ ഉത്പന്ന യൂണിറ്റ് പ്രവർത്തിക്കുന്നു. ഒരു ദിവസത്തെ പാൽ സംഭരണം – ലിറ്ററാണ്. കൂടുതൽ കറവ് മാടിനെ വിതരണം ചെയ്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്

ആറളം പഞ്ചായത്തിന്റെ 3,4,5,8 എന്നീ വാർഡുകൾ ഉൽപ്പെട്ടതാണ് ചെടിക്കളം ക്ഷീരോൽപാദന സഹക രണ സംഘം. സംഘത്തിന്റെ കീഴിൽ ആറളത്ത് ഒരു പാലുല്പാദന യൂണിറ്റ് പ്രവർത്തിക്കുന്നു

**മറ്റ് നിർദ്ദേശങ്ങൾ:**

1. വീർപ്പാടു കേന്ദ്രമായി ഒരു ക്ഷീരവ്യവസായ സഹകരണസംഘം രജിസ്ട്രർ ചെയ്ത് പ്രവർത്തനം ആരംഭി ക്കേണ്ടതാണ്
2. സംഘങ്ങളിൽ സംഭരിക്കുന്ന പാൽ കേട്ട് കൂടാതെ സൂക്ഷിക്കുവാനും സംസ്ക്കരിക്കാനും വേണ്ട സൗകര്യ ങ്ങൾ ഏർപ്പാടുത്തണം
3. മിതമായ നിരക്കിൽ കാലിതീറ്റ വിതരണം ചെയ്യാൻ സംവിധാനം സംഘങ്ങളിൽ ഏർപ്പെടുത്തണം
4. നല്ലയിനം കറവ് മാടുകളെ ലഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണം
5. മൃഗസംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കാൻ നടപടികൾ ഉണ്ടാവണം

**കൺസ്യൂമർ മേഖല:**

നിലവിൽ പ്രവർത്തനം ഇല്ലാത്ത ആറളം പഞ്ചായത്ത് കൺസ്യൂമർ സഹകരണസംഘം പുനർജീവിപ്പിച്ച് നിത്യോപയോഗസാധനങ്ങൾ മിതമായ വിലക്ക് വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരണം നിലവിലുള്ള 3 സ്ക്കൂൾ സഹകരണ സംഘങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടി കൈകൊള്ളണം

**പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ:**

നിലവിലുള്ള ആറളം ട്രൈബൽ ലാറ്ററേറ്റ് വർക്കേഴ്സ് ഇൻഡസ്ട്രീസ് കോപ്പറേറ്റീവ് സൊസൈറ്റിയും ആറളം പട്ടിക വർഗ്ഗ സഹകരണ സംഘവും നല്ല നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാവണം ധാരാളം പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഈ പഞ്ചായത്തിലെ ഈ സ്ഥലങ്ങളെ നല്ല നിലയിൽ പ്രവർത്തിപ്പി ക്കാൻ കഴിഞ്ഞാൽ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്.

**ചകിരി വ്യവസായ സഹകരണസംഘം:**

ആറളം പഞ്ചായത്തിൽ ധാരാളം തെങ്ങ് കൃഷി ഉള്ളതിനാൽ യന്ത്രവൽകൃത ചകിരി വ്യവസായ സഹ കരണ സംഘം ആരംഭിക്കാൻ കഴിയുന്നതാണ്. നിരവധിയാളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ അവസരം സൃക്ഷിക്കാൻ സാധിക്കുന്നതാണ്

**വനിതാ സഹകരണ സംഘങ്ങൾ:**

നിലവിലുള്ള ആറളം പഞ്ചായത്ത് വനിത സഹകരണ സംഘത്തിന്റെ പ്രവർത്തനം നാമമാത്രമാണ്. പഞ്ചാ യത്തിലെ മുഴുവൻ വനിതകളെയും അംഗങ്ങളാക്കി സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സംഘ ത്തിന്റെ കീഴിൽ റെഡിമേഡ് വസ്ത്ര നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ എന്നിവ ആരം ഭിക്കേണ്ടതാണ്.

# പട്ടികജാതി പട്ടികവർഗ്ഗം

കണ്ണൂർ ജില്ലയിൽ പട്ടിക.വർഗ്ഗത്തിൽപ്പെട്ട പണിയ ജനവിഭാഗം ഏറ്റവും കൂടുതൽ താമസിക്കുന്നത്. നമ്മുടെ ഗ്രാമ പഞ്ചായത്തിലാണ്. ഗ്രാമപഞ്ചായത്തിൽ പൊതുവെയുള്ള 18 കോളനികളിൽ ഇവരും പാലരിന്നാൽ വിയറ്റ്നാം എന്നീ രണ്ടു കോളനികളിൽ കുറ്യച്ച്യരു താമസിക്കുന്നു. ഇതിനു പുറമേ വീർപ്പാടിനടുത്ത മുണ്ടകം എന്ന സ്ഥലത്തു കോളനി അടിസ്ഥാനത്തിലും മറ്റെല്ലാ വാർഡുകളിലും ഒറ്റപ്പെട്ട നിലക്കും പട്ടിക ജാതിയിൽപ്പെട്ടവരും താമസിക്കുന്നു. ഈ മണ്ണിന്റെ നേർഅവകാശികളായ പണിയരും കുറിച്ച്യരുമടങ്ങിയ ആദിമനിവാസികളുടെ ജീവിതം ഏറെ പരിതാപകരമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 7.64 ശതമാനം പട്ടികവർഗ്ഗക്കാരും .75 ശതമാനം പട്ടികജാതിക്കാരുമാണ്.

**പട്ടികജാതി:**

അറളം ഗ്രാമപഞ്ചായത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും താമസിക്കുന്ന ഇവർ പൊതുവെ സാമൂഹ്യ ധാരയിലുള്ളവരാണ്. വീർപ്പാടിനടുത്ത മുണ്ടകം പ്രദേശത്താണ് ഇവർ ഏറ്റവും കൂടുതൽ താമസിക്കുന്നത്. ഇവർ പൊതുവെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. 1991 ലെ സെൻസസ് അനുസരിച്ചുള്ള ഇവരുടെ അംഗസംഖ്യ 182 ആണ്. ഇവരിൽ മഹാഭൂരിപക്ഷവും കർഷക തൊഴിലാളികളാണ്. ഇവർ പൊതുവെ വിദ്യാഭ്യാസമുള്ളവരാണ്. ഹൃസ്വകാല വിളകളിൽ നിന്നും ദീർഘകാല വിളകളിലേക്കു കാർഷിക രംഗത്തുണ്ടായ മാറ്റം ഇവരിലെ കർഷകതൊഴിലാളികൾക്കു ജോലി കുറയുന്നതിന് കാരണമായിട്ടുണ്ട്. ഇവർ കൂടുതലായി താമസിക്കുന്ന മുണ്ടകം പട്ടികജാതി കോളനിയായി അംഗീകരിക്കേണ്ടതുണ്ട്.ഭൂരഹിതരും ഭവനരഹിതരുമായ ആളുകൾക്കടിയന്തിരമായും ഇതിനുള്ള സംവിധാനം ഏർപ്പെടുത്തണം

**പണിയർ:**

അറളം ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട മഹാ ൂരിപക്ഷവും വരുന്ന ഇവർ 1.മാങ്ങാടു 2. കളരിക്കാടു 3. വെള്ളരിവയൽ 4. കുട്ടുവായ് 5.പറമ്പത്തെകണ്ടി 6. ചെടിക്കുളം 7. അമ്പലക്കണ്ടി 8. അമ്പലക്കണ്ടി II 9. തൊത്തുമ്മൽ 10. വീർപ്പാടു 11. തട്ടിൽ 12. കോഴിയോട് 13. ചതിരൂർ 14. ചങ്കായത്തോട് 15.വിയറ്റ്നാം കൂടാതെ അറളം ഫാമിനകത്തുള്ള 16. കൈതക്കൊല്ലി 17. ഓടൻ തോടു 18. ഓടത്തോടു II എന്നീ 18 സങ്കേതങ്ങളിലായി 260 കുടംബങ്ങൾ കോളനി അടിസ്ഥാനത്തിൽ ജീവിക്കുന്നു. പണ്ടുകാലം മുതൽ ജന്മിമാർക്കു അടിമ പണിയെടുത്തും മറ്റാളുകൾക്കു കാർഷിക ജോലി ചെയ്തും ജീവിച്ചു വന്നിരുന്ന ഇവർ കാർഷിക ജോലിയിൽ താൽപ്പര്യം കാട്ടുന്നു. 1980കളോടെ കാർഷികമേഖലയിൽ വന്ന നാണ്യവിളകളിലേക്കുള്ള മാറ്റം കാർഷിക തൊഴിലാളികൾ എന്ന ഇവരുടെ ഉപജീവനമാർഗ്ഗവും ഇല്ലാതാക്കി. കാടുകളിൽ നിന്നു വനസമ്പത്തു ശേഖരിച്ചു നാട്ടിൽ പുറങ്ങളിൽ വില്പന നടത്തി ഉപജീവനം കഴിച്ചിരുന്ന കുടുംബങ്ങൾ വനം വകുപ്പിന്റെ ഉപരോധത്തെ തുടർന്നു ഈ സാധ്യതയും നഷ്ടമായിരിക്കുകയാണ്

വനവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്ന ഇവർ മരപ്പണികളിൽ പ്രാവീണ്യമുള്ളവരാണ്. ഒറ്റപ്പെട്ട നിലക്കു നാട്ടിൽ പുറങ്ങളിലും ചില സന്ദർ ങ്ങളിൽ അന്യ സംസ്ഥാനത്തിലും ഇവരിൽ കുറച്ചു പേരെങ്കിലും മരപ്പണി കിട്ടാറുള്ളൂ. ഹൃസ്വകാല വിളകളിൽ നിന്ന ദീർഘകാല വിളകളിലേക്കു കാർഷികരംഗത്തുണ്ടായ മാറ്റം പൂർണ്ണാർത്ഥത്തിൽ ഇവരെയാണ് പട്ടിണിക്കാരായാണ് മാറ്റിയത്

പന്നമാസങ്ങളിൽ പണിയർക്കു തൊഴിൽ ല ്യമാക്കുന്നതിനു കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന തൊഴിൽ ദാനപദ്ധതികൾ കൊണ്ടു ഈ വി ാഗത്തിനു കാര്യമായ യാതൊരു ഗുണവും ല ിക്കുന്നില്ല എന്ന വസ്തുത വിമർശനപരമായി പഠന വിധേയമാക്കേണ്ടതാണ്

I-.R-.D.P പദ്ധതികൾ നിലവിൽ വന്നപ്പോൾ ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ ഇവരെത്തോടി പിടിച്ചു സമീപ പ്രദേശത്തെ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി ഇവരുടെ സാമൂഹ്യ ജീവിതം പുഷ്ടിപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും വായ്പകൾ ശാസ്ത്രീയമായി വിനിയോഗിക്കാൻ കഴിയാത്ത ഭൗതികസാഹചര്യത്തിലുള്ള ഇവർക്കു വായ്പ തിരിച്ചടയക്കാൻ കഴിയാതെ വരികയും റിക്കവറി നടപടികൾ മുൻസിഫ് കോടതികളിൽ ഫയൽ ചെയ്ത കേസുകളിൽ പലരും ജെയിലടക്കപ്പെട്ട സംഭവും ഉണ്ടായിട്ടുണ്ട്.

കേന്ദ്രീകൃതാസൂത്രണത്തിന്റെ മുകളിൽ നിന്ന് അടിച്ചേൽപ്പിക്കപ്പെടുന്ന അശാസ്ത്രീയമായ പദ്ധതികളുടെ പോരായ്മകൾ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നമ്മുടെ പഞ്ചായത്തിനകത്തുണ്ട്. കിടപ്പാടം മാത്രമുള്ളവർക്ക് ഉഴുവുകാളകളും എല്ലാ വർഷവും തെങ്ങിൻ തൈകളും വളങ്ങളും തുടർച്ചയായി പണിയായുധങ്ങൾ തുടങ്ങിയവ നമ്മുടെ മുമ്പിലുള്ള കന്നുകാലി വളർത്തൽ സമ്പന്ന കൃഷിക്കാർക്കുമാത്രം സാദ്ധ്യമായ ഈ കാലത്തു നിരവധി കറവ പശുക്കളെ കൊടുത്തു ഇവർക്കു ഇത് കൊണ്ടും ഉപജീവനം നടത്താൻ കഴിയാൻ പറ്റാത്തത് മാത്രമല്ല ജോലിക്കു പോകാൻ കഴിയാതെയും വന്നു. കുറച്ചു നാളുകൾ കൊണ്ടു ഇവർക്കു നല്കിയ പശുക്കളും ചത്തൊടുങ്ങിയ അനുഭവം നമ്മുടെ പഞ്ചായത്തിലടുത്തകാലത്തുണ്ടായതാണ്.

ഇന്നത്തെ സാമൂഹ്യ ചുറ്റുപാടിൽ ഇവർക്കായി അനുവദിച്ച ചില പദ്ധതികളെങ്കിലും ഇല്കട്രിസിറ്റി – റോഡുകളടക്കം – ഫലപ്രദമായി ഇവരെ ചൂഷണം ചെയ്യാനുള്ള ഉപാധികളായി മാറിയിട്ടുണ്ട്.
ഏറ്റവും അടുത്തായി ഇവർക്കു തൊഴിൽ കിട്ടണം എന്ന ആത്മാർത്ഥമായ ലക്ഷ്യത്തോട് കൂടി ആരംഭിച്ച D.W-.C-.R. A യൂണിറ്റുകളും (ജെല്ലി) ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിയില്ല.

സർക്കാർ കണക്കിൽ ഇവരിൽ അറളം ഫാമിലൊഴികെയുള്ള 90 ശതമാനം പേർക്കും വീടുകളുണ്ട്. ഇപ്പോൾ നിലവിലുള്ള വീടുകളിൽ തന്നെ ഏറെ പങ്കും താമസ യോഗ്യമല്ല. വീടുകളോടനുബന്ധിച്ചു പ്രാഥമിക സൗകര്യങ്ങൾ ഭൂരിപക്ഷം സ്ഥലത്തുമില്ല. കക്കൂസ് മുതലായ പ്രാഥമിക സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുള്ള കോളനികളിൽ തന്നെ ഇതിന്റെ നിർമ്മാണം വളരെ അശാസ്ത്രീയമാണ്. ഈ പോരായ്മകളുടെയും മുഖ്യകാരണം സർക്കാർ നല്കുന്ന ധനസഹായത്തിന്റെ അപര്യാപ്തതയാണ്. വീടുകളുടെ നിർമ്മാണത്തിനു സർക്കാരിൽ നിന്നു ലഭിക്കുന്ന തുക തുലോം തുച്ഛമായതുകൊണ്ടു ഗുണമേന്മയുള്ള സാമഗ്രികളെ കൊണ്ട് വീടുകൾ നിർമ്മിക്കാൻ കഴിയാതെ വരികയും ഇതിന്റെ ഫലമായി വീടുകൾ നിലം പൊത്തുകയും ചെയ്ത അനുവങ്ങൽ ധാരാളമുണ്ട്. കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഒരു വീട്ടിലും വൈദ്യുതി ഉപയോഗിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ പട്ടിക വർഗ്ഗ കോളനികളിൽ കുടിവെള്ളത്തിനുള്ള ഉപാധികൾ പലതും നിലവിലുണ്ടെങ്കിലും പല കോളനികളിലും ശുദ്ധ ജലക്ഷാമം നേരിടുന്നുണ്ട്. കേരള വാട്ടർ അതോറിട്ടിയുടെ കീഴിലുള്ള ചെടിക്കുളം കോളനിയിലെ ശുദ്ധ ജല വിതരണം ടാങ്കിന്റെ ചോർച്ച മൂലം താറുമാറായി കിടക്കുകയാണ്. വനം വകുപ്പിന്റെ സഹായത്തോട് കൂടി സ്വാഭാവിക ജലസ്രോതസ്സിൽ നിന്നും കതിരൂർ കോളനിയിൽ ജലവിതരണം നടത്തുന്ന പദ്ധതിയും ഇതേ അവസ്ഥയിലാണ്.

വെള്ളം ഒഴുകി വരുന്ന പൈപ്പുകൾ പൊട്ടി ജലം കോളനിയാൽ നിർമ്മിച്ചിരിക്കുന്ന ടാങ്കിൽ എത്താത്ത സ്ഥിതിയിലാണുള്ളത്. മറ്റു കോളനികളിലും കിണറുകളുണ്ടെങ്കിലും കിണർ വൃത്തിയായി സൂക്ഷിക്കണമെന്ന ബോധത്തിലേക്ക് ഇവർ വേണ്ടത്ര വളർന്നിട്ടില്ല. അറളം ഫാമിനടുത്ത കൈതക്കൊല്ലി കോളനിയിൽ കിണറില്ല. തൊട്ടടുത്ത അരുവിയിൽ നിന്നും ഇതിന്റെ കരയിലുള്ള വൃത്തിഹീനമായ കുഴിയിൽ നിന്നുമാണ് ഇവർ വെള്ളം ശേഖരിക്കുന്നത്

മിക്കവാറും കോളനികളിൽ താമസിക്കുന്ന ഇവരിൽ മാരകമായ പകർച്ച വ്യാധികളായ കുഷ്ടം ക്ഷയം തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു. ശുചിത്വ കുറവിന്റെ ഭാഗമായി കുട്ടികളിൽ ത്വക്കുരോഗങ്ങൾ സ്വാധാരണമാണ്. ശുദ്ധ ജല ദൗർല്ലഭ്യം സാനിറ്റേഷൻ സൗകര്യമില്ലായ്മ മൂലം പകർച്ച വ്യാധികളടക്കം പല തരത്തിലുള്ള രോഗങ്ങൾ ഇവരുടെ ഇടയിൽ കണ്ടുവരുന്നു. ഒറ്റപ്പെട്ട നിലയിലാണെങ്കിലും ശൈശവ വിവാഹം ഇവരുടെ ഇടയിൽ ഉണ്ട്. ഈ നിലയിലുള്ള അമ്മമാരുടെ ആരോഗ്യത്തെ കാര്യമായി ബാധിക്കാറുണ്ട്. നമ്മുടെ സംസ്ഥാനത്തിനകത്ത് പട്ടിക വർഗ്ഗക്കാർക്കായു ഏക ആയുർവ്വേദ ആശുപത്രി അറളത്താണ് പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ ഇവർ തേടാറില്ല. രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഈ സ്ഥാപനത്തിലെ സൗകര്യം ഫലപ്രദമായി ഉപയോഗിക്കാൻ ഇവർ തയ്യാറാകുന്നില്ല.

ഈ പഞ്ചായത്തിലെ 18 കോളനികളിൽ നിന്നുമായി 133 ആൺകുട്ടികളും 112 പെൺകുട്ടികളുമടക്കം 245 കുട്ടികൾ വിവിധ സ്ക്കൂളിലായി പഠിക്കുന്നുണ്ട്. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഒരു ട്രൈബൽ ഹോസ്റ്റൽ അറളത്ത് പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ട കുട്ടികൾക്കായി ചെടിക്കുളം കോഴിയോടു, ചതിരൂർ എന്നിവിടങ്ങളിലായ 3 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പ്രതിമാസ സ്റ്റൈഫെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ഉണ്ടെങ്കിലും വിദ്യാഭ്യാസപരമായി ഇവർ വളരെ പിന്നിലാണ്. പ്രകൃതിയുമായി അഭേദ്യമായി ഇഴുകി ജീവിക്കുന്ന ഇവർ ആധുനിക വിദ്യാഭ്യാസരീതികളുമായി പൊരുത്തപ്പെടുവാൻ കഴിയുന്നില്ല. വിദ്യാലയങ്ങളിൽ നിന്നുള്ള കുട്ടികളുടെ ഒഴിഞ്ഞുപോക്ക് ഒരു പ്രശ്നമായി തുടരുകയാണ്. തൊ

ഴിൽ രഹിതരായ സ്ത്രീകൾ പൊതുവെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന പ്രകൃതക്കാരായത് കൊണ്ട് കുട്ടികളെ കൂടി കൂട്ടിനായി കൊണ്ടുപോകുന്ന പതിവു ചില കോളനികളിലെങ്കിലുമുണ്ട്.

അറളം ഫാമിനകത്ത് 3 കോളനികളിൽ 55 കൂരകളിലായി താമസിക്കുന്ന 76 പണിയകുടംബങ്ങളുടെ സ്ഥിതി ഉത്തരവാദിത്തപ്പെട്ടവരുടെ തികഞ്ഞ അവഗണനയുടേതാണ്. വീട്ടുതടങ്കലിലെന്ന പോലെ ജീവിക്കുന്ന ഇവരുടെ സ്ഥിതി പരിതാപകരമാണ്. ഫാമിനകത്തു കൃഷിചെയ്തു ജീവിച്ചുവന്നിരുന്ന കുറിച്യ സമുദായത്തിൽപ്പെട്ട ആളുകൾക്കു 5 ഏക്ര വീതം ഭൂമി നൽകി സർക്കാർ വിയറ്റ്നാമിൽ പുനരധിവസിപ്പിച്ചിട്ടും ഈ ആളുകളോടു ഇതുവരെ നീതി 'പുലർത്തിയെന്നു പറയുവാൻ സാധിക്കില്ല. അടിയന്തിര പ്രാധാന്യത്തോട് കൂടി ഇവരുടെ പുനരധിവാസം ഉറപ്പാക്കേണ്ടതായിട്ടുണ്ട്.

അറളം ഫാമിനകത്ത് തന്നെ ഒരു കുടുംബത്തിന് ഒരേക്കർ സ്ഥലം വീതം നല്കുകയും യോഗ്യരെ മുഴുവൻ ആളുകൾക്കു സ്ഥിരമായി തൊഴിൽ നല്കി ഇവർക്കാവശ്യമായ എല്ലാ ജീവിതസൗകര്യങ്ങളും ഏർപ്പെടുത്തി ഫാമിനകത്തു തന്നെ ഇവർക്കായി ഒരു പ്രത്യേക സെറ്റിൽമെന്റ് ഏരിയ നിശ്ചയിച്ചു കൊടുക്കാവുന്നതാണ്.
ഇതിന് പുറമെ ഇവിടെ നിന്നും പുനരധിവസിപ്പിക്കപ്പെട്ട കുറിച്ച്യ വിഭാഗത്തിന് നല്കിയ പോലെ വിയറ്റനാം കോളനിക്കടുത്തായി പ്രത്യേക സ്ഥലം കണ്ടെത്തി ഒരു കുടുംബത്തിന് ഒരേക്കറെങ്കിലുമെന്ന നിലക്കു പ്രാഥമിക ജീവിത സൗകര്യങ്ങളേർപ്പെടുത്തി ഇവരേയും പുനരധിവസിപ്പിക്കേണ്ടതാണ്. കഴിഞ്ഞ വർഷം ഈ വിഭാഗം ആളുകൾക്കു വേണ്ടി നടപ്പിലാക്കിയ സന്തുലിത വികസനപദ്ധതികളുടെ ഭാഗമായി ഈ നിലയിലുള്ള ഒരു പ്രൊജക്ട് റിപ്പോർട്ട് ജില്ലാ പ്ലാനിങ്ങ് സമിതി തയ്യാറാക്കിയിരുന്നു എന്നാണ് മനസ്സിലാക്കുന്നത്.
കഴിഞ്ഞ വർഷം കണ്ണൂർ ജില്ലാ കലക്ടറായിരുന്ന Dr. W.R റെഡ്ഡിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം രണ സ്ഥാപന രണസമിതികളും രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും ജില്ലാ രണവുമായി ബന്ധപ്പെട്ട മുഴുവൻ വകുപ്പുകളും കൂടി കൂട്ടായി ഇവരുടെ സന്തുലിത വികസനത്തിന് വേണ്ടി നടപ്പിലാക്കിയ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇവരുടെ ബോധ ജീവിത നിലവാരത്തിലു ഗണ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി വിദ്യാ ഭ്യാസ രംഗത്ത് നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ ആരോഗ്യ രംഗത്തും ഫലപ്രദമായി ഇടപെടാനും കഴിഞ്ഞിട്ടുണ്ട്.

ഈ വർഷം ഏകദേശം മുഴുവൻ കുട്ടികളേയും സ്ക്കൂളിലെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ ഇവരുടെ കൊഴിഞ്ഞുപോക്കു ഗുരുതരമായ പ്രശ്നമായി തുടരുകയാണ്. ബോധവൽക്കരണത്തിലൂടെയും ജനകീയ ഇടപെടലിലൂടെയും മാത്രമേ ഇതു പരിഹരിക്കാൻ കഴിയുകയുള്ളൂ. വിദ്യാ ഭ്യാസപരമായ പിന്നോക്കാവസ്ഥയാണു ഇവരുടെ സാമൂഹ്യ വളർച്ചക്കു തടസ്സമായി നില്ക്കുന്നതു. ഇച്ഛാശക്തിയുള്ള രണകൂടവും സാമൂഹ്യ രാഷ്ട്രീയ നേതൃത്വവും യോജിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കുമാത്രമേ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

ഇവരുടെ കുട്ടികൾക്ക് വിദ്യാ ഭ്യാസം ഫലപ്രദമായി നല്കുന്നതിനും, അറളത്തുള്ള ട്രൈബൽ ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനും പഞ്ചായത്തിൽ വെളിമാനത്ത് ഹൈസ്ക്കൂളിനോടനുബന്ധിച്ച് സ്വന്തമായി സ്ഥലം എടുത്ത് ഒരു ഹോസ്റ്റൽ പണിയേണ്ടത് അത്യാവശ്യമാണ്

ഇവരുടെ വീടുകളുടെ സ്ഥിതിയും വിത്യസ്ഥമല്ല. പല സ്ഥലത്തും വീടുകൾക്കു തറ കെട്ടിയിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഏക I.H-.D.P കോളനിയായി വീർപ്പാടു കോളനിയിലെ 14ഓളം കുടംബങ്ങൾക്കു പുതിയതായി സ്ഥലം കണ്ടെത്തി വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിനകത്തുള്ള ഭൂരിപക്ഷം വീടുകളും അടിയന്തിരമായും അറ്റകുറ്റ പണികൾ ചെയ്യേണ്ടതാണ്. വീട് നിർമ്മാണം, സാനിറ്റേഷൻ പ്രവർത്തനങ്ങൽ എന്നിവക്കു ആവശ്യമായത്ര പണം ലഭിച്ചാൽ മാത്രമേ തൃപ്തികരമായ നിലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ.
ഹിന്ദുമതാചാരങ്ങളിൽ വിശ്വസിക്കുന്ന ഇവർ വലിയ പ്രാധാന്യത്തോടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നവരാണ്. കാക്കപ്പുല, കാക്കപ്പാട്ടു എന്നിവ ഇവരുടെ പ്രധാന അനുഷ്ഠാനങ്ങളാണ്
ആദിവാസി ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഇവരുടെ ഇടയിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള വീർപ്പാടു പ്രവർത്തിക്കുന്ന ചെങ്കൽതൊഴിലാളി വ്യവസായ സഹകരണസംഘം സഹകരണവകുപ്പിൻരെ കീഴിൽ പ്രവർത്തിക്കുന്ന അറളം പട്ടിക വർഗ്ഗ സഹകരണസംഘം ഖാദി ഗ്രാമ വ്യവസായത്തിൻരെ കീഴിൽ പ്രവർത്തിക്കുന്നു.
ഈ സംഘങ്ങളുടെ പ്രവർത്തനത്തിലൂടെ ഒരു പാടുതൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും തൊഴിൽ പരിശീലിപ്പി

ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇവരുടെ ജീവിതത്തിൽ ഗണ്യമായ മാറ്റം വരുത്താൻ ഈ സ്ഥാപനങ്ങൾക്കുമാ യിട്ടില്ല.

ഇന്നത്തെ അവസ്ഥയെക്കുറിച്ച് പഠിക്കുമ്പോൾ വലിയൊരളവിൽ നിക്ഷിപ്തവനമുള്ള നമ്മുടെ ഗ്രാമപ ഞ്ചായത്തിലെ വനവിഭവങ്ങളിൽ ശേഖരിക്കലും സംരക്ഷിക്കലും പോലുള്ള പ്രവർത്തികളിൽ ഇവരെ ഏർപ്പെടു ത്തിയാൽ ചെറിയരൊളവെങ്കിലും ഇവരുടെ തൊ ഴിലില്ലായ്മ പരിഹരിക്കും. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങ ളുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഇവർക്കു പരിശീലനവും നല്കി ഇവരെ മറ്റു തൊഴിലുകളെടുക്കാൻ പ്രേരി പ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ മെച്ചപ്പെടുത്തുന്നതിന് പ്രതിഫലം നല്കി സന്നദ്ധ പ്രവർത്തകരെ ചുമതലപ്പെടു ത്താവുന്നതാണ്.

ഇന്നത്തെ സാമൂഹ്യ ചുറ്റുപാടിൽ ഇവരുടെ പിന്നോക്കാവസ്ഥയുടെ യഥാർത്ഥ കാരണം നിലവിലുള്ള കോളനി സമ്പ്രദായമാണെന്നുള്ള വസ്തുത നമുക്കംഗീകരിക്കേണ്ടി വരും. നമ്മുടെ ഗ്രാമപഞ്ചായത്തിനകത്ത് ഒറ്റ പ്പെട്ട പ്രദേശങ്ങളിൽ മറ്റാളുകൾക്കിടയിൽ താമസിക്കുന്ന ചില കുടംബങ്ങൾ പൂർണ്ണമായും സാമൂഹ്യ ധാരയിലെ ത്തിയവരാണ്. വിദ്യാഭ്യാസപരമായും ആരോഗ്യപരമായും തൊഴിൽ ലഭ്യതയുടെ കാര്യത്തിലും ഇവർ വളരെ മു ന്നിലാണ്. നിലവിൽ മാറിതാമസിക്കുന്നവർക്കും വരുന്ന പുതിയ തലമുറയേയും മറ്റു ജനവിഭാഗങ്ങളുടെയിടയിൽ ജീവിത സൗകര്യമുള്ള സ്ഥലങ്ങളിൽ ഏറ്റവും കുറഞ്ഞതു 10 സെന്റ് സ്ഥലം വീതം വാങ്ങിക്കൊടുത്തു ആവ ശ്യമായ സഹായങ്ങൾ ചെയ്ത് കൊടുത്തും വീടു നിർമ്മിച്ചു കൊടുത്തും ഈ ജനവിഭാഗത്തെ സാമൂഹ്യ ധാരയി ലേക്കു കൊണ്ടുവരേണ്ടതാണ്.

കുറിച്ച്യർ പഞ്ചായത്തിലെ പാലരിഞ്ഞാൽ, വിയറ്റ്നാം അറളം ഫാം എന്നീ കോളനികളിലായി 75ഓളം വീടുകളിലായി ഇവർ താമസിച്ചു വരുന്നു. ജന്മിമാർക്ക് അടിമപ്പണി ചെയ്യുകയായിരുന്നു ഇവരുടെ തൊഴിൽ. അ തോടൊപ്പം ഇവർക്ക് സ്വന്തമായുണ്ടായിരുന്ന കൃഷിഭൂമിയിൽ തനതായ കൃഷിരീതികൾ ചെയ്തും വന്നിരുന്നു. കാർഷികരംഗത്ത് ഇവർ നല്ല അദ്ധ്വാനശീലരാണ്. വാർഷിക വിളകളോടൊപ്പം നാണ്യ വിളകളും ഇവർ കൃഷി ചെയ്ത് വന്നിരുന്നു. ആറളം ഫാമിൽ കൃഷിഭൂമി സ്വന്തമായുണ്ടായിരുന്ന ഇവരുടെ ഭൂമി ആറളം ഫാമിനുവേണ്ടി അക്വയർ ചെയ്തപ്പോൾ ഇവർക്ക് വിയറ്റ്നാമിൽ ഓരോ കുടംബത്തിനും 5 ഏക്കർ വീതം ഭൂമി നല്കുകയു ണ്ടായി. ഇവർക്ക ലഭിച്ച തരിശ് ഭൂമി ഇന്ന് പൊന്നു വിളയിക്കുന്ന ഭൂമിയാക്കി മാറ്റി. എങ്കിലും ഇവർ ഇന്ന് ഒരു ദ്വീ പിലകപ്പെട്ടതുപോലെ മറ്റ് യാതൊരു സൗകര്യങ്ങളും ഇല്ലാതെ കഷ്ടപ്പെടുകയാണ്.

ഹിന്ദുമതത്തിൽ പെട്ട തൂവർ തനത് സംസ്കാരത്തിനുടമകളാണ്. അമ്പും വില്ലും ആയിരുന്നു ഇവരുടെ ആയുധം. വിദ്യാഭ്യാസ നിലവാരം മോശമാണ്. ഇവരുടെ ഇടയിൽ നിന്ന് ഒരു വിദ്യാർത്ഥിനി BSc കഴിഞ്ഞ് നേ ഴ്സിങ്ങ് പഠനം നടത്തുന്നുണ്ട്. പട്ടികവർഗ്ഗത്തിലെ ഉന്നതകുല ജാതരായി കണക്കാക്കിയിരുന്ന ഇവർ തീണ്ടൽ മറ്റ് സമുദായക്കാർക്കും കല്പിച്ചിരുന്നത് ഇപ്പോൾ സാമൂഹ്യ ഇടപെടലിലൂടെ മാറ്റിയിട്ടുണ്ട്. ആഹാരങ്ങളിലും വമ്പിച്ച മാറ്റം വരുത്തുകയുണ്ടായി.

ഇവരുടെ ഇടയിൽ പറയത്തക്ക ആരോഗ്യപ്രശ്നങ്ങൾ ഒന്നും തന്നെയില്ല. രോഗങ്ങൾക്ക് പാരമ്പര്യ ചി കിത്സാ രീതികൾ അവലംബിച്ചുവരുന്നു. ഇവരുടെ ഇടയിൽ ചിലയാളുകൾ ആറളം ഫാമിലും മറ്റുമായി ജോലി ചെയ്യുന്നുണ്ട്. നിരന്തരമായ സാമൂഹ്യ ഇടപെടലിലൂടെ ഇവരുടെ ജീവിതരീതിയും ആചാരങ്ങളിലും പ്രകടമായ മാറ്റം വന്നിട്ടുണ്ട്. എങ്കിലും പഴയ ആചാരക്രമങ്ങളും ജീവിതരീതികളും തുടരുന്നവരുമുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഇടയിൽ പൊതുവെ ഇവരുട നില അല്പം മെച്ചപ്പെട്ടതാണ്.

**നിർദ്ദേശങ്ങൾ:**

1. ഒരു ദ്വീപിലെന്ന പോലെ കഴിയുന്ന വിയറ്റനാം കോളനിയിലേക്കുള്ള പരിപ്പുതോട് – വിയറ്റനാം റോഡ് ഗതാ ഗതയോഗ്യമാക്കുക
2. പാലരിഞ്ഞാൽ കോളനിയിലേക്കുള്ള റോഡും ഗതാഗതയോഗ്യമാക്കുക
3. വിയറ്റ്നാം കോളനിയിൽ ഒരു LP സ്ക്കൂളും അംഗൻ വാടിയും അനുവദിക്കുക
4. വിയറ്റ്നാം കോളനിയിൽ വൈദ്യുതി എത്തിക്കുക
5. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക
6. വീട് നിർമ്മാണ സഹായധനത്തിന് തുക അനുവദിക്കുക

# വിഭവ സമാഹരണം

സാമ്പത്തികമായി പിന്നോക്കം നിൽകുന്ന ഒരു ഒന്നാം ഗ്രേഡ് പഞ്ചായത്താണ് ആറളം ഗ്രാമ പഞ്ചായത്ത് തൊഴിൽ നികുതി, കെട്ടിട നികുതി, ലൈസൻസ് ഫീസ്, വിനോദ നികുതി, സ്റ്റാമ്പ് ഡ്യൂട്ടി ഗവൺമെന്റ് ഗ്രാന്റുകൾ ഇവയാണ് പഞ്ചായത്തിന്റെ പൊതുവായ ധനമാർഗ്ഗങ്ങൾ ഈ പഞ്ചായത്തിലെ 1995–96 ലെ മൊത്തം വരവ് 2205053.46 രൂപയാണ്. ഇതിൽ 1362954 രുപ വിവിധ ഗവൺമെന്റ് ഗ്രാന്റുകൾ നിന്നുള്ള വരവാണ് ബാക്കി വരുന്ന 842069.46 രുപ മാത്രമാണ് പഞ്ചായത്തിൽ നിന്നുള്ള യഥർത്ഥ വരവ് ഇതിൽ നിന്നും പഞ്ചായത്തിന്റെ സാമ്പത്തിക ശോച്യാവസ്ഥ വ്യക്തമാണ് ആയതിനാൽ പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതി നായി മറ്റു വഴുകളിലൂടെ വിഭവ സമാഹരണം നടത്തേണ്ടത് അത്യന്താവശ്യകമാണ്.

1. വിഭവ സമാഹരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് മനുഷ്യ വിഭവ ശേഷി നമുക്ക് പഞ്ചാ യത്തിലെ വിവിധ വികസനകാര്യങ്ങളിൽ ജനങ്ങളുടെ സേവനവും മനുഷ്യദ്ധ്വാനവും ഉപയോഗപ്പെടുത്താവുന്ന താണ്. ഈ നിലയിൽ ഓരോ വാർഡിലും ശരാശരി 500 പേരുടെ മനുഷ്യാദ്ധ്വാനം വിവിധ വികസന പ്രവർത്തന ങ്ങൾക്കായി വർഷം പ്രതി ഉപയോഗികുന്നതിന് ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. ഓരോ വർഡിലേയും വിവിധ സാ മൂഹ്യ സംഘടനകളെ കൂടി ബന്ധപ്പെടുത്തി ഈ സൗജന്യമനുഷ്യാദ്ധ്വാനശേഷി വികസന കാര്യങ്ങളിൽ ഉപയോ ഗപ്പെടുത്താം. ഇതിലൂടെ അഏകദേശം 7.5 സക്ഷം രൂപയുടെ വിഭാവ സമാഹരണം ഉണ്ടാക്കാൻ സാധിക്കും.

2. ഈ പഞ്ചായത്തിൽ വിദേശങ്ങളിൽ ജോലിചെയ്യുന്ന 500 ൽ പരം ആളുകളുണ്ട് ഇവരുടെ മുതൽ മുടക്ക് ഉൾപ്പെടുത്തി ഈ പഞ്ചായത്തിൽ അനവധി ചെറുകിട വ്യാവസായ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ് ഇ ങ്ങനെ വന്നാൽ കുറെ അധികം ആൾക്കാർക്ക് തൊഴിൽ ലഭിക്കുകയും ഇതുമായി ബന്ധപ്പെടുന്നവരുടെ ജീവിത നിലവാരം കുറെയൊക്കെമെച്ചപ്പെടുത്തുവാനും സാധിക്കും. തൊഴിൽ നികുതി, കെട്ടിട നികുതി, ലൈസൻസ് ഫീ സ് എന്നിവയിലൂടെ പഞ്ചായത്തിന് വരുമാനമുണ്ടാവുകയും ചെയ്യും.

വിദേശത്ത് ജോലി ചയ്യുന്നവരിൽ നിന്ന് ഏകദേശം 1.25 കാൽ കോടി രൂപയോളം ഈ ഇനത്തിൽ സമാ ഹരിക്കാൻ സാധിക്കും.

3. ഈ പഞ്ചായത്തിന് വിവിധ സ്ഥലങ്ങളിലായി കുറെ അധികം പുറം പോക്ക് ഭൂമിയുണ്ട്. ഈ ഭൂമികൃത്യ മായിമാർക്ക് ചെയ്ത് സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി കശുമാവ്, റബ്ബർ, തെങ്ങ് തുടങ്ങിയ നണ്യ വിളകൾ കൃഷി ചെയ്ത് വരുമാനം വർദ്ധിപ്പിക്കാം. കൂടാതെ സാമൂഹ്യ വനവത്ക്കരണ പദ്ധതിയുമായി ബന്ധപ്പെടുത്തി വിവിധ ഫല വൃക്ഷങ്ങളും തേക്ക്, മഹാഗണി തുടങ്ങിയ മറ്റുമരങ്ങളും നട്ട് പഞ്ചായത്തിന് ദീർഘ കാലാടിസ്ഥാനത്തിൽ വരുമാനം ഉണ്ടാക്കാൻ കഴിയും. ഇതിനോടൊപ്പം ഈ ഭൂമി സ്ഥിരമായി വരുമാനമുണ്ടാക്കു ന്നതുവരെ ഇടവിള കൃഷിക്ക് കൊടുക്കുകയും ചെയ്യാം. സംരക്ഷണം ഉറപ്പ് വരുത്തുന്നതിനാൽ ഈ ഭൂമി കൂടു തൽ ഉറപ്പ് വരുത്തുന്നതിനാൽ ഈ ഭൂമികളെ കൂടുതൽ തുക്കക്ക് പാട്ടത്തിന് പോകും.
ഇത് വഴി തന്നാണ്ടിൽ 1 ലക്ഷത്തോളം രൂപ അധികമായി സമാഹരിക്കാം 5 വർഷത്തിനു ശേഷം ചുരുങ്ങിയത് 5 ലക്ഷത്തോളം രൂപയോളം അധിക വരുമാനം ഉണ്ടാക്കുവാനും പിന്നിട് വർഷം തോറും വരുമാനം പരദ്ധിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യും .

4. ഈ പഞ്ചായത്തിലെ പ്രധാന മേഖലകളായ എഡൂർ, കീഴ്പള്ളി, വീർപ്പാട് ആറളം തുടങ്ങിയ സ്ഥലങ്ങ ളിൽ ആഴ്ച്ച ചന്തകൾ തുടങ്ങുന്നതിന് പഞ്ചായത്ത് നേതൃത്വം കൊടുത്താൽ ഇതിലൂടെ കുറെ അധികം വിഭവം ( സാമ്പത്തികം ) സമാഹരിക്കാൻ സാധിക്കും ഓരോ ഉൽപന്നവും ചന്തയിൽ വിറ്റഴിക്കുന്നവരിൽ നിന്ന് ഒരു നിശ്ചിത ഫീസ് ( 5രൂ ) ഈടാക്കിയാൽ ആഴ്ചയിൽ കുറഞ്ഞത് 2000 രൂപയുടേയും വർഷത്തിൽ 25000 രൂപയു ടെയും വരുമാനം ഈ പഞ്ചായത്തിന് അധികമായി ഉണ്ടാക്കുവാൻ സാധിക്കും തന്നെയുമല്ല ഉപഭോക്താവിന് പരിപൂർണ്ണ സ്വാതന്ത്രവും ഇഷ്ടപ്പെട്ട സാധനങ്ങളുടെയും ലഭ്യതയും അതുവഴി ജീവിത നിലവാരത്തിൽ ഉയർച്ചയും ഇത് ലക്ഷ്യമാക്കുന്നുണ്ട്.

5. ഗവൺമ്മെന്റ് വക ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയും ജനങ്ങളിൽ നിന്ന് സംഭാവനയും ( 4:1 ) പിരിച്ചെടുത്ത് കമ്മ്യൂണിറ്റി ഹാൾ, ഷോപ്പിങ്ങ് കോംപ്ലക്സ് എന്നിവ സ്ഥാപ്പിച്ച് വാടകക്ക് കൊടുക്കുകയും ചെയ്താൽ അതുവഴി വിഭവ സമാഹരണം വർദ്ധിപ്പുക്കാനും സാധിയ്ക്കും

പൊതുകളിസ്ഥലങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവ പൊതു ജനങ്ങളുടെ സഹായത്തോടു കൂടി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ആരംഭിക്കാവുന്നതാണ്. ഇതിൽ കൂടി ജനങ്ങസുടെ മാനസികവും ശാരീരികവുമായ വളകർച്ചയും ലക്ഷ്യമാക്കുന്നു ,

സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി പഞ്ചായത്തിലെ പിരിച്ചെടുക്കാൻ ബാക്കിയായ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിലൂടെ വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ വിഭവങ്ങൾ ഉണ്ടക്കാൻ കഴിയും.

8. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ ധനകാര്യ സഹകരണസ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വികസനവുമായി ബന്ധിപ്പക്കാം ഇവരുടെ മുതൽമുടക്കോടെ കല്യണ മണ്ഡപം പോലുള്ള ഏതെങ്കിലും ഒന്ന് സ്ഥാപിക്കാം ഇതു വഴി നിക്ഷേപകർക്ക് അവരുടെ നിക്ഷേപത്തിന് നിശ്ചിത ലാഭ വിഹിതവും ബാക്കി വരുന്ന പണം മുതൽ കൂട്ടാക്കാവുന്നതുമാണ്.

9. പഞ്ചായത്ത് ഫണ്ട് അൺ ടൈഡ് ഫണ്ട് ഇവ ഉപയോഗിച്ച് പുതുതായി വികസന പ്രവൃത്തനങ്ങൾ നടത്തുമ്പോൾ 25 % എങ്കിലും പൊതുജനങ്ങളുടെ കോൺട്രിബ്യൂഷൻ ഉറപ്പ് വരുത്തേണ്ടതാണ്. ഇത് വഴി 2 ലക്ഷം രൂപയുടെ അധിക വിഭവം വികസന പ്രവർത്തനമേഖലയിൽ കണ്ടെത്താൻ കഴിയും.

10. ഭരണതലത്തിലേയും ഉദ്യോഗസ്ഥതത്തിലേയും ധന വിനിയോഗ കാര്യങ്ങളിലുള്ള പിഴവ് ഒഴിവാക്കിയാൽ ഇപ്പോഴുള്ള വരുമാനം കൂടുതൽ വർദ്ധിക്കുകയും, ( ഉദാ : ) വാഹനങ്ങളുടെ ഹോൾട്ടിങ്ങ് ടാക്സ് മുഖേന പഞ്ചായത്തിന് വരുമാനം കാര്യമായികിട്ടുന്നില്ല. ഈ കാര്യത്തിൽ കാര്യാമായി ശ്രദ്ധിച്ചാൽ 5000 രൂപയോളം ഒരു വർഷത്തിൽ സമാഹരിക്കാൻ സാധിക്കുന്നതാണ്. ) ഇത് വികസന കാര്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാം.
പഞ്ചായത്തിന്റെ ഇപ്പോഴുള്ള വരുമാനം ചിലവ് ഇവ സംബന്ധമായ രേഖകൾ അന്യത്ര ചേർത്തിട്ടുണ്ട്.
വിയറ്റ്നാം ആറളം വന്യജീവി സംരക്ഷണ കേന്ദ്രം എന്നിവ കേന്ദ്രമക്കി ഫോറസ്റ്റ് റിസോർട്ട്സ് സ്ഥാപ്പിച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ നടപടി ഉണ്ടായാൽ അതുവഴി വരുമാനം ഉണ്ടാക്കാവുന്നതാണ്.

ആഡംബരമുള്ള കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുക.

പരസ്യ നികുതി ഈടായ്ക്കാം.

# ആറളം ഗ്രാമ പഞ്ചായത്ത്


KANNUR DISTRICT
SCALE 1 CM = 2.5 K.M
KASARAGOD DISTRICT
COORG DISTRICT
(Karnataka)
KANNUR TALUK
THALASSERRY TALUK
LAKSHADWEEP SEA
KANNUR
THALASSERY
WYNAD DISTRICT
KOZHIKODE DISTRICT
REFERENCE
State Boundary
District Boundary
Taluk Boundary
Village Boundary
Railway and Rly Station
National Highway
Other Roads
River
Village Name
EDAKKAD

ആശംസകൾ

## ആറളം സർവ്വീസ് സഹകരണ ബാങ്ക്

No. F. 1515

H. O. ചെടിക്കുളം Phone: 454559

Br. ആറളം Phone: 454580

കീഴ്പള്ളി Phone: 454508

ഇരിട്ടി ബ്ലോക്ക് റബ്ബർ & അഗ്രിക്കൾച്ചറൽ
മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

H.O – എടൂർ Br. – വള്ളിത്തോട്

ആശംസകൾ

## പായം സർവ്വീസ് സഹകരണ ബാങ്ക്

No. C. 150

ഹെഡ് ഓഫീസ് : പായം Phone: 491277

ബ്രാഞ്ച് : വെളിമാനം Phone: 454649




PRINTED AT UNIQUE OFFSET PRINTERS, MATTANUR